284
NOVEMBER 2020

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



284

**EDITORIAL BOARD**

**Editor**
Dr. A.S. Sumesh

**Special Editor**
Santhosh Vallikkad

**Managing Editor**
Dr. K.R. Kavitha

**Assistant Editors**
Dr. Sony John
Dr. N. Renuka

**Members**
Prof. Jogy Alex
Dr. C. Padmanabhan
Dr. M. Sreekumar
Dr. Sheela M. Joseph
Prof. A.G.Oleena
Prof. Pramod Vellachal
Dr. Vidhu Narayan
Dr. Vysakhan Thambi
Shyla Hameed
Dr. Arya Gopi
Dr. Myna Umaiban
Sona P.
Dr. M.R.Rajesh
Abhilash T.
Harinarayanan S.
Subin Varghese
Bineesh E.K.
Dr. Santhosh Kumar Vallikkat
Reeja Jose P
Dr. Seetha Vijayakumar
V H Nishad

*Design* : **Jwala Creatives**

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by **Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

# NOVEMBER 2020

■ *എഡിറ്റോറിയൽ* **3**

■ *നവകേരളവും ഉന്നതവിദ്യാഭ്യാസവും*
**ഡോ. സി. പത്മനാഭൻ** **4**

■ *കേരളം മുന്നോട്ട് - സ്പെഷ്യൽ എഡിറ്റോറിയൽ*
**ഡോ. സന്തോഷ് വള്ളിക്കാട്** **7**

■ *പൊതുവിദ്യാഭ്യാസത്തിന്റെ വസന്തകാലം*
**പ്രൊഫ. സി. രവീന്ദ്രനാഥ്** **11**

■ *കേരളമാകെ കേരളബാങ്കിലേക്ക്*
**കടകംപള്ളി സുരേന്ദ്രൻ** **16**

■ *കേരളം മാതൃക : അഭിമുഖം*
**മുരളി തുമ്മാരുകുടി/മൈന ഉമൈബാൻ** **20**

■ *ഹരിതകേരളം സാധ്യമാണ്*
**ഡോ. ടി.എൻ. സീമ** **28**

■ *Focus is on minimising mortality rate by improving medical capacity*
**KK Shailaja Teacher/Excerpts from Interview** **33**

*മാസ് എൻട്രി*
**സിബു മേടയിൽ** **38**

■ *തദ്ദേശസ്ഥാപനങ്ങൾ പ്രാദേശിക ഗവൺമെന്റുകളായി വളർന്നപ്പോൾ*
**ഡോ. കെ.എൻ. ഹരിലാൽ** **39**

■ *നവോത്ഥാനത്തിന്റെ നാൾവഴികൾ*
**ശ്രീജിത്ത് സി.എസ്.** **44**

■ *കേരളപ്പിറവിയും ഭാഷാവിഷയത്തിന്റെ ചരിത്രജീവിതവും*
**ഡോ. എസ്. അജയകുമാർ** **53**

■ *മറഡോണ*
**എൻ.കെ. സുനിൽകുമാർ** **60**

■ *ജ്ഞാനപീഠ പുരസ്കാരം: മലയാളസാഹിത്യഭാവനയുടെ ദേശകാലങ്ങൾ*
**ഡോ. എൻ. രേണുക** **61**


■ *കുടിയേറ്റ ആഖ്യാനങ്ങളിലെ മലബാർ*
**കെ.പി. ജയകുമാർ** **69**

■ *പെരുമ്പറയുടെ മുഴക്കങ്ങൾ*
**ഡോ. രാജേഷ് മോൻജി** **79**

■ *ചുവപ്പുനാട: ജനാധിപത്യവത്കരിക്കപ്പെടേ ഭരണമേഖലകൾ*
**രാജേഷ് എം.ആർ.** **88**

■ *നീൽസ് ഹെന്റിക് ഏബൽ*
**ഡോ. ഇന്ദുലാൽ ജി.** **91**

# എഡിറ്റോറിയൽ




ആധികാരിക രേഖകൾ സംസാരിക്കുന്ന കാലം. ഒരു പക്ഷെ സമീപ കാലത്തൊന്നും ഇന്ത്യയിൽ എവിടെയും  ഒരു ജനാധിപത്യ സർക്കാരിന് തെരഞ്ഞെടുപ്പ് കാലത്തെ വാഗ്ദാനങ്ങളുടെ മാത്രം രേഖയായി അവശേഷിക്കാറുള്ള  പ്രകടന പത്രിക നിയമസഭയിൽ അവതരിപ്പിക്കാൻ ധൈര്യമുണ്ടായിട്ടുണ്ടാവില്ല. ഭരിക്കുന്ന മുന്നണിയുടെ ഭരണ പരാജയത്തെ തുറന്നു കാണിക്കാൻ പ്രകടന പത്രിക പ്രതിപക്ഷ ആയുധമായി മാറുന്ന കാഴ്ച നാം പലപ്പോഴും കാണാറുണ്ട് താനും. കേരളത്തിലെ ഇടതുപക്ഷ സർക്കാർ നൽകിയ വാഗ്ദാനങ്ങൾ എല്ലാം പാലിച്ചതിന്റെ  ആധികാരിക രേഖയായി തെരഞ്ഞെടുപ്പ് പ്രകടന പത്രിക മാറുന്ന അനുഭവത്തിലൂടെയാണ് നാം ഇന്ന് കടന്നുപോവുന്നത്. അപ്രതീക്ഷിതമായി വന്നുഭവിച്ച പ്രതിസന്ധികളിൽ തളരാതെ,  സർക്കാർ ഒപ്പമുണ്ട് എന്ന് ആവർത്തിച്ചുറപ്പിച്ച ഭരണ മികവിനാണ് നാം സാക്ഷ്യം വഹിക്കുന്നത്. ഒരു ഭാഗത്ത് സാധാരണക്കാരന്റെ ദൈനംദിന ജീവിതത്തെ കരുതലോടെ കാണുകയും മറുഭാഗത്ത് നാടിന്റെ സുദീർഘമായ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തുകൊണ്ട് സമഗ്ര വികസനത്തിന്റെ പുതിയ മാതൃകയാണ് കേരളം പോയ നാലുവർഷങ്ങളിൽ മുന്നോട്ട് വച്ചത്.

ക്ഷേമ പെൻഷനുകൾ ഭക്ഷ്യ കിറ്റുകൾ, മികച്ച പൊതു വിതരണ സമ്പ്രദായം എന്നിവ ഒരു ഭാഗത്ത് സാമൂഹിക ജീവിത സാഹചര്യങ്ങളെ ബലപ്പെടുത്തിയപ്പോൾ മറുഭാഗത്ത് കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ, കൊച്ചി വാട്ടർ മെട്രോ, ദേശീയപാത, റെയിൽവെ, ദേശീയ ജലപാത, ഹൈടെക് ഇൻഡ്സ്ട്രിയൽ കോറിഡോർ, കൂടംകുളം പവർഹൈവേ, എൽഎൻജി ടെർമിനൽ, പെട്രോകെമിക്കൽ പാർക്ക്, ലൈഫ് സയൻസസ് പാർക്ക്, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഗെയിൽ വാതക പൈപ്പ് ലൈൻ തുടങ്ങിയ നിരവധി പ്രവർത്തനങ്ങളാണ് അടിസ്ഥാന സൗകര്യവികസനം മുൻനിർത്തി നാട്ടിൽ നടപ്പിലായത്. ഇതിനൊക്കെ പുറമെയാണ് നവ കേരള മിഷന്റെ ഭാഗമായി നടത്തി വിജയിപ്പിച്ച ഹരിതം, ആർദ്രം, ലൈഫ്, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവ.

സമഗ്ര വികസന മാതൃകയാണ് ഈ സർക്കാർ  മുന്നോട്ട് വയ്ക്കുന്നത്. തുടർപ്രവർത്തങ്ങൾ ചിട്ടയായി നടന്നാൽ മാത്രമേ സർക്കാർ തുടങ്ങിവച്ച പ്രവർത്തങ്ങളുടെ ശരിയായ ഗുണഫലം അനുഭവവേദ്യമാകു എന്നത് നാം ഓർക്കേണ്ടതുണ്ട്. ഇതൊരു തുടക്കമാണ്. അതിന് ഊർജ്ജം പകരേണ്ടത് നാം ഓരോരുത്തരുമാണ്. ദിശാബോധത്തോടെ നാടിനെ നയിക്കുന്ന, ജനാധിപത്യത്തിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന, ജനകീയ സർക്കാരിനുള്ള ആദരവാണ് ഈ നവംബർ പതിപ്പ്. അതോടൊപ്പം നാം ഒരുമിച്ച് നടന്ന തീർത്ത സമര പോരാട്ടങ്ങളുടെ ചരിത്ര ജീവിതത്തെ അടയാളപ്പെടുത്താനുള്ള ഒരു ചെറിയ ശ്രമവും.

**എഡിറ്റർ**
collegeteacheredt@gmail.com
9744168522

ഡോ. സി. പത്മനാഭൻ



# നവകേരളവും ഉന്നതവിദ്യാഭ്യാസവും

കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രാരംഭഘട്ടങ്ങൾ കൊളോണിയൽ ആധുനികതയുമായി ബന്ധപ്പെട്ടാണ് രൂപീകരിക്കപ്പെട്ടത് എന്നത് കണക്കിലെടുത്തുകൊണ്ട് മാത്രമേ നവകേരളത്തിന് യോജിച്ച ഉന്നതവിദ്യാഭ്യാസപദ്ധതി എന്താവണം എന്ന ചർച്ച ആരംഭിക്കാൻ പോലും പറ്റുകയുള്ളൂ. ഒട്ടേറെ പരിമിതികളും വക്രതകളും ആശയക്കുഴപ്പങ്ങളും നിറഞ്ഞ ഒരു സവിശേഷമായ ആധുനികതയാണ് കൊളോണിയൽ ആധുനികത. അത് ആധിപത്യം ഉള്ള ഒരു രാജ്യത്തിന്റെ മേൽ നോട്ടത്തിൽ സാമ്പത്തിക ചൂഷണത്തിന് സൗകര്യപ്രദമായ രീതിയിൽ കോളനിയിൽ കൃത്രിമമായി സൃഷ്ടിക്കപ്പെടുന്ന ആധുനികതയാണ്.ഇത്തരമൊരു ആധുനികതയുടെ സൃഷ്ടി ആണ് എന്നത് മാത്രമല്ല ഉന്നതവിദ്യാഭ്യാസ മേഖലയുടെ പരിമിതി, മറിച്ച് പലപ്പോഴും അതിന്റെ വക്താവ് ആവാനും ഈ മേഖല നിർബന്ധിക്കപ്പെടുന്നു എന്നതാണ്.

ഉന്നതവിദ്യാഭ്യാസം ഏത് ഭാഷയിൽ ആയിരിക്കണം എന്നത് സംബന്ധിച്ച ചർച്ചകൾ പരിശോധിച്ചാൽ മുകളിൽ പറഞ്ഞ പ്രശ്നത്തിന് ഉദാഹരണം കണ്ടെടുക്കുക എളുപ്പമാണ്. മാതൃഭാഷയിലുള്ള അദ്ധ്യയനത്തിന് ഏറ്റവും കൂടുതൽ തടസ്സവാദങ്ങൾ ഉയരുക ഉന്നതവിദ്യാഭ്യാസമേഖലയിൽ നിന്ന് തന്നെ ആവാനാണ് സാദ്ധ്യത. മാതൃഭാഷയിൽ കൂടി ഉന്നതവിദ്യാഭ്യാസ സൗകര്യം ഉറപ്പുവരുത്തിയാൽ മാത്രമേ നവകേരളം എന്ന സങ്കല്പം

അതിന്റെ പൂർണ അർത്ഥത്തിൽ സാക്ഷാൽക്കരിക്കാൻ കഴിയുകയുള്ളൂ എന്നതാണ് യാഥാർത്ഥ്യം. അപകോളനീകരണം എന്ന സാംസ്കാരിക അജണ്ടയുടെ ഭാഗമായി മാത്രമല്ല കേരളീയ സമൂഹത്തിന്റെ യഥാർത്ഥ ആധുനികവല്ക്കരണത്തിനും മാതൃഭാഷയിൽ ഉള്ള ഉന്നത വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.


അക്കാദമിക് സ്വയംഭരണാവകാശം സംബന്ധിച്ച് ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ മേഖല ആകെ അനുഭവിക്കുന്ന ചില പ്രശ്നങ്ങളും കോളനി കാലത്തിന്റെ ബാക്കിപത്രങ്ങളാണ്. സ്വതന്ത്രമായ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് പകരം സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ മേഖലയാണ് ബ്രിട്ടീഷ് ഭരണകാലത്ത് സജ്ജീകരിക്കപ്പെട്ടത്. ഭരണാധികാരികളുടെ കാര്യപരിപാടികൾ നടപ്പിലാക്കുക എന്നല്ലാതെ സ്വതന്ത്രമായ വിജ്ഞാനോല്പാദനം ഇന്ത്യയിൽ  നടക്കണം എന്ന് അവർ ആഗ്രഹിച്ചിരുന്നില്ല. സ്വാതന്ത്ര്യം നേടി ഏഴ് പതിറ്റാണ്ടുകൾ താണ്ടിയിട്ടും ഉദ്യോഗസ്ഥ മേധാവിത്തവും അതിന്റെ ഭാഗമായി വരുന്ന ധാരാളം പരിമിതികളും ഇന്നും ഉന്നതവിദ്യാഭ്യാസമേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. സർവകലാശാലകൾ സമ്പൂർണമായ സ്വയംഭരണാവകാശത്തോടെ മുന്നേറുന്ന ഒരു സാഹചര്യം ഉണ്ടായാൽ മാത്രമേ സ്വതന്ത്രമായ വിജ്ഞാനോല്പാദനം നടത്താനും അതുവഴി രാഷ്ട്രനിർമാണത്തിൽ സജീവമായ പങ്ക് വഹിക്കാനും അവയ്ക്ക് കഴിയുകയുള്ളൂ. നവകേരളനിർമിതിയിൽ സുപ്രധാന പങ്ക് വഹിക്കാനും നാടിനെ മുന്നിൽ നിന്ന് നയിക്കുന്ന വൈജ്ഞാനിക മണ്ഡലം സൃഷ്ടിക്കാനും കഴിയുന്ന ഇടങ്ങളായി നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറേണ്ടതുണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് വേണ്ടി മാറ്റിവെയ്ക്കപ്പെടുന്ന പണത്തിന്റെ അപര്യാപ്തത ഈ മേഖലയുടെ പിന്നോക്കാവസ്ഥയ്ക്ക് പ്രധാന കാരണമാണ്. ജിഡിപിയുടെ ആറു ശതമാനം വിദ്യാഭ്യാസത്തിനായി മാറ്റിവെയ്ക്കണം എന്ന കോത്താരി കമ്മീഷൻ റിപ്പോർട്ട് നിർദേശം ഇപ്പോഴും ഏട്ടിലെ പശുവായി തുടരുന്നു. കേന്ദ്രസർക്കാരാവട്ടെ ഉന്നത വിദ്യാഭ്യാസ മേഖലയടക്കമുള്ള പൊതുസംവിധാനങ്ങൾക്ക് വേണ്ടിയുള്ള ധനസഹായം ഘട്ടംഘട്ടമായി വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. പുത്തൻ ധനസ്രോതസ്സുകൾ കണ്ടെത്തി അവ ഉന്നത വിദ്യാഭ്യാസമേഖലയ്ക്ക് ലഭ്യമാക്കിയാൽ മാത്രമേ ആധുനിക കേരളത്തിന്റെ ആവശ്യങ്ങൾ നിർവഹിക്കാൻ കരുത്തുള്ള സംവിധാനമായി ഈ മേഖല മാറുകയുള്ളൂ.

അയവാർന്നതും എന്നാൽ സാമൂഹ്യനിയന്ത്രണ സംവിധാനങ്ങൾ ഉൾച്ചേർന്നതുമായ നിയമങ്ങൾ ആണ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യം. അമിതമായ അധികാര കേന്ദ്രീകരണവും ആചാരപരതയും ഈ മേഖലയെ ശ്വാസം മുട്ടിക്കുക മാത്രമേ ചെയ്യുകയുള്ളൂ. അദ്ധ്യാപകർക്കും വിദ്യാർഥികൾക്കും സമ്പൂർണമായ വൈജ്ഞാനിക സ്വാതന്ത്ര്യവും അതിനുതകുന്ന തരത്തിൽ പ്രവർത്തന സ്വാതന്ത്ര്യം ഉറപ്പു നല്കുന്ന രീതിയിൽ വേണം ഉന്നതവിദ്യാഭ്യാസ രംഗത്ത് നിയമാവലികൾ രൂപീകരിക്കാൻ. സർവകലാശാല സമിതികൾ പലപ്പോഴും പ്രവർത്തിക്കുന്നത് ഭരണപരമായ ചട്ടക്കൂടിനകത്ത് മാത്രമായി മാറുകയും അക്കാദമിക് പ്രവർത്തനങ്ങൾ പിന്നിലേക്ക് തട്ടിമാറ്റപ്പെടുകയും ചെയ്യുന്നത് സർവസാധാരണമായി മാറിയിരിക്കുന്നു. അക്കാദമിക് പ്രവർത്തനങ്ങൾക്ക് പ്രഥമസ്ഥാനം നല്കുന്ന തരത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്തെ നിയമങ്ങൾ സമഗ്രമായി അഴിച്ചുപണിയേണ്ടതായുണ്ട്.

സാമൂഹ്യനീതി, പ്രാപ്യത, തുല്യത എന്നീ ഘടകങ്ങളുടെ കാര്യത്തിൽ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും അവയിൽ നിലനില്ക്കുന്ന അന്തരീക്ഷവും ലോകത്തിന്

**ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കു വേണ്ടി മാറ്റിവെക്കപ്പെടുന്ന പണത്തിന്റെ അപര്യാപ്തത ഈ മേഖലയുടെ പിന്നോക്കാവസ്ഥക്കു പ്രധാന കാരണമാണ്. ജിഡിപി യുടെ ആറു ശതമാനം വിദ്യാഭ്യാസത്തിനായി മാറ്റിവെക്കണം എന്ന കോത്താരി കമ്മീഷൻ റിപ്പോർട്ട് നിർദേശം ഇപ്പോഴും ഏട്ടിലെ പശുവായി തുടരുന്നു. കേന്ദ്ര സർക്കാരാവട്ടെ ഉന്നതവിദ്യാഭ്യാസമേഖലയടക്കമുള്ള പൊതുസംവിധാനങ്ങൾക്ക് വേണ്ടിയുള്ള ധനസഹായം ഘട്ടംഘട്ടമായി വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. പുത്തൻ ധനസ്രോതസ്സുകൾ കണ്ടെത്തി അവ ഉന്നതവിദ്യാഭ്യാസ മേഖലക്കു ലഭ്യമാക്കിയാൽ മാത്രമേ ആധുനിക കേരളത്തിന്റെ ആവശ്യങ്ങൾ നിർവഹിക്കാൻ കരുത്തുള്ള സംവിധാനമായി ഈ മേഖല മാറുകയുള്ളൂ.**



തന്നെ മാതൃകയാണ്. ഒപ്പം മതനിരപേക്ഷതയും മാനവികതയും ഉയർത്തിപ്പിടിക്കുന്ന തരത്തിൽ നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റിയെടുക്കാൻ നമുക്ക് ഒരു പരിധിവരെ കഴിഞ്ഞിട്ടുമുണ്ട്. ബഹുഭൂരിപക്ഷം എയ്ഡഡ് കോളേജുകളുടെയും ഉടമസ്ഥാവകാശം ജാതി മത സംഘടനകളിലും അതോടൊപ്പം യാഥാസ്ഥിതിക വലതുപക്ഷ കാഴ്ചപ്പാട് പിന്തുടരുന്ന മാനേജ്മെന്റ്കളിലും ആയിട്ട് പോലും അത്തരം സ്ഥാപനങ്ങളിൽ മതേതരവും സാമൂഹ്യനീതി നിലനില്ക്കുന്നതുമായ അന്തരീക്ഷം കെട്ടിപ്പടുക്കാൻ സാധിച്ചത് വിദ്യാർഥി സംഘടനകളുടെയും അദ്ധ്യാപക സംഘടനകളുടെയും ഫലപ്രദമായ ഇടപെടലുകളുടെ ഫലമായിട്ടാണ്. വിദ്യാർഥിരാഷ്ട്രീയം നിരോധിച്ചും അദ്ധ്യാപക സംഘടനകളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്താൻ ശ്രമിച്ചും എയ്ഡഡ് മേഖലയെ തിരികെ വലതുപക്ഷ പിന്തിരിപ്പൻ കാഴ്ചപ്പാടുകളുടെ കൂടാരമാക്കി മാറ്റാൻ മാനേജ്മെന്റ്കൾ നടത്തുന്ന ശ്രമത്തെ ചെറുത്ത് പരാജയപ്പെടുത്തുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഒപ്പം ഓർക്കേണ്ട സുപ്രധാനമായ ഒരു കാര്യം ഗുണമേന്മയുടെ കാര്യത്തിൽ ലോകോത്തരമായ ഒരു "കേരള മാതൃക" സൃഷ്ടിക്കാൻ നമുക്ക് ഇനിയും സാധിച്ചിട്ടില്ല എന്നതാണ്.  സാമൂഹ്യ സൂചികകളിൽ പലതിലും ലോകോത്തര നിലവാരം പുലർത്തുന്ന കേരളത്തിന്റെ നിലവിലുള്ള അവസ്ഥയ്ക്ക് യോജിക്കുന്ന തരത്തിലേക്ക് ഉന്നത വിദ്യാഭ്യാസ മേഖലയെ കൈപിടിച്ച് ഉയർത്തുക എന്നത് കേരളത്തിലെ അക്കാദമിക് സമൂഹം ഏറ്റെടുക്കേണ്ട സുപ്രധാന ദൗത്യമാണ്. അതായിരിക്കണം നവകേരളനിർമാണത്തിൽ അദ്ധ്യാപകസംഘടനകൾ വഹിക്കേണ്ട പങ്ക്.

സ്പെഷ്യൽ
എഡിറ്റോറിയൽ

# കേരളം മുന്നോട്ട്



**ഡോ. സന്തോഷ് വള്ളിക്കാട്**
എൻ.എസ്.എസ്. കോളേജ്, മഞ്ചേരി

കേരളത്തിന്റെ വേറിട്ട വഴി വെട്ടിയത് ജനകീയ ശക്തിയാണ്. രാജാക്കന്മാരിൽ നിന്ന് സമൂഹത്തിന്റെ നായകത്വം ഏറ്റെടുക്കുകയും ചരിത്രത്തിന്റെ ചാലകശക്തിയായി ഉയർന്നു വരികയും ചെയ്ത ജനതയാണ് വേറിട്ട വഴി വെട്ടിയത്.

സാമ്രാജ്യത്വത്തിനും ജന്മിത്വത്തിനുമെതിരായി നിരവധി പ്രക്ഷോഭങ്ങൾ കേരളത്തിൽ ഉയർന്നുവന്നു. പഴശ്ശിരാജാവും വേലുത്തമ്പിയും സാമ്രാജ്യത്വവിരുദ്ധ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു. കർഷക സമരങ്ങൾ രൂപപ്പെട്ടു. ജനകീയപോരാട്ടങ്ങളെ ബ്രിട്ടീഷുകാർ അതിക്രൂരമായി അടിച്ചമർത്തി. രാഷ്ട്രീയമായി ഇത്തരം പോരാട്ടങ്ങൾ നടക്കുന്ന ഘട്ടത്തിൽ ത്തന്നെ ജന്മിത്വത്തെ താങ്ങിനിർത്തുന്ന ജാതീയമായ അടിച്ചമർത്തലുകൾക്കെതിരായ പ്രക്ഷോഭങ്ങൾ സാംസ്കാരികരംഗത്ത് ഉയർന്നുവന്നു. ജാതീയതയ്ക്ക് അതീതമായുള്ള മിഷണറിമാരുടെയും മറ്റും ഇടപെടലുകൾ ഇത്തരം മുന്നേറ്റങ്ങൾക്ക് സഹായകമായി. മേൽമുണ്ട് കലാപംപോലുള്ള സമരങ്ങളുണ്ടായി. തെക്കൻ തിരുവിതാംകൂറിൽ ജാതീയതയ്ക്കെതിരായി അയ്യാ വൈകുണ്ഠനെപ്പോലുള്ളവർ രംഗത്തിറങ്ങി. പ്രാദേശികമായ ചെറുത്തുനിൽപ്പുകൾ പിന്നീട് വലിയ പ്രസ്ഥാനങ്ങളായി വളർന്നു.

നവോത്ഥാന പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിനു പിന്നിൽ പല ഘടകങ്ങൾ ഉണ്ടായിരുന്നു. ആധുനിക ചിന്തകൾ കടന്നുവന്നതോടെ സമൂഹത്തിന്റെ ദൗർബല്യങ്ങൾ ജനങ്ങൾക്ക് ബോധ്യപ്പെടുന്ന അവസ്ഥ വന്നു. വിദ്യാസമ്പന്നരായാലും ജാതീയമായ അടിച്ചമർത്തലുകളിൽ നിന്ന് മോചനമില്ലെന്ന തിരിച്ചറിവുണ്ടായി. ആധുനികമായ ഉല്പ്പാദനക്രമങ്ങളും കാഴ്ചപ്പാടുകളും സമൂഹത്തിൽ സ്വാധീനം ചെലുത്താൻ തുടങ്ങിയതോടെ നാട്ടിൽ ഉയർന്നുവന്ന ചിന്തകൾ പുതിയ കാലഘട്ടത്തിനനുസരിച്ച് വായിക്കപ്പെട്ടു. അദ്വൈത വേദാന്തംപോലുള്ള സിദ്ധാന്തങ്ങൾ ചർച്ചചെയ്യപ്പെട്ടു. എല്ലാം ഒരുപോലെയാണെങ്കിൽ ജാതിയുടെയും മതത്തിന്റെയും അതിർവരമ്പുകൾ എന്തിന് എന്ന ചോദ്യത്തിലേക്ക് അത് വികസിച്ചു. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന കാഴ്ചപ്പാടിലേക്ക് ശ്രീനാരായണഗുരു എത്തിയത് ഇത്തരം വളർച്ചയുടെ അടിസ്ഥാനത്തിലാണ്. ചട്ടമ്പിസ്വാമികളെയും അയ്യന്‌കാളിയെയുംപോലുള്ള സാമൂഹികപരിഷ്കർത്താക്കൾ ചോദ്യംചെയ്തതും നിലനില്ക്കുന്ന ജാതിഘടനയെയും അതിന്റെ അടിസ്ഥാനത്തിലുള്ള നിയമസംഹിതകളെയുമായിരുന്നു. അടിസ്ഥാന ജനവിഭാഗത്തിൽ ഉയർന്നുവന്ന നവോത്ഥാന ആശയങ്ങൾ സവർണവിഭാഗങ്ങളിലും സ്വാധീനം ചെലുത്തുന്ന സ്ഥിതിയാണുണ്ടായത്. ഉത്തരേന്ത്യയിലെ നവോത്ഥാന പ്രസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി അടിസ്ഥാന ജനവിഭാഗങ്ങളിൽ നിന്നാണ് കേരളത്തിലെ നവോത്ഥാനം ഉയർന്നുവന്നത്.



ദേശാഭിമാനി

കമ്യൂ: അസംബ്ലി പാർട്ടി നേതാവായി സ: ഇ.എം.എസ്സ്. തിരഞ്ഞെടുക്കപ്പെട്ടു

ഏപ്രിൽ 1-ന്ന് അധികാരമേറെടുക്കും?

സ: ഇ. എം. എസ്സ്: മുന്ന ദശാബ്ദ കാലത്തെ ജനസേവനചരിത്രം

രാജലക്ഷ്മി മോട്ടോർ സർവ്വീസ്, കോഴിക്കോട്.

കോഴിക്കോട് To മൈസൂർ ഫ്രോണ്ടിയർ

മതനിരപേക്ഷ മനസ്സിനെ കാത്തുസൂക്ഷിക്കുന്ന കേരളത്തിൻറെ മനസ്സ് മാതൃകയാണ്. പാർശ്വവൽക്കരിക്കപ്പെട്ട വരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങൾക്കായി. ശ്രീനാരായണഗുരു, അയ്യങ്കാളി, വക്കം അബ്ദുൽ ഖാദർ മൗലവി, ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ തുടങ്ങിയവരുടെ ആശയങ്ങളാണ് കേരളത്തെ  സാമൂഹിക പുരോഗതിയിലേക്ക് വളർത്തിയത്.  ക്ഷേത്രത്തിൽ പ്രവേശിക്കാനോ വഴിനടക്കാനോ പൗരന്മാർക്ക് തുല്യാവകാശം ഇല്ലാതിരുന്ന കാലത്ത്നിന്നും നിരവധി പ്രാദേശിക സമരങ്ങളിലൂടെയാണ് നാം ഇവിടെ വരെ എത്തിയിട്ടുള്ളത്.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ വികസനവുമായി തട്ടിച്ചുനോക്കുമ്പോൾ കേരളത്തിന്റെ വികസനം അടിസ്ഥാനപരമായി വ്യത്യസ്തമാണ്. ഭാഷാ സംസ്ഥാനങ്ങൾ രൂപപ്പെട്ടത് 1956 ലാണല്ലോ. അന്ന് രൂപം കൊണ്ട ചില സംസ്ഥാനങ്ങളെങ്കിലും വികസനത്തിന് കേരളത്തെക്കാളും ഏറെ മുന്നിലാണെന്ന് പലരും അഭിപ്രായപ്പെടുന്നുണ്ട്. തമിഴ്നാട്ടും കർണാടകവും മഹാരാഷ്ട്രയുമെല്ലാം കേരളത്തെക്കാൾ ബഹുദൂരം മുന്നിലാണെന്ന് അവർ ചൂണ്ടിക്കാണിക്കുന്നു. വ്യവസായങ്ങളുടെയും മറ്റും കാര്യത്തിൽ അത് അങ്ങനെ തന്നെയാണുതാനും. അതിന്പല കാരണങ്ങളുണ്ട്.

ജനജീവിതത്തിൽ വരുന്ന പുരോഗതിയുമായി ബന്ധപ്പെടുത്തിയാണ് വികസനത്തെ കാണുന്നതെങ്കിൽ കേരളമാണ് ഇന്ത്യയിൽ ഏറ്റവും വികസിത സംസ്ഥാനമെന്ന്പറയാം. ഭൂവിതരണം, വിദ്യാഭ്യാസം, ആരോഗ്യം, ഭവനലഭ്യത എന്നു തുടങ്ങിയ കാര്യങ്ങളിൽ കേരളം മുന്നിലാണ്. മറ്റു മിക്ക സംസ്ഥാനങ്ങളിലും വികസനവും ജീവിത പുരോഗതിയും ചെറിയൊരു ന്യൂനപക്ഷത്തിൽ നിക്ഷിപ്തമാണെങ്കിൽ, കേരളത്തിലുള്ള വികസനവും ഉള്ള പുരോഗതിയും ഭൂരിപക്ഷത്തിനും ഉപയോഗിക്കാൻ കഴിയുന്നു.

കേരള മോഡൽ വികസനം പ്രധാനമായും ഊന്നൽ കൊടുത്തത് താഴെ പറയുന്ന വിഷയങ്ങളിൽ ആണ്

* സാമൂഹിക നവോത്ഥാനം
* ഭൂപരിഷ്കരണം
* സാക്ഷരതയും പൊതു വിദ്യാഭ്യാസവും
* സ്ത്രീവിദ്യാഭ്യാസം,
* ജനസംഖ്യാനിയന്ത്രണം
* സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ
* പൊതുജനരോഗ്യ സംവിധാനവും സൗജന്യ ചികിത്സയും
* ഭക്ഷ്യസുരക്ഷ
* ശുദ്ധമായ കുടിവെള്ളം
* കാർഷിക തോട്ട വിള മേഖലയിലെ വളർച്ച

1957 ൽ അധികാരത്തിൽ വന്ന ഇ.എം.എസ്ഗവണ്മെന്റിന്റെ വികസനനയങ്ങളാണ് കേരളത്തിന്റെ പുരോഗതിയുടെ അടിസ്ഥാനം. അതിന് പതിറ്റാണ്ടുകളോളം മുമ്പേ ആരംഭിച്ച നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ , സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭം, ജന്മിത്തവിരുദ്ധ പ്രക്ഷോഭങ്ങൾ , ദിവാൻഭരണത്തിനെതിരായ സമരം, പുരോഗമന സാംസ്കാരിക പ്രസ്ഥാനങ്ങൾ എന്നിവയുടെയെല്ലാം ഫലമായി രൂപപ്പെട്ട ഇടതുപക്ഷ-പുരോഗമനപശ്ചാത്തലമുണ്ട്. ആ പശ്ചാത്തലത്തിലാണ്, അഥവാ ആ പ്രവർത്തനങ്ങളുടെയെല്ലാം ഫലമായാണ് കമ്മ്യൂണിസ്റ്റ് പാർടി ഒന്നാം പൊതു തെരഞ്ഞെടുപ്പിൽ



അധികാരത്തിൽ വരുന്നത്.

1959 ജൂൺ പത്തിന് ഭൂപരിഷ്കരണനിയമം പാസാക്കിയതോടെ ജന്മിത്തം നിയമപരമായിത്തന്നെ ഇല്ലായ്മ ചെയ്യുകയായിരുന്നു. കൃഷിഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യം യാഥാർത്ഥ്യമാക്കുന്നതിനുള്ള ചുവടുവെയ്പ്. 1957 ജൂലൈയിൽ വിദ്യാഭ്യാസമന്ത്രി ജോസഫ് മുണ്ടശ്ശേരി അവതരിപ്പിച്ച് പാസാക്കിയ വിദ്യാഭ്യാസബിൽ വിദ്യാഭ്യാസമേഖലയിൽ വിപ്ലവം സൃഷ്ടിച്ചതാണ്. ഭൂമിയുടെ കാര്യത്തിലെന്നപോലെ വിദ്യാഭ്യാസരംഗത്തും ഒരുതരം ജന്മിത്തം നിലനില്ക്കുകയായിരുന്നു. വിദ്യാഭ്യാസനിയമം സാർവത്രിക വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കി; അദ്ധ്യാപകർക്ക് സർക്കാർ നേരിട്ട് ശമ്പളം നല്കുന്ന രീതി കൊണ്ടുവന്നു. സാമുദായിക, വർഗ്ഗീയ ശക്തികളുടെ കച്ചവടമേഖലയായി അധഃപതിച്ച വിദ്യാഭ്യാസമേഖലയെ ജനകീയമായി പുനഃസംഘടിപ്പിക്കാനാണ് വിദ്യാഭ്യാസനിയമം കൊണ്ടുവന്നത്. അതിനെതിരെ സാമുദായിക-വർഗ്ഗീയ ശക്തികളും നിക്ഷിപ്തതാല്പര്യക്കാരും ഉറഞ്ഞാടി. ഭൂപരിഷ്കരണം, വിദ്യാഭ്യാസ നിയമം, തൊഴിലാളികൾക്ക് അടിമസമാനമായി ജോലി ചെയ്യേണ്ടിയിരുന്ന അവസ്ഥ മാറിയത്, സേവന-വേതനവ്യവസ്ഥകൾ അംഗീകരിക്കപ്പെട്ടത്.- ഇതെല്ലാം കേരള വികസനത്തിന്റെ പരസ്പര പൂരക നടപടികളാണ്. സമഗ്രവികസനത്തിനുള്ള അടിത്തറയാണ്. സമ്പൂർണ്ണ സാക്ഷരതയും, ജനകീയാസൂത്രണവും ഇടതു സർക്കാരിന്റെ നേട്ടങ്ങളായിരുന്നു.

സമ്പൂർണ്ണ സാക്ഷരത, സമ്പൂർണ്ണ വിദ്യാലയ പ്രവേശനം, വിദ്യാഭ്യാസത്തിലെ സ്ത്രീ - പുരുഷ തുല്യത, ഉയർന്ന ആയുർദൈർഘ്യം, കുറഞ്ഞ ജനന-മരണ നിരക്ക്, കുറഞ്ഞ ജനന-മരണ നിരക്ക്, കുറഞ്ഞ ശിശു- മാതൃമരണ നിരക്കുകൾ എന്നിവയെല്ലാം ലോക ശ്രദ്ധയാകർഷിച്ചതും ഏറെ ചർച്ച്ചകൾക്ക് വിഷയമായതുമായ നേട്ടങ്ങളാണ്.

സർക്കാരിന്റെ കാര്യക്ഷമത, നിയമവാഴ്ച, അഴിമതി തടയൽ എന്നിങ്ങനെയുള്ള പ്രധാന മേഖലകളിലെയും 13 സുസ്ഥിര വികസനലക്ഷ്യങ്ങൾ കൈവരിക്കുന്നതിലെയും പ്രകടനവും 50 വികസന സൂചികകളിലെ മികവും വിലയിരുത്തിയാണ് കേരളത്തിന് ഇന്ന് വികസനകുതിപ്പിൽ ഒന്നാം സ്ഥാനം ലഭിച്ചത്. നീതി ആയോഗിന്റെ വിദ്യാഭ്യാസ ഗുണമേന്മാ സൂചികയിലും സ്കോർ മെച്ചപ്പെടുത്തി കേരളം ഒന്നാമതെത്തിയിരുന്നു. കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച Annual Status of Education Report (ASER) ലും കേരളം വിദ്യാഭ്യാസ മികവിന്റെ കാര്യത്തിൽ ദേശീയ തലത്തിലെ പൊതു സ്ഥിതിയേക്കാൾ വളരെ മുമ്പിലാണ്. ആരോഗ്യരംഗത്തും നീതി ആയോഗിന്റെ വിലയിരുത്തലിൽ കേരളം ഒന്നാമത് നില്ക്കുന്നു. കോവിഡ് മഹാമാരിയെ ഏറ്റവും ഫലപ്രദമായി നേരിട്ടതിനും ദേശീയ ശരാശരിയേക്കാൾ മരണനിരക്ക് വളരെ കുറയ്ക്കാനായതിനും അന്തർ ദേശീയ - ദേശീയ തലങ്ങളിൽ കേരളം അംഗീകരിക്കപ്പെടുകയുണ്ടായി. റിസർവ്വ് ബാങ്കിന്റെ വാർഷിക റിപ്പോർട്ടിലും ഈ മികവ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ആരോഗ്യ പരിപാലനം, പാർപ്പിടം, മാലിന്യനിർമാർജനം, ശുദ്ധജലലഭ്യത, കൃഷി വികസനം, പൊതുവിദ്യാഭ്യാസ സംരക്ഷണം എന്നിവ സംബന്ധിച്ച് പ്രായോഗികത്വത്തിലൂന്നി തുല്യത

ഉറപ്പാക്കുന്ന സംരംഭം എന്ന് നവകേരളമിഷനെ പൊതുവിൽ വിശേഷിപ്പിക്കാം. 1957 മുതൽ ഇടതുപക്ഷത്തിന് നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെയും ഇടപെടലിന്റെയും അടിസ്ഥാന ത്തിലാണ് പൊതു വിദ്യാഭ്യാസ രംഗം ശക്തിയാർജിച്ചത്. ഇത് പിന്നീട് കച്ചവട ശക്തികൾ ആധിപത്യം ഉറപ്പിക്കുകയും പൊ തുവിദ്യാലയങ്ങൾ നശിക്കുകയും ചെയ്യുന്ന അവസ്ഥയിലെത്തി. കുട്ടികളെ പൊതുവിദ്യാഭ്യാസത്തി ലേക്ക് തിരികെ എത്തിക്കുന്നതി നും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള ആസൂത്രിത പ്രവർത്തനമാണ് വിദ്യാഭ്യാസ മിഷനിലൂടെ സർക്കാർ ഏറ്റെടു ക്കുന്നത്. കാലത്തിന്റെ സവിശേ ഷതകൾക്കും ആവശ്യങ്ങൾക്കും ഇണങ്ങുന്ന വിദ്യാഭ്യാസ രീതിയി ലൂടെ ശാസ്ത്രീയ സമീപനം ആണ് തെളിഞ്ഞു കാണുന്നത്.

കുറെ കാലം കഴിഞ്ഞു ഒന്നിനും കൊള്ളാത്ത പാർപ്പിടങ്ങൾ നിർമ്മിക്കലായിരുന്നു പദ്ധ തികൾ. പലതും അത്രയേറെ ഉണ്ടായിരുന്നുള്ളൂ. അതിൽനിന്ന് ഭിന്നമായി മെച്ചപ്പെട്ട പാർപ്പിടം യാഥാർത്ഥ്യമാക്കുക എന്നതിനു പ്പുറം വീട്ടിലെ ഒരാൾക്കെങ്കിലും മെച്ചപ്പെട്ട തൊഴിൽ പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ, വിവിധ സാമൂഹിക സേവനങ്ങൾ, ചികിത്സയും കുട്ടികളുടെ വിദ്യാഭ്യാ സത്തിനുള്ള സൗകര്യങ്ങൾ എന്നി വയെല്ലാം ഉറപ്പാക്കുന്നതാണ് ലൈഫ് എന്ന പേരിൽ ആരംഭിച്ച പദ്ധതി.

ആർദ്രം മിഷനിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാ രോഗ്യ കേന്ദ്രങ്ങളാക്കി പാവപ്പെട്ട വർക്കും സാധാരണക്കാർക്കും സുഗ മമായി ആതുരശുശ്രൂഷ സേവനരം ഗത്ത് സേവനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. കൃഷി, ശുചിത്വം, ജലം എന്നീ മൂന്നു മേ ഖലയെ അടിസ്ഥാനമാക്കിയുള്ള ഹരിത കേരളം നവകേരളത്തിൻ റെ സുസ്ഥിരവും സ്വയംപര്യാപ്തത യും ലക്ഷ്യമിട്ടുള്ളതാണ്.




ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തു ന്നതിലും ഒരു നാടിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലക ളിൽ പരിവർത്തനം ഉണ്ടാക്കുന്ന തിലും ജനകീയ ഇടപെടലുകൾ എത്രത്തോളം ഫലവത്താണ് എന്നതിന് സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ഏറ്റവും മികച്ച ഉദാ ഹരണമാണ് കേരളം. ഇത്തരം ജനകീയ ഇടപെടലുകൾ തന്നെയാ ണ് ഒരു വർഷത്തിനിടയിൽ നാം അഭിമുഖീകരിച്ച ഓഖി, നിപ, പ്ര ളയം തുടങ്ങിയ ദുരന്തങ്ങളെ വിജ യകരമായി അതിജീവിക്കാനുമെ സഹായിച്ചത്. ആ ദുരന്തങ്ങളുടെ യെല്ലാം ഘട്ടത്തിൽ ഒരു സമൂഹമെ ന്ന നിലയ്ക്ക് നാം ഒറ്റക്കെട്ടായി നി ല്ക്കുകയും രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും കൈകോർക്കുകയും ചെയ്തു. ഈ ഒരുമയും പരാജിതരാകാൻ നിന്നു കൊടുക്കാത്ത മനോഭാവവുമാണ് പുനർനിർമാണ ഘട്ടത്തിലും കേ രളത്തിന്റെ ഏറ്റവും വലിയ മുതൽ ക്കൂട്ടാവൻ പോകുന്നത്. നാം അഭി മുഖീകരിക്കുന്ന വെല്ലുവിളികൾക്ക് സുസ്ഥിരമായ പരിഹാരങ്ങൾ കാണാനായി പുനർനിർമാണഘട്ട ത്തിലും ഈ ശക്തി നമുക്ക് പ്രയോ ജനപ്പെടുത്താനാവണം.

# പൊതുവിദ്യാഭ്യാസത്തിന്റെ വസന്തകാലം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ലോകോത്തരനിലവാരത്തിലേക്ക് നാം വളരുകയാണ്. പൊതുവിദ്യാലയങ്ങളിലൂടെ ഗുണതാ വിദ്യാഭ്യാസം സാധ്യമല്ല എന്നും അതൊക്കെ സ്വകാര്യ മേഖല നോക്കിക്കൊള്ളുമെന്നും അത്തരം ശക്തികൾക്ക് സൗകര്യമൊരുക്കുന്നതാകണം സർക്കാരുകളുടെ ധർമം എന്ന നിലപാട്  ആഗോളവത്ക്കരണ ഉദാരവത്ക്കരണത്തിന്റേതാണ്. ഇന്ത്യയിലടക്കം അത്തരം നിലപാടിന് പ്രാമുഖ്യം ലഭിക്കുന്ന എന്നതാണ് ദേശീയ വിദ്യാഭ്യാസ നയം 2020 വഴി വ്യക്തമാക്കുന്നത്. അത്തരം ആഗോള ദേശീയ സാഹചര്യങ്ങളിൽ അതിൽ നിന്നും ഭിന്നമായി തികച്ചും ജനപക്ഷത്തു നിന്നുള്ള നിലപാടാണ് നാം കൈക്കൊള്ളുന്നത്.  വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്നും അത് സർക്കാരിന്റെ ഉത്തരവാദിത്തമാണെന്നും സാമൂഹ്യ നീതിയും അവസര സമത്വവും വിട്ടുവീഴ്ച ചെയ്യാൻ കഴിയാത്ത വിഷയങ്ങളാണ് എന്നും എല്ലാ കുട്ടികളേയും ഉൾക്കൊള്ളുന്ന ഗുണമേന്മാ വിദ്യാഭ്യാസം സർക്കാരിന്റെ ബാധ്യതയാണെന്നും ഉള്ള നിലപാടാണ് നാം കൈക്കൊണ്ടത്. ഇത് ആഗോളവത്ക്കരണ നയത്തിനെതിരെയുള്ള ജനകീയ നിലപാടാണ്. അതുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ എല്ലാ വിഭാഗം ജനങ്ങളുടേയും പിന്തുണയോടെ ജനാധിപത്യ മതനിരപേക്ഷ ജനകീയ ബദൽ വികസിപ്പിക്കാൻ കഴിഞ്ഞ നാലര വർഷമായി നാം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത ശ്രമത്തിന് അനന്യമായ പിന്തുണയാണ് കേരളീയ സമൂഹം നല്കുന്നത്.

**പ്രൊഫ. സി. രവീന്ദ്രനാഥ്**
വിദ്യാഭ്യാസവകുപ്പ് മന്ത്രി






ലോകം മുഴുവൻ കോവിഡ് 19 മഹാമാരിയാൽ പ്രതിസന്ധിയിൽപ്പെട്ടിരിക്കുമ്പോൾ കുട്ടികളെ കർമ്മനിരതരാക്കാനും പഠന വഴിയിൽ നിലനിർത്താനുമായി ഡിജിറ്റൽ ക്ലാസ്സുകൾ ജൂൺ 1ന് തന്നെ ആരംഭിക്കാൻ നമുക്ക് കഴിഞ്ഞു. ലോകത്തിലെ സ്കൂൾ പ്രായത്തിലുള്ള കുട്ടികളിൽ 40 കോടിയോളം കുട്ടികൾ അതായത് പ്രസ്തുത പ്രായത്തിലുള്ള കുട്ടികളുടെ 31% ഒരു തരത്തിലുള്ള ഡിജിറ്റൽ മാധ്യമങ്ങളുടെ - റേഡിയോ, ടെലിവിഷൻ, ഫോൺ - പരിധിയിൽ വരാതെ നില്ക്കുന്ന സാഹചര്യത്തിലാണ് നമുക്ക് എല്ലാ കുട്ടികളേയും ഉൾക്കൊണ്ടുകൊണ്ട് ഡിജിറ്റൽ ക്ലാസ് തുടങ്ങാനും അതിന്റെ തുടർച്ച ഉറപ്പാക്കാനും കഴിഞ്ഞത്. എല്ലാ കുട്ടികളേയും ഉൾക്കൊള്ളിക്കാൻ കേരളീയ ജനത വഹിച്ച അനിതര സാധാരണമായ താല്പര്യം പ്രത്യേകം എടുത്തുപറയുന്നു. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും ഉണ്ടാകാത്ത മികവാണ് നാം ലോകത്തിനു മുന്നിൽ സമർപ്പിച്ചത്. കഴിഞ്ഞ നാലര വർഷമായി പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായ ഉണർവ്വും ജനങ്ങളെ പങ്കാളികളാക്കാനുമുള്ള ബോധപൂർവ്വമായ ശ്രമങ്ങളുമാണ് ഈ മഹാമാരിക്കാലത്ത് പുതുവഴികൾ തേടാൻ നമുക്ക് ആത്മവിശ്വാസവും ധൈര്യവും നല്കിയത്. സ്കൂൾ വിദ്യാഭ്യാസ രംഗത്ത് വളരെയേറെ മുന്നേറാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അവധിക്കാലത്ത് വീട്ടിൽ ഒറ്റപ്പെട്ടിരിക്കേണ്ട കുട്ടികളെ കർമ്മനിരതരാക്കാനും അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും സ്കൂൾ വിക്കി വഴി കഥ, കവിത, ലേഖനം എന്നിവ എഴുതുവാൻ പ്രേരിപ്പിച്ചു. 'അക്ഷരവൃക്ഷം' എന്ന പേരിൽ അറിയപ്പെട്ട പ്രസ്തുത പദ്ധതി കുട്ടികൾ വലിയ തോതിൽ പ്രയോജനപ്പെടുത്തി. 56,249 സൃഷ്ടികൾ ലഭിക്കുകയുണ്ടായി. കുട്ടികളുടെ സൃഷ്ടികൾ 10 വോല്യങ്ങളായി പ്രസിദ്ധീകരിച്ചു. ഈ പ്രവർത്തനം ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിന്റെ ദേശീയ അവാർഡിന് അർഹമായി.

സാർവ്വത്രിക സ്കൂൾ പ്രവേശനവും പഠനത്തുടർച്ചയും ഉറപ്പാക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷേ പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേർന്ന കുട്ടികൾക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസം ലഭ്യമാകുന്നില്ല എന്ന് സമൂഹം കരുതിയിരുന്നു. അത് മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി ഗുണമേന്മാ വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന കാഴ്ച്ചപ്പാട് ജനകീയമാക്കിമാറ്റാൻ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞു. മാത്രവുമല്ല എല്ലാ പൊതുവിദ്യാലയങ്ങളേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിലാണ് നാം. വിദ്യാലയമികവ് എന്നാൽ അക്കാദമിക മികവ് എന്ന നിലപാടും കൈക്കൊണ്ടു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ വൈവിധ്യമാർന്ന പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പൊതുസമൂഹത്തിലുണ്ടാക്കിയ ആത്മവിശ്വാസത്തിന്റെ പ്രത്യക്ഷ തെളിവാണ് 2017-18 മുതൽ 2019-20 വരെ മൂന്ന് അക്കാദമിക വർഷങ്ങളിലായി 5.05 ലക്ഷം കുട്ടികൾ അധികമായി പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേർന്നത്.

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2017-18 | 1,56, 565 |
| 2018-19 | 1,84,728 |
| 2019-20 | 1,63,558 |
| ആകെ | 5,04,851 |

പല കാരണങ്ങൾ കൊണ്ട് സ്വകാര്യ വിദ്യാലയങ്ങളിൽ കുട്ടികളെ അയച്ച രക്ഷിതാക്കൾ അവിടെ നിന്നും മാറ്റി കുട്ടികളെ പൊതുവിദ്യായങ്ങളിൽ ചേർക്കുന്ന അനുഭവമാണ് ഇപ്പോൾ നമുക്കുള്ളത്. ഈ അക്കാദമിക വർഷം കോവിഡ് 19 മൂലം ഔപചാരികമായി തുടങ്ങാൻ കഴിഞ്ഞില്ലെങ്കിലും പൊതുവിദ്യാലയങ്ങളിൽ ഇതിനകം വളരെയധികം കുട്ടികൾ അധികമായിവന്നെത്തിയിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

അക്കാദമികരംഗത്തും വളരെയേറെ മുന്നേറാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അത് അടയാളപ്പെടുത്തുന്നതാണ് നീതി ആയോഗ് നടത്തിയ ഗുണനിലവാര പഠനത്തിൽ (എസ്.ഇ.ക്യു.ഐ) നമുക്ക് ലഭിച്ച ഒന്നാം സ്ഥാനം. അക്കാദമിക മുന്നേറ്റത്തിനായി നടത്തിയ ശ്രമങ്ങളെ ഒന്നോടിച്ചുനോക്കാം. സ്കൂളിൽ സമഗ്രവികസനത്തെ കണ്ടുകൊണ്ട് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ഈ അക്കാദമിക മാസ്റ്റർ പ്ലാനുകളെ മുൻഗണനാടിസ്ഥാനത്തിൽ പ്രവർത്തനപദ്ധതികളാക്കി മാറ്റി. അതനുസരിച്ച് ഗുണത ഉറപ്പാക്കാൻ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടത്തി. ഭാഷാ വികാസത്തിനായി പഠനപിന്തുണ ആവശ്യമായ കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ കൂടാതെ ഗണിത ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം, കല, കായികം തുടങ്ങിയ എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങൾ നടത്തി. ഗണിതശാസ്ത്രത്തെ കൂടുതൽ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കുന്നതിനായി ജനകീയ ഗണിതോത്സവം, ശാസ്ത്രപഥം തുടങ്ങിയ പദ്ധതികൾ എല്ലാം അക്കാദമിക മുന്നേറ്റത്തിന് സഹായിച്ചിട്ടുണ്ട്. കുട്ടികളുടെ വ്യത്യസ്തങ്ങളായ പ്രതിഭകളെ കണ്ടെത്താനും അവ പരിപോഷിപ്പിക്കുന്നതിനും വേണ്ടിയുള്ള 'ടാലന്റ് ലാബ്', വിദ്യാലയങ്ങളിൽ കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കാൻ നടത്തിയ 'സർഗ്ഗവിദ്യാലയ പദ്ധതി' എന്നിവയെല്ലാം ശ്രദ്ധേയമായ പരിപാടികളായിരുന്നു. നാട്ടിലുള്ള പ്രതിഭകളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന 'വിദ്യാലയം പ്രതിഭകളിലേക്ക്' എന്ന പ്രവർത്തനത്തിന് വലിയ സ്വീകാര്യതയാണ് ലഭിച്ചത്. പല തരത്തിൽ അധിക സഹായം ആവശ്യമുള്ള കുട്ടികളേയും പരിഗണിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. ദൃശ്യ പരിമിതിയുള്ള കുട്ടികൾക്കായി ഓഡിയോ പാഠങ്ങൾ തയ്യാറാക്കി. ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേകം കരിക്കുലം, കൈപ്പുസ്തകം എന്നിവ വികസിപ്പിച്ചു.

കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം




മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ മെന്ററിങ് പദ്ധതി ആവിഷ്കരിച്ചു. അതിനായി സഹിതം ഡിജിറ്റൽ പോർട്ടൽ വികസിപ്പിച്ചു.

നമുക്കെല്ലാം അഭിമാനിക്കാവുന്ന മുന്നേറ്റമാണ് സാങ്കേതിക വിദ്യാരംഗത്തുണ്ടാക്കിയത്. സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഇന്ത്യയിലെ പ്രഥമ സമ്പൂർണ്ണഡിജിറ്റൽ സംസ്ഥാനമായി കേരളം മാറി. ഇതിന്റെ പ്രഖ്യാപനം ഒക്ടോബർ 12 ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. ദരിദ്രരെന്നോ ധനികരെന്നോ വ്യത്യാസമില്ലാതെ സാമൂഹികമായ വേർതിരിവില്ലാതെ മുഴുവൻ കുട്ടികൾക്കും ആധുനിക സാങ്കേതിക വിദ്യ പ്രാപ്യമാക്കാൻ നമുക്ക് കഴിഞ്ഞു. അങ്ങനെ ഡിജിറ്റൽ ഡിവൈഡ് ഇല്ലാതെ നോക്കാനുള്ള ബദൽ ജനകീയ മാതൃക നാം വികസിപ്പിച്ചു. ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണ ഉറപ്പാക്കാൻ സെക്കന്ററി, ഹയർസെക്കന്ററിയിലെ 45,000 ക്ലാസ് മുറികൾ സാങ്കേതിക വിദ്യാ സൗഹൃദമാക്കി. കൂടാതെ മുഴുവൻ പ്രൈമറി വിദ്യാലയങ്ങളിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചു. ഇതിന്റെ ഭാഗമായി 4752 സ്കൂളുകളിൽ ഐ.ടി അടിസ്ഥാന സൗകര്യം ഉറപ്പാക്കി. മുഴുവൻ സ്കൂളുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യമൊരുക്കി. 1 മുതൽ 12 വരെയുള്ള ക്ലാസുകൾക്കായി 119054 ലാപ്ടോപ്പ്, 69943 പ്രൊജക്ടർ, 4578 ഡി.എസ്.എൽ.ആർ ക്യാമറ, 4545ടി.വി, 4611മൾട്ടി ഫങ്ഷൻ പ്രിന്റർ, 23098 സ്ക്രീൻ, 4720 വെബ്ക്യാം, 100472 യു.എസ്.ബി സ്പീക്കർ 43250 മൗണ്ടിങ് കിറ്റ് തുടങ്ങിയ ഐ.ടി ഉപകരണങ്ങൾ വിന്യസിച്ചു. സാങ്കേതിക വിദ്യയിൽ അദ്ധ്യാപകർക്കും കുട്ടികൾക്കും ഉണ്ടായ മുന്പരിചയം ലോക്ഡൗൺ കാലത്ത് വലിയ തോതിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സാങ്കേതിക വിദ്യ ഫലപ്രദമായി ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്താൻ സമഗ്രപോർട്ടൽ വികസിപ്പിച്ചു.

മികച്ച പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നമ്മുടെ കുട്ടികൾക്ക് ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം പറയേണ്ടുന്ന ഒരു കാര്യമാണ് 1 മുതൽ 8 വരെ ക്ലാസ്സുകളിൽ എല്ലാ കുട്ടികൾക്കും എ.പി.എൽ/ബി.പി.എൽ ഭേദമന്യേ സൗജന്യ യൂണിഫോം നല്കിയെന്നത്. അതിൽത്തന്നെ 1 മുതൽ 7 വരെ ക്ലാസുകൾക്ക് കൈത്തറി യൂണിഫോമാണ് വിതരണം നല്കിയത്. അങ്ങനെ സ്കൂളിന്റെ ഒരാവശ്യത്തെ നാടിന്റെ അദ്ധ്വാന ശേഷിയുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞു. സ്കൂളുകളിൽ അദ്ധ്യാപക തസ്തിക സമയബന്ധിതമായി നികത്തുന്നതിനും ശ്രദ്ധിച്ചിരുന്നു. ഹയർ സെക്കന്ററി ബാച്ചുകൾക്ക് സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും കൂടി 3540 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു.

ആഗോള താപനം, കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ പശ്ചാത്തലത്തിൽ ജൈവവൈവിധ്യ സംരക്ഷണം, കൃഷി, പരിസ്ഥിതി എന്നിവയെല്ലാം ഉദ്ഗ്രഥിച്ചുകൊണ്ട് 'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്ന സങ്കല്പം യാഥാർത്ഥ്യമാക്കി. ആഗോളതാപനത്തിന് ബദലായ ഹരിതവല്ക്കരണത്തിന്റെ ഭാഗമായി കുറേക്കൂടി ഉയർന്ന മാനമുള്ള ജൈവവൈവിധ്യ ഉദ്യാനം എല്ലാ വിദ്യാലയങ്ങളിലും നിർമ്മിച്ചുവരുന്നു.

ഭരണ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഡി.പി.ഐ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടറേറ്റുകൾ ഏകോപിപ്പിച്ചു.






പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിധിയിൽ എല്ലാ ഡയറക്ടറേറ്റുകളേയും കൊണ്ടുവന്നു. എയ്ഡഡ് മേഖലയിലെ അദ്ധ്യാപക, അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനാംഗീകാരവും തസ്തിക നിർണ്ണയവും കൂടുതൽ സുതാര്യമാക്കി. ഇതിനായി സമന്വയ പോർട്ടൽ വികസിപ്പിച്ചു.

അടിസ്ഥാന സൗകര്യവികസന കാര്യത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായി. പൊതുവിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ ഏറ്റവും മികച്ചതാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്. കിഫ്ബിയുടെ ധനസഹായത്തോടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ 141 സ്കൂളുകൾക്ക് 5കോടിരൂപ വീതവും 395 സ്കൂളുകൾക്ക് 3 കോടി രൂപവീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപവീതവും അനുവദിച്ചു. കൂടാതെ നബാർഡ് സ്കീം വഴി 150 കോടിയുടെ പ്രവർത്തനങ്ങൾ നടക്കുന്നു. പ്ലാൻ ഫണ്ടിലൂടെ 1000 ലധികം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യവികസനം എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ട് എന്നിവയെല്ലാം സ്കൂളുകളുടെ ഭൗതിക സൗകര്യവികസനത്തിൽ വലിയ കുതിച്ചുചാട്ടമാണ് വരുത്തിയത്.

5 കോടി കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന 66 വിദ്യാലയങ്ങളിൽ കെട്ടിട ഉദ്ഘാടനം ഇതിനകം നിർവ്വഹിച്ച കഴിഞ്ഞു. 3 കോടി ധനസഹായം പ്രയോജനപ്പെടുത്തി 41 വിദ്യാലയങ്ങളും ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. ഇതു കൂടാതെ നബാർഡ് സ്കീം വഴിയും സംസ്ഥാന സർക്കാരിന്റെ പ്ലാൻ സ്കീം പ്രയോജനപ്പെടുത്തിയും നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനവും ഇതിനകം നടന്നുകഴിഞ്ഞു. മറ്റു ഫണ്ടുകളുപയോഗിച്ചും സ്കൂൾ കെട്ടിടങ്ങൾ പൂർത്തീകരിച്ചു.

വിദ്യാഭ്യാസത്തെ സ്വകാര്യവല്ക്കരിക്കാനും ചരക്കാക്കി മാറ്റി കമ്പോളയുക്തിക്ക് വിട്ടുകൊടുക്കവാനും വൈവിധ്യത്തേയും വൈജാത്യത്തേയും ഇല്ലാതാക്കാനും കച്ചവടശക്തികൾക്കും വർഗ്ഗീയ ശക്തികൾക്കും വിട്ടുകൊടുക്കവാനും സഹായകമായ സമീപനം ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ദേശീയ സർക്കാർ കൈക്കൊള്ളുന്നു. പ്രസ്തുത ഘട്ടത്തിലാണ് സാമൂഹ്യനീതിയും അവസരസമത്വവും അടിത്തറയാക്കിയ ഒരു ജനകീയ ബദൽ നാം വളർത്തിക്കൊണ്ടുവരുന്നത്. മതനിരപേക്ഷതയും ജനാധിപത്യവും ചാലിച്ചെടുത്തതാണ് നമ്മുടെ ജനകീയ ബദൽ.

ഈ കോവിഡ് 19 കാലത്തിനു ശേഷം സ്കൂളിലേക്ക് തിരിച്ചെത്തുന്ന വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച പഠന സൗകര്യം ഏർപ്പെടുത്താൻ നമുക്ക് കഴിയണം. കേരളത്തിന്റെ ജനകീയ വിദ്യാഭ്യാസ ബദൽ വളർത്തിയെടുക്കാനുള്ള അനന്യമായ ഈ ശ്രമത്തിൽ നമുക്കെല്ലാം കൈകോർത്ത് പങ്കാളികളാവാം.

# കേരളമാകെ കേരള ബാങ്കിലേക്ക്

**കടകംപള്ളി സുരേന്ദ്രൻ**
സഹകരണ ടൂറിസം ദേവസ്വം
വകുപ്പ് മന്ത്രി



കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക മേഖലയുടെ നട്ടെല്ലാണ് സഹകരണ മേഖല. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ വിപ്ലവാത്മകമായ മാറ്റം സൃഷ്ടിക്കുവാൻ സഹകരണ മേഖലക്ക് കഴിഞ്ഞിട്ടുണ്ട്. കേരള ബാങ്കിന്റെ പിറവി പുതിയ മുന്നേറ്റമാണ്. സഹകരണ മേഖല മാത്രമല്ല, കേരളത്തിന്റെ പൊതു സമൂഹമാകെ ആവേശത്തോടെയാണ് കേരള ബാങ്കെന്ന ആശയത്തെയും അതിന്റെ രൂപീകരണത്തെയും സ്വാഗതം ചെയ്തത്.

പതിമൂന്ന് ജില്ലാ സഹകരണ ബാങ്കുകൾ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ച നടപടിക്ക് കേരള ബാങ്കിന്റെ പ്രഥമ പൊതുയോഗം അംഗീകാരം നൽകിയപ്പോൾ കേരള ബാങ്കിനെ എതിർത്തിരുന്നവരുടെ വാദഗതികളാണ് പൊളിഞ്ഞത്. കേരള ബാങ്കെന്ന ബ്രാൻഡ് നെയിമും ലോഗോയും രാജ്യമാകെ ശ്രദ്ധിക്കപ്പെട്ടു. കേരളത്തിന്റെ ഏറ്റവും വലിയ ബാങ്കിംങ് ശൃംഖലയായി കേരള ബാങ്കിനെ മാറ്റുക എന്ന ലക്ഷ്യം അകലെയല്ല എന്ന് ഉറപ്പിച്ചു പറയാൻ കഴിയും. നിലവിലുള്ള ഒരു ലക്ഷം കോടി രൂപയുടെ ബിസിനസ് രണ്ടു വർഷം കൊണ്ട് മൂന്നു ലക്ഷം കോടിയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വാഗ്ദാനമാണ് കേരള ബാങ്ക് യാഥാർത്ഥ്യമാക്കിയതിലൂടെ നിറവേറ്റിയത്. നാടിന്റെ അതിജീവന പോരാട്ടത്തിന് നേതൃത്വം നൽകുന്ന കേരള ബാങ്കിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 7 മേഖലാ ഓഫീസുകളും 13 ജില്ലകളിൽ ക്രെഡിറ്റ് പ്രോസസിംങ് സെന്ററുകളും എറണാകുളത്ത് കോർപ്പറേറ്റ് ബിസിനസ് ഓഫീസും ആരംഭിച്ചു. 769 ശാഖകളുള്ള കേരള ബാങ്കിന് വിപുലമായ ജനകീയ അടിത്തറ നൽകുന്നത് 1506 പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളും 51 അർബൺ സഹകരണ ബാങ്കുകളുമാണ്.എല്ലാവിധ ആധുനിക ബാങ്കിംങ് സേവനങ്ങളും എല്ലാ വിഭാഗം ജനങ്ങൾക്കും കേരള ബാങ്കിലൂടെ നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

### കേരള ബാങ്ക്

സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് രൂപീകരിച്ചബാങ്കാണ് കേരള ബാങ്ക്. ഏവർക്കും സുരക്ഷിതവും വിശ്വസനീയവുമായ ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ്

കേരള ബാങ്കിന്റെ രൂപീകരണ ലക്ഷ്യം.

## രൂപീകരണ സാഹചര്യം

ബാങ്കിംഗ് വ്യവസായം കടുത്ത മത്സരവും നിരവധി വെല്ലുവിളികളും നേരിടുന്ന കാലഘട്ടമാണിത്. പ്രസ്തുതസാഹചര്യത്തിൽ സഹകരണ ബാങ്കുകൾക്ക് ഇന്നത്തെ നിലയിൽ മുന്നോട്ട് പോകാനാവില്ല. ആധുനിക കാലഘട്ടത്തിലെ സാമ്പത്തിക രംഗത്തെ വെല്ലുവിളികൾ നേരിടുന്നതിനായി സംസ്ഥാനത്തെ സഹകരണ കാർഷിക വായ്പാ മേഖലയിൽ ഘടനാപരമായ ഒരു മാറ്റം അനിവാര്യമാണെന്ന് വിലയിരുത്തുകയും ത്രിതല സമ്പ്രദായത്തിലെ മധ്യതലം ഉപരിതലത്തോട് സംയോജിപ്പിച്ച് ദ്വിതലമായി പുനഃക്രമീകരിക്കാനും സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ ഹ്രസ്വകാല സഹകരണ കാർഷിക വായ്പാ മേളയുടെ ഘടന പരിശോധിച്ചാൽ 19 ഇടത്ത് ത്രിതലഘടനയും 14 ഇടത്ത് ദ്വിതല ഘടനയുമാണ്. 5-ാം പഞ്ചവത്സരപദ്ധതി കാലത്തെ സഹകരണ വർക്കിംഗ് ഗ്രൂപ്പ് (197479)വലിയ സംസ്ഥാനങ്ങളിൽ ത്രിതലഘടനയും ചെറിയ സംസ്ഥാനങ്ങളിൽ ദ്വിതല ഘടനയുമാണ് അനുയോജ്യമെന്ന് വിലയിരുത്തിയിരുന്നു. മാത്രമല്ല, കേരളം, ഹരിയാന, ആസാം എന്നീ സംസ്ഥാനങ്ങൾ ഇങ്ങനെ മാറണമെന്നതിന് ശിപാർശയും നൽകിയിരുന്നു.

1972  ൽ റിസർവ്വ് ബാങ്ക് കേരളത്തിലെ സഹകരണ വായ്പാ മേഖലയെപ്പറ്റി പഠിക്കാൻ നിയോഗിച്ച കമ്മറ്റിയും ഹ്രസ്വകാല കാർഷിക വായ്പാ മേഖലയിൽ കേരളത്തിന് ദ്വിതല സംവിധാനമാണ് അനുയോജ്യമെന്ന് അഭിപ്രായപ്പെട്ടിരുന്നു.

സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകണ ബാങ്കുകളും സംയോജിപ്പിച്ച് സംസ്ഥാന തലത്തിൽ ഒരു ബാങ്കിന് രൂപം നൽകിയത് ഈ സർക്കാരിന്റെ നയത്തിന്റെ ഭാഗമാണ്. 13-പദ്ധതി സമീപന രേഖയിലും



സംസ്ഥാന ആസൂത്രണ ബോർഡ് ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന്, കേരളബാങ്ക്, രൂപീകരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ Indian Institute Management പ്രൊഫസർ ഡോ. എം. എസ്. ശ്രീറാം അധ്യക്ഷനായി വിദഗ്ധസമിതി രൂപീകരിക്കുകയുണ്ടായി. സമിതിയുടെ ശിപാർശയുടെ കൂടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് ഒരു വലിയ സഹകരണ ബാങ്കായി മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചത്.

## ലക്ഷ്യമിടുന്ന നേട്ടങ്ങൾ

കേരളത്തിലെ സഹകരണ ബാങ്കുകൾക്ക് വളരാനുള്ള വലിയ അവസരമാണ് കേരള ബാങ്കിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. സഹകരണ ബാങ്കിംഗ് മേഖലയുടെ ഏകോപനത്തിനും മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും നിലനിൽപ് ഉറപ്പാക്കുന്നതിനും ഇത് സഹായകമാകും.

കാർഷിക - വ്യവസായിക രംഗത്ത് നൂതന ആശയങ്ങൾക്കും പദ്ധതികൾക്കും കേരള ബാങ്ക് ശക്തിപകരും. ഗ്രാമീണ സമ്പാദ്യമുൾപ്പടെ സംസ്ഥാനത്തിലെ വിഭവങ്ങൾ പൂർണ്ണമായി നമ്മുടെ സംസ്ഥാനത്ത് വിനിയോഗിക്കാൻ കഴിയും. ഇടപാടുകാർക്ക് കുറഞ്ഞ ചെലവിൽ സേവനം ലഭ്യമാക്കാനാകും. വായ്പാ പലിശ നിരക്ക് കുറയ്ക്കുന്നതിനും മൈക്രോ ഫൈനാൻസ് രംഗത്ത് കൂടുതൽ ഫലപ്രദമായി ഇടപെടുന്നതിനും കേരള ബാങ്ക് സഹായകമാകും.

നമുക്ക് കൂടുതൽ കാർഷിക വായ്പ നൽകാൻ കഴിയും. ഏകോപനത്തിലൂടെ ശക്തമാകുന്ന ബാങ്കിന്റെ ധനസ്ഥിതിയിൽ നബാർഡിൽ നിന്നും കൂടുതൽ പുനർവായ്പ ലഭിക്കും. ഇത് നമ്മുടെ ഉല്പാദന മേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരും. നബാർഡിൽ നിന്നും ലഭിക്കുന്ന  പുനർവായ്പ ജില്ലാ ബാങ്ക് എന്ന തലം ഒഴിവായാൽ കർഷകർക്ക് നിലവിലെ പലിശ നിരക്കിൽ നിന്നും കുറച്ച് നൽകാനാകും. കാർഷികേതര വായ്പകളുടെ പലിശ നിരക്കും കുറയ്ക്കാൻ സാധിക്കും.

വായ്പ, നിക്ഷേപം എന്നിവ പലമടങ്ങ് വർദ്ധിക്കും. വിദേശ നിക്ഷേപം ശേഖരിക്കാൻ പ്രാപ്തി കൈവരിക്കും. വിദേശ നാണയ വിനിമയവും വ്യാപാരവും വർദ്ധിക്കും. പൊതു മേഖലാ സ്വകാര്യ മേഖല-ന്യൂ ജനറേഷൻ ബാങ്കുകൾ കൈയടക്കി വച്ചിരിക്കുന്ന എൻ.ആർ.ഐ. നിക്ഷേപത്തിന്റെ നല്ലൊരു പങ്ക് കേരള ബാങ്കിലേക്ക് വരുന്നതോടെ സഹകരണ മേഖലയുടെ വായ്പാവിതരണശേഷിയിൽ കുതിച്ചു ചാട്ടമുണ്ടാകും.

സമ്പൂർണ്ണമായും സാങ്കേതിക വിദ്യയിലൂന്നിയ ബാങ്കിംഗ് പ്രവർത്തനം സാധ്യമാകും. ഡിജിറ്റൽ ഇടപാടിന്റേയും മറ്റ് സർവ്വീസ് ചാർജ്ജുകളുടെയും പേരിൽ പൊതുമേഖലാ-സ്വകാര്യ-ന്യൂജനറേഷൻ ബാങ്കുകളുടെ ചൂഷണവും അവസാനിപ്പിക്കാനാകും.സഹകരണ ബാങ്കിംഗ് മേഖല അതിനൂതന സാങ്കേതിക മികവിലേക്ക് വരുമ്പോൾ ചെറുപ്പക്കാരായ ഉപഭോക്താക്കളെ ഈ മേഖലയിലേക്ക് കൂടുതലായി ആകർഷിക്കാനാകും. ഇപ്പോൾ സഹകരണ ബാങ്കുകളിൽ 50 വയസ്സിന് താഴെ പ്രായമുള്ള ഉപഭോക്താക്കൾ 23% ത്തിനടുത്ത് മാത്രമാണ്. യുവതലമുറയ്ക്ക് വേണ്ട സാങ്കേതിക സൗകര്യങ്ങളൊരുക്കാൻ ഒറ്റപ്പെട്ടു നിൽക്കുന്ന ബാങ്കുകളേക്കാൾ ഏകോപിതമായ കേരള ബാങ്കിനായിരിക്കും കഴിയുക. മാത്രമല്ല, യുവതലമുറ ആഗ്രഹിക്കുന്ന ബ്രാൻഡ് മൂല്യം ആർജ്ജിക്കുന്നതിനും കേരള ബാങ്കിന് കഴിയും. ജീവനക്കാരുടെ പ്രൊഫഷണലിസം, ആധുനിക ബാങ്കിംഗ് ഉൽപ്പന്നങ്ങളും സേവനങ്ങളും വിദേശത്ത് നിന്നുമുള്ള ധനവിനിമയം എന്നിങ്ങനെ ഒരുപാട് മേഖലകളിൽ മത്സരക്ഷമമായ ഒരു ചുറ്റുപാട് സൃഷ്ടിച്ചെടുക്കാൻ ഈ മാറ്റത്തിലൂടെ നമുക്ക് കഴിയും.

## ഏറ്റവും വലിയ രണ്ടാമത്തെ ബാങ്ക്

എല്ലാത്തരം ബാങ്കിംഗ് പ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്താൻ പ്രാപ്തിയുള്ള, റിസർവ്വ് ബാങ്ക് അനുമതിയുള്ള ദേശീയ/അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ ബാങ്കായി കേരള ബാങ്കിന് ഉയരാൻ കഴിയും. കേരള ബാങ്കായിരിക്കും കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ബാങ്ക്.

സംസ്ഥാന ജില്ലാ ബാങ്കുകൾക്ക് പുറമെ കേരളത്തിൽ 1506 PACS കളും 51 ലൈസൻസ്ഡ് അർബൻ ബാങ്കുകളുമുണ്ട്. ഇവയാണ് കേരള ബാങ്കിന്റെ അംഗങ്ങൾ/ഓഹരി ഉടമകൾ. PACS കൾക്കും അർബൻ ബാങ്കുകൾക്കുമായി 4500 ത്തിലധികം ബ്രാഞ്ചുകൾ ഉണ്ട്. ഒരു ലക്ഷം കോടി രൂപയിലധികം നിക്ഷേപമുണ്ട്. ഇതെല്ലാം ചേരുമ്പോൾ ഉണ്ടാകുന്ന ബാങ്കിംഗ് നെറ്റ് വർക്ക് സംസ്ഥാനത്തിന്റെ ബാങ്കിംഗ് ആവശ്യങ്ങൾ നിർവ്വഹിക്കാൻ പര്യാപ്തമാകും. എൻ.ആർ.ഐ. നിക്ഷേപമടക്കം സ്വീകരിക്കാൻ അനുമതി ലഭിക്കുകയും PACS കളിലൂടെ കേരള ബാങ്ക് സേവനം ഗ്രാമീണ ജനതയിലേക്ക് എത്തിക്കുവാൻ കഴിയുകയും ചെയ്യുന്ന മുറയ്ക്ക് കേരള ബാങ്ക് കേരളത്തിലെ ഒന്നാമത്തെ ബാങ്കായി മാറും.

21പൊതുമേഖലാ ബാങ്കുകളും ഒരു ഗ്രാമീൺ ബാങ്കും 19 സ്വകാര്യ വാണിജ്യ ബാങ്കുകളും 2 സ്മോൾ ഫിനാൻസ് ബാങ്കുകളും ഉൾപ്പെടുന്ന കേരളത്തിലെ വാണിജ്യ ബാങ്കിംഗ് രംഗത്തിന് ബദലായി കേരള ബാങ്കിനും, കേരള ബാങ്കിന്റെ അംഗങ്ങളാകുന്ന 1500 ലധികം വരുന്ന PACS കൾക്കും അർബൻ ബാങ്കുകൾക്കും സംസ്ഥാന താല്പര്യങ്ങൾ ഉയർത്തിപ്പിടിച്ച് പ്രവർത്തിക്കാൻ കഴിയും.

## കേരള സഹകരണ ബാങ്കിലൂടെ ഉണ്ടാകുന്ന നേട്ടങ്ങൾ

1. ബാങ്ക്ഷെഡ്യൂൾഡ് ബാങ്ക് പദവിയിലാണ് പ്രവർത്തിക്കുക. (RBI Act 1934പ്രകാരം ജില്ലാ ബാങ്കുകൾക്ക് സ്വന്തം നിലയിൽ ഷെഡ്യൂൾഡ് പദവിക്ക് അർഹതയുണ്ടായിരുന്നില്ല.)പ്രവർത്തനമേഖല വിപുലീകരിക്കപ്പെടുന്നു.കൂടുതൽ ഉപഭോക്താക്കളെ ലഭിക്കുന്നതിനും ബിസിനസ്സ് വർദ്ധനയ്ക്കും കഴിയുന്നു. ജില്ലാ തലത്തിലുള്ള വിഭവങ്ങളുടെ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കാനാകുന്നു.ബാങ്കിന്റെ ജനസ്വീകാര്യതയും മതിപ്പും വർദ്ധിക്കുന്നു.

സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാകുന്നു.ലയനത്തിലൂടെ കൂടുതൽ കരുത്താർജ്ജിക്കുന്നതിലൂടെ കേരളത്തിന്റെ വികസന പ്രക്രിയയിൽ കൂടുതലായി ഇടപെടുന്നതിന് സാധിക്കുന്നു.ബാങ്കിന് പൊതുജനങ്ങൾക്കിടയിലുള്ള മതിപ്പ് വർദ്ധിക്കുന്നു.സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ കൂടുതൽ കാര്യക്ഷമമായി ഇടപെടാൻ കഴിയുന്നു.

**2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് :**

ഏറ്റവും വലിയ ഗുണഭോക്താക്കളാകുന്നത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവരുടെ അംഗങ്ങളുമായിരിക്കും. അവരാണ് കേരള ബാങ്കിന്റെ നേരവകാശികളും ഉടമകളും. കാർഷിക വായ്പാ -ബാങ്കിംഗ് പ്രവർത്തനത്തെ സംശുദ്ധമായി നിലനിർത്തണമെന്ന സർക്കാരിന്റെ കാഴ്ചപ്പാടാണ് ഈ നില,പാടിന് അടിസ്ഥാനം.

എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും കരഗതമാകുന്നു.

അംഗങ്ങൾക്ക് /ഇടപാടുകാർക്ക് കേരളബാങ്ക് നൽകുന്ന എല്ലാവിധ ബാങ്കിംഗ് സേവനങ്ങളും ഘട്ടം ഘട്ടമായി നൽകാൻ കഴിയും.

വായ്പയിൽ interest spread കുറയുന്നു. കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ വായ്പ ലഭിക്കുന്നതിന് സാഹചര്യമുണ്ടാകും. അംഗങ്ങൾക്ക് കൂടുതൽ വായ്പ നൽകുന്നതിനും അതിലൂടെ ലാഭക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ DBT/EBT ആനുകൂല്യങ്ങൾ ഗ്രാമീണ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുന്നതിന് സാധിക്കുന്നു.

കേരള ബാങ്കിന്റെ സാമ്പത്തിക സ്ഥിതി ശക്തമാകയാൽ നബാർഡിൽ നിന്നും പുനർവായ്പാ തുക വർദ്ധിപ്പിക്കാൻ കഴിയും. അതുവഴി കാർഷിക വായ്പാ തോത് വർദ്ധിപ്പിക്കാനാകും.

അധിക ഫണ്ട് കൂടുതൽ ആദായകരമായ രീതിയിൽ പുനർനിക്ഷേപിക്കുന്നതിനുള്ള സാധ്യതകളുണ്ടാകും.

കേരള ബാങ്കിന്റെ പ്രവർത്തനമൂല്യം ഉയരുന്നതിനനുസരിച്ച് ലാഭവിഹിതം ഉയർന്ന തോതിൽ ലഭിക്കുന്നു.

മൈക്രോഫിനാൻസ് രംഗത്ത് ഫലപ്രദമായ ഇടപെടൽ സാധ്യമാകുന്നു.

**3. വായ്പേതര സഹകരണ സംഘങ്ങൾക്ക്:**

വായ്പേതര സംഘങ്ങൾക്ക് നിലവിലെ രീതിയിൽ എല്ലാവിധ അധികാരങ്ങളും സേവനങ്ങളും നൽകുന്നതോടൊപ്പം ബാങ്കിംഗ്

ടെക്നോളജിയുടെ ഗുണഫലങ്ങൾ നൽകാനുമാകും.

വായ്പേതര സംഘങ്ങൾക്ക് അവരുടെ അംഗങ്ങൾ / ഗുണഭോക്താക്കൾ എന്നിവരുമായുള്ള ധനവിനിമയങ്ങൾ ഡിജിറ്റലായി നിർവ്വഹിക്കാൻ സാധിക്കും.

കുറഞ്ഞ പലിശയിൽ കൂടുതൽ വായ്പ ലഭ്യമാകും.

കേരള ബാങ്കിന്റെ ഭരണ സമിതിയിൽ പ്രത്യേക ക്ഷണിതാവ് എന്ന പ്രാതിനിധ്യം ലഭിക്കുന്നു.

**4. ജീവനക്കാർക്ക്**

കൂടുതൽ മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥ ഉണ്ടാകുന്നു. വലുതും കൂടുതൽ ബ്രാൻഡ് മൂല്യവുമുള്ള ഒരു ബാങ്കിൽ ജോലി ചെയ്യാനാകുന്നു.മെച്ചപ്പെട്ട പ്രൊഫഷണൽ അന്തരീക്ഷം സംജാതമാകുന്നു. പരിശീലനത്തിലും കരിയർ മികവിനും സ്ഥാനക്കയറ്റത്തിലും കൂടുതൽ അവസരങ്ങൾ ഉണ്ടാകുന്നു. ലയനത്തിലൂടെ സാമ്പത്തിക ഭദ്രത കൈവരുന്നതിലൂടെ തൊഴിൽ കൂടുതൽ സുരക്ഷിതമാകുന്നു.

**5. റിസർവ്വ് ബാങ്ക് /നബാർഡ് എന്നീ നിയന്ത്രണ സ്ഥാപനങ്ങൾക്ക്:**

ലയനത്തിലൂടെ ഒരു ബാങ്കിംഗ് സ്ഥാപനത്തെ നിയന്ത്രിച്ചാൽ മതിയാകും.

കോർ ബാങ്കിംഗ്, ആധുനിക ബാങ്കിംഗ് സൗകര്യങ്ങളെയെല്ലാം കമ്പ്യൂട്ടർ നിയന്ത്രിത സംവിധാനത്തിലൂടെ മേൽനോട്ടത്തിന് സാധിക്കുന്നു.

fit and proper മാനദണ്ഡങ്ങൾ പാലിക്കുന്ന ഉന്നത ഉദ്യോഗസ്ഥരും ബോർഡ് ഓഫ് മാനേജ്മെന്റും വരുന്നതിലൂടെ ബാങ്കിനെ കൂടുതൽ കാര്യക്ഷമതയിലേക്ക് കൊണ്ടുവരുന്നു.

ഷെഡ്യൂൾഡ് ബാങ്കുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും നടപ്പാക്കാനാകുന്നു.

**6. കേന്ദ്ര–സംസ്ഥാന സർക്കാരുകൾക്ക്:**

സഹകരണ ബാങ്കിംഗ് മേഖലയിൽ ലോകത്തിന് മുമ്പിൽ ഒരു മാതൃക സൃഷ്ടിക്കാൻ കഴിയുന്നു.

ഡിജിറ്റൽ ഇന്ത്യ, സാമ്പത്തിക ഉൾപ്പെടുത്തൽ, സാമ്പത്തിക സാക്ഷരത തുടങ്ങിയ സർക്കാർ ലക്ഷ്യങ്ങൾ കൂടുതലായി സാക്ഷാത്ക്കരിക്കപ്പെടുന്നു. പ്രാദേശിക സമ്പദ് വ്യവസ്ഥയെ കൂടുതൽ ഉല്പാദനവും ചലനാത്മകവുമാക്കുന്നു. വികസന ലക്ഷ്യത്തിനനുസരിച്ച് സാമ്പത്തിക പിന്തുണ നൽകുവാൻ സാധിക്കുന്നു. മറ്റ് സംസ്ഥാനങ്ങൾക്ക് അവലംബിക്കാൻ കഴിയുന്ന രീതിയിൽ ഒരു ലയനരീതി ഉണ്ടാകുന്നു.

സർക്കാരുകളുടെ ധനവിനിമയം സാധ്യമാക്കുന്നു. കാര്യക്ഷമമായ ഭരണനിയന്ത്രണത്തിന് സാധിക്കുന്നു.

**7.സഹകാരികൾക്ക്:**

PACS/ UCB പ്രതിനിധികൾ കേരള ബാങ്കിന്റെ ഭരണാധികാരികളാകുന്നു.

സഹകരണ ജനാധിപത്യത്തിലൂന്നിയ വലിയ ഒരു ബാങ്ക് യാഥാർത്ഥ്യമാകുന്നു. സഹകരണ ബാങ്കിംഗ് മേഖലയുടെ ഭാവി പരിരക്ഷയ്ക്ക് ഉതകുന്ന രീതിയിൽ ഒരു മാതൃകാ സ്ഥാപനം ഉണ്ടാകുന്നു.

നാടിന്റെ വികസനത്തിൽ സഹകരണ മേഖലയ്ക്ക് ലഭിക്കുന്ന സ്ഥാനം സഹകാരികൾക്ക് അഭിമാനകരമാകുന്നു.

**8. പൊതുജനങ്ങൾക്ക്:**

മികച്ച സാങ്കേതിക സൗകര്യങ്ങളും മാനുഷിക മൂല്യങ്ങളും സമന്വയിപ്പിച്ച് ഒരു പ്രാദേശിക ബാങ്ക് ഉണ്ടാകുന്നതിലൂടെ തങ്ങളുടെ ആവശ്യത്തിനും കഴിവിനും അഭിരുചിക്കും ഇണങ്ങുന്ന സേവനങ്ങളും ബാങ്കിംഗ് ഉല്പന്നങ്ങളും ലഭിക്കുന്നു. യുവതലമുറയ്ക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭിക്കുന്നു. ചാർജ്ജുകൾ ഇല്ലാതെയോ / കുറഞ്ഞ നിരക്കിലോ എല്ലാവിധ ബാങ്കിംഗ് സേവനങ്ങളും ലഭ്യമാകുന്നു.

നാടിന്റെ വികസനത്തിന് ജനതയുടെ ബാങ്ക് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാനാകുന്നു.

**കേരള ബാങ്കിന്റെ ഭരണം നിയന്ത്രിക്കുന്നത്.:**

സഹകരണ ജനാധിപത്യത്തിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതിക്കായിരിക്കും കേരള ബാങ്കിന്റെ നിയന്ത്രണം. മൊത്തം 21 അംഗങ്ങൾ, കൂടാതെ കേരള സഹകരണ നിയമപ്രകാരം 2 പ്രൊഫഷണൽ അംഗങ്ങളെ ഭരണസമിതിത്ക്ക് കോ-ഓപ്റ്റ് ചെയ്യാം. ഇവർക്ക് വോട്ടവകാശമില്ല. RBIയുടെ അന്തിമാനുമതിയിൽ വായ്പേതര സംഘങ്ങളുടെ ഒരു പ്രതിനിധിയെ ഭരണസമിതിയിൽ വോട്ടവകാശമില്ലാത്ത പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**ദീർഘകാല വികസന ലക്ഷ്യം:**

പിണറായി വിജയൻ സർക്കാർ ലക്ഷ്യമിടുന്നത് കേരള സംസ്ഥാനത്തിന്റെ സുസ്ഥിര വികസനമാണ്. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് സഹായകമായി ശക്തമായ സാമൂഹിക-സാമ്പത്തിക സ്ഥാപനങ്ങൾ അനിവാര്യമാണ്. സർക്കാരിന്റെ നവകേരള മിഷനിലൂടെ നല്ല പൊതു വിദ്യാലയങ്ങൾ, പൊതു ജനാരോഗ്യ കേന്ദ്രങ്ങൾ, കാർഷിക- പാരിസ്ഥിതിക വികസനം, ഭവനം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണാനാണ് ശ്രമിക്കുന്നത്. ഇതോടൊപ്പം നമ്മുടെ അടിസ്ഥാന ആവശ്യങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണാനാണ് ശ്രമിക്കുന്നത്. ഇതോടൊപ്പം നമ്മുടെ അടിസ്ഥാന സൗകര്യ വികസനത്തിലും മുന്നേറാൻ കഴിയണം. വികസന കാര്യത്തിൽ കേരളം ഇപ്പോൾ മത്സരിക്കുന്നത് വികസിതരാജ്യങ്ങളോടാണ്. ഈ ഗതിവേഗത്തിന് ഊർജ്ജം പകരാൻ നമുക്ക് സ്വന്തമായ, ശക്തമായ ഒരു സാമ്പത്തിക ജീവനാഡി ആവശ്യമാണ്- അതാണ് കേരള ബാങ്ക്.

അഭിമുഖം : മുരളി തുമ്മാരുകുടി

# കേരളം മാതൃക

**മൈന ഉമൈബാൻ**
ഡി.ജി.എം. എം.ഇ.എസ്. മമ്പാട് കോളേജ്




*ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി പദ്ധതിയുടെ (UNDP) ക്രൈസിസ് മാനേജ്മെന്റ് ബ്രാഞ്ച് ഓപ്പറേഷൻ മാനേജരാണ് ഡോ. മുരളി തുമ്മാരുകുടി. എറണാകുളം ജില്ലയിലെ വെങ്ങോല സ്വദേശിയായ മുരളി തുമ്മാരുകുടി, ദുരന്ത ലഘൂകരണരംഗത്ത് അന്താരാഷ്ട്ര പ്രസിദ്ധനാണ്. ഐക്യരാഷ്ട്രസഭയുടെ പദ്ധതിയിൽ ചേർന്നതിനു ശേഷം, ഈ നൂറ്റാണ്ടിലെ എല്ലാ ദുരന്തമുഖങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. അഫ്ഗാനിസ്ഥാൻ, ഇറാഖ്, ലെബനൻ, സിറിയ, ലൈബീരിയ, സുഡാൻ, അധിനിവേശ ഫലസ്തീൻ തുടങ്ങിയ പ്രദേശങ്ങളിലെ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക പ്രശ്നങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്. സുനാമി, വെള്ളപ്പൊക്കം, ഭൂകമ്പം, അഗ്നിപർവ്വതസ്ഫോടനങ്ങൾ, എണ്ണ ചോർച്ച തുടങ്ങിയവ മൂലമുണ്ടായ പാരിസ്ഥിതിക പ്രശ്നങ്ങളും കൈകാര്യം ചെയ്തിട്ടുണ്ട്. ദുരന്ത ലഘൂകരണ രംഗത്ത് കാൽ നൂറ്റാണ്ടിലേറെ പരിചയമുള്ള മുരളി തുമ്മാരികുടി ലോകമെമ്പാടുമുള്ള സർവകലാശാലകളിൽ ഈ വിഷയത്തിൽ പതിവായി പ്രഭാഷണങ്ങൾ നടത്തുന്നു.*

*ഐക്യരാഷ്ട്രസഭയിൽ ചേരുന്നതിന് മുമ്പ്, തെക്ക് കിഴക്കൻ ഏഷ്യയിലെയും മിഡിൽ ഈസ്റ്റിലെയും ഷെൽ ഗ്രൂപ്പിന്റെ എണ്ണ കമ്പനികളുടെ പരിസ്ഥിതി ഉപദേശകനായിരുന്നു. ദുരന്ത അപകടസാധ്യതാ ലഘൂകരണ രംഗത്ത് ആഗോളതലത്തിൽ വിവിധ സംഘടനകളുടെ ചുമതല വഹിക്കുന്നു. മുരളി തുമ്മാരുകുടി കരിയർഗുരുവും എഴുത്തുകാരനുമാണ്. സമൂഹമാധ്യമങ്ങളിൽ സജീവ സാന്നിധ്യമാണ്. 2018 ൽ ഹാസ്യസാഹിത്യത്തിനുള്ള (വീണ്ടും ചില നാട്ടുകാര്യങ്ങൾ ) കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. വീണ്ടും ചില നാട്ടുകാര്യങ്ങൾ, കാഴ്ചപ്പാടുകൾ, സുരക്ഷയുടെ പാഠങ്ങൾ, പെരുമഴ പകർന്ന പാഠങ്ങൾ, ബുദ്ധനും ശങ്കരനും പിന്നെ ഞാനും എന്നിവയാണ് പ്രധാന പുസ്തകങ്ങൾ.*

*പരിസ്ഥിതി, ദുരന്തലഘുകരണം, ജന്റർ, വിദ്യാഭ്യാസം, കേരളത്തിന്റെ ഭാവി തുടങ്ങിയ വിഷയങ്ങളിൽ മുരളി തുമ്മാരുകുടി സംസാരിക്കുന്നു.*

**ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ദുരന്ത ലഘൂകരണത്തിന് മേൽനോട്ടം കൊടുക്കുമ്പോഴും, കേരളത്തിലെ കൊച്ചു കൊച്ചു കാര്യങ്ങളിൽ പോലും ശ്രദ്ധ കൊടുക്കുന്നത് കണ്ടിട്ടുണ്ട്. കേരളത്തോടുള്ള ഈ ശ്രദ്ധ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?**



കേരളം ജനിച്ചതും വളർന്നതും ആയ നാടാണല്ലോ. ഇവിടെയാണ് എന്റെ അടിസ്ഥാനപരമായ എല്ലാ ബന്ധങ്ങളും കിടക്കുന്നത്. ഇവിടുത്തെ സംസ്കാരമാണ് അടിസ്ഥാനമായി എന്റെ സംസ്കാരമായി ഞാൻ കരുതുന്നത്. മലയാളമാണ് എന്റെ മാതൃഭാഷയും ഇന്നും ഞാൻ ചിന്തിക്കുന്ന ഭാഷയും. അതുകൊണ്ടൊക്കെ തന്നെ ഈ നാടിനോട് എനിക്കൊരു മമതയുണ്ട്.

അതെ സമയം എന്റെ സമപ്രായത്തിൽ കേരളത്തിന് പുറത്തു പോയവർ ബഹുഭൂരിപക്ഷവും അതാത് നാടുകളിൽ തുടരുകയാണ്, പ്രത്യേകിച്ചും പാശ്ചാത്യ രാജ്യങ്ങളിലേക്കൊക്കെ ജോലിക്കായി പോയവർ. അവിടുത്തെ പൗരത്വം സ്വീകരിക്കുന്നു, കുട്ടികൾ അവിടെ പഠിക്കുന്നു, അവിടെ ബന്ധങ്ങൾ ഉണ്ടാകുന്നു, അങ്ങനെ പതുക്കെ കേരളത്തോടുള്ള പൊക്കിൾ കോടി ബന്ധം പതുക്കെ ഇല്ലാതാകുന്നു. അത് തെറ്റായ ഒരു കാര്യമൊന്നുമല്ല, സ്വാഭാവികമാണ്. ചരിത്രപരമായി നമ്മൾ എല്ലാവരും ഏതെങ്കിലും നാട്ടിൽ നിന്നും മറ്റൊരു നാട്ടിൽ എത്തി കുടിയേറിയവർ ആണ്. എന്റെ സ്വന്തം കാര്യത്തിൽ എന്തുകൊണ്ടോ മറ്റു പല നാടുകളിലും ദീർഘകാലം താമസിക്കാനും വേണമെങ്കിൽ പൗരത്വം സ്വീകരിക്കാനുമുള്ള അവസരം ഉണ്ടായിട്ടും എനിക്കത് വേണമെന്ന് തോന്നിയിട്ടില്ല.  എന്റെ വേരുകളും ബന്ധങ്ങളും കേരളത്തിൽ ആയതുകൊണ്ടാകണം.

**കേരളത്തിൽ ജനിച്ച് വളർന്ന് തൊഴിലന്വേഷിച്ചു പോയവരാണല്ലോ പ്രവാസികൾ. പിന്നീടവർ അതത് നാട്ടിലെ കുടിയേറ്റക്കാരാകുന്നു. മുരളിച്ചേട്ടൻ വേരുകളിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്നു. മറ്റുള്ളവർ കേരളത്തിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്നില്ല. എന്തായിരിക്കും അവർ മടങ്ങി വരാൻ ആഗ്രഹിക്കാത്തത്? പ്രത്യേക കാരണമുണ്ടോ?**

എന്നെപ്പോലെ അനവധി ആളുകൾ തിരിച്ചു വരാൻ ആഗ്രഹിക്കുന്നുണ്ട്. അനവധിയാളുകൾക്ക് മടങ്ങിവരുകയല്ലാതെ മറ്റു മാർഗ്ഗമില്ല എന്നുള്ളതുമുണ്ട്. ലോകത്ത് എല്ലാ നാടുകളിലും കേരളത്തിൽ നിന്ന് പോകുന്ന പ്രവാസികൾക്ക് അവിടെ സെറ്റിൽ ചെയ്യാനുള്ള അവസരമില്ല. ഉദാഹരണത്തിന് ഗൾഫ് നാടുകളിലേക്ക് പോകുന്ന ആളുകൾക്ക് അവിടുത്തെ പൗരത്വം കിട്ടുകയില്ലല്ലോ. അപ്പോൾപൗരത്വം കിട്ടാൻ സാധ്യത ഉണ്ടായിട്ടും ആളുകൾഎന്തുകൊണ്ടാണ് തിരിച്ചു വരാത്തത് എന്നുള്ള ചോദ്യംനമുക്ക്  ചോദിക്കാം.  രണ്ടോ മൂന്നോ കാര്യങ്ങളാണ് എനിക്ക് പ്രധാനമായും തോന്നിയിട്ടുള്ളത്. പ്രവാസികൾ കേരളത്തിന് പുറത്തേക്ക് പോകുന്നത് ആദ്യമായി  നന്നായി പഠിക്കാനും നല്ല തൊഴിലവസരങ്ങളും തേടിയാണ്. നമ്മുടെ കുടുംബത്തെ സഹായിക്കണം എന്നുള്ള ഉദ്ദേശം ഒക്കെ കാണും. അതിനു

ശേഷം അവർക്ക് കുട്ടികൾ ഉണ്ടായി കഴിയുമ്പോൾ  ഏറ്റവും നല്ല അവസരങ്ങൾ നല്കുക എന്നുള്ളതാണ് കേരളത്തിലെ എല്ലാ പ്രവാസികളുടെയും ലക്ഷ്യം. അത് പഠിക്കാനാണെങ്കിലും പില്ക്കാല തൊഴിൽ സാധ്യതകളെപ്പറ്റിയിട്ടാണെങ്കിലും. ഇത് രണ്ടിനും കൂടുതൽ അവസരങ്ങൾ എവിടെയുണ്ടോ അങ്ങനെയുള്ള സ്ഥലങ്ങളിൽ നിന്ന് സാധാരണ ഗതിയിൽ തിരിച്ചുവരാനായിട്ട് പ്രവാസികൾ ആഗ്രഹിക്കാറില്ല. ഇതാണ് ഒന്നാമത്തെ കാര്യം.

രണ്ടാമത്തെ കാര്യം, പ്രത്യേകിച്ചും കേരളത്തിൽ നിന്ന് വന്ന സ്ത്രീകളുടെ കാര്യത്തിൽ പ്രസക്തമാണ്. പൊതുരംഗത്ത് പബ്ലിക് സ്പേസിൽ ഇറങ്ങി നടക്കാനുള്ള സ്വാതന്ത്ര്യം, എന്തു വസ്ത്രം ധരിക്കാനും,  മറ്റുള്ള തരത്തിൽ സ്വതന്ത്രമായി ജീവിക്കാനും, മറ്റുള്ള ആളുകൾ സ്വന്തം ജീവിതത്തിൽ ഇടപെടാതിരിക്കുക എന്നുള്ള തരത്തിൽ അവരുടെ കഴിവുകൾക്ക് അനുസരിച്ച് കഴിവുകളോട് ഒപ്പം തന്നെ വളരാനുള്ള അവസരം സ്ത്രീകൾക്ക് പ്രത്യേകിച്ചും വിദേശരാജ്യങ്ങളിലുണ്ട്. പ്രത്യേകിച്ച് പാശ്ചാത്യ രാജ്യങ്ങളിൽ. അപ്പോൾ അങ്ങനെയുള്ള സ്ഥലങ്ങളിൽ സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷം തിരിച്ച് കേരളം പോലെ സ്ത്രീകൾക്ക് ഒട്ടും സൗഹൃദമല്ലാത്ത ഒരു പ്രദേശത്തേക്ക് തിരിച്ചുവരുന്ന കാര്യത്തിൽ സ്ത്രീകൾക്ക് അത്ര മാത്രം താല്പര്യം ഉണ്ടാകാറില്ല. പുരുഷന്മാരുടെ കാര്യത്തിൽ ഇത് അത്രമാത്രം പ്രസക്തമല്ല. കേരളം പുരുഷ സൗഹൃദപരമായ ഒരു പ്രദേശമാണ്. അതു രണ്ടാമത്തെ കാര്യമാണ്.

മൂന്നാമത്തെ കാര്യം പലരാജ്യങ്ങളിലും വളരെ തലമുറകളായി അവർ ഡെവലപ്പ് ചെയ്ത നല്ല സിസ്റ്റം ഉണ്ട്. അഴിമതിയുടെ അഭാവമുണ്ട്. നമ്മൾ എന്തെങ്കിലും കാര്യം ചെയ്യണമെങ്കിൽ അതിന് അവിടുത്തെ ഔദ്യോഗിക സംവിധാനങ്ങൾ പൂർണമായി സപ്പോർട്ട് നല്കുന്ന സംവിധാനമുണ്ട്.  സർക്കാരും ജനങ്ങളും തമ്മിൽ കൂടുതൽ വിശ്വാസ്യതയുള്ള രീതിയുണ്ട്. ഈ രീതിയിൽ ഒക്കെ പഴകി പരിശീലിച്ച് കഴിഞ്ഞ് തിരിച്ചു വന്ന് അങ്ങനെയല്ലാത്ത സംവിധാനങ്ങളുമായി ഇടപെടാനുള്ളൊരു ബുദ്ധിമുട്ട് എല്ലാവർക്കും ഉണ്ടാകും. സ്ത്രീകൾക്കുമുണ്ടാകും, പുരുഷന്മാർക്കുമുണ്ടാകും. ഇത് അടുത്ത കാരണമാണ്.

നാലാമത്തെ കാരണം പ്രവാസികളുടെ കുട്ടികൾ ഒരു നാട്ടിൽ ജനിച്ചു വളർന്നു കഴിഞ്ഞിട്ടുണ്ടെങ്കിൽ അവർക്ക് പിന്നെ നാടിനോട് പ്രത്യേകിച്ചൊരു മമതയുണ്ടായിക്കൊള്ളണമെന്നില്ല. അത് സ്വാഭാവികമാണ്. കുട്ടികൾ ഏതെങ്കിലും പ്രദേശത്ത് ജീവിച്ചു കഴിഞ്ഞാൽ അതുതന്നെ നമ്മുടെ നാടാക്കി ജീവിക്കാനാണ് കൂടുതൽ പ്രവാസികളും ആഗ്രഹിക്കുന്നത്. കാരണം അവർക്ക് കുട്ടികളുടെ അടുത്ത് നില്ക്കാനായിട്ട്. ഇങ്ങനെ ഈ മൂന്നു നാലു കാര്യങ്ങളാണ് ഞാൻ ആലോചിച്ചിട്ട് സാധാരണ ഗതിയിൽ കാണാറുള്ളത്.

**അച്ഛന്റെ തറവാട്ടിൽ 36 വയസ്സിന് മീതെ ആണുങ്ങൾ ജീവിച്ചു തുടങ്ങിയത് അച്ഛന്റെ തലമുറയിലാണെന്ന് പറഞ്ഞുകൊണ്ടുള്ള ഒരു ലേഖനം 50 വയസ്സായ സമയത്ത് എഴുതിയിരുന്നല്ലോ... വളരെ പ്രസക്തവും എന്നാൽ രസകരവുമായ  ഒരു കുറിപ്പ്... സമീപകാലത്ത് നമ്മുടെ വിദ്യാഭ്യാസരംഗത്തും ആരോഗ്യ രംഗത്തുമുണ്ടായ മാറ്റത്തെക്കുറിച്ച് പറയാമോ?**

തൊള്ളായിരത്തി അറുപത് മുതൽ രണ്ടായിരത്തി ഇരുപത് വരെയുള്ള കാലഘട്ടത്തിൽ കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് ചാക്രികമായ ഒരു പ്രതിഭാസം സംഭവിച്ചിട്ടുണ്ട്. തൊള്ളായിരത്തി അറുപതുകളിൽ കോളേജിലെ ഫീസ് തുക അന്നത്തെ മധ്യവർഗ്ഗക്കാർക്ക് പോലും അല്പം ബുദ്ധിമുട്ടുള്ള ഒന്നായിരുന്നു. എന്റെ കസിൻ തൊള്ളായിരത്തി അറുപതുകളിൽ തൃശ്ശൂരിലെ സർക്കാർ എഞ്ചിനീയറിങ്ങ് കോളേജിൽ ഡിഗ്രി പഠിക്കുമ്പോൾ മാസം ഫീസ് മുപ്പത് രൂപ ആയിരുന്നു, അത് ഇപ്പോൾ നിസ്സാരമായി തോന്നാമെങ്കിലും അന്നൊരു വലിയ തുകയായിരുന്നു. അന്നത്തെ ഒരു മാസത്തെ ഹോസ്റ്റൽ ചിലവ് മുപ്പതു രൂപയിൽ താഴെയായിരുന്നു. എഞ്ചിനീയറിങ്ങിനും മെഡിസിനും ഒക്കെ അഡ്മിഷൻ കിട്ടിയിട്ടും ഫീസ് കൊടുക്കാനില്ലാതെ പഠിക്കാൻ കഴിയാത്തവർ അക്കാലത്ത് കേരളത്തിൽ അനവധി ഉണ്ടായിരുന്നു.  തൊള്ളായിരത്തി എൺപതുകളിൽ ഞാൻ എൻജിനീയറിങ്ങിന് എത്തുമ്പോഴും മാസം ഫീ മുപ്പത് രൂപയാണ്, അന്നതൊരു തുകയല്ല, അതുകൊണ്ട് തന്നെ എന്റെ തലമുറയിൽ  ഫീസ് കൊടുക്കാൻ വയ്യാത്തത് കൊണ്ട് പഠിക്കാൻ പറ്റാത്തവർ ഇല്ലായിരുന്നു എന്ന് തന്നെ പറയാം. പക്ഷെ രണ്ടായിരത്തിൽ ആയതോടെ കാര്യങ്ങൾ പിന്നെയും പഴയ പടിയായി. ഇന്നിപ്പോൾ സ്വകാര്യ സ്ഥാപനങ്ങൾ ഏറെ വന്നു, മെഡിസിൻ ഫീസ് വർഷത്തിൽ പത്തുലക്ഷത്തിൽ ഏറെയുള്ള സ്ഥാപനങ്ങൾ വരെ ഉണ്ട്, അപ്പോൾ അഡ്മിഷൻ ലഭിച്ചാലും പഠിക്കാൻ സാധിക്കാതെ  വരുന്ന സാഹചര്യം ഉണ്ടായി.

ഇതൊരു ചെറിയ മാറ്റമല്ല. എന്റെ തലമുറയിലെ, ഞാൻ ഉൾപ്പടെയുള്ള, അനവധി ആളുകൾ സാമ്പത്തികമായ പിന്നോക്കാവസ്ഥ മറികടന്നത് വിദ്യാഭ്യാസത്തിലൂടെ നല്ല ജോലികൾ സമ്പാദിച്ചാണ്. വിദ്യാഭ്യാസം ഏതാണ്ട് സൗജന്യമായിരുന്നത് കൊണ്ടാണ് ഇത് സാധിച്ചത്. അത് മാറി സമ്പത്തുള്ളവർക്ക് മാത്രം വിദ്യഭ്യാസം പ്രാപ്യമാകുമ്പോൾ ഒരു തലമുറയിൽ ഉള്ള സാമ്പത്തിക അന്തരം അടുത്ത തലമുറയിലേക്കും പകർന്നു പോകും, പതുക്കെ ആ അന്തരം വലുതാകും. ഇത് സമൂഹത്തിന്റെ ഭാവിക്ക് നല്ലതല്ല.

ആരോഗ്യമേഖലയിലും വലിയ മാറ്റങ്ങൾ ഉണ്ടായി. ആശുപത്രികളുടെയും ഡോക്ടർമാരുടെയും എണ്ണത്തിൽ വലിയ വർധന ഉണ്ടായി. സർക്കാർ ആശുപത്രികൾ ഏതൊരു ഗ്രാമത്തിലും വന്നതോടെ അടിസ്ഥാന  ചികിത്സ എല്ലാവർക്കും സാമ്പത്തികഭേദമന്യേ ലഭ്യമായി. ശിശു മരണ നിരക്കിൽ ഏറെ കുറവുണ്ടായി.  എന്റെ അമ്മയ്ക്കും അച്ഛനും പത്തു കുട്ടികൾ ഉണ്ടായി, രണ്ടു പേർ ചെറുപ്പത്തിലേ മരിച്ചു പോയി, ആ കാലത്ത് കുട്ടികളുടെ മരണ നിരക്ക് ആയിരത്തിന് ഇരുന്നൂറ് എന്നുള്ളതായിരുന്നു. പക്ഷെ ഇപ്പോൾ കേരളത്തിൽ

ശിശു മരണ നിരക്ക് ആയിരത്തിൽ പത്തിലും താഴെയായി, അതോടൊപ്പം കുട്ടികളുടെ എണ്ണവും കുറഞ്ഞു. നമ്മുടെ തലമുറയിൽ സാധ്യമായ പല മാറ്റങ്ങൾക്കും അടിസ്ഥാനമായ കാരണം കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ ഈ കുറവാണ്.

**ഈ മാറ്റമുണ്ടാവുന്നതിന് കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ-ഭരണപരമായ സ്വാധീനം എങ്ങനെയായിരുന്നു?**

കേരളത്തിലെ ഭരണം പൊതുവേ പറഞ്ഞാൽ ഇടതും വലതുമായുള്ള മുന്നണികൾ മാറിമാറി ഭരിക്കുന്നതാണല്ലോ. എന്റെ വ്യക്തിപരമായ അഭിപ്രായം കേരളത്തിലെ എല്ലാ മുന്നണികളും ഒരു പരിധിവരെ ഇടതുമുന്നണികളാണ്. അതായത് കൂടുതൽ വലിയ ഗവണ്മെന്റ് വേണമെന്നും ജനങ്ങൾക്ക് സർക്കാരുകളിൽ സഹായങ്ങൾ വേണ്ടിവരണമെന്നും മുതലാളിത്തം മോശമാണെന്നുമുള്ള ചിന്താഗതിയുള്ള സംവിധാനമാണ് കേരളത്തിലെ എൽ ഡിഎഫ് ആണെങ്കിലും യുഡിഎഫ് ആണെങ്കിലും അതുപോലെ ഭരിച്ചിട്ടുള്ള എല്ലാ സർക്കാരുകൾക്കും ഉണ്ടായിട്ടുള്ളത്. അതുകൊണ്ടുതന്നെ ഒരു പരിധിവരെ കേരളത്തിൽ നയങ്ങളുടെ തുടർച്ച ഉണ്ടായിട്ടുണ്ട്. എന്നാൽ പോലും പൊതുവിൽ പറഞ്ഞിട്ടുണ്ടെങ്കിൽ മറ്റു രാജ്യങ്ങളിൽ കാണുന്നതുപോലെ ഇടത്തു നിന്നും വലത്തേക്കുള്ള എടുത്തുചാട്ടമോ തിരിച്ചോ കേരളത്തിലുണ്ടായിട്ടില്ല. അത് നയങ്ങളുടെ തുടർച്ച, അതുണ്ടാക്കുന്ന സ്ഥിരത തീർച്ചയായിട്ടും കേരളത്തെ സഹായിച്ചിട്ടുണ്ട്.

**രണ്ട് പ്രളയം, നിപ, ഇപ്പോൾ കോവിഡ്... കേരളത്തിലെ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ലോകത്തിനുതന്നെ മാതൃകയാകുന്നു. ഒന്ന് വിലയിരുത്താമോ?**


ലോകത്ത് ഏതൊരു ദുരന്തത്തിലും ആളുകളെ രക്ഷിക്കുന്നത് തലസ്ഥാനങ്ങളിൽ ഇരിക്കുന്ന പ്രൊഫഷണൽ സംവിധാനങ്ങൾ അല്ല, മറിച്ച് തൊട്ടടുത്തുള്ള സമൂഹമാണ്. കേരളത്തിൽ അധികാര വികേന്ദ്രീകരണം എന്നുള്ളത് ഒരു യാഥാർഥ്യമാണ്. ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ നന്നായി പ്രവർത്തിക്കുന്നു. അതുകൊണ്ടു തന്നെ ഏതൊരു ദുരന്തം ഉണ്ടാകുമ്പോഴും നന്നായും വേഗത്തിലും ഇടപെടാൻ നമ്മുടെ സമൂഹത്തിലെ സംവിധാനങ്ങൾക്ക് കഴിയുന്നുണ്ട്. അതോടൊപ്പം വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സർക്കാർ സംവിധാനങ്ങളും ശക്തവും സുസ്ഥിരവുമായി നേതൃത്വവും ഉള്ളത് നമുക്ക് വലിയ ഗുണമായി. നിപ്പയുടെ കാലത്ത് നാം ശരിക്ക് തയ്യാറെടുത്തിരുന്നില്ല, പക്ഷെ അവിടുത്തെ പാഠങ്ങൾ കൊറോണയുടെ സമയത്ത് ഉപകാരപ്രദമായി. ലോകത്തെ അനവധി പ്രദേശങ്ങൾ കൊറോണയെ ഒരു ചെറിയ ജലദോഷപ്പനിയായിട്ടാണ് ആദ്യം കണ്ടത്, പക്ഷെ നമ്മൾ നിപ്പ പോലെ മാരകമായ ഒരു രോഗത്തെ നേരിടുന്നത് പോലെയാണ് അതിനെ ആദ്യം നേരിട്ടത്. അത് രോഗവ്യാപനത്തിന്റെ തോത് കുറച്ചു. ആ സമയം മറ്റുരാജ്യങ്ങളിൽ ഏറെ മരണങ്ങൾ ഉണ്ടായി, പക്ഷെ രോഗികളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് വൈദ്യലോകം പഠിച്ചു. അതുകൊണ്ട് തന്നെ പിൽക്കാലത്ത് കേരളത്തിൽ രോഗവ്യാപനം കൂടിയെങ്കിലും മരണം അത്തരത്തിൽ കൂടിയില്ല.

***ദുരന്തം വിളിച്ചു വരുത്തുന്നതിനേക്കാൾ ദുരന്തം ഇല്ലാതാക്കുകയാണല്ലോ വേണ്ടത്.. മലയാളികൾ എത്രമാത്രം പാരിസ്ഥിതിക ജാഗ്രത ഉള്ളവരാണ്?**

ദുരന്തം ഉണ്ടാകുമ്പോൾ വേഗത്തിലും ഒറ്റക്കെട്ടായും മലയാളി സമൂഹം അതിനെ നേരിടുന്നുണ്ടെങ്കിലും ദുരന്തങ്ങളെ മുൻകൂട്ടി കണ്ടു ഒഴിവാക്കുന്നതിന് നാം പിന്നിലാണ്. ഒരു ദുരന്തം ഉണ്ടാകുമ്പോൾ അതിന്റെ നഷ്ടങ്ങൾ എന്തെന്നത് പ്രത്യക്ഷമാണ്, അപ്പോൾ അതിനെതിരെ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന ഗുണവുമായി നമുക്ക് എളുപ്പത്തിൽ അതിനെ താരതമ്യം ചെയ്യാം. പക്ഷെ ഉണ്ടാകാൻ പോകുന്ന ദുരന്തത്തിന്റെ നഷ്ടം സാങ്കല്പികമാണ്, അതിനെ നേരിടാൻ ഉപയോഗിക്കുന്ന സമയവും പണവും പക്ഷെ സാങ്കല്പികമല്ല. അതുകൊണ്ടാണ് ആളുകൾ പൊതുവെ ദുരന്ത നിവാരണത്തിന് കൊടുക്കുന്ന താല്പര്യം ദുരന്ത ലഘൂകരണത്തിന് കാണിക്കാത്തത് .

**ദുരന്തത്തിൽ പെടുന്നവരെ സഹായിക്കാൻ പഴയ വസ്ത്രവും മരുന്നും ഭക്ഷണസാധനങ്ങളും ശേഖരിച്ച എത്തിക്കുന്നത് ഒറ്റനോട്ടത്തിൽ നല്ല കാര്യമായി തോന്നാമെങ്കിലും ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്നു. ഫേസ്ബുക്ക് പോസ്റ്റുകളിലും മറ്റും പലവട്ടം പറഞ്ഞിട്ടുണ്ട്. എന്നിട്ടും ജനം പിന്നെയും ഇതുതന്നെ ആവർത്തിക്കുന്നു. യഥാർത്ഥത്തിൽ ചെയ്യേണ്ടതെന്താണ്?**

പഴയ വസ്ത്രവും മരുന്നും ഭക്ഷണസാധനങ്ങൾ എല്ലാം ശേഖരിച്ച് അയക്കുന്നത് ആദ്യത്തെ ഒന്നുരണ്ട് ദിവസങ്ങളിൽ ശരിയാണെങ്കിലും ഒന്നോ രണ്ടോ ആഴ്ച കഴിയുമ്പോൾ അങ്ങനെ ചെയ്യുന്നത് ശരിയായ കാര്യമല്ല. ശരിയായ കാര്യം പരമാവധി പണം ആളുകളുടെ കയ്യിലേക്ക് നേരിട്ട് എത്തിക്കാൻ ശ്രമിക്കുക എന്നുള്ളതാണ്. അതിൽ കൂടി അവർക്ക് ഇഷ്ടമുള്ള കാര്യങ്ങൾ വാങ്ങട്ടെ. അത് ആ നാട്ടിലെ എക്കോണമി യെ റിവൈവ് ചെയ്യട്ടെ. പഴയ വസ്ത്രങ്ങൾ വാങ്ങി ധരിക്കേണ്ടിവരുന്ന ഒരു മാനസികാവസ്ഥ അവർക്ക് ഉണ്ടാവാതിരിക്കട്ടെ. ഇങ്ങനെ പല കാരണങ്ങൾ അതിനുണ്ട്. പക്ഷേ ആളുകൾ ക്ക് പലപ്പോഴും നമ്മൾ നേരിട്ട് ഒരു വസ്തു കൊടുക്കുന്നതിൽ ഉണ്ടാകുന്ന ഒരു ആനന്ദമുണ്ട്. നമ്മൾ ഒരു പഴയ വസ്ത്രം അല്ലെങ്കിൽ പുതിയാണെങ്കിലും കൊടുത്തയക്കുന്നു, അത് ദുരന്തബാധിത പ്രദേശത്തുള്ളൊരാൾക്ക് ഉപയോഗിക്കാൻ പറ്റുമോ അതിൽ ഉണ്ടാകുന്ന സന്തോഷം, ഭക്ഷണം കൊടുക്കുമ്പോൾ , വസ്ത്രം കൊടുക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷം... അതേ സമയം പണം കൊടുക്കുമ്പോഴില്ല. പണം കൊടുത്തു കഴിഞ്ഞാൽ ഇടനിലയിലുള്ള ആളുകൾ തട്ടി എടുക്കുമോ എന്നുള്ള ഒരു പേടി ആളുകൾക്കുണ്ട്. തീർച്ചയായിട്ടും ചില ആളുകൾക്ക് ഫോട്ടോ എടുക്കാനുള്ള ഒരു താല്പര്യവുമുണ്ടാകും. ഒരു ട്രക്ക് നിറച്ച് സാധനങ്ങളുമായി പോകുമ്പോൾ അതിനു മുമ്പിൽ നിന്ന് ഫോട്ടോ എടുക്കുന്നു. അപ്പോ



ൾ പണം തരുന്ന ആളുകളുടെ മുന്നിൽ സാധനങ്ങൾ തന്ന ആളുകളുടെ മുന്നിൽ തെളിവായി നല്കാൻ സാധിക്കുന്നു എന്ന ടാക്റ്റിക്കലായ കാര്യവുമുണ്ട്. ഇത് Long term ആയി നല്ലൊരു കാര്യമല്ല . അത് മാറി പതുക്കെ പതുക്കെ സാമ്പത്തികമായി സഹായം നല്കുന്ന രീതി വരണം എന്നാണ് എന്റെ അഭിപ്രായം.

***കേരളത്തിലെ ഭാവിതലമുറയെ എങ്ങനെ കാണുന്നു?**

എന്റെ തലമുറയിലെ മാതാപിതാക്കളും നേതാക്കളും പുതിയ തലമുറക്ക് കേരളത്തിൽ അവസരങ്ങൾ നൽകുന്നില്ല എന്നതാണ് വാസ്തവം. കേരളത്തിലെ ഇന്ന് നാം അറിയുന്ന നേതൃത്വം അത് ഭരണ രംഗത്താണെങ്കിലും സാംസ്കാരിക രംഗത്താണെങ്കിലും അവരുടെ മുപ്പതുകളിൽ തന്നെ കേരളത്തിൽ അവരുടെ സ്ഥാനം ഉറപ്പിച്ചവരാണ്, പക്ഷെ ഇന്നത്തെ മുപ്പതുകാർക്ക് വേണ്ടി അവർ മാറിക്കൊടുക്കുന്നില്ല. ഇത് വലിയ കാര്യങ്ങളിൽ മാത്രമല്ല ഓരോ കുടുംബത്തിലും നടക്കുന്നു. കുട്ടികളെ പഠിപ്പിച്ചു വലുതാക്കി വിവാഹം കഴിപ്പിച്ചു പറ്റിയാൽ കൂടെ താമസിപ്പിക്കണമെന്നും പറ്റിയില്ലെങ്കിൽ ഒരു ഫ്ലാറ്റ് വാങ്ങിച്ചു കൊടുക്കണമെന്നും വിശ്വസിക്കുന്നവരാണ് എന്റെ തലമുറ. പക്ഷെ ഒരു തലമുറ മുൻപ് കാര്യങ്ങൾ അങ്ങനെ ആയിരുന്നില്ല. എൻജിനിയറിങ്ങിന് പോകാനുള്ള തീരുമാനം മുതൽ എല്ലാം സ്വന്തമായിരുന്നു. എഞ്ചിനീയറിങ് കോളേജ് അഡ്മിഷൻ സമയത്ത് പോലും എന്റെ അച്ഛനോ അമ്മയോ എന്റെ കൂടെ വന്നില്ല. ഇന്നിപ്പോൾ എന്ത് പഠിക്കണം എന്നുള്ള തീരുമാനം അച്ഛനും അമ്മയുമാണ് എടുക്കുന്നത്, പഠനം കഴിഞ്ഞു ജോലിക്ക് പോകുമ്പോൾ പോലും ബംഗളൂരുവിലോ ഡെൽഹിയിലോ ചെന്ന് വീടന്വേഷിച്ചു കൊടുത്തു അവിടെ കാര്യങ്ങൾ സെറ്റ് ചെയ്യുന്ന മാതാപിതാക്കളാണ്.

പുതിയ തലമുറക്ക് ആദ്യമൊക്കെ ഇത് വലിയ സുഖമായി തോന്നും കാരണം ഒരു കാര്യത്തിനും അവർ ബുദ്ധിമുട്ടേണ്ടതില്ല. പക്ഷെ സ്വന്തമായി തീരുമാനമെടുക്കാനുള്ള കഴിവും ആത്മവിശ്വാസവും ആണ് ഇത് ഇല്ലാതാക്കുന്നത്. ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിട്ടും അറേഞ്ച്ഡ് മാരേജും പഴകിയ പുരുഷാധിപത്യ കുടുംബ വീക്ഷണവും ഒക്കെയായി നമ്മുടെ പുതിയ തലമുറ, പ്രത്യേകിച്ചും ആൺകുട്ടികൾ, ചുറ്റിത്തിരിയുന്നതിന്റെ കാരണം ഇതാണ്.

അച്ഛനമമ്മക്കും എത്രമാത്രം സമ്പത്ത് ഉണ്ടെങ്കിലും പഠിക്കുന്ന കാലത്ത് തന്നെ തൊഴിൽ എടുത്തു തുടങ്ങുക, ഉന്നത വിദ്യാഭ്യാസത്തെ പറ്റി സ്വന്തമായി തീരുമാനങ്ങൾ എടുക്കുക, സ്വന്തമായി തൊഴിൽ ലഭിക്കാതെ വിവാഹം കഴിക്കില്ല എന്ന് തീരുമാനിക്കുക, സ്വന്തം പങ്കാളിയെ സ്വയം കണ്ടെത്തുക, വിവാഹത്തിന് മുൻപ് തന്നെ മാതാപിതാക്കളിൽ നിന്നും മാറിത്താമസിക്കുക ഇത്രയും കാര്യങ്ങൾ ചെയ്യാതിരിക്കുന്നത് വരെ അവരെ "കുട്ടികൾ" ആയെ സമൂഹം കാണൂ. അത് മാറി അവർ പൗരന്മാരും പുതിയ തലമുറയും ആയി ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ ജീവിക്കണം എന്നാണ് എന്റെ ആഗ്രഹം.

**സാമൂഹിക വികസന സൂചികയിൽ വികസിത രാജ്യങ്ങളോട് കിടപിടിക്കുന്നതാണ് കേരളത്തിലെ ആരോഗ്യം, വിദ്യാഭ്യാസം, ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണനിരക്ക് തുടങ്ങിയവ... സ്ത്രീ വിദ്യാഭ്യാസത്തിൽ മുന്നിലായിട്ടും തൊഴിൽ രംഗത്തും നിയമ നിർമ്മാണ, ഭരണരംഗത്തും സ്ത്രീയുടെ സാന്നിധ്യം ദേശീയ ശരാശരിയേക്കാൾ താഴെയാണ്. എന്തുകൊണ്ട് ഇങ്ങനെ**

**സംഭവിക്കുന്നു? എങ്ങനെയാണ് ഇതിലൊരു മാറ്റമുണ്ടാക്കാൻ സാധിക്കുന്നത്?**

വിദ്യാഭ്യസത്തിലും സാമ്പത്തിക നിലയിലും ഉള്ള മാറ്റങ്ങൾക്ക് അനുസരിച്ച് നമ്മുടെ സാമൂഹികമായ ചിന്തകൾക്ക് ഒരു മാറ്റവും സംഭവിച്ചില്ല. ഇന്നും ഒരു കുടുംബ ജീവിതം നയിക്കുന്നതാണ് ഏറ്റവും പ്രധാനമെന്ന് ആളുകൾ ചിന്തിക്കുന്നു, കേരളത്തിലെ ഇന്നത്തെ കുടുംബം എന്ന സംവിധാനത്തിന് വേണ്ടി ഏറ്റവും നഷ്ടങ്ങൾ സഹിക്കേണ്ടി വരുന്നത് സ്ത്രീകളാണ്. പക്ഷെ തലമുറകളായി കുടുംബജീവിതം ആണ് പ്രധാനം എന്ന് പറഞ്ഞു പഠിപ്പിച്ചിരിക്കുന്നതിനാൽ സ്വന്തം കരിയറിൽ വലിയ വിട്ടുവീഴ്ചകൾക്ക് അവർ തയ്യാറുകുന്നു. കുടുംബ ജീവിതത്തിൽ അലോസരങ്ങൾ ഉണ്ടാകുമ്പോൾ സ്വന്തം ആയി തൊഴിൽ ഉള്ള സ്ത്രീകൾ പോലും കുടുംബത്തിന്റെ നിലനിൽപ്പിനും ഭദ്രതയ്ക്കും വേണ്ടി കൂടുതൽ വിട്ടുവീഴ്ചകൾക്ക് തയ്യാറാകുന്നു. ശാരീരികമായി ഉപദ്രവിക്കുന്ന ഭർത്താക്കന്മാർ ഉണ്ടായാൽ പോലും അഭ്യസ്തവിദ്യരും വിവാഹിതരുമായ സ്ത്രീകൾ ആ വിവാഹങ്ങളിൽ തുടരുന്നു. കുടുംബമാണ് ഏറ്റവും പ്രാധാന്യമുള്ളത് എന്ന ചിന്ത സമൂഹത്തിൽ നിന്നും, പ്രത്യേകിച്ച് സ്ത്രീകളിൽ നിന്നും, മറാത്തിടത്തോളം കാലം മാറ്റങ്ങൾ ഉണ്ടാകാൻ സാധ്യത കുറവാണ്.

***നിയമങ്ങൾക്കപ്പുറം ജെൻഡർ സൗഹൃദം കേരളത്തിൽ എത്രമാത്രമുണ്ട് എന്ന് നിരീക്ഷിച്ചിട്ടുണ്ടോ?**

നിയമങ്ങളിലും നയങ്ങളിലും ഒക്കെ കേരളം വളരെ പുരോഗമനം തോന്നിക്കുന്ന സംസ്ഥാനമാണെങ്കിലും പ്രായോഗിക തലത്തിൽ ജൻഡർ സൗഹൃദത്തിന്റെ കാര്യത്തിൽ നമ്മൾ ഏറെ പുറകിലാണ്. കുട്ടികളെ ആണും പെണ്ണുമായി തിരിക്കുന്ന, അവർക്ക് അവരുടെ ജൻഡർ അനുസരിച്ച് അതിരുകൾ നിർണ്ണയിക്കുന്ന ഒരു രീതിയാണ് ഇന്നും കേരളത്തിൽ ഉള്ളത്. ഇത് വീടുകളിൽ തുടങ്ങി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, തൊഴിലിടങ്ങളിൽ, പൊതുസമൂഹങ്ങളിൽ ഒക്കെ നിലനിൽക്കുന്നു. ഈ കാര്യങ്ങൾ വീട്ടിലാണ് പഠിപ്പിക്കേണ്ടത് എന്ന് നാം എപ്പോഴും പറയാറുണ്ടെങ്കിലും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന പുരുഷാധിഷ്ഠിത ചിന്തകൾ എല്ലാം നിലനിൽക്കുന്ന കുടുംബങ്ങളിൽ നിന്നും കുട്ടികൾക്ക് ശരിയായ പാഠങ്ങൾ കിട്ടുക ഏറെ അസാധ്യമാണ്. പക്ഷെ ഇത്തരം കാര്യങ്ങൾ മനസ്സിലാവുകയും മനസ്സിലാക്കുകയും ചെയ്യേണ്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ത്രീകൾക്കെതിരെ നിലനിൽക്കുന്ന വിവേചനങ്ങളും ഹരാസ്സ്മെന്റും പഠിച്ച പ്രൊഫസ്സർ മീനാക്ഷി ഗോപിനാഥിന്റെ റിപ്പോർട്ട് മലയാളി സമൂഹത്തെ ഞെട്ടിക്കേണ്ടതാണ്. (Report of The Committee on Gender Justice on Campuses, Kerala State Higher Education Council, 2015). പക്ഷെ ആ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഒക്കെ ഇപ്പോഴും അവിടെ തന്നെ ഇരിക്കുന്നു. ഇതൊന്നും ആരും മനസ്സിലാക്കുന്നില്ല എന്നതാണ് ഏറ്റവും വലിയ കഷ്ടം. കേരളത്തിന് പുറത്തേക്ക് വിദ്യാഭ്യാസത്തിനോ ജോലിക്കോ വിവാഹം കഴിഞ്ഞോ പോകുന്ന സ്ത്രീകൾ കേരളത്തിലേക്ക് തിരിച്ചു വരാൻ ഒട്ടും താല്പര്യം കാണിക്കുന്നില്ല എന്നുള്ളതൊക്കെ നാം മനസ്സിലാക്കിയില്ലെങ്കിൽ അതിന്റെ പ്രത്യാഘാതവും നാം തന്നെ അനുഭവിക്കേണ്ടി വരും.

**ഭൂരിപക്ഷം പെൺകുട്ടികളുള്ള ഒരു കലാലയത്തിലെ അധ്യാപികയെന്ന നിലയിൽ ശ്രദ്ധിച്ചിട്ടുള്ളത് പഠനം എന്നതിനപ്പുറത്തേക്ക് മുന്നോട്ട് വരുന്ന പെൺകുട്ടികൾ കുറവാണ് എന്നതാണ്. കിട്ടുന്ന അവസരങ്ങൾ തന്നെ ഉപയോഗിക്കാത്തവർ. പലർക്കും വിവാഹത്തിന് മുമ്പിലുള്ള ഇടത്താവളമാണ് കോളേജ്. പ്രത്യേക ലക്ഷ്യങ്ങളൊന്നുമില്ല ഭൂരിപക്ഷം പേർക്കും. സ്ത്രീ ശാക്തീകരണ സെല്ലും മറ്റുമുണ്ടെങ്കിലും ക്രിയാത്മകമായി എന്തു നടത്തുന്നു എന്നത് ചോദ്യമാണ്. സ്ത്രീ ശാക്തീകരണ സെല്ലിലേക്ക് ആൺകുട്ടികൾ വരുന്നില്ലെന്നതും ശ്രദ്ധേയമാണ്. ഭാഗികമെങ്കിലും, ശാക്തീകരിക്കപ്പെടുന്ന പെൺകുട്ടികൾ – ഒട്ടും ശാക്തീകരിക്കപ്പെടാത്ത ആൺകുട്ടികൾ... നിർബന്ധമായതുകൊണ്ടാണ് നിയമങ്ങളെ സംബന്ധിച്ചെങ്കിലും ചെറിയ പരിപാടികൾ നടക്കുന്നത്. എങ്ങനെ മാറ്റമുണ്ടാക്കാൻ സാധിക്കും ഇവിടെ?**

വളരെ ശരിയായ ഒരു കാര്യമാണ്. നമ്മുടെ ഇന്നത്തെ സാഹചര്യത്തിൽ പെൺകുട്ടികളും ആൺകുട്ടികളും ഒരുപോലെ ഇരകളാണ്. ഇവിടെ പെൺകുട്ടികളെ മാത്രം ഇരകളായി കാണുകയും ആൺകുട്ടികളെ വേട്ടക്കാരായി കാണുകയും ചെയ്യുന്നത് പ്രത്യക്ഷത്തിൽ ശരിയാണെങ്കിലും Long term ആയി, അല്ലെങ്കിൽ മാറി നിന്നു ചിന്തിച്ചാൽ അങ്ങനെയല്ല. സമൂഹത്തിന് ചില പുരുഷ കേന്ദ്രീകൃതമായ കാഴ്ചപ്പാടുകളുണ്ട്. അതാണ് കുടുംബങ്ങളിൽ നിന്ന്, ചെറുപ്രായത്തിൽ സ്കൂളുകളിൽ നിന്ന് ആൺകുട്ടികളിലേക്കും പെൺകുട്ടികളുലേക്കും പകർന്നു കൊടുക്കുന്നത്. ചിലപ്പോൾ അടിച്ചേൽ പ്പിക്കുന്നത്. വിവാഹമാണ് സ്ത്രീകളുടെ ജീവിതത്തിലെ ഏറ്റവും വലിയ കാര്യം എന്ന് ചെറുപ്പത്തിൽ തന്നെ പറഞ്ഞു കൊടുക്കുന്നു. വിവാഹം കഴിക്കാത്ത സ്ത്രീകൾക്ക് ജീവിതമില്ല എന്നുള്ള തരത്തിൽ വീട്ടിലും സ്കൂളിലും സിനിമയിലും നാടകത്തിലും എല്ലാം നമ്മൾ പറഞ്ഞുണ്ടാക്കുന്നു. അപ്പോൾ പെൺകുട്ടികൾ അതാണ് ഏറ്റവും പ്രധാനമെന്ന് ചിന്തിക്കാനുടങ്ങുന്നു. അപ്പോൾ വിദ്യാഭ്യാസം ഏത് സമയത്തും നിർത്തി എത്ര പ്രൊഫഷണൽ വിദ്യാഭ്യാസം ലഭിച്ചതാണെങ്കിലും അതെല്ലാം മാറ്റിവെച്ച് ഒരു ജീവിതം ഉണ്ടാക്കാം എന്നവർ തീരുമാനിക്കുന്നു. അതായത് വിവാഹം കഴിക്കാമെന്ന്. ഈ ചിന്തകൾ മാറണമെങ്കിൽ ചെറുപ്പകാലം തൊട്ടേ സ്ത്രീകളും പുരുഷന്മാരും ഒരുപോലെ സ്വന്തമായി വിദ്യ അഭ്യസിച്ച് തൊഴിൽ തേടി സ്വതന്ത്രരായതിനുശേഷം മാത്രം സ്വന്തമായി ഒരു പങ്കാളിയെ കണ്ടെത്തി ചെയ്യേണ്ട ഒന്നാണ് കുടുംബ ജീവിതം എന്ന് നമ്മൾ മനസിലാക്കണം. അത് നമ്മുടെ കുട്ടികൾക്ക് പറഞ്ഞു കൊടുക്കണം. അത് പറഞ്ഞു കൊടുക്കാനുള്ള സാമൂഹ്യ അന്തരീക്ഷം നമുക്കുണ്ടാകണം. തല്ക്കാലം നമുക്ക് അതില്ല. അത് ഉണ്ടാകാത്തിടത്തോളം കാലം ഈ സ്ഥിതി തുടരും എന്നുള്ളത് നിർഭാ

ഗ്യകരമായ ഒരു സത്യമാണ് .

***എന്തായിരിക്കണം ഭാവി കേരളം? സുസ്ഥിര വികസനത്തിന് എന്തൊക്കെയാണ് വേണ്ടത്?**

ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ മൂന്നാമത്തെ പതിറ്റാണ്ടിൽ നമ്മൾ എത്തുമ്പോഴും മൊബൈൽ ഫോണും ഇന്റർനെറ്റും ഉൾപ്പടെയുള്ള ആധുനിക സൗകര്യങ്ങൾ ഉപയോഗിക്കുമ്പോഴും നമ്മുടെ രാഷ്ട്രീയവും സാമൂഹിക ചിന്തകളും കഴിഞ്ഞ നൂറ്റാണ്ടിലോ പലപ്പോഴും അതിനും പിന്നിലോ ആണ്. ലോകം നാലാം വ്യവസായ വിപ്ലവത്തിന്റെ കാലത്തേക്ക് പ്രവേശിക്കുന്നു, പക്ഷെ കൃഷിയിലും നിർമ്മാണ രംഗത്തും ഉൾപ്പടെ പലപ്പോഴും നാം ഒന്നാം വ്യവസായ വിപ്ലവത്തിൽ പോലും എത്തിയിട്ടില്ല.

വളരെ നീണ്ട തീരപ്രദേശം, ഫലഭൂയിഷ്ഠമായ ഇടനാട്, മനോഹരമായ ഹൈറേഞ്ച്, വർഷത്തിൽ രണ്ടു മഴക്കാലം, മുന്നൂറ്റി അറുപത്തി അഞ്ചു ദിവസവും സൗമ്യമായ താപനിലയും സൂര്യപ്രകാശവും ഒക്കെയുള്ള ഭൂമി ശാസ്ത്രം. സാർവത്രികമായ വിദ്യാഭ്യാസം, വളരെ ചെറിയ ജനസംഖ്യ വളർച്ച നിരക്ക് എന്നിങ്ങനെ സുസ്ഥിര വികസനത്തിന് ഏറെ സാദ്ധ്യതകൾ ഉള്ള ഒരു സ്ഥലമാണ് കേരളം. അതെ സമയം ഒരു തലമുറ തെറ്റായ തീരുമാനങ്ങൾ എടുത്താൽ തകർന്നു പോകാവുന്നത്ര ദുർബ്ബലമായ പ്രകൃതിയാണ് നമ്മുടേത്.

സുസ്ഥിര വികസനത്തിന്റെ സാധ്യതകളെപ്പറ്റിയും രീതികളെപ്പറ്റിയും ചെറുതായി പറഞ്ഞു തീർക്കാൻ പറ്റില്ല. പക്ഷെ "പണ്ടൊക്കെ എന്തായിരുന്നു" എന്ന തരത്തിൽ തെറ്റായ ധാരണകൊണ്ടല്ല ശാസ്ത്രവും സാങ്കേതിക വിദ്യയും അടിസ്ഥാനമാക്കിയുള്ള വികസന നയങ്ങൾക്ക് മാത്രമേ കേരളത്തെ സുസ്ഥിര വികസനത്തിലേക്ക് നയിക്കാൻ പറ്റൂ.

**നിലവിലെ പോരായ്മകൾ പരിഹരിച്ച് കേരള സമൂഹത്തെ മെച്ചപ്പെട്ട സമൂഹമായി ഉയർത്താനുതകുന്ന ആശയങ്ങൾ പങ്കുവെയ്ക്കാമോ?**

രണ്ടു കാര്യങ്ങളുണ്ട്. ഒന്ന്, കേരളത്തിലെ ഭൂവിനിയോഗത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടായാൽ മാത്രമേ നമുക്ക് നമുക്ക് സുസ്ഥിരമായ വികസനം -ദുരന്തമില്ലാത്ത വികസനം സാധ്യമാവുകയുള്ളൂ. മല നാടുകളിലും ഇടനാടുകളിലും തീരപ്രദേശങ്ങളിലും പ്രദേശങ്ങളിലും നമ്മൾ എവിടെ വീട് വയ്ക്കണം എങ്ങനെ വീട് വയ്ക്കണം എവിടെ റോഡുകൾ ഉണ്ടാക്കണം ഏത് കൃഷിചെയ്യണം ഏത് ഭാഗങ്ങൾ പ്രകൃതിക്ക് കോട്ടം ഇല്ലാതെ സംരക്ഷിക്കണമെന്നുള്ള കാര്യങ്ങളിൽ സമൂഹം എന്നുള്ള നിലയിൽ നമുക്ക് അറിവും സമന്വയവും വേണം. ഇത് തല്ക്കാലം നമുക്കില്ല. അതുകൊണ്ടാണ് പലപ്പോഴും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ആണെങ്കിലും paddy & wetland Act ആണെങ്കിലും അതെല്ലാം ആളുകൾ എതിർക്കുന്നത്. പ്രത്യേകിച്ചും ആ നിയമം എവിടെയാണോ ബാധകമായിട്ടുള്ളത് അതുകൊണ്ട് നഷ്ടമുണ്ടാകുന്നത് ആർക്കാണോ അവർ അതിനെ എതിർക്കും. മറ്റുള്ളവർ അതിനെ അനുകൂലിക്കും. ഇത് മാറി സമൂഹത്തിന്റെ മൊത്തം പ്രശ്നമാണ്, കേരള സമൂഹത്തിന്റെ മൊത്തം പ്രശ്നമാണ്, അതിൽ നഷ്ടം ഉണ്ടാകുന്നത് ഒരു പ്രദേശത്തിലെ ആളുകൾക്കാണെങ്കിലും മറ്റുള്ളവർ കൂടി സഹിച്ച് അവർക്ക് തക്ക നഷ്ടപരിഹാരം കൊടുക്കുകയാണ് എന്ന തരത്തിൽ ചിന്തിക്കുകയാണെങ്കിൽ ഒരുപരിധിവരെ ലാൻഡ് യൂസ് പ്ലാനിങ്ങിൽ ബെറ്റർ ആയിട്ടുള്ള നയങ്ങളും നിയമങ്ങളും പദ്ധതികളും നമുക്ക് ഉണ്ടാക്കാനായി പറ്റും.

രണ്ടാമത്തേത് ഒരു സുരക്ഷാ സംസ്കാരം നമുക്കില്ല. സാധാരണഗതിയിൽ സംസ്കാരം നമ്മൾ പഠിച്ചു തുടങ്ങുന്നത് നമ്മുടെ വീടുകളിൽ നിന്നാണ്. സുരക്ഷാ സംസ്കാരം വീടുകളിൽ അച്ഛനമ്മമയ്ക്കും ഇല്ലാത്തപ്പോൾ അത് കുട്ടികളെ പഠിപ്പിക്കുക എന്നുള്ളത് സാധ്യമല്ലല്ലോ. അതുകൊണ്ട് സുരക്ഷാ സംസ്കാരങ്ങൾ നമ്മുടെ സ്കൂളിൽ പഠിപ്പിച്ചു തുടങ്ങണം. ഒന്നാമത്തെ ക്ലാസ്സിൽ ഒന്നാമത്തെ പിരീഡിൽ ഒന്നാമത്തെ ദിവസം സുരക്ഷയെപ്പറ്റി പറഞ്ഞാണ് ക്ലാസ് തുടങ്ങേണ്ടത്. നമ്മുടെ ഓരോ സ്കൂൾ തുറക്കുന്ന അന്നും ഒന്നിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകാറുണ്ട്. കുട്ടികൾ ക്ലാസ് റൂമുകളിൽ തന്നെ മരിക്കുന്ന സാഹചര്യം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ഇത് ഒഴിവാക്കണമെങ്കിൽ സുരക്ഷാ സംസ്കാരം സ്കൂളിൽ നിന്ന് തന്നെ തുടങ്ങണം. അങ്ങനെ തുടങ്ങിയാൽ അത് വീടുകളിലേക്ക് പോകും. ഈ കുട്ടികൾ വലുതാകുമ്പോൾ അവർ ഏത് പ്രൊഫഷണൽ രംഗത്തേക്ക പോയാലും ആ സുരക്ഷാ സംസ്കാരം അതിലേക്ക് പടരും. അങ്ങനെ മൊത്തം സംസ്ഥാനത്തിന്റെ സുരക്ഷാ സംസ്കാരം മാറുമ്പോഴാണ് സുസ്ഥിരമായ ദുരന്ത ലഘൂകരണം സാധ്യമാകുന്നത്.

**ധാരാളം രാജ്യങ്ങൾ സന്ദർശിച്ച വ്യക്തി എന്ന നിലയിൽ മാതൃകയാക്കാവുന്ന രാജ്യമേതാണ്. സവിശേഷതകൾ എന്തെല്ലാമാണ്?**

നൂറിലേറെ രാജ്യങ്ങളിൽ ഇതുവരെ സഞ്ചരിച്ചിട്ടുണ്ട്. ഓരോ രാജ്യങ്ങളിലും നമുക്ക് മാതൃകയാക്കാവുന്ന എന്തെങ്കിലുമൊക്കെയുണ്ട്. പ്രത്യേക രാജ്യം എന്നൊന്നില്ല. സ്വിറ്റ്സർലാന്റ് എന്ന രാജ്യം സമയത്തിന്റെ കാര്യത്തിൽ ഏറ്റവും കൃത്യത പാലിക്കുന്ന രാജ്യമാണ്. സ്വിസ് ടൈം എന്നെല്ലാം പറയുമല്ലോ. ജനീവയെ സമയത്തിന്റെ നഗരം എന്നു തന്നെയാണ് വിളിക്കുന്നത്. ഏതൊരു മീറ്റിംഗ് ആണെങ്കിലും കൃത്യസമയത്ത് തുടങ്ങുന്നു, കൃത്യസമയത്തു തന്നെ അവസാനിക്കുന്നു. ഓരോ ട്രെയിനും കൃത്യസമയത്ത് വരുന്നു. നമ്മുടെ വീടിനടുത്ത് ഓരോ ആറു മിനിറ്റിനകവും ഒരു പബ്ലിക് ട്രാൻസ്പോർട്ട് ഉണ്ടാകുമെന്ന് നഗരം ഉറപ്പുനല്കുന്നു. അങ്ങനെതന്നെ നടക്കുന്നു. അപ്പോൾ സമയം എന്ന കാര്യത്തിൽ സ്വിറ്റ്സർലാൻഡിനെ നമുക്ക് മാതൃകയാക്കാം. സോഷ്യൽ സെക്യൂരിറ്റി എന്ന നിലയിൽ നോർവെ, സ്വീഡൻ, ഡെന്മാർക്ക്, ഫിൻലാൻഡ് എന്നീ രാജ്യങ്ങളെ മാതൃകയാക്കാവുന്നതാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഞാൻ ഏറ്റവും മാതൃകയാക്കുന്നത് ഫിൻലാഡിനെയാണ്. പ്ലാനിങ്ങിന്റെ



കാര്യത്തിൽ മാതൃകയാക്കുന്നത് സിംഗപ്പൂരിനെയാണ്. ഫ്യൂച്ചറിനെപ്പറ്റി എങ്ങനെ ചിന്തിക്കാം എന്ന് മാതൃകയാക്കുന്നത് യുണൈറ്റഡ് അറബ് എമിറേറ്റ്സ് ആണ്. പ്രത്യേകിച്ച് ദുബായ്. നാളെ, മറ്റന്നാളിനെ കണ്ട് പ്ലാൻ ചെയ്യുന്ന സ്ഥലമാണ് യു എ ഇ. അവിടെ ഇപ്പോൾ തന്നെ നിർമ്മിത ബുദ്ധിക്ക് വേണ്ടി മാത്രമായി ഒരു മന്ത്രാലയം ഉണ്ട് -Ministry fദീ Artificial Intelligence. മറ്റു രാജ്യങ്ങളിൽ അതിനെപ്പറ്റി ചിന്തിച്ചു തുടങ്ങിയിട്ട് പോലുമില്ല. ഇ-ഗവർണൻസ് എന്നുള്ള രംഗത്ത് ലോകത്തെ ഏറ്റവും പുരോഗതി നേടി നിൽക്കുന്നത് എസ്റ്റോണിയ എന്ന് പറയുന്ന രാജ്യമാണ്. വലിയ കാര്യങ്ങൾ ചിന്തിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന കാര്യത്തിൽ ഞാൻ മാതൃകയാക്കുന്നത് ചൈനയെയാണ്. വൺ ബെൽറ്റ് വൺ റോഡ്  പോലെ ഒരു പക്ഷേ നടപ്പിലാക്കാൻ നൂറു വർഷം വേണ്ടിവരുന്ന പദ്ധതിയെപ്പറ്റി ചിന്തിക്കാനും അതിനു വേണ്ടിയുള്ള ശ്രമം ഇപ്പോഴേ നടത്താനും അതിനു വേണ്ടി ചെറുതായിട്ടാണെങ്കിലും നിക്ഷേപം നടത്തി തുടങ്ങാനും രാജ്യങ്ങളെ സംയോജിപ്പിക്കാനും ചൈന പോലെ ഒരു രാജ്യത്തെ മാത്രമേ സാധിക്കൂ.

മറ്റുള്ള രാജ്യങ്ങളിൽ നിന്ന് ഏറ്റവും മിടുക്കരായ ആളുകളെ സ്വന്തം നാട്ടിലേക്ക് കൊണ്ടുവന്ന് ഏറ്റവും നല്ല യൂണിവേഴ്സിറ്റികളിൽ പഠിപ്പിച്ച് അവരുടെ കഴിവുകൾ ഉപയോഗിച്ച്  രാജ്യത്തെയും ലോകത്തെയും വികസിപ്പിക്കുന്നതിൽ മാതൃകയായി കാണുന്നത് അമേരിക്കയെയാണ്. സുരക്ഷയുടെ കാര്യത്തിൽ മാതൃകയായി കാണുന്നത് ഇംഗ്ലണ്ടിനെയാണ്. ഹെൽത്ത് ആൻഡ് സേഫ്റ്റി ഇൻഡസ്ട്രിയൽ സേഫ്റ്റി.... സ്വന്തം സംസ്കാരവും പുതിയ സാങ്കേതികവിദ്യകളും ഒരുമിച്ച് കൊണ്ടുപോകുന്നതിൽ മാതൃകയായി കാണുന്നത് ജപ്പാനെയാണ്. അങ്ങനെ ലോകത്ത് മിക്ക രാജ്യങ്ങളിൽ നിന്നും നമുക്ക് എന്തെങ്കിലുമൊക്കെ പഠിക്കാനുണ്ട്.

**പലരാജ്യങ്ങളിൽ നിന്ന് മാതൃകയാക്കാവുന്നവയെപ്പറ്റി പറഞ്ഞല്ലോ.  കേരളത്തിൽ നിന്ന് എന്തായിരിക്കും മാതൃകയാക്കാവുന്നത്?**

ലോകത്ത് അനവധി സ്ഥലങ്ങളിൽ പോകുമ്പോൾ  ഞാൻ കേരളത്തിൽ നിന്നുള്ള നല്ല പാഠങ്ങൾ അവിടെ പറയാറുണ്ട്. ഒന്നാമത് നമ്മുടെ കുടുംബശ്രീ എന്ന പ്രസ്ഥാനം. സ്ത്രീകളെ കുടുംബത്തിലും സമൂഹത്തിലും നേതൃത്വത്തിലേക്ക് കൊണ്ടുവരുന്നതിന് ഇത് വഹിച്ച പങ്ക് ലോകം ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ സഹകരണ പ്രസ്ഥാനം മുതലാളിത്ത വ്യവസ്ഥിതിയുടെ ഏറെ തെറ്റുകളെ ശരിയാക്കി സാധാരണക്കാർക്കും വികസനത്തിൽ പങ്കാളിയാകാൻ അവസരം നൽകുന്ന ഒന്നാണ്. കേരളത്തിലെ ആളുകൾ മനസ്സിലാക്കുന്നില്ലെങ്കിലും സർക്കാരും സ്വകാര്യ മേഖലയും പരസ്പരപൂരിതമായി പ്രവർത്തിക്കുന്ന ആരോഗ്യം, വിദ്യാഭ്യാസം, പൊതു ഗതാഗതം ഈ രംഗങ്ങളിൽ കേരളം മാതൃകാപരമാണ്. നമ്മൾ പക്ഷെ ഇവിടെ സ്വകാര്യമേഖലയെ ശത്രുക്കളായിട്ടാണ് കാണുന്നത്. വേണ്ട സമയത്ത് വിദ്യാഭ്യാസ ആരോഗ്യ ഗതാഗത രംഗങ്ങളിൽ പണം മുടക്കാൻ സ്വകാര്യ മേഖല ഇവിടെ ഇല്ലായിരുന്നുവിലെങ്കിൽ വികസന രംഗത്ത് നാം ഒരു തലമുറ പിന്നിലായിപ്പോയേനെ.

കഴിഞ്ഞ തലമുറയിലെ ലൈബ്രറി പ്രസ്ഥാനവും ജനകീയ ശാസ്ത്ര പ്രസ്ഥാനവും ലോകത്തിന് മാതൃകയായിരുന്നു. നിർഭാഗ്യവശാൽ അത് നന്നായി മുന്നോട്ടു കൊണ്ടുപോകാനും കാലത്തിനനുസരിച്ച് പുതുക്കാനും നമുക്ക് കഴിഞ്ഞിട്ടില്ല എന്നത് നാം ചർച്ച ചെയ്യേണ്ടതാണ്.



# ഹരിതകേരളം സാധ്യമാണ്

**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ & സി.ഇ.ഒ.,
ഹരിതകേരളം മിഷൻ



ഇടതുപക്ഷ സർക്കാർ പാരിസ്ഥിതിക മേഖലയിൽ മുന്നോട്ടു വെയ്ക്കുന്ന വികസന ബദലിന്റെ ആഴവും ദീർഘവവീക്ഷണവും ഉയർത്തിപ്പിടിക്കുന്ന ദൗത്യമാണ് ഹരിത കേരളം മിഷൻ. ഹരിത കേരളം മിഷന്റെ ലക്ഷ്യവും പ്രവർത്തനങ്ങളും വിശദമാക്കുന്ന സർക്കാർ മാർഗരേഖയിൽ ഈ സമീപനം ഇങ്ങനെ വ്യക്തമാക്കുന്നു; "കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജല സമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് ഹരിത കേരളം മിഷന്റെ മുഖ്യ ലക്ഷ്യങ്ങൾ". ഭൂമിയും മണ്ണും വായുവും ജലവും മലിനമാക്കാതെ വികസന പ്രവർത്തലനങ്ങൾ സംഘടിപ്പിക്കുക എന്ന സുസ്ഥിര വികസന പരിപ്രേക്ഷ്യം കേരളത്തിന്റെ പാരിസ്ഥിതിക സമനില വീണ്ടെടുക്കുന്നതിൽ ഏറ്റവും പ്രധാനമാണ്. മൂന്നു ഉപമിഷനുകളായിട്ടാണ് ജല സംരക്ഷണം, കൃഷി വികസനം, മാലിന്യ സംസ്കരണം എന്നീ വിഷയങ്ങൾ മിഷനിൽ ഉൾപ്പെട്ടു



ത്തിയിട്ടുള്ളത്. ജല വിഭവ വകുപ്പ്, കൃഷി വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മുൻകൈയ്യിലും ബന്ധപ്പെട്ട ഏജൻസികളെയും ജനങ്ങളെയും അണിനിരത്തിയും നടപ്പാക്കുന്ന സമഗ്ര പദ്ധതിയായിട്ടാണ് മിഷനെ സർക്കാർ വിഭാവനം ചെയ്തത്. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പുതിയ വെല്ലുവിളികളിൽ നിന്നും നാടിനെ പ്രതിരോധിക്കുന്നതിന് പ്രാദേശിക തലം മുതലുള്ള വിപുലമായ ഇടപെടലായിട്ടാണ് ഹരിതകേരളത്തിന്റെ പ്രവർത്തനങ്ങൾ സർക്കാർ ആവിഷ്കരിച്ചത്. ഈ നിലപാടുകളുടെ ശരി ആവർത്തിച്ചുറപ്പിക്കുന്ന അനുഭവങ്ങളാണ് കഴിഞ്ഞ നാലു വർഷത്തെ അനുഭവങ്ങൾ.

ഹരിത കേരളം എന്ന ദൗത്യത്തിന് തുടക്കം കുറിക്കുമ്പോൾ മുഖ്യമന്ത്രി പങ്കുവെച്ച ആശയം നാട്ടിലെ നീർച്ചാലുകളിലെ വെള്ളം പോലും കൈക്കുമ്പിളിൽ എടുത്ത് കുടിക്കാൻ കഴിയുന്ന നിലയിൽ നമ്മുടെ ജല സ്രോതസുകളെ വീണ്ടെടുക്കണമെന്നതാണ്. അന്നത് അസാദ്ധ്യമെന്ന് തള്ളിക്കളഞ്ഞവർ പോലും അമ്പരക്കുന്ന അനുഭവങ്ങളാണ് കേരളത്തിലാകെ ഇന്ന് കാണാൻ കഴിയുന്നത്. ഓരോ പുഴയ്ക്കും സ്വന്തമായൊരു കഥയും വഴിയും ഉണ്ടെന്നത് പോലെ ഓരോ പുഴ വീണ്ടെടുപ്പിനും വ്യത്യസ്തമായ അനുഭവങ്ങളും പാഠങ്ങളും ഉണ്ട്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ വ്യാപിച്ചു കിടക്കുന്ന ഈ അനുഭവങ്ങളിൽ ഏറ്റവും വിലയേറിയതും അസാധാരണവുമായ പാഠങ്ങൾ ലോകത്തിനു മുന്നിൽ തുറന്നു വെയ്ക്കുന്ന നിരവധി വീണ്ടെടുപ്പുകളുണ്ട്. വരട്ടാർ, മീനച്ചിലാർ-മീനന്തലയാർ-കൊടൂരാർ പുനർനദീ സംയോജനം, കാനാമ്പുഴ, കുട്ടമ്പേരൂർ പുഴ, കിള്ളിയാർ, വലിയതോട്-പെരുംതോട്, പള്ളിക്കലാർ, പൂനൂർ പുഴ... എന്നിങ്ങനെ കേരളത്തിലങ്ങോളമിങ്ങോളം നാല് വർഷം കൊണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ പദ്ധതികളുടെ ഏകോപനത്തോടെയും ജനകീയ പിന്തുണയോടെയും വീണ്ടെടുത്തത് നാൽപ്പത്തോരായിരത്തിലധികം നീർച്ചാലുകളും നാനൂറു കിലോ മീറ്ററിലധികം പുഴകളുമാണ്. ജനകീയ പുഴ പുനരുജ്ജീവനത്തിന്റെ ഐതിഹാസിക ചരിത്രമാണ് ഇങ്ങനെ കുറിക്കപ്പെട്ടത്.

2019 ഡിസംബറിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഹരിത കേരളം പദ്ധതിയായി ഏറ്റെടുത്ത 'ഇനി ഞാനൊഴുകട്ടെ' അഭൂത പൂർവ്വമായ പ്രതികരണമാണ് സൃഷ്ടിച്ചത്. ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ കുറഞ്ഞത് ഒരു നീർച്ചാൽ എന്ന നിലയിൽ തുടങ്ങിയ ഈ പദ്ധതിയിൽ രണ്ടു മാസം കൊണ്ട് മാത്രം ആയിരത്തിലധികം നീർചാലുകളിലായി രണ്ടായിരത്തിലധികം കിലോമീറ്റർ നീളം പുനരുജ്ജീവിപ്പിക്കപ്പെട്ടു. തോടുകൾ വീണ്ടെടുത്ത ഭൂരിപക്ഷം സ്ഥലങ്ങളിലും കൃഷി തിരിച്ചു വരുന്നുണ്ട്. ഈ കാഴ്ച കേരളത്തിന്റെ ജൈവ ജീവിതത്തിന്റെ കൂടി വീണ്ടെടുക്കലായി കാണാം. കോട്ടയം ജില്ലയിലെ മീനച്ചിലാർ-മീനന്തറയാർ -കൊടൂരാർ പുനർനദീ സംയോജന പദ്ധതിയുടെ ഭാഗമായി

നീർച്ചാലുകൾ വീണ്ടെടുത്തപ്പോൾ കോട്ടയം നഗരമദ്ധ്യത്തിൽ ഉൾപ്പടെ പുനർജ്ജനിച്ചത് അയ്യായിരം ഏക്കറിലധികം നെൽകൃഷിയാണ്. ജനകീയ കൂട്ടായ്മയുടെ ഉജ്ജ്വലമായ നേതൃത്വത്തിനു പിറകിൽ ജലവിഭവ വകുപ്പ്, കൃഷി വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങി മുഴുവൻ പേരും അണിനിരക്കുന്ന അനുഭവമാണ് കോട്ടയം നല്കുന്നത്. കാനാമ്പുഴയും കിള്ളിയാറും പള്ളിക്കലാറും കുട്ടംപേരൂർ പുഴയും എല്ലാം പങ്കുവെയ്ക്കുന്ന അനുഭവവും ജലസമൃദ്ധിയിൽ നിന്നും കാർഷിക സമൃദ്ധിയിലേക്കുള്ള വളർച്ചയുടെ പാഠങ്ങളാണ്.

കൃഷി ജീവിത സംസ്കാരമാണെന്ന് വിശേഷിപ്പിക്കാറുണ്ട്. എന്നാൽ പല കാരണങ്ങൾ കൊണ്ടും ആ സംസ്കാരത്തിൽ നിന്നും വേറിട്ടു പോകുന്ന ഒരു ജനതയെ എങ്ങനെ കൃഷിയുടെ ലോകത്തേക്ക് കൊണ്ടുവരാൻ കഴിയും! കാർഷിളക മേഖലയുടെ പ്രാധാന്യം സമൂഹം തിരിച്ചറിയുന്ന തരത്തിലുള്ള വിപുലമായ ഇടപെടലാണ് ഹരിത കേരളം സാധ്യമാകണമെങ്കിൽ ഉണ്ടാകേണ്ടത്. കൃഷിവകുപ്പും ബന്ധപ്പെട്ട ഏജൻസികളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ചേർന്നാണ് ഈ പ്രവർത്തനത്തിന്റെ നിർവഹണം സാധ്യമാക്കിയത്. കഴിഞ്ഞ നാലു വർഷം കൊണ്ട് കൃഷിവകുപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും മുൻകയ്യെടുത്ത് 24000 ഹെക്ടർ അധികമായി നെൽകൃഷി വ്യാപിപ്പിച്ചു എന്നത് അഭിമാനകരമായ നേട്ടമാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള എല്ലാ ജില്ലകളിലും തരിശു ഭൂമിയിൽ വ്യാപകമായ നെല്കൃഷി ആരംഭിച്ചതിന്റെ ആവേശകരമായ അനുഭവങ്ങളാണ് ഉണ്ടായിട്ടുള്ളത്. കാസർഗോഡ് ബേഡഡുക്ക പഞ്ചായത്തിന്റെ ബേഡകം അരി മുതൽ തിരുവനന്തപുരത്ത് ചെറുന്നിയൂർ പഞ്ചായത്തിന്റെ ചെറുന്നിയൂർ അരി വരെഇരുപതോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് സ്വന്തം പേരിൽ അരി ഉത്പാദിപ്പിച്ചത്. ഓരോ നാടിന്റെയും പേരുകളിൽ ഉത്പാദിപ്പിച്ചിട്ടുള്ള അരി മലയാളിയുടെ അഭിമാനത്തിന്റെ അടയാളമായി രേഖപ്പെടുത്താം. പച്ചക്കറി കൃഷിയുടെ കാര്യത്തിൽ ആവേശകരമായ മുന്നേറ്റമാണ് ഉണ്ടാകുന്നത്. 240 ക്ലസ്റ്ററുകളിലാണ് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ജൈവകൃഷി നടപ്പാക്കിയത്. കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള JLG (joint liability group) സംസ്ഥാനത്തെ പച്ചക്കറി ഉത്പാദനത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. 2006 ൽ സംസ്ഥാനത്ത് തുടങ്ങിയ ഈ പദ്ധതിയിൽ ഇന്ന് 63101 ഗ്രൂപ്പുകളിലായി 285871 സ്ത്രീ കർഷകരാണ് ഉള്ളത്. ആകെ അവർ കൃഷി ചെയ്യുന്നത് 52490 ഹെക്ടർ ഭൂമിയിലാണ്. തരിശു ഭൂമി കൃഷിയുടെ എല്ലാ റിസ്കും ഏറ്റെടുത്തു കൊണ്ട് നെല്കൃഷിയടക്കം ഏറ്റെടുക്കാൻ തയ്യാറായ മൂന്നു ലക്ഷത്തോളം സ്ത്രീ





കർഷകർ സംസ്ഥാനത്തുണ്ട് എന്നത് ചെറിയ കാര്യമല്ല. തരിശുകൃഷിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വലിയ പിന്തുണ ലഭിക്കുന്നത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നാണ്. തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള മണ്ണ് ഒരുക്കുന്ന പ്രവർത്തനം മാത്രമല്ല, വർഷങ്ങളായി തരിശായി കിടന്ന ഭൂമിയിലേക്കുള്ള ജലസേചന മാർഗ്ഗങ്ങൾ പുനരുദ്ധരിക്കുന്നതിനും പുതിയത് നിർമ്മിക്കുന്നതിനും പ്രധാനമായും ആശ്രയിക്കുന്നത് തൊഴിലുറപ്പ് പദ്ധതിയെയാണ്. നബാർഡും  സഹകരണ ബാങ്കുകളും ഉൾപ്പെടെ വിവിധ സാമ്പത്തിക സ്ഥാപനങ്ങളുടെ പിന്തുണയും പ്രാദേശികമായുള്ള കൃഷി സംരംഭ പ്രവർത്തനങ്ങൾക്കു ലഭ്യമാകുന്നുണ്ട്. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കോവിഡ്  പ്രതിസന്ധികൾക്കിടയിലും പതിറ്റാണ്ടുകളായി തരിശായി കിടക്കുന്ന പാടങ്ങളിൽ കൃഷിയിറക്കാൻ  ജനങ്ങളാകെ മുന്നോട്ടു വന്നതും ഏറെ പ്രതീക്ഷ നല്കുന്നുണ്ട്.

ജൈവവൈവിദ്ധ്യത്തിന്റെയും പ്രകൃതിവിഭവങ്ങളുടെയും സമ്പന്നമായ കലവറ ആയിരുന്നു കേരളം. ആ സവിശേഷതകൾ എല്ലാം അടങ്ങിയിട്ടുള്ള നമ്മുടെ വനസമ്പത്ത് ഗുണമുള്ള വായുവും ശുദ്ധമായ ജലവും തലമുറകൾക്കായി കരുതിവെയ്ക്കുന്ന ഖനികളായിരുന്നു. എന്നാൽ കയ്യേറ്റം, അനധികൃതവും അശാസ്ത്രീയവുമായ നിർമ്മാണ പ്രവർത്തനങ്ങൾ, അതിവേഗതയിലുള്ള നഗരവത്കരണം തുടങ്ങി നിരവധി കാരണങ്ങൾ കൊണ്ട് പതിയെപ്പതിയെ കേരളത്തിന്റെ വനസമ്പത്തും ജൈവവൈവിദ്ധ്യവും നഷ്ടപ്പെടുന്ന കാഴ്ചയാണ് കഴിഞ്ഞ അരനൂറ്റാണ്ടായി കാണുന്നത്. ഈ പ്രശ്നം ഇനിയും അവഗണിച്ചാൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ അനുഭവിച്ചു തുടങ്ങിയിട്ടുള്ള കേരളത്തിൽ വലിയ പാരിസ്ഥിതിക തകർച്ചയയ്ക്ക് കളമൊരുക്കും. ലോക പരിസ്ഥിതി ദിനാചരണവുമായി ബന്ധപ്പെട്ട് എല്ലാ വർഷവും വ്യാപകമായി തൈകൾ നടാറുണ്ട്. അവയിൽ കുറെയൊക്കെ പരിപാലിക്കപ്പെടാറുമുണ്ട്. എന്നാൽ ഇത്തരത്തിലുള്ള വൃക്ഷവത്കരണം കൊണ്ടു മാത്രം കേരളത്തിന്റെ നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന പ്രാദേശിക ജൈവവൈവിദ്ധ്യത്തെ അതിന്റെ പൂർണ്ണതയിൽ വീണ്ടെടുക്കാനാവില്ല. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി വർദ്ധിച്ചു വരുന്ന ആഗോളതാപനവും രൂക്ഷമായ പ്രളയവും കൊടും വരൾച്ചയും പോലുള്ള ആഘാതങ്ങളും നേരിടാനും അതിനെ പരമാവധി പ്രതിരോധിക്കാനും  നമ്മുടെ നാടിനെയും ജനങ്ങളെയും സജ്ജരാക്കുക എന്നത് മാത്രമാണ് പോംവഴി. ഈ സാഹചര്യത്തിലാണ് 'അതിജീവനത്തിനായി പ്രാദേശിക ജൈവ വൈവിദ്ധ്യത്തിന്റെ പച്ചത്തുരുത്തുകൾ' എന്ന പദ്ധതി ഹരിത കേരളം മിഷൻ ഏറ്റെടുത്തത്. കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്ന ഹരിത ഗൃഹ വാതകങ്ങളിൽ കാർബൺ ഡയോക്സയിഡിന്റെ അളവ് നിയന്ത്രിച്ചു നിർത്താനുള്ള വൃക്ഷങ്ങളുടെ കഴിവിനെ പ്രയോജനപ്പെടുത്തലാണ് ഇവിടെ സ്വീകരിച്ചിട്ടുള്ള പ്രവർത്തന തത്ത്വം. നിലവിലുള്ള കാർഷിക ഭൂമിയുടെയോ വനഭൂമിയുടെയോ ഘടനയ്ക്ക് മാറ്റമൊന്നും വരുത്താതെ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപയോഗരഹിതമായി ഒഴിച്ചിട്ടിരിക്കുന്ന പൊതു/സ്വകാര്യ സ്ഥലങ്ങളിൽ ആ പ്രദേശത്തിന്റെ സവിശേഷതകൾക്ക് ഇണങ്ങുന്ന വൃക്ഷങ്ങൾ നട്ടു വളർത്തി രൂപപ്പെടുത്തുന്ന ചെറു വൃക്ഷക്കൂട്ടങ്ങളെയാണ് പച്ചത്തുരുത്ത് എന്ന് വിളിക്കുന്നത്.


അര സെന്റ് മുതൽ എത്ര വ്യാപ്തിയുള്ള ഭൂമിയിലും രൂപപ്പെടുത്താൻ

കഴിയുന്ന ജൈവ വൈവിദ്ധ്യത്തിന്റെ തുരുത്തുകളാണ് വികസിപ്പിക്കപ്പെടുന്നത്. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന ചെറു വനങ്ങൾ അഥവാ വൃക്ഷക്കൂട്ടങ്ങൾ കാർബൺ ഡയോക്സൈഡ് ആഗിരണം ചെയ്ത് ദീർഘകാലം സൂക്ഷിക്കുന്ന കാർബൺ കലവറകളായി മാറും. പച്ചത്തുരുത്ത് രൂപപ്പെടുന്ന സ്ഥലത്തെ അന്തരീക്ഷ താപനില നിയന്ത്രിക്കുന്നതും പക്ഷികളും ഷഡ്പദങ്ങളും ഉൾപ്പെടെയുള്ള ജീവി വർഗ്ഗങ്ങളുടെ ആവാസവ്യവസ്ഥയായി മാറുന്നതുമുൾപ്പെടെ പാരിസ്ഥിതിക സംരക്ഷണത്തിന്റെ വലിയ സംഭാവനകൾ നല്കാൻ ഇവയ്ക്കാകും. സാധ്യമായ സ്ഥലങ്ങളിൽ സ്വാഭാവിക വന മാതൃകയിൽ തന്നെ പച്ചത്തുരുത്ത് രൂപപ്പെടുത്താം. സ്കൂളുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഭൂമിയിൽ ഔഷധ വൃക്ഷങ്ങളോ ഫല വൃക്ഷങ്ങളോ ആകാം. നിലവിലുള്ള കാവുകളുടെയും കണ്ടല്ക്കാടുകളുടെയും സംരക്ഷണം പച്ചത്തുരുത്ത്പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ജൂൺ അഞ്ചിന് ആരംഭിച്ച പച്ചത്തുരുത്ത് പദ്ധതിയിൽ അറുന്നൂറിലധികം ഏക്കർ ഭൂമിയിലായി ആയിരത്തി മുന്നൂറിലധികം പച്ചത്തുരുത്ത് സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞു. ഇതിൽ ഭൂരിപക്ഷവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് നടന്നിട്ടുള്ളത്. തുടർ പരിപാലനത്തിനുള്ള സംവിധാനങ്ങളും ഓരോ പച്ചത്തുരുത്തിലും ഒരുക്കിയിട്ടുണ്ട്.

ശുചിത്വമുള്ള നാട് ഉയർന്ന പൗര ബോധത്തിന്റെ കൂടി സൃഷ്ടിയാണ്. മാലിന്യത്തിന്റെ അളവ് കുറച്ചും ഓരോ ദിവസവും ഉല്പ്പാദിപ്പിക്കപ്പെടുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ചും മാത്രമേ നാടിന്റെ ശുചിത്വം ഉറപ്പാക്കാനാകൂ. ഹരിത കേരളം മിഷന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്ന് കേരളത്തിന്റെ സവിശേഷതയായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തി വീണ്ടെടുത്തുകൊണ്ട് പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുക എന്നതാണ്. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കഴിയാവുന്നിടത്തോളം വികേന്ദ്രീകൃതമായി ജൈവ മാലിന്യം ഉറവിടത്തിൽ തന്നെയും ഖരമാലിന്യം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് സംസ്കരിക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യുകയോ വേണമെന്ന സമീപനമാണ് സ്വീകരിച്ചത്. ഈ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന പദ്ധതി 2017 സ്വാതന്ത്ര്യ ദിനത്തിൽ ആരംഭിച്ചിരുന്നു. ബഹുഭൂരിപക്ഷം ഗ്രാമപ്പഞ്ചായത്തുകളും നഗരസഭകളും ഈ പദ്ധതിയുടെ ഭാഗമായി മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് രൂപം നല്കുകയും ശാസ്ത്രീയമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. 599 ഗ്രാമപഞ്ചായത്തുകളും 60 നഗരസഭകളും 3 മുനിസിപ്പൽ കോർപ്പറേഷനുകളും ഖരമാലിന്യ സംസ്കരണത്തിൽ ശുചിത്വ പദവി നേടിക്കഴിഞ്ഞു.

ശുചിത്വമുള്ള നാട് സൃഷ്ടിക്കണമെങ്കിൽ പ്രധാനം മാലിന്യത്തിന്റെ അളവ് കുറയ്ക്കുക എന്നത് തന്നെയാണ്. ദൈനംദിന ജീവിതത്തിൽ നമ്മൾ ഉപയോഗിച്ച് വലിച്ചെറിയുന്ന വസ്തുക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച് വരികയാണ്. പ്ലാസ്റ്റിക് ക്യാരിബാഗുകൾ, പ്ലാസ്റ്റിക്/പേപ്പർ/തെർമോകോൾ കപ്പുകൾ, പാത്രങ്ങൾ തുടങ്ങി ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾ വരെ ഉപയോഗത്തിന് ശേഷം ഉപേക്ഷിക്കുന്ന രീതിയാണുള്ളത്. അത് ഉപേക്ഷിക്കുന്നതാകട്ടെ വഴിയോരങ്ങളിലും ജലസ്രോതസ്സുകളിലും! ഇത് നൂറ്റാണ്ടുകൾ മണ്ണിൽ കിടന്നാലും അലിഞ്ഞു ചേരുന്നവയല്ല, വിഘടിച്ച് മണ്ണിൽ ചേർന്നാൽ അപകടമുള്ളവയുമാണ്. ഒന്നു ചുറ്റും നോക്കൂ, പ്രകൃതിയിലേക്ക് തിരിച്ച് സ്വീകരിക്കാൻ പറ്റാത്ത ഒരു മാലിന്യവും പ്രകൃതി സൃഷ്ടിക്കുന്നതല്ല, മനുഷ്യൻ ഉണ്ടാക്കുന്നതാണ്. അതുകൊണ്ട് തന്നെ മനുഷ്യരുണ്ടാക്കുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാനും മാലിന്യത്തിന്റെ അളവ് കുറയ്ക്കാനുമുള്ള വിവേകവും ഉത്തരവാദിത്വവും നമ്മൾ കാണിക്കണം. ഇത്തരത്തിൽ പുതിയൊരു ശുചിത്വ സംസ്കാരം സമൂഹത്തിൽ സൃഷ്ടിക്കുന്നതിന്റെ ഭാഗമായാണ് ഹരിത പെരുമാറ്റച്ചട്ടം (green protocol) നടപ്പാക്കുന്നത്. മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുന്ന നിലയിൽ മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കുക,പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിലുള്ള ശീലങ്ങൾ നടപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ശുചിത്വമുള്ള ഒരു നാടിനെ സൃഷ്ടിക്കാനുള്ള ഇടപെടലാണ് ഹരിത പെരുമാറ്റച്ചട്ടം. 2021 ജനുവരിയിലെ റിപ്പബ്ലിക് ദിനത്തിൽ കേരളത്തിലെ പതിനായിരം ഓഫീസുകൾ ഹരിത ഓഫീസുകളായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

വായുവും മണ്ണും ജലവും മനുഷ്യ ശരീരം തന്നെയും മലിനീകരണത്തിന്റെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടിരിക്കുന്ന അവസ്ഥയെ കണ്ടില്ലെന്ന് നടിച്ച് ഒരു സർക്കാരിനും മുന്നോട്ടു പോകാനാകില്ല എന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഉത്തമ ബോധ്യത്തിന്റെ സൃഷ്ടിയാണ് ഈ മിഷൻ. കേരളത്തെ കൂടുതൽ ഹരിതാഭവും ശുചിത്വ പൂർണവും ആക്കി മാറ്റുന്നതിലൂടെ കേരളത്തിന്റെ പ്രകൃതിയെയും മനുഷ്യ ജീവിതത്തെയും സംരക്ഷിക്കുന്നതിനുള്ള വിപുലമായ ജനകീയ യജ്ഞമായിരിക്കും ഹരിതകേരളം മിഷൻ എന്നാണ് ഇതിനു തുടക്കം കുറിച്ച് കൊണ്ട് മിഷന്റെ അദ്ധ്യക്ഷനായ മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. പച്ചയിലൂടെ വൃത്തിയിലേക്ക് എന്ന സന്ദേശമുയർത്തിക്കൊണ്ട് കേരളത്തെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമാക്കി മാറ്റുന്നതിനും മണ്ണും ജലവും ജൈവ വൈവിദ്ധ്യവും സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും ലക്ഷ്യമിടുന്ന ഹരിതകേരളം മിഷൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയുടെ സൃഷ്ടിയാണ്.



# FOCUS IS ON MINIMISING MORTALITY RATE BY IMPROVING MEDICAL CAPACITY

***Uttar Pradesh Chief Minister Yogi Adityanath may have his reasons to claim that the coronavirus can be cured by eating cow dung cake, practising yoga, and giving up all worldly pleasures. But Kerala's Health Minister K.K.Shylaja, who set a model for the rest of the world by successfully handling India's first three corona virus-positive cases backed by a rigid protocol which included a 28-day quarantine, has a piece of humble advice to the monk who heads the country's largest state which is now gripped by extreme corona panic.***

***"Fighting an epidemic like COVID-19 requires scientific temper, humanism, and a spirit for inquiry and reform. Superstition, credulity, emotionalism, and irrationalism will derail the whole process by dispiriting and discouraging the experts and health activists who attempt hard to resolve the threat scientifically. In Kerala, we have initiated stringent police action against those who attempted to spread stupidity in the face of virus scare. That was one of the main reasons why Kerala made some early advantages in checking the spreading of the virus," said the school teacher turned CPI (M) politician in an interaction with Huff Post India.***

"I am a first time minister with very little exposure to the field of medical science. My relationship with hospitals hitherto remained just as a patient and a political activist who organized protests demanding better treatment facilities for the poor. But being a school teacher who taught Chemistry and Physics for a long period of time and a trusted cadre of India's left movement which always upheld scientific temper and reasoning, I strictly followed scientists and experts than those who eulogize on the imagined benefits of cow dung and cow urine," said the Kerala Health Minister, who won worldwide attention for effectively containing two consecutive instances of Nipah virus spread in the state in the recent past apart from the present situation of the pandemic of COVID-19.

"Ministers and politicians may not be subject experts even on the portfolios being allocated to them. But you can make a difference by keeping your eyes and ears open. You can read a lot on Corona on the internet. The latest information can be accessed. I am using late-night hours to read such articles than going behind the superstitious claims of India's Hindutva right. The only requirement for you is the ability to grasp," said Shailaja, the 63-year-old left leader from Mattannur in the district of Kannur.



"It is my advice to Yogi Adityanath and Arvind Kejriwal, the two chief ministers dealing with the maximum number of suspected corona cases. Ensure that the whole administrative set up is keeping reason and science above superstition. Facilitate better coordination among scientists, experts, doctors with proven capabilities, and public health specialists. Don't hide or suppress anything from the people. There must be extreme transparency and accountability in the interventions and any official attempt to manipulate the data would backfire," she said.

"It was by chance I noticed some news articles from Wuhan in China which spoke of the emergence of coronavirus. It was the initial phase and there was not much scare even in China. But I just thought of the possibility of Keralite youngsters who study for medicine and engineering in Wuhan getting affected with the disease and them returning to Kerala causing its spread here. Immediately I rang up the Kerala Health secretary and shared my concern. The reason might be our two recent consecutive fights against the Nipah virus outbreak. That was the beginning," said the minister.

With the health secretary finding the minister's concern valid, the state has initiated its massive drive targeting corona. It has developed a strong chain of command, starting from the top health department officials inThiruvananthapuram to the field workers.

"The war against corona in Kerala

is not over. We were able to contain the threat but not in a position to say we are completely safe. We are keeping a strict vigil on airports, hotels, and tourist centers. Students who return home from abroad are being scanned," said the minister, who conducts review meetings daily.

The three positive cases reported in the state were all medical students from Wuhan and they hailed from Alapuzha, Thrissur, and Kasaragod districts. Now, they have been discharged from hospitals and none of them are under home quarantine. And all of them are grateful to the state government and the minister for ensuring them the best available care.

"I was shifted to the government medical college hospital in Thrissur on January 31, Minister Shailaja visited me at the isolation ward and consoled me and it was a great relief. When teachers started giving online classes from Wuhan, I was able to connect because the ward had all facilities including a wifi connection. I got whatever I wanted to eat. I ate a lot of biriyanis," said one among the three positive students in a recent media interview that went viral.

According to Shailaja, Kerala is fully equipped to deal with the coronavirus threat based on the strict protocol set out by the Indian Council of Medical Research and the National Institute of Virology.

"The two Nipah outbreaks have given us a sense of direction. Our officials had traced those who returned to Kerala from infected areas and isolated them even if they had minor symptoms. Some others were home quarantined. Trained health workers were deployed to assist them. It all was a team effort. Luckily, Kerala has a team of duty-bound officials and experts who managed the situation with extreme dedication and courage," she said. Among the Indian states,

Kerala is the only one which strictly mandates 28 days of home quarantine for those returning from COVID-19 countries, while it is 14 days at the national level.

"Many people advised me against visiting the patients in isolated wards. But I took it up as a responsibility. All precautions have been taken but the collective will and determination finally started reaping dividends. Patients, their families, and civil society have cooperated with us in the fight. The opposition parties also extended full support," she said.

Based on the advice of virology experts, the state had prepared very specific instructions to deal with each suspected case. Matrices were prepared in a way giving clear guidelines to deal with every single situation which would arise.

Till this report is getting filed, 4,782 people were brought under surveillance at isolation wards in hospitals and home quarantine. There is an extra effort on the part of authorities to alleviate anxiety, stigma, and frustration persisting among those who returning from China and affected nations. When the issue of students and professionals with China connection faced public humiliation and stigma,the government had launched a mass media campaign carrying motivational messages and psychological support. A dozen persons have been arrested with stringent charges for spreading rumours and superstition related to the disease.

"With the police started acting tough against those who spread false information like cow dung can cure corona, vested interests have got a clear grasp that we would not tolerate their gimmicks. That helped a lot," said the minister. A total of 215 trained experts are deployed in the state for ensuring tele-counselling services to those who feel they are infected with the virus.

"In the initial days after taking charge as a minister, lack of expertise was an issue for me. But I gained a clear grasp with the help of the officials. Now I am maintaining direct links with different ranks of officials in the department without considering protocol. Any staff can call me any time to share any grievance, 'said the minister. At her office, there is a twenty-member team that constantly follows the global corona situation. Empathy and transparency are my investments in this field," she said.

"We have just started an institute of virology studies in Thiruvananthapuram and there is a renewed focus on evolving a long-term action plan that can effectively address any virus scare of the future. Other than viruses, I am always concerned about keeping aloft Kerala's hard earned gains in the field of public health. Our government hospitals are a model for the whole country as they match with private ones in terms of facilities, expertise, and infrastructure. Health continues to be inexpensive in Kerala," she said.

UK magazine 'Prospect' identified Kerala Health Minister K K Shailaja as the world's top thinker for the Covid-19 era but the school teacher turned Communist politician from Kannur in Kerala does not think she is doing anything unusual. The recognition of course is inspiring but she gives credit for the success in handling the pandemic to the hundreds of frontline health workers in the state who have made Kerala a model to emulate in the public health sector.

"I am happy that the state continues to be an inspiration in the management of coronavirus pandemic at the international level. We have a strong public healthcare system built over the years and enriched by different socio-political organisations and successive governments. Our doctors and health workers are extremely dedicated and we are ensuring strong public scrutiny

of our actions. I am dedicating this achievement to all those who contribute to the state's public health achievements. We will continue the fight against the pandemic in all possible ways ensuring public involvement and high transparency at each level," the Minister said in an interview to The Citizen.

Interestingly, she has been selected from a list of 50 personalities which include Jacinda Ardern, Prime Minister of New Zealand; philosopher Cornel West; historian of slavery Olivette Otele among others. According to the magazine, 'she was the right woman in the right place'.

When Covid-19 was still a China story in January, Shailaja not only accurately foresaw its inevitable arrival, but also grasped the implications,Prospect, recognising this, has written, "So deft was her handling of a 2018 outbreak of the deadly Nipah disease" that was commemorated in a film, Virus.

She rapidly got the WHO's full "test, trace and isolate" drill implemented in the state, and bought crucial time by getting a grip of the airports, and containing the first cases to arrive on Chinese flights.

Of course the virus returned, but there was rigorous surveillance and quarantine—sometimes in makeshift structures. The public messages have been consistent, and Shailaja follows them to the letter, with social distancing in all official meetings (which can go on until 10pm) and restricting herself to a Zoom-only relationship with her grandchildren."

Other international media organisations like BBC, The New York Times, The Guardian and others in the past have also expressed appreciation for Shailaja's efforts in controlling the spread of the pandemic in her state.

"The war against corona in Kerala is a continuing process. We were able to make considerable gains but are not in a position to say we are completely safe. Our people are travelling across the globe and many who worked outside have returned to the state during the lockdown. The challenges are enormous as cases are now increasing. But we are extremely vigilant and confident about the results to be achieved,'' she said.

When asked about the increasing cases in the state and the challenges posed by the situation, Shailaja said the government has a clear grasp of the the emerging threat and is continuously attempting to balance the questions of lives and livelihoods.

"We never said we achieved ultimate victory over the virus threat. From the beginning of May, the state has witnessed a surge in COVID-19 cases. At another level, we have to protect lives in a way that will not affect livelihood concerns. Many Keralites have returned from abroad and other states in the last two months and we have taken all possible steps to detect virus carriers among them and to ensure them further treatment. Surveillance steps are already on to avert maximum instances of community transmission,'' she said.

"Individual-level vigilance and cooperation with the government is a necessity. At present, over 22,000 tests are happening at 84 laboratories across the state. Nine more labs would be started in the government sector soon. The state currently has 8,704 beds to treat COVID-19 patients. Over 30,500 beds will be ready within a few days. We have now involved private hospitals in the fight and the tariff fixed for them is the lowest in the country. Critics often forget the fact that the state still has the lowest mortality rate in the country: 0.32,'' she explained.

Based on the advice of virology experts, the state has prepared very specific instructions to deal with each suspected case. Matrices were prepared in a way giving clear guidelines to deal with every single situation which would arise.

"With the police starting to act tough against those who spread false information like cow dung can cure corona, vested interests have got a clear grasp that we would not tolerate their gimmicks. That helped a lot,'' the minister said. A total of 215 trained experts are deployed in the state for ensuring tele-counselling services to those who feel they are infected with the virus.

In an interview with K A Shaji, K K Shailaja, the Minister of Health and Social Justice in Kerala about the state's response to the second wave observed that the second wave occurred because of demographic and epidemiological reasons. Despite all our limitations, Kerala government has been able to keep casualties low due to sustained, planned and targeted interventions. Though there was a spike in the last week of October, now there is a downward trend. There are days in which recoveries outsmart new cases. We are doing whatever possible on the part of the government and its dedicated frontline health workers.

When asked if the celebrated Kerala model suffers setbacks, the minister explains the situation.We never created any false projections out of our achievements. Global health experts and international media have praised Kerala because of the early interventions and the coordination of doctors and health workers to address the pandemic threat effectively and scientifically. Even now, we are explaining to people both our gains and inabilities.

When asked whether the demography responsible for the second surge, the minister says that the demographic situation in Kerala is almost similar to that of the big metros. The population

density in Kerala is 856 people per km2. The national average is below 500. We are also a state with a big number of lifestyle diseases, and hence, we are facing an epidemiological challenge as well. Currently our focus is on people with lifestyle diseases and those who lack immunity. They are more prone to the pandemic. The elderly also require special care and focus.

To the question“has the Onam festival contributed to the second spike as alleged by the Union Health Minister?”, the minister answered thus:

When the statement of the Union minister created national headlines, I contacted him for clarity. He explained that the comment was made as a warning to other states which went into similar modes of festivities. Both the centre and the state are coordinating in the fight against the pandemic and we have a common cause. Onam is Kerala’s biggest festival and we ensured limited relaxations on that occasion.  But people violated the protocol at places contributing to the recent spike. The state has also witnessed several political protests in the recent days and they too might have contributed to the spike. The return of migrants from other parts of the state and abroad also had contributed to the situation.

When asked to brief the areas of focus in the given situation, she says that focus is on minimising the mortality rate by improving medical capacity. The state is preparing to handle up to 15,000 new cases every day. The ventilator occupancy in the state is now at 20 per cent, intensive care unit (ICU) occupancy at 42 per cent and bed occupancy at 50 per cent now. We are committed to increasing such facilities. Kerala’s daily test positivity rate is at over 14.19 per cent, more than three times the national average. We have to keep in mind that as well.

On asked if she is you optimistic



about Kerala’s flattening the pandemic in the second phase, the minister

We are hopeful of better results as the case pool has started coming down in the days since November 1. People need to remain careful at least till November-end. Prohibitory orders are in place. The government is focusing more on measures to prevent the spread of the disease.

.........................................................

*Courtesy: Extracts from interactions with the Health Minister, Govt. of Kerala, Smt. K.K. Shylaja Teacher and K.A. Shaji*

# മാസ് എൻട്രി

ദേവാലയത്തിൽ നടക്കുന്ന
സംസ്കാരശുശ്രൂഷകൾ
പെട്ടിയിലുറങ്ങുന്ന ജോസു
കുട്ടിയാണിന്നു താരം!
ചുറ്റിലും മരുവുന്നൂറ്റവർ
മരക്കുറ്റിപോൽ മൗനികൾ
അടുപ്പമുണ്ടെങ്കിലും
അടക്കി വയ്ക്കുന്നവർ
അണമുറിയും പ്രരോദനം.
അയ്യോ എന്ന രോദനം.
ദേവാലയത്തിൽ നടക്കുന്ന
സംസ്കാരശുശ്രൂഷകൾ

പുറത്തു വരാന്തയി-
ലാൾപ്പെരുമാറ്റം
ഇടംകണ്ണാലറിഞ്ഞുഞാൻ
തലപ്പാവ്,വർണ്ണമേലങ്കി
പരികർമ്മികൾ ചുറ്റിലും
എവിടെ മറഞ്ഞവർ?
വെറുമൊരു തോന്നലോ?
സങ്കടത്തീതിന്നുടയവർ
മുകളിലെ പങ്കകൾ സാക്ഷി

പെട്ടെന്നുതിരശ്ശീല മാറുന്നു
തലപ്പാവ് തെളിയുന്നു
മണികൾ കിലുങ്ങുന്നു
ധൂപങ്ങൾ പുകയുന്നു
എല്ലാരുമെഴുന്നേറ്റു
രണ്ടീരടി പാടുന്നു
രംഗം കൊഴുക്കുന്നു.
ദുഃഖം മറക്കുന്നു
മാസ് എൻട്രി! കൊള്ളാം
പൊളിച്ചു, പൊളിസാനം
എന്നെല്ലാം നിരൂപിച്ചു
നിന്നതുമറിഞ്ഞില്ല
ഇരുന്നതുമറിഞ്ഞില്ല
സങ്കടക്കടലിന്മേൽ
ഉദിച്ച കതിരവൻ
മാസാണ്,
മരണമാസാണ്.

സങ്കടക്കടലിന്മേൽ
കതിരോനെ ഉദിപ്പിച്ച
നിങ്ങളും മാസാണ്
മരണമാസാണ്.
സങ്കടക്കടലിന്മേൽ
കതിരോനെ കണ്ട
ഞങ്ങളും മാസാണ്
മരണമാസാണ്.

കൈവീശി മടങ്ങിപ്പോയ്
തലപ്പാവ്; പരികർമ്മിയും
കരഞ്ഞ മുഖങ്ങളിൽ
വിരിഞ്ഞു ചിരിപ്പൂക്കൾ
പരീക്ഷ പാസ്സായപോൽ
തിരിഞ്ഞു കുഞ്ഞാടുകൾ

കവിത ചൊല്ലി കേൾക്കുന്നതിന് QR CODE സ്കാൻ ചെയ്യുക



**സിബു മോടയിൽ**
യു.സി. കോളേജ്, ആലുവ

# തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രാദേശിക ഗവൺമെന്റുകളായി വളർന്നപ്പോൾ

**ഡോ. കെ.എൻ. ഹരിലാൽ**
പ്ലാനിംഗ് ബോർഡ് അംഗം, കേരള സർക്കാർ



ജനകീയാസൂത്രണത്തെ നടപടിക്രമങ്ങളുടെ നൂലാമാലകളിൽ നിന്നും മോചിപ്പിച്ചു എന്നതാണ് പിണറായി സർക്കാരിന്റെ തദ്ദേശഭരണ രംഗത്തെ ഏറ്റവും വലിയ നേട്ടം. ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെയും സങ്കീർണ്ണമായ നടപടിക്രമങ്ങളുടെയും ഭാരം വളരെ വലുതായിരുന്നു. പ്രാദേശിക സർക്കാരുകളെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിച്ചതോടു കൂടി പ്രാദേശിക വികസനത്തിൽ അഭൂതപൂർവ്വമായ ഉണർവ്വും ഉത്സാഹവും പുരോഗതിയും ഉണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി വളരുന്ന പ്രവണത ശക്തമായി.

സംസ്ഥാനത്തിന്റെ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തുകൊണ്ട് 2017 ജനുവരി 21-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസംഗമാണ് യഥാർത്ഥത്തിൽ ഈ മാറ്റത്തിന്റെ തുടക്കം കുറിച്ചത്. ജനകീയാസൂത്രണ രംഗത്ത് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചാണ് മുഖ്യമന്ത്രിയുടെ ഉദ്ഘാടന പ്രസംഗത്തിൽ എടുത്തു പറഞ്ഞത്. കേരളത്തിനു ജനകീയാസൂത്രണ രംഗത്ത് ഏതാണ്ട് രണ്ടര പതിറ്റാണ്ടുകാലത്തെ അനുഭവങ്ങളുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാനത്ത് ധാരാളം പഠനങ്ങളും ചർച്ചകളും നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിലാണ് ജനകീയാസൂത്രണരംഗത്ത് വരുത്തേണ്ട പ്രധാനപ്പെട്ട മാറ്റങ്ങൾ സംബന്ധിച്ച കാഴ്ചപ്പാട് മുഖ്യമന്ത്രി അവതരിപ്പിച്ചത്. ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശം ജനകീയ അധികാരത്തിന്റെ ഇടങ്ങളെ ഉദ്യോഗസ്ഥ മേധാവിത്വത്തിൽ നിന്നും അതിന്റെ ഭാഗമായി നടപ്പിലാക്കപ്പെട്ട അനാവശ്യവും സങ്കീർണ്ണവുമായ നടപടിക്രമങ്ങളിൽ നിന്നും മോചിപ്പിക്കുക എന്നതായിരുന്നു.

പതിമൂന്നാം പദ്ധതിയുടെ ആരംഭം വരെ നാം നേരിട്ടിരു



ന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം നടപടിക്രമങ്ങളുടെ സങ്കീർണ്ണതയും പദ്ധതി രൂപീകരണത്തിൽ വരുന്ന വലിയ കാലതാമസവും തന്മൂലം നിർവഹണത്തിൽ ഉണ്ടാവുന്ന ബുദ്ധിമുട്ടുകളുമായിരുന്നു. ധനകാര്യവർഷം ആരംഭിച്ചാൽ 7-8 മാസംവരെയോ അതിൽ കൂടുതലോ പദ്ധതിരൂപീകരണ പ്രക്രിയ നീളുന്നതായിരുന്നു നമ്മുടെ അനുഭവം. മൂന്നു നാലുമാസംകൊണ്ട് പലപ്പോഴും മാർച്ചിലെ അവസാന ആഴ്ചകളിൽ ഓടിച്ചിട്ടു നിർവ്വഹണം നടത്തുകയായിരുന്നു പതിവ്. ഈ രീതിയിലെ പോരായ്മ തദ്ദേശഭരണ സ്ഥാപനങ്ങളും വകുപ്പും ഉൾക്കൊണ്ട് വിപുലമായ മാറ്റത്തിന് തുടക്കം കുറിച്ചു. ഇതിന്റെ ഫലമായി രണ്ടു പതിറ്റാണ്ടുകൊണ്ട് നേടാൻ കഴിയാത്ത പല ലക്ഷ്യങ്ങളും നമുക്ക് കഴിഞ്ഞ നാലു വർഷം കൊണ്ട് നേടാൻ കഴിഞ്ഞു.

മുൻ കാലങ്ങളിൽ പദ്ധതി ആസൂത്രണ പ്രക്രിയ എല്ലാ വർഷവും സെപ്റ്റംബർ ഒക്ടോബർവരെ നീണ്ടു പോയിരുന്നു. ഈ രീതി മാറ്റി വർഷാരംഭത്തിൽ തന്നെ പദ്ധതി നിർവഹണത്തിനുള്ള സാഹചര്യം ഒരുക്കാനുള്ള ശ്രമം 2017 ആദ്യം തന്നെ ആരംഭിച്ചു. ഇതിന്റെ ഫലമായി 2017 ജൂൺ 15നകം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും 2017-18-ലെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കാൻ കഴിഞ്ഞു. അതുവഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവഹണത്തിന് 10 മാസത്തോളം സമയം ലഭിച്ചു. 2018-19 ൽ ഒരു പടി കൂടി കടന്ന് ഭരണപരമായ പ്രശ്നങ്ങൾ നേരിടുന്ന ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഒഴികെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും മാർച്ച് 31-നകം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് ചരിത്രം കുറിച്ചു. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2018-19-ലെ പദ്ധതികൾ ഏപ്രിൽ ഒന്നു മുതൽ നടപ്പാക്കാൻ കഴിഞ്ഞു. അങ്ങനെ വരും വർഷത്തെ പദ്ധതി ആസൂത്രണം മുൻ വർഷം നവംബർ മാസത്തോടെ ആരംഭിക്കുകയും പദ്ധതി അംഗീകാര നടപടി മാർച്ച്പകുതിയോടെ പൂർത്തിയാക്കുകയും ചെയ്ത് ഏപ്രിൽ 1-ാം തീയതിയോടെ പദ്ധതി നിർവഹണം ആരംഭിക്കുക എന്ന പ്ലാനിംഗ് സൈക്കിളിലേയ്ക്ക് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കടന്നു. ഇത് ഒരു ചരിത്ര നേട്ടമായിരുന്നു.

2019-20 ലാകട്ടെ പാർലമെന്റ് തെരഞ്ഞെടുപ്പ് മുൻകൂട്ടി കണ്ട് ആ വർഷത്തെ പദ്ധതി2018 ഡിസംബർ 31-നകം സമർപ്പിക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളോടും നിർദ്ദേശിച്ചിരുന്നു. ഇതിനാവശ്യമായ ഉത്തരവുകളും പരിശീലനങ്ങളും ഒക്ടോബർ, നവംബർ മാസത്തിൽ തന്നെ നല്കി. ആകെയുള്ള 1200 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 1181 സ്ഥാപനങ്ങളും ഡിസംബർ 31-നകം 2019-20 വർഷത്തെ പദ്ധതി ജില്ലാ ആസൂത്രണ സിമിതിക്ക് സമർപ്പിച്ചു. ഇതുവഴി തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം നിലനില്ക്കുമ്പോൾ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അത്യാവശ്യം വേണ്ട പ്രോജക്ടുകളെങ്കിലും ഏപ്രിൽ ഒന്നു മുതൽ നടപ്പാക്കാൻ കഴിഞ്ഞു.

ആസൂത്രണം സമയബന്ധിതമായതിന്റെ ഫലമായുണ്ടായ വലിയ നേട്ടത്തിന്റെ തെളിവ് പദ്ധതിച്ചെലവിന്റെ മാസാടിസ്ഥാനത്തിലുള്ള കണക്കുകളാണ്. വർഷാവസാനം മാത്രം പദ്ധതി അംഗീകരിച്ച് വർഷാന്ത്യ മാസങ്ങളിൽ പണം വിതരണം ചെയ്യുകയായിരുന്നു മുൻ കാലത്തെ രീതി. ഇപ്പോൾ അത് മാറി. ആദ്യ മാസങ്ങൾ മുതൽ പദ്ധതി ചെലവ് രേഖപ്പെടുത്തുന്ന സ്ഥിതി വന്നു. അതായത് പദ്ധതി പ്രവർത്തനം വർഷം മുഴുവൻ നടക്കുന്ന 'ജൈവ'പ്രക്രിയയായി മാറി. താഴെപ്പറയുന്ന പട്ടിക ഇതു വ്യക്തമാക്കും.

| 2014-15 മുതൽ 2020-21 വരെയുള്ള ഓരോ ത്രൈമാസത്തെയും പദ്ധതി ചെലവ് (ശതമാനം) | | | | |
|---|---|---|---|---|
| വർഷം | ജൂൺ വരെ | സെപ്റ്റംബർ വരെ | ഡിസംബർ വരെ | മാർച്ച് വരെ |
| 2014-15 | 1.39 | 11.23 | 25.47 | 68.21 |
| 2015-16 | 0.82 | 10.81 | 23.99 | 73.61 |
| 2016-17 | NIL | 2.27 | 14.7 | 67.08 |
| 2017-18 | 4.99 | 20.57 | 30.09 | 85.44 |
| 2018-19 | 11.53 | 30.49 | 53.38 | 84.66 |
| 2019-20 | 8.87 | 24.76 | 35.84 | 54.13 |
| 2020-21 | 21.69 | -- | -- | -- |

മാർഗ്ഗരേഖ കൂടുതൽ ലളിതമാക്കി ആസൂത്രണ ഘട്ടങ്ങൾ കുറയ്ക്കുകയും അതുവഴി ആസൂത്രണ പ്രക്രിയ ലളിതമാക്കുകയും ചെയ്തു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഇടപെടൽ സാധ്യത നൽകികൊണ്ട് നടപടിക്രമങ്ങൾ പലതും അഭികാമ്യം, അനിവാര്യം എന്നു തരം തിരിച്ചു. മുൻ സർക്കാരിന്റെ കാലത്ത് കാർഷിക മേഖലയടക്കമുള്ള ഉല്പാദന മേഖലയിൽ നിർബന്ധ വകയിരുത്തൽ ഒഴിവാക്കിയിരുന്നു. ഇത് തിരികെ കൊണ്ടുവന്നു. കൂടാതെ സബ്സിഡി നിരക്ക് വർദ്ധിപ്പിച്ചു. വകുപ്പുകളുടെ നിരക്കുമായി സബ്സിഡി ഏകീകരിച്ചു. പ്രായോഗികതയിൽ ഊന്നി ഗുണഭോക്താക്കളുടെ വരുമാനപരിധി വർദ്ധിപ്പിച്ചു. കൃഷി മേഖലയിൽ ധനസഹായം നാമമാത്ര ചെറുകിട കർഷകർക്ക് ലഭ്യമാകുന്ന തരത്തിൽ ഉയർത്തി. പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ഒഴിവാക്കി. മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യ വികസനം എന്നീ മേഖലയിൽ വരുമാന പരിധി 5.00 ലക്ഷമായി ഉയർത്തി. മറ്റു പദ്ധതികൾക്ക് പൊതു വിഭാഗത്തിന് 2.00 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് 3.00 ലക്ഷമായും ഉയർത്തി.പദ്ധതി ആസൂത്രണ പ്രക്രിയയിൽ ശ്രദ്ധേയമായ മറ്റു പല മാറ്റങ്ങളും ഇതോടൊപ്പം നടപ്പിലാക്കി. മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി നഗര പ്രദേശങ്ങളിലെ വികസനത്തിന് പ്രത്യേക ഊന്നൽ നല്കുന്നതിനും നഗരവല്കരണത്തിന്റെ പ്രശ്നങ്ങൾ പ്രത്യേകമായി പരിഹരിക്കുന്നതിനും നഗരസഭകൾക്കായി പ്രത്യേകം മാർഗ്ഗരേഖ തയ്യാറാക്കി. ഗ്രാമപ്രദേശങ്ങൾക്കും നഗര പ്രദേശങ്ങൾ ക്കും പ്രത്യേക മാർഗ്ഗരേഖ ഉണ്ടാക്കുന്നതോടൊപ്പം കൃത്യത വരുത്തി പ്രത്യേക സബ്സിഡി മാർഗ്ഗരേഖയും തയ്യാറാക്കി.

മുൻ കാലങ്ങളിൽ പ്രോജക്ടുകൾ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർ പരിശോധിച്ച് അംഗീകരിച്ചതിനു ശേഷമായിരുന്നു വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് അംഗീകാരത്തിന് നല്കിയിരുന്നത്. പദ്ധതി സമർപ്പണത്തിന്റെ തിരക്കിൽ ഇപ്രകാരമുള്ള അംഗീകാര പ്രക്രിയ ഫലപ്രദമായിരുന്നില്ല. ഇത് മാറ്റി ആദ്യം വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്കു സമർപ്പിക്കുക എന്ന രീതി നിശ്ചയിച്ചു. തുടർന്ന് നിർവഹണത്തിനു മുമ്പ് പ്രോജക്ടുകൾക്ക് ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ പരിശോധിച്ച് അംഗീകാരം നല്കുന്ന രീതിയിലേക്കു മാറി. ഇതുവഴി വാർഷിക പദ്ധതി അംഗീകാരത്തിനുള്ള കാലതാമസമൊഴിവാക്കാനും ധൃതിപിടിച്ച് പ്രോജക്ടുകൾ വെറ്റു ചെയ്യുന്ന രീതി ഒഴിവാക്കാനും കഴിഞ്ഞു.നിർമ്മാണ പ്രോജക്ടുകളുടെ സുഗമമായ നിർവഹണത്തിന് തടസ്സമായി നിന്നിരുന്ന ഒരു ഘടകം അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രോജക്ടുകൾ വെറ്റു ചെയ്യുന്നതിനും സാങ്കേതികാനുമതി നല്കുന്നതിനുള്ള സൗകര്യമില്ലായിരുന്നു എന്നതാണ്. ഉദാഹരണത്തിന് ജില്ലാ പഞ്ചായത്തുകളുടേയും കോർപ്പറേഷന്റേയും ആയിരക്കണക്കിന് പ്രോജക്ടുകൾ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധിച്ച് അംഗീകാരം നൽ കേണ്ടി വന്നു. എന്നാൽ പ്രോജക്ട് വെറ്റിംഗിനും സാങ്കേതികാനുമതി നൽകുന്നതിനുമുള്ള അധികാരം വികേന്ദ്രീകരിച്ചുകൊണ്ട് ഈ തടസ്സം നീക്കി. ഇതിനായി മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ പുതിയ നിർവഹണ ഉദ്യോഗസ്ഥരെ നിശ്ചയിച്ച് ട്രഷറി കോഡു സഹിതം നല്കി.

നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്നതിൽ വ്യാപകമായ ആക്ഷേപങ്ങൾ നില നിന്നിരുന്നു. ഇതു പരിഹരിക്കുന്നതിന് ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാവുന്ന പ്രോജക്ടുകളുടെ പരിധി 5.00 ലക്ഷം രൂപയിൽ നിന്ന് 50,000/- രൂപയായി കുറച്ചു. എന്നാൽ പി.റ്റി.എ (പേരന്റ് ടീച്ചേഴ്സ് അസോസിയേഷൻ) പോലുള്ള സമിതികൾക്ക് ഇതു ബാധകമാക്കിയുമില്ല. 50,000/- രൂപയിലധികമുള്ള പ്രോജക്ടുകൾക്ക് ടെണ്ടർ നടപടി ബാധകമാക്കിയതു വഴി തദ്ദേശഭരണ സ്ഥാപനങ്ങൾ ക്ക് നേട്ടമുണ്ടായി. ഉദാഹരണത്തിന് സംസ്ഥാനത്താകമാനം ടെണ്ടർ സേവിംഗ്സിനായി 239.60 കോടി രൂപ 2017-18-ലും212.22 കോടി രൂപ 2018-19 ലും, 205.62 കോടി രൂപ 2019-20



ല്യം ലഭിച്ചു. ഇത് നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അഴിമതി വലിയ തോതിൽ കുറയ്ക്കാൻ സഹായിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ വിശ്വാസ്യത ഉയർത്തി. എടുത്തു പറയാവുന്ന ഇത്തരം ചില മാറ്റങ്ങളിലൂടെ ആസൂത്രണ- നിർവഹണത്തിൽ പ്രാദേശിക സർക്കാരുകൾക്ക് ചരിത്രനേട്ടം കുറിക്കാൻ കഴിഞ്ഞു. 1996-97-ൽ ജനകീയാസൂത്രണ പദ്ധതി ഒരു വിപ്ലവകരമായ മാറ്റമാണ് കുറിച്ചതെങ്കിൽ കഴിഞ്ഞ 4 വർഷക്കാലം നിശബ്ദമായ ഒരു വിപ്ലവമാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ -നിർവഹണത്തിൽ നടന്നത്.

പ്രാദേശിക സർക്കാരുകളെ ഏല്പിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതോടൊപ്പം ഒട്ടനവധി മറ്റ് ക്ഷേമ പ്രവർത്തനങ്ങൾ ക്കും നേതൃത്വം നല്കുന്ന തലത്തിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ വളർന്നു എന്നത് ശ്രദ്ധേയമാണ്. സർക്കാരിന്റെ നവകേരള മിഷൻ പ്രവർത്തനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കിനെക്കുറിച്ച് ഇവിടെ എടുത്തു പറയുന്നില്ല. കൃഷി, മൃഗസംരക്ഷണം, മറ്റ് ജീവനോപാധി മേഖലകൾ, പാലിയേറ്റീവ് പ്രവർത്തനം, ഭിന്നശേഷി വിഭാഗങ്ങളുടെ ക്ഷേമം, വൃദ്ധജന സംരക്ഷണം, വനിതാഘടക പദ്ധതി, ട്രാൻസ് ജൻഡേഴ്സ് വിഭാഗക്കാരുടെ ക്ഷേമം, സ്പോർട്സ്/ ഗെയിംസ് എന്നീ മേഖലയിലെല്ലാം പ്രാദേശിക സർക്കാരുകൾ നടത്തിയ ഇടപെടലുകൾ പൊതുജനങ്ങളുടെ അംഗീകാരം നേടി. ഈ രംഗങ്ങളിൽ സംസ്ഥാനത്ത് ശ്രദ്ധേയമായ ഒട്ടേറെ മാതൃകകൾ രൂപപ്പെട്ടു. പരമ്പരാഗത വികസന ക്ഷേമ പ്രവർത്തനങ്ങൾ മാത്രമല്ല സമൂഹത്തിലെ ഏതൊരു വെല്ലുവിളിയും ഏറ്റെടുക്കാൻ തങ്ങൾ ക്കാകുമെന്ന് 2018 ആഗസ്റ്റിലുണ്ടായ പ്രളയകാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ നമുക്ക് കാണിച്ചു തന്നു. ഒരു പടി കൂടി കടന്ന പ്രവർത്തനമാണ് കോവിഡ് 19-നെ നേരിടുന്നതിന് പ്രാദേശിക സർക്കാർ നടത്തിയത്. കമ്മ്യൂണിറ്റി കിച്ചൺ, ക്വാറന്റെൻ സൗകര്യം, ആശുപത്രിയിൽ പ്രത്യേക സൗകര്യമൊരുക്കൽ എന്നുവേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ കടന്നു ചെല്ലാത്ത മേഖല ഇല്ല എന്നു നമുക്ക് കാണാം. പ്രളയകാലത്തേയും മഹാമാരിയുടെ ഘട്ടത്തിലേയും പ്രവർത്തനങ്ങൾ ദുരന്ത നിവാരണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യമായ പങ്ക് ഉറപ്പിച്ചു.

2014-15 മുതലുള്ള മൂന്നുവർഷക്കാലം പദ്ധതിച്ചെലവ് 68 ശതമാനം,73 ശതമാനം, 67 ശതമാനം എന്നീ രീതിയിലായിരുന്നു. എന്നാൽ 2017-18 പദ്ധതിച്ചെലവ്

85.43 ശതമാനമായി. ട്രഷറികളിൽ വളരെ താമസിച്ച് സമർപ്പിച്ച ക്യൂ ബില്ലുകൾ കൂടി പരിഗണിച്ചാൽ ഇത് 90.10 ശതമാനമാണ്. ഇത് ജനകീയാസൂത്രണ ചരിത്രത്തിൽ ആദ്യമാണ്. 220 തദ്ദേശഭരണ സ്ഥാപനങ്ങൾ 100 ശതമാനം തുക ചെലവഴിച്ചു. 2016-17-ലെ സംസ്ഥാനത്ത ശരാശരി പദ്ധതിച്ചെലവ് 67 ശതമാനമായിരുന്നു. എന്നാൽ 2017-18-ൽ വെറും 87 തദ്ദേശഭരണ സ്ഥാപനങ്ങൾ മാത്രമാണ് മുൻ വർഷത്തെ ശരാശരി പദ്ധതി ച്ചെലവിനേക്കാൾ താഴെപ്പോയത്. 2018-19ലും പദ്ധതി ചെലവ് മികച്ച നിലയിലായിരുന്നു. 84.66 ശതമാനം. കേരളത്തിൽ കൊടിയ നാശം വിതച്ച പ്രളയസമയത്തും ഈ ഉയർന്ന പദ്ധതി ചെലവ് എടുത്തു പറയേണ്ടതാണ്. പെന്റിംഗ് ബിൽ കൂടി ചേർത്താൽ ചെലവ് 93 ശതമാനമാണ്. കൊവിഡ് മഹാമാരിയുടേയും കടുത്ത സമ്പത്തിക പ്രതിസന്ധിയുടേയും പശ്ചാത്തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ക്ക് കഴിഞ്ഞ വർഷം (2019-20 ൽ ) ബിൽ ട്രഷറിയിൽ കൃത്യമായി കൊടുക്കാൻ കഴിഞ്ഞില്ല. കൊടുത്തവ മാറാനും കഴിഞ്ഞില്ല എന്ന വസ്തുത മറക്കുന്നില്ല. എന്നാൽ ട്രഷറിയിൽ നല്കിയ എല്ലാ ബില്ലുകളും 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ മാറി. അതിനാലാണ് ജൂൺ അവസാനം ആയപ്പോൾ തന്നെ നടപ്പുവർഷം (2020-21)പദ്ധതി ചെലവ് 23 ശതമാനമായത്.

പദ്ധതി ആസൂത്രണ നിർവഹണത്തിന് മുമ്പ് പറഞ്ഞ മാറ്റങ്ങൾ വരുത്തിയതോടൊപ്പം നഷ്ടപ്പെട്ടുപോയ ജനപങ്കാളിത്തം വീണ്ടെടുക്കാനും ചില പരിഷ്കാരങ്ങൾ വരുത്തി. ആസൂത്രണ പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആസൂത്രണസമിതി രൂപീകരിച്ചു. ഈ സമിതിയിൽ സന്നദ്ധ പ്രവർത്തകരായ വിദഗ്ധരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ സന്നദ്ധ പ്രവർത്തകനായ വിദഗ്ധനെ നിശ്ചയിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇവർക്ക് 5000/- രൂപ പ്രതിമാസം ഓണറേറിയം നല്കാനും അനുമതി നല്കിയിട്ടുണ്ട്. ഇവരെ ആരെയും മുകൾ ത്തട്ടിൽ നിന്ന് നിശ്ചയിച്ച് നല്കാതെ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ ക്ക് തീരുമാനിക്കാനാണ് നിർദ്ദേശിച്ചിരുന്നത്. ഇതിനൊക്കെ പുറമെ പദ്ധതി നിർവഹണത്തിലെ പ്രശ്നങ്ങൾ അപ്പപ്പോൾ വിലയിരുത്തി പരിഹരിക്കുന്നതിനും വകുപ്പുതല സംയോജനത്തിനും സർക്കാർതലത്തിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനവും ചിട്ടപ്പെടുത്തിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കുന്ന പദ്ധതി വിഹിതത്തിൽ ക്രമാനുഗതമായ വർദ്ധനവു വരുത്തി. ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി വിഹിതത്തിന്റെ 0.50 ശതമാനം വീതം അധികമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ക്ക് നല്കണമെന്ന സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ സർക്കാർ നടപ്പാക്കി. ഇതിന്റെ വിശദാംശം താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

ഇതിനു പുറമേ മെയിന്റനൻസ് ഗ്രാന്റ്, പൊതു ആവശ്യ ഗ്രാന്റ് എന്നീ ഇനത്തിലും വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾ ക്ക് നല്കുന്നുണ്ട്. അധികാര വികേന്ദ്രീകരണത്തിൽ സർക്കാർനല്കുന്ന മുന്തിയ പരിഗണനയാണ് ഇത് കാണിക്കുന്നത്.

| വർഷം | തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കിയ പദ്ധതി വിഹിതം (കോടി രൂപ) | സംസ്ഥാന ബഡ്ജറ്റ് വിഹിതം (കോടി രൂപ) | തദ്ദേശഭരണ സ്ഥാപനത്തിന് ലഭിച്ച വിഹിതത്തിന്റെ ശതമാനം |
|---|---|---|---|
| 2020-21 | 6903.00 | 27,610.00 | 25.00 |
| 2019-20 | 7500.00 | 30,610.00 | 24.50 |
| 2018-19 | 7000.00 | 29,150.00 | 24.00 |
| 2017-18 | 6227.00 | 26,500.00 | 23.50 |
| 2016-17 | 5500.00 | 24,000.00 | 22.92 |

കേരളത്തിൽ ജനകീയാസൂത്രണം ആരംഭിച്ചത് ജനാധിപത്യത്തെ കൂടുതൽ അർത്ഥപൂർണമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ്. ഓരോ അഞ്ചു വർഷം കൂടുന്തോറും വോട്ടു ചെയ്യാനും പുതിയ സർക്കാരിനെ തെരഞ്ഞെടുക്കാനും കഴിയുന്ന എന്നതുകൊണ്ട് മാത്രം ജനാധിപത്യം അർത്ഥപൂർണ്ണമാകില്ല. അധികാരത്തിന്റെ പ്രയോഗത്തിൽ അതായത് ഭരണത്തിൽ തുടർച്ചയായും സാർത്ഥകമായും ജനങ്ങൾ ക്ക് ഇടപെടാൻ കഴിയണം. ജനങ്ങളുടെ പങ്കാളിത്തവും മുൻ കൈയും ഉറപ്പാക്കണം. ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം അതായിരുന്നു. ഉജ്ജ്വലമായ ഒരു തുടക്കം ജനകീയാസൂത്രണത്തിന് ലഭിക്കുകയും ചെയ്തു. എന്നാൽ ഒട്ടും വൈകാതെ അതിസങ്കീർണ്ണമായ നടപടിക്രമങ്ങളുടെ നൂലാമാലയിൽ പ്പെടുത്തി ഉദ്യോഗസ്ഥ മേധാവിത്വം ജനകീയ അധികാരത്തിന്റെ വേദികളെ പരിമിതപ്പെടുത്തുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. അതിസങ്കീർണ്ണവും അപഹാസ്യവുമായി മാറിക്കൊണ്ടിരുന്ന നടപടിക്രമങ്ങളുടെ ബാഹുല്യത്തിൽ നിന്നും പ്രാദേശിക സർക്കാരുകളെ മോചിപ്പിക്കാൻ പിണറായി സർക്കാരിനു കഴിഞ്ഞു എന്നത് ചെറിയ നേട്ടമല്ല. പ്രാദേശിക ജനസമൂഹങ്ങൾക്ക് തിരിച്ചു കിട്ടിയ പ്രവർത്തന സ്വാതന്ത്ര്യമാണ് ഇപ്പോൾ നിരീക്ഷകർ പൊതുവെ ശ്ലാഘിക്കുന്ന വലിയ നേട്ടങ്ങളുടെ അടിസ്ഥാനം.

# നവോത്ഥാനത്തിന്റെ നാൾവഴികൾ


**ശ്രീജിത്ത് സി.എസ്.**
സെന്റ് മേരീസ് കോളേജ്,
സുൽത്താൻ ബത്തേരി




1892ലാണ് സ്വാമിവിവേകാനന്ദന്റെ കേരള സന്ദർശനം ഷൊർണ്ണൂരിൽ നിന്നും ആരംഭിക്കുന്നത്. ഒരു കാളവണ്ടിയിൽ കൊടുങ്ങല്ലൂരെത്തിയ വിവേകാനന്ദൻ ഭട്ടൻ തമ്പുരാനായി സംവാദത്തിലേർപ്പെടുകയും കൊടുങ്ങല്ലൂരമ്പലം സന്ദർശിക്കാൻ ആഗ്രഹിക്കുകയും ചെയ്തു. പക്ഷെ ഒരു പരദേശിയായതിനാൽ വിവേകാനന്ദന്റെ ജാതി തിരിച്ചറിയാനാകില്ലെന്നും അതിനാൽ അമ്പലത്തിൽ കയറ്റാനാകില്ലെന്നും സവർണ മാടമ്പികൾ നിലപാടെടുത്തു. കേരളത്തിൽ മാത്രമാണ് മനുഷ്യൻ മനുഷ്യനെ കണ്ടാൽ അശുദ്ധനാകുന്ന അനുഭവവും വിവേകാനന്ദനുണ്ടാകുന്നത്. ഈ പശ്ചാത്തലത്തിലാണ് വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയം എന്ന് വിശേഷിപ്പിക്കുന്നത്. ഒന്നേകാൽ നൂറ്റാണ്ടിനിപ്പുറം കേരളം നേടിയ സാമൂഹിക പുരോഗതിയും, ദുരന്തങ്ങളെ ഒറ്റക്കെട്ടായി നേരിടാനുള്ള ജനകീയ ഇടപെടലിനെയും വിദേശമാധ്യ

മങ്ങളും സാമൂഹിക ശാസ്ത്രജ്ഞരും
പ്രശംസിക്കുന്നു, പഠിക്കുന്നു. ഈ
കാലയളവിൽ കേരളം മാറിയ
തെങ്ങിനെയെയാണ് ? കേരള
നവോത്ഥാനം എന്ന് വിശേഷിപ്പി
ക്കപ്പെടുന്ന മതസാമുദായിക -ജാതി
വിരുദ്ധ മുന്നേറ്റങ്ങളുടെ മാത്രം ഗുണ
ഫലമാണോ അത് ? എങ്ങിനെയെ
ങ്കിൽ എന്തുകൊണ്ട് അത്തരമൊരു
മുന്നേറ്റം സമാനമായ നവോത്ഥാന
മുന്നേറ്റങ്ങൾ ഉണ്ടായ മഹാരാഷ്ട്ര
യിലോ തമിഴ്നാട്ടിലോ ഒന്നും
വേണ്ടവിധം ഉണ്ടായില്ല? അത്ത
രമൊരന്വേഷണം കേരളത്തിന്റെ
സാമൂഹിക മുന്നേറ്റത്തെ സംബന്ധി
ച്ചിടത്തോളം പ്രധാനമാണ്.

ബ്രിട്ടീഷ് കൊളോണിയലിസത്തി
ന്റെ രൂപത്തിലാണ് മുതലാളിത്ത
ആധുനികത ഇന്ത്യയിലേക്ക്
വരുന്നത്. ജാതീയമായ ഉച്ചനീത
ത്വങ്ങളും ജീവിതത്തിന്റെ സമസ്ത
മേഖലകളിലും നിറഞ്ഞു നിന്നിരു
ന്ന ചൂഷണ വ്യവസ്ഥയും നിലനി
ന്നിരുന്ന ജാതി-ജന്മി - നാടുവാഴി
ത്ത വ്യവസ്ഥയിലേക്കാണ് ഈ
മുതലാളിത്ത ആധുനികത കടന്നു
വരുന്നത്. ഇന്ത്യയിലെ ജാതി -
ജന്മി - നാടുവാഴിത്ത വ്യവസ്ഥിതി
യെ പൂർണമായും നശിപ്പിച്ച് ഒരു മു
തലാളിത്ത വ്യവസ്ഥിതിക്ക് രൂപം
കൊടുക്കുകയല്ല മറിച്ച് തങ്ങളുടെ
ചൂഷണ വ്യവസ്ഥക്കനുകൂലമാവും
വിധം അതിനെ പുനഃസമാഘടി
പ്പിക്കുകയാണ് ബ്രിട്ടീഷ് കൊളോ
ണിയലിസം ഇന്ത്യയിൽ ചെയ്തത്.
ഇന്ത്യയിലെ ജന്മിത്ത വ്യവസ്ഥയെ
സമീന്ദാരി റയോത്ത്വാരി തുടങ്ങിയ
രൂപങ്ങളിൽ പരിഷ്ക്കരിച്ച അവർ
ജാതി വ്യവസ്ഥയെ തങ്ങളുടെ
തൊഴിൽ ചൂഷണത്തിന് അനുയോ
ജ്യമാം വിധം ഉപയോഗിക്കുകയും
ചെയ്തു. ഒരേ സമയം ബൂർഷ്വാ
ആധുനികത സൃഷ്ടിച്ച ആധുനിക
വിദ്യാഭ്യാസം, പരിമിതമായ പാർ
ലമെന്ററി സാധ്യതകൾ എന്നിവ
യെ സാമൂഹികമായി പിന്നോക്കം
നിന്നിരുന്ന ജനവിഭാഗങ്ങൾ
അതുവരെയുള്ള തങ്ങളുടെ സാമൂഹി
കാവസ്ഥയെ മുറിച്ചു കടക്കാനുള്ള
അവസരമായി കീഴാള വിഭാഗ
ങ്ങൾ ഉപയോഗപ്പെടുത്താൻ ശ്രമി
ക്കുകയും എന്നാൽ മേല്പറഞ്ഞ ഉപ
രിവർഗ്ഗ ഘടന അതിനെ തടയാൻ



നിരന്തരം ശ്രമിക്കുകയും ചെയ്തു.
ഈ സംഘർഷ / വൈരുധ്യങ്ങ
ളെയാണ് പൊതുവെ നവോത്ഥാന
മുന്നേറ്റങ്ങൾ എന്നതിലൂടെ വിവ
ക്ഷിക്കുന്നത്. ഇവിടെ പ്രധാനപ്പെട്ട
ഒരു വസ്തുത ഇന്ത്യയിലെ ബ്രിട്ടീഷ്
വിരുദ്ധ സമരങ്ങളുടെ രാഷ്ട്രീയ
മേധാവിത്തം ഇന്ത്യൻ നാഷണൽ
കോൺഗ്രസ്സിനായിരുന്നു എന്നതാ
ണ്. വക്കീലന്മാരുടെയും മറ്റും നേതൃ
ത്വത്തിലെ ഒരു വിലപേശൽ ഗ്രൂപ്പ്
എന്നത് വിട്ട് 1920 കളോടെയാണ്
ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനം
ഒരു ബഹുജനപ്രസ്ഥാനമായി മാ
റുന്നത്. ഇന്ത്യൻ സാഹചര്യത്തിൽ
ഒരു സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്
ഒരു ബഹുജനപ്രസ്ഥാനമായി മാ
റുന്നതിന് ജനങ്ങളെ വിഭജിക്കുന്ന
ജാതി, മതം, വർഗപരമായ വേർ
തിരിവുകൾ എന്നിവയെ അഭിസം
ബോധന ചെയ്യേണ്ടതുണ്ടായിരുന്നു.
എന്നാൽ കോൺഗ്രസ്സിന്റെ നേ
തൃത്വം ജന്മി - ബൂർഷ്വാ - ഭൂവുടമാ
വിഭാഗത്തിനായതിനാൽ അവരു
ടെ അധീശത്വത്തെ തകർക്കുന്ന
നിലപാടുകൾ വർഗ്ഗപരമായി
എടുക്കാനുള്ള പരിമിതിയും നില
നിന്നു. അതുകൊണ്ടാണ് ഹരിജ
നോദ്ധാരണം, ഭൂദാന പ്രസ്ഥാനം
തുടങ്ങിയ നിഷ്ക്രിയ പ്രവർത്തന
ങ്ങളുമായി മുന്നോട്ട് പോകാനും
ഇന്ത്യയിലെ വൈരുദ്ധ്യങ്ങളെ



പൊയ്കയിൽ അപ്പച്ചൻ

അഭിസംബോധന ചെയ്യുന്ന എന്ന പ്രതീതി ജനിപ്പിക്കാനും കോൺഗ്രസ്സ് തയ്യാറായത്. എന്നാൽ ആദ്യം കോൺഗ്രസ്സിനകത്ത സോഷ്യലിസ്റ്റ് ഗ്രൂപ്പായും പിന്നീട് പുറത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയായും പ്രവർത്തിച്ച വിഭാഗമാകട്ടെ ഈ ഇന്ത്യൻ വൈരുദ്ധ്യങ്ങളെ അഭിസംബോധന ചെയ്യുകയും ഇന്ത്യൻ സാഹചര്യത്തിൽ ഈ വൈരുദ്ധ്യങ്ങളെ മുറിച്ച് കടക്കുവാൻ നിലനിൽക്കുന്ന സാമ്രാജ്യത്വത്തെയും ജാതി – ജന്മി – നാട്ടുവാഴിത്തത്തെ തകർക്കേണ്ട ആവശ്യത്തെ ഊന്നിപ്പറയുകയും അതിനുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. സാമ്രാജ്യത്വ വിരുദ്ധ – നവോത്ഥാന മുന്നേറ്റങ്ങളുടെ തുടർച്ചയായി ജന്മിത്ത വിരുദ്ധ സമരങ്ങളെ വികസിപ്പിക്കുകയെന്ന രാഷ്ട്രീയ പരിപാടിയാണവർ ആദ്യം മുന്നോട്ട് വെച്ചത്. അതായത് നേരത്തെ സൂചിപ്പിച്ച നവോത്ഥാന മുന്നേറ്റത്തെ ഒരു പ്രവർത്തന പദ്ധതിയായി വികസിപ്പിച്ചത് ഇന്ത്യയിലെ തൊഴിലാളിവർഗ മുന്നേറ്റമാണ് എന്ന് സാരം. അതുകൊണ്ടു തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും വിശിഷ്യാ കർഷകസംഘത്തിനും സ്വാധീനമുണ്ടായിരുന്ന ഇടങ്ങളിൽ ആ മുന്നേറ്റത്തിന് വലിയ സ്വാധീനം സൃഷ്ടിക്കാൻ കഴിഞ്ഞു. ഇതാണ് കേരളത്തിലെ നവോത്ഥാന തുടർച്ചയെ മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്ന പ്രധാന ഘടകം.

മതസാമുദായിക പരിഷ്കരണം, ജാതിവിരുദ്ധ മുന്നേറ്റം, തൊഴിലടക്കമുള്ള വിഭവങ്ങൾക്കായുള്ള സമ്മർദ്ദം എന്നീ നിലകളിൽ ആരംഭിച്ച കേരളത്തിലെ നവോത്ഥാനമുന്നേറ്റം ഒരർത്ഥത്തിൽ അന്നത്തെ മധ്യവർഗ്ഗ നേതൃത്വത്തിലാണ് സംഘടിപ്പിക്കപ്പെട്ടത്. ആ മുന്നേറ്റത്തെ ഒരു ബഹുജന പ്രസ്ഥാനമാക്കി മാറ്റിയത് പിന്നീട് ഉയർന്നു വന്ന തൊഴിലാളി – കർഷക പ്രസ്ഥാനങ്ങളാണ്. മുപ്പതുകളുടെ ആദ്യം മുതൽ ആഗോളതലത്തിൽ തന്നെ ഉണ്ടായ മുതലാളിത്ത കുഴപ്പം കേരളത്തെയും ബാധിച്ചു. ആ ഘട്ടത്തിലാണ് മനുഷ്യരെ പറ്റിയിലിട്ട് പത്തായം നിറക്കുന്ന ജന്മിത്തത്തിനെതിരെയും സാമ്രാജ്യത്വത്തിനെതിരെയുമുള്ള സമരങ്ങളുടെ ജീവൽ രാഷ്ട്രീയത്തെ കേരളത്തിലെ കീഴാള വർഗ്ഗം തിരിച്ചറിയുന്നത്. അതുകൊണ്ടു പട്ടിണി, തൊഴിലില്ലായ്മ എന്നീ ജീവൽപ്രശ്നങ്ങളെ മുൻനിർത്തി ജനങ്ങളെ സംഘടിപ്പിക്കാനും വളരാനും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു. ഇങ്ങനെ ജനങ്ങളെ സംഘടിപ്പിക്കണമെങ്കിൽ ജാതിമത ഭേദങ്ങൾക്കപ്പുറം അവർക്ക് സംഘടിക്കാനുള്ള സാംസ്കാരികമായ ഒരന്തരീക്ഷം ഉണ്ടാകേണ്ടതുണ്ട്. 'മനുഷ്യാണാം മനുഷ്യത്വം '... എന്ന നാരായണഗുരു വചനം അവിടെയാണ് അതിനുള്ള അന്തരീക്ഷമൊരുക്കിയത്. പശുവിന് പശുത്വം പോലെ മനുഷ്യരായി പിറന്ന സകലർക്കും ഒരേ ജാതിയാണെന്ന സൈദ്ധാന്തിക പരിസരത്തുനിന്നാണ് മേൽപ്പറഞ്ഞ സംഘടനാ മുന്നേറ്റങ്ങൾ ആരംഭിക്കുന്നത്. ഒരർത്ഥത്തിൽ ഗുരുവും, പൊയ്കയിൽ അപ്പച്ചനും, വാഗ്ഭടാനന്ദനും, അയ്യങ്കാളിയുമെല്ലാം ആരംഭിച്ച സാമൂഹിക മുന്നേറ്റത്തെ രാഷ്ട്രീയ മുന്നേറ്റമായി വികസിപ്പിക്കുകയും വർഗ്ഗത്തെ കേന്ദ്രസ്ഥാനത്തേക്ക് കൊണ്ടുവരികയും ചെയ്തു എന്നതാണ് നവോത്ഥാനത്തിലെ ഇടതുപക്ഷത്തിന്റെ നിർണായകമായ പങ്ക്. ഈ കാലയളവിൽ ഇടതുപക്ഷം കേരളത്തിന്റെ ഗ്രാമഗ്രാമാന്തരങ്ങൾ തോറും വിളിച്ച "ജന്മിത്തം തുലയട്ടെ,

സാമ്രാജ്യത്വം തുലയട്ടെ " എന്നീ മുദ്രാവാക്യങ്ങളും, ജാതിമത ഭേദമന്യേ അദ്ധ്വാനിക്കുന്ന മനുഷ്യർ സംഘടിച്ച് നടത്തിയ സമരോത്സുക പോരാട്ടങ്ങളും നവോത്ഥാനം മുന്നോട്ട് വെച്ച മനുഷ്യസങ്കല്പത്തെ പ്രാവർത്തികമാക്കുകയായിരുന്നു. സാമുദായിക പരിഷ്കരണ / നവോത്ഥാന സംഘടനകൾ മിക്കതും പിൽകാലത്ത് ജാതിയിൽ സ്തംഭിച്ചുപോയപ്പോഴും ഇടതുപക്ഷത്തിന് മുന്നേറാൻ കഴിഞ്ഞത് ഈ പ്രവർത്തന പദ്ധതികൾ കൊണ്ടാണ്.


1931 ലെ കറാച്ചി കോൺഗ്രസ്സിൽ തന്നെ ഭൂപരിഷ്കരണം തങ്ങളുടെ നയമാണെന്ന് കോൺഗ്രസ്സ് പ്രഖ്യാപിച്ചിരുന്നെങ്കിലും ഇന്ത്യയിലെ ജാതി - ജന്മി വ്യവസ്ഥക്ക് കനത്ത ആഘാതമേല്പിക്കാൻ ശേഷിയുള്ള അത്തരമൊരു മുദ്രാവാക്യം സ്വാതന്ത്ര്യാനന്തരം കോൺഗ്രസ്സ് പൂർണമായും കൈവിട്ടു. കോൺഗ്രസ്സിന്റെ നേതൃത്വം പൂർണമായും ബൂർഷ്വാ - ഭൂവുടമ വിഭാഗത്തിന്റെ കൈയിൽ അകപ്പെട്ടു എന്നതായിരുന്നു അതിനുള്ള കാരണം. അതുകൊണ്ടു തന്നെ ഇന്ത്യയിലെ സ്വാതന്ത്ര്യ കൈമാറ്റം പോലും തികച്ചും നിഷ്ക്രിയമായ (passive) ഒരു അധികാര കൈമാറ്റം മാത്രമായി. അതുവരെയുണ്ടായിരുന്ന വർഗ മേധാവിത്വത്തിനോ, ഉദ്യോഗസ്ഥ - നീതിന്യായ സംവിധാങ്ങൾക്കോ കാര്യമായ ഒരു മാറ്റവും അതിലൂടെ കൈവന്നില്ല. എന്നാൽ കാൽനൂറ്റാണ്ടോളം കേരളത്തിന്റെ ഗ്രാമങ്ങൾ തോറും കർഷകരും കർഷക തൊഴിലാളികളും വിളിച്ച ജന്മിത്തം തുലയട്ടെ എന്ന മുദ്രാവാക്യത്തിന്റെയും അതിനെ അടിസ്ഥാനമാക്കിയ പോരാട്ടങ്ങളുടെയും പശ്ചാത്തലത്തിലാണ് 1956 ലെ ഒന്നാം ഇ എം എസ് സർക്കാർ കേരളത്തിൽ അധികാരത്തിൽ വരുന്നത്. അതുകൊണ്ട് തന്നെ കോൺഗ്രസ്സ് നടപ്പിലാക്കുമെന്ന് വാഗ്ദാനം നൽകിയതും എന്നാൽ പിന്നീട് പിന്മാറിയതുമായ ബൂർഷ്വാ വിപ്ലവ പദ്ധതിയായ ഭൂപരിഷ്കരണം ഉൾപ്പെടെയുള്ള നടപടികൾ പരിമിതമായ അധികാര സ്ഥാനത്തിനകത്ത് ചെയ്യുക എന്ന ഉത്തരവാദിത്തം കമ്മ്യൂണിസ്റ്റ് പാർട്ടി ഏറ്റെടുത്തു.

നിലനിക്കുന്ന ഭൂബന്ധങ്ങളെ തകർക്കുക കൃഷിഭൂമി കർഷകന് ലഭ്യമാക്കുക എന്ന ഉദ്ദേശമാണ് ഭൂപരിഷകരണത്തിനുണ്ടായിരുന്നത്. അതോടൊപ്പം തന്നെ വിദ്യാഭ്യാസത്തെ സർക്കാർ ഉത്തരവാദിത്തമാക്കുന്ന വിദ്യാഭ്യാസ നയത്തിനും, തൊഴിൽ നിയമങ്ങൾക്കുമെല്ലാം രൂപം കൊടുത്തു. ഒരർത്ഥത്തിൽ കേരളത്തിൽ ഒരു നൂറ്റാണ്ടോളം നീണ്ട നവോത്ഥാന മുന്നേറ്റത്തിൽ അധികാരത്തിന്റെ ഭാഗത്തുനിന്നുള്ള ബോധപൂർവമായ ആദ്യ ഇടപെടൽ ആയിരുന്നു ആദ്യ ഇ എം എസ് സർക്കാരിന്റെ ഇടപെടലുകൾ. തങ്ങൾ ഇടപെടുന്നത് ഒരു ബൂർഷ്വാ ലിബറൽ ജനാധിപത്യ വ്യവസ്ഥയിലാണെന്നും അതിന്റെ പരിമിതികൾക്കകത്ത് നിന്നുകൊണ്ടുള്ള പരിഷ്കരണ നടപടികൾ മാത്രമാണിതെന്നും തിരിച്ചതിരിച്ചറിഞ്ഞുകൊണ്ടായിരുന്നു ആ ഇടപെടലുകൾ കമ്മ്യൂണിസ്റ്റുകാർ നടത്തിയത്. എന്നാൽ ആ ഇടപെടലുകൾ പോലും കേരളത്തിലെ ബൂർഷ്വാ - ഭൂവുടമ വിഭാഗത്തിനും അവരുടെ കോടാലിക്കൈകളായി പ്രവർത്തിച്ച സാമുദായിക സംഘടനകൾക്കും സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. മൂലധനത്തിനെതിരായ, നിലനിൽക്കുന്ന വർഗ്ഗഘടനയെ തകർക്കുന്ന ഏതൊരു ഇടപെടലിനോടും വലതുപക്ഷം നിന്ദ്യമാം വിധം എതിരിടും എന്നതിന്റെ തെളിവായിരുന്നു കമ്മ്യൂണിസ്റ്റ് മന്ത്രിസഭയ്ക്കെതിരെ അരങ്ങേറിയ വിമോചനസമരം എന്ന പിന്തിരിപ്പൻ സമരം. ഒരു നൂറ്റാണ്ടിലേറെ നീണ്ടു നിന്ന നവോത്ഥാന - തൊഴിലാളിവർഗ്ഗ മുന്നേറ്റങ്ങളോട് ഫ്യൂഡൽ പിന്തിരിപ്പൻ ശക്തികൾക്കുണ്ടായിരുന്ന സകല വിദ്വേഷവും ഒന്നിച്ചു പ്രയോഗിച്ച പ്രതിവിപ്ലവ സമരമായിരുന്നു വിമോചന സമരം. ജാതി മത സാമുദായിക ശക്തികൾക്ക് ആധുനിക കേരള രാഷ്ട്രീയത്തിൽ ആദ്യമായി മേൽക്കൈ നേടാനും അതിന്റെ ഗതി നിർണയിക്കാനും ലഭിച്ച അവസരം കൂടിയായിരുന്നു വിമോചനസമരം. ദൈവത്തിനുള്ളത് ദൈവത്തിന് സീസറിനുള്ളത് സീസർക്ക് എന്നത് പൊതുവെ മതസാമുദായികതയെയും രാഷ്ട്രീയത്തെയും വേർതിരിച്ച് നിർത്തുന്ന ആധുനികതയുടെ പൊതുതത്വമായി നവോത്ഥാനാനന്തരം അംഗീകരിക്കപ്പെട്ട ഒരു തത്വമാണ്. എന്നാൽ അതിൽ നിന്നുള്ള പൂർണ വിച്ഛേദനമായി രാഷ്ട്രീയത്തെ നിയന്ത്രിക്കാനും നിശ്ചയിക്കാനുമുള്ള അധികാരം മതസാമുദായികതയ്ക്ക് അടിയറവ് വെയ്ക്കുകയായിരുന്നു വിമോചനസമരത്തിലൂടെ വലതുപക്ഷം. അതുകൊണ്ടു തന്നെ കേരള നവോത്ഥാനത്തിൽ നിന്നുള്ള പിന്നോട്ട് നടത്തവും പിൽക്കാല രാഷ്ട്രീയത്തിൽ മതസാമുദായികതയുടെ സ്വാധീനം ശക്തമാക്കി എന്നതുമാണ് വിമോചനസമരത്തിന്റെ പ്രാധാന്യം.

1956ൽ 56 വയസായിരുന്നു കേരളത്തിലെ ശരാശരി ആയുർദൈർഘ്യം. സാക്ഷരതാ നിരക്കാകട്ടെ 1951 ലെ കണക്കു പ്രകാരം മലബാറിൽ 31.3 % വും തിരുവിതാംകൂറിൽ 46.7% വും മാത്രമായിരുന്നു. കേരളം സകല മേഖലകളിലും നേടിയ മുന്നേറ്റങ്ങൾ ഭൂപരിഷ്കരണവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടിരിക്കുന്നു. ഭൂപരിഷ്കരണം നടപ്പാക്കപ്പെട്ടതിനു ശേഷം ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചതോടെയാണ് കേരളത്തിലെ കുടുംബങ്ങൾ മക്കളെ വിദ്യാഭ്യാസത്തിനയക്കാനും, മികച്ച ആരോഗ്യപരിപാലനം നൽകാനും ഉള്ള ശേഷിയിലേക്ക് ഉയർന്നത്. ഇന്നലെ വിളിച്ച ജന്മിത്തം തുലയട്ടെ എന്ന മുദ്രാവാക്യം ഇന്നത്തെ ഭൂപരിഷ്കരണമാകുന്നതിലൂടെ നാട്ടിൽ സംഘടിത മനുഷ്യർ ഉയർത്തുന്ന ഒരു മുദ്രാവാക്യം നാളെ യാഥാർഥ്യമാകാമെന്ന ആത്മവിശ്വാസം കൂടി ഒരു ജനതയ്ക്ക് ലഭ്യമായി.അതാണ് കൂടുതൽ സംഘടിതരാകാനും വായനശാലകൾ, പള്ളിക്കൂടങ്ങൾ തുടങ്ങിയ പൊതുഇടങ്ങളിൽ ഒന്നിച്ചു കൂടാനും മതസാമുദായിക സങ്കുചിതത്വത്തിനപ്പുറം ഒന്നിക്കേണ്ടതാണെന്ന ബോധ്യത്തിലേക്ക് മനുഷ്യരെ ഉയർത്തുകയും ചെയ്തത്. ഇങ്ങനെ ഒരേ സമയം വിമോചനസമരാനന്തരമുണ്ടായ സാമുദായിക ഇടപെടലിന്റെയും, ഭൂപരിഷകരണാനന്തരമുണ്ടായ സാമൂഹിക മുന്നേറ്റത്തിന്റെയും വൈരുദ്ധ്യങ്ങളിലൂടെയാണ്

കേരളം മുന്നോട്ട് നീങ്ങിയത്.

1990 കളോടെ കേരളത്തിന്റെ വികസനാനുഭവം സവിശേഷമായ ലോകശ്രദ്ധ പിടിച്ചുപറ്റി. കുറഞ്ഞ പ്രതിശീർഷ വരുമാനത്തിലും ഉയർന്ന സാമൂഹിക വികാസ സൂചകങ്ങൾ എന്നതായിരുന്നു ഈ വികസനാനുഭവത്തിന്റെ പ്രത്യേകത. പക്ഷെ ആ മുന്നേറ്റത്തെ എടുത്തുപറയുമ്പോൾ തന്നെ ഉത്പാദന മേഖലയിൽ വേണ്ടത്ര വികാസം ഉണ്ടായില്ലെന്ന വിമർശനവും ഉയർന്നിരുന്നു. ഇതേകാലത്താണ് പൊതു സംരംഭങ്ങളെ മാർക്കറ്റ് കൊണ്ട് പകരം വെക്കുന്ന നവലിബറൽ വികസന മാതൃകയെ രാജ്യം പുണരുന്നതും. അതിന്റെ അനുരണനങ്ങൾ കേരളത്തിലും ഉണ്ടായി. സർക്കാർ പള്ളിക്കൂടങ്ങൾ, സർക്കാർ ആശുപത്രികൾ, പൊതു ഇടങ്ങൾ എല്ലാം മോശം ആണെന്നും സ്വകാര്യവത്കരണത്തിലൂടേയും, സ്വന്തം കുടുംബം നോക്കുന്ന നല്ല വ്യക്തികളിലൂടെയുമാണ് സമൂഹം മുന്നേറേണ്ടതെന്നുമുള്ള 'സന്ദേശം' വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു. കാലിതൊഴുത്തിന് സമാനമായ സ്കൂളുകൾ, അനാസ്ഥയുടെ കേന്ദ്രങ്ങളായ ആശുപത്രികൾ, വികസനം മുടക്കുന്ന ട്രേഡ്യൂണിയനുകൾ, പണിചെയ്യാതിരിക്കാൻ സംഘടനാ പ്രവർത്തനം നടത്തുന്ന ജീവനക്കാരും അധ്യാപകരും തുടങ്ങിയ വാർപ്പുമാതൃകകൾ മൂലധനശക്തികളുടെ സാംസ്കാരിക ഉപകരണങ്ങൾ നിരന്തരമായി നിർമിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ പൊതുബോധത്തിനു കീഴടങ്ങാൻ കേരളത്തിലെ ഇടതുപക്ഷം തയ്യാറായില്ല. ആഗോളവത്കരണമെന്നത് അവസരങ്ങളുടെ ആഗോളവത്കരണമല്ലെന്നും മറിച്ച് മൂലധനത്തിന്റെ ആഗോളവത്കരണം മാത്രമാണെന്നും ഇടതുപക്ഷം ആവർത്തിച്ചു. സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ 'there is no alternative to capitalism' എന്ന് ലോകമെമ്പാടും ചിന്തകർ ആവർത്തിച്ചപ്പോൾ 'there is a peoples alternative' എന്ന മുദ്രാവാക്യത്തോടെ അക്രമണോത്സുക മൂലധനത്തിന് ജനകീയ ബദലുകൾ സൃഷ്ടിക്കാൻ കേരളത്തിലെ ഇടതുപക്ഷം ശ്രമിച്ചു. അതിന്റെ ഭാഗമായിരുന്നു ജനകീയാസൂത്രണത്തിലൂടെ നടപ്പാക്കിയ അധികാര വികേന്ദ്രീകരണ മാതൃക. സമൂഹം എന്നൊന്നില്ല മറിച്ച് വ്യക്തികളേയുള്ളൂ എന്ന മാർഗരറ്റ് താച്ചറുടെ വാക്കുകളാണ് നവലിബറൽ നയങ്ങളുടെ സത്ത, അതുകൊണ്ടു തന്നെ സമൂഹത്തെ ഒന്നായിക്കണ്ട് നടത്തുന്ന ആസൂത്രണ പ്രക്രിയ നവലിബറൽ യുക്തിക്ക് കടകവിരുദ്ധവുമാണ്. അപ്പോഴാണ് കേരളത്തിലെ ഇടതുപക്ഷം വികേന്ദ്രീകൃതാസൂത്രണത്തിലൂടെ ആസൂത്രണ പ്രക്രിയയെ ഏറ്റവും അടിത്തട്ടിലേക്ക് വരെ എത്തിച്ചത്.




നവലിബറൽ നയങ്ങളുടെ ഭാഗമായി ലോകം മുഴുവൻ ഭരണകൂടം സാമൂഹിക ക്ഷേമ പദ്ധതികൾ, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ള വിതരണം തുടങ്ങി എല്ലാ മേഖലകളിൽ നിന്നും പിൻവാങ്ങുകയും പകരം മൂലധന ശക്തികൾ ലാഭകേന്ദ്രീകൃതമായി ഇത്തരം സംരംഭങ്ങൾ ഏറ്റെടുക്കുകയും, ഭരണകൂടം ഈ പ്രക്രിയയുടെ പ്രായോജകർ മാത്രമായി നിൽക്കുകയും ചെയ്യുന്ന കാലത്താണ് കേരളത്തിലെ ഇടതുപക്ഷം 'പൊ

ത്'സംരംഭങ്ങളെ മുഴുവൻ സംരക്ഷിക്കാനുള്ള ജനകീയ പദ്ധതികളുമായി മുന്നോട്ട് വരുന്നത്. ഇതാകട്ടെ സർക്കാർതലത്തിൽ ജനങ്ങളെ നിഷ്ക്രിയരാക്കി മുകളിൽ നിന്ന് നടപ്പാക്കപ്പെട്ട പദ്ധതികളായിരുന്നില്ല. മറിച്ച് താഴെ തട്ടിൽ നിന്ന് തന്നെ ജനങ്ങളുടെ പരിപൂർണ്ണ വ്യവഹാരത്താൽ നയിക്കപ്പെട്ട ഒന്നായാണ് നടപ്പിലായത്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ സർക്കാർ സ്കൂളുകളിലേക്ക് മാറുന്ന അനുഭവവും, സർക്കാർ ആശുപത്രികൾ സ്വകാര്യ ആശുപത്രികളെ കവച്ചുവെക്കുന്ന അനുഭവവും ഒരു പക്ഷെ കേരളത്തിന് മാത്രം സ്വന്തമായിരിക്കും.

ഏതൊരു വികസന മാതൃകയുടെയും വിജയപരാജയങ്ങൾ അളക്കപ്പെടുന്നത് ദുരന്തമുഖങ്ങളിലാണ്. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ സമാനതകളില്ലാത്ത ദുരന്തമുഖങ്ങളിലൂടെയാണ് കേരളം കടന്നുപോയത്. ഓഖി, നിപ്പ, രണ്ടു പ്രളയങ്ങൾ, ഒടുവിലിപ്പോൾ കോവിഡ് മഹാമാരിയും. ഈ ദുരന്തങ്ങളെ കേരളം നേരിട്ടത് ലോകരാഷ്ട്രങ്ങൾക്ക് പോലും മാതൃകയാകുന്ന വിധമായിരുന്നു.

എല്ലാ പ്രകൃതി ദുരന്തങ്ങളും അതാത് സാമൂഹിക-രാഷ്ട്രീയ വ്യവസ്ഥയുടെ ഉരകല്ലുകൾ കൂടിയാണ്. കാറ്റഗറി 5 ചുഴലിക്കാറ്റായ കത്രീന 2005 ൽ അമേരിക്കയുടെ തീരപ്രദേശങ്ങളിൽ അതിരൂക്ഷമായ പ്രളയത്തിനും നാശനഷ്ടങ്ങൾക്കും കാരണമായി. കൊടുങ്കാറ്റിന് ദിവസങ്ങൾക്ക് ശേഷവും ആളുകൾ, പ്രത്യേകിച്ച് കറുത്ത വർഗ്ഗക്കാർ പട്ടിണി കൊണ്ടും ഭക്ഷണത്തിനായുള്ള കലാപങ്ങളിലും മരണപ്പെടുന്ന അവസ്ഥയുണ്ടായി. രക്ഷാപ്രവർത്തനങ്ങളിലും, ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഉടനീളം വർണ്ണ - വർഗ്ഗ വിവേചനം ദൃശ്യമായി. ദുരന്താനന്തരം ഉണ്ടായ കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും കൃത്രിമ ഭക്ഷ്യ ക്ഷാമവും ദുരിതത്തെ രൂക്ഷമാക്കി.കുടിവെള്ളവും ഭക്ഷണവും ലഭ്യമാകാത്തതിനാൽ ജനങ്ങൾ സൂപ്പർ മാർക്കറ്റുകൾ കൈയ്യേറി. പുനരധിവാസത്തിന്റെ ചുമതലകൾ



ഫണ്ടഡ് എൻ ജി ഓ കളായിരുന്നു നിർവഹിച്ചത്. ഇതാകട്ടെ ചാരിറ്റിയെ ലാഭകേന്ദ്രീകൃതമാക്കുന്ന ദുരന്ത മുതലാളിത്തത്തിന്റെ (disaster capitalism) പ്രയോഗ രൂപവും ആയിരുന്നു. എന്നാൽ കാറ്റഗറി 5 ചുഴലിക്കാറ്റായ ഇവാൻ 2004 ൽ ക്യൂബയ്ക്ക് മേൽ ആഞ്ഞു പതിച്ചപ്പോൾ ആ രാജ്യത്തിന്റെ സവിശേഷമായ സാമൂഹിക -രാഷ്ട്രീയ വ്യവസ്ഥയുടെ വിജയമെന്നോണം ഒരൊറ്റ മരണം പോലും സംഭവിച്ചില്ല. രക്ഷാ പ്രവർത്തനവും പുനരധിവാസവും ലോകത്തിനു മാതൃകയായെന്നു ഐക്യരാഷ്ട്ര സഭ പോലും ക്യൂബയെ പ്രശംസിച്ചു.Centre for International policy യുടെ കണക്ക് പ്രകാരം സമാനമായ പ്രകൃതി ദുരന്തത്തിൽ ശരാശരി അമേരിക്കൻ പൗരൻ ശരാശരി ക്യൂബൻ പൗരനേക്കാൾ കൊല്ലപ്പെടാൻ 15 മടങ്ങ് സാധ്യത കൂടുതലാണ്. സമാനമായ അനുഭവമാണ് 2015 ലെ ചെന്നൈ പ്രളയത്തിലും ഉണ്ടായത്. ചെന്നൈ നഗരത്തിൽ മാത്രം അഞ്ഞൂറിലേറെ പേരാണ് ഈ ദുരന്തത്തിൽ



കൊല്ലപ്പെട്ടത്. പതിനെട്ട് ലക്ഷം പേര് ഭവന രഹിതരായി. ഉറപ്പില്ലാത്ത താൽക്കാലിക ഭവനങ്ങളിൽ കഴിഞ്ഞ ചേരി നിവാസികളായിരുന്നു കൊല്ലപ്പെട്ടവരിലേറെയും. ജനകീയ ഇടപെടലിന്റെ അഭാവം ദുരന്തമുഖത്തെ ഏകോപനം അസാധ്യമാക്കി. രക്ഷാ പ്രവർത്തനത്തിലും പുനരധിവാസത്തിലും ഉണ്ടായ ജാതി – വർഗ്ഗ വിവേചനങ്ങൾ വ്യാപകമായ പ്രതിഷേധങ്ങൾക്ക് കാരണമായി. ദുരന്താനന്തരം പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും വിപണിയെ സാധാരണക്കാർക്ക് അപ്രാപ്യമാക്കി. ഒരു പാക്കറ്റ് പാലിന് 100 രൂപയും കുപ്പിവെള്ളത്തിനു 150 രൂപയുമായിരുന്നു വില. കോവിഡ് ദുരന്തമാകട്ടെ നവലിബറൽ വ്യവസ്ഥയുടെ പൊള്ളത്തരത്തെസമൂഹത്തിനു ബോധ്യമാക്കി കൊടുക്കുന്ന ഒന്നായിരുന്നു. അമേരിക്കയും പശ്ചിമയൂറോപ്യൻ വികസിത രാജ്യങ്ങളും കോവിഡ് നിയന്ത്രണങ്ങളിൽ സമ്പൂർണ്ണ പരാജയങ്ങളായി മാറി. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളാകട്ടെ കോവിഡ് കണക്കുകൾ പോലും കൃത്യമായി എടുക്കാനാകാതെ പിന്മാറുന്ന അവസ്ഥയുണ്ടായി. പതിനഞ്ചു ദിവസത്തെ ചികിത്സക്ക് ശരാശരി മൂന്നര ലക്ഷം രൂപയാണ് വിവിധ സംസ്ഥാനങ്ങൾ കോവിഡ് ചികിത്സക്ക് രോഗികളിൽ നിന്ന് ഈടാക്കിയത്. അതായത് കൈയ്യിൽ കാശില്ലാത്തവർ വീട്ടിലിരുന്നു മരിക്കുക എന്ന മുതലാളിത്ത കാടൻ നിയമം യഥാർത്ഥത്തിൽ നടപ്പാക്കപ്പെടുന്ന അവസ്ഥ. എന്നാൽ കേരളമാകട്ടെ സമ്പൂർണമായി സൗജന്യമായ ചികിത്സയും കൃത്യമായ മേൽനോട്ടവും കണക്കുകളും ഉള്ള ലോകത്തെ തന്നെ അപൂർവ ഇടങ്ങളിൽ ഒന്നായി തലയുയർത്തി നിന്നു. ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ പ്രവാസികൾ മലയാളികളാണ്. കേരളത്തിലേക്ക് അഞ്ചു ലക്ഷത്തിലേറെ പ്രവാസികളാണ് കോവിഡ് കാലത്ത് മടങ്ങിയെത്തിയത്. എന്നിട്ടും കോവിഡിനെ പിടിച്ചു കെട്ടാനും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലും ജനങ്ങൾക്ക് സാമൂഹിക സുരക്ഷയൊരുക്കാനും കേരളത്തിന് കഴിഞ്ഞു. ഇങ്ങനെ ദുരന്തമുഖങ്ങളിൽ പതറാതെ പിടിച്ച് നിൽക്കാൻ കേരളത്തെ സഹായിച്ചത് മുൻപേ സൂചിപ്പിച്ച നവോത്ഥാന മുന്നേറ്റത്തിന്റെയും അതിന്റെ തുടർച്ചയായി ഉണ്ടായ തൊഴിലാളിവർഗ്ഗ പോരാട്ടങ്ങളുടെയും അവയുടെ ഉൽപ്പന്നമായ കമ്മ്യൂണിസ്റ്റ് സർക്കാരുകളുടെയും ഇടപെടലുകളുടെയും ബദലുകളുടെയും കൂടി വിജയമാണ്.

ജനകീയ ഇടപെടലിനെ (public action) മാർക്കറ്റ് കൊണ്ട് പകരം വെക്കുന്ന ഗുജറാത്ത് മോഡലിനെ കേരള വികസനാനുഭവത്തിന് പകരമായി നവലിബറൽ സാമ്പത്തിക വിദഗ്ദർ അവതരിപ്പിക്കുന്ന കാലമാണിത്. അവരുടെ വാദങ്ങൾ മുഴുവൻ ഒലിച്ചു പോകുന്നതായിരുന്നു ദുരന്തങ്ങളെ നേരിട്ട കേരളത്തിന്റെ ആർജ്ജവം. കഴിഞ്ഞ അറുപത് വര്ഷം കൊണ്ട് സാമൂഹിക-രാഷ്ട്രീയ മേഖലയിൽ കേരളം നേടിയ വികാസം എത്രമാത്രം പ്രധാനമാണെന്ന് ദുരന്തമുഖത്തെ ഈ അതിജീവനത്തിലൂടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഭൂപരിഷ്കരണം, സാക്ഷരത, ആരോഗ്യ പരിപാലനം, പൊതു വിദ്യാഭ്യാസം തുടങ്ങി കേരളത്തിന്റെ ചെറുവിപ്ലവങ്ങളുടെ ഗുണഫലമാണ് ഈ ദുരന്തകാലത്തെ അതിജീവനം സാധ്യമാക്കിയത്. സർവതല സ്പർശിയായ കേരളത്തിന്റെ രാഷ്ട്രീയ അവബോധവും ജനകീയ ഇടപെടലുകളുടെ സംസ്കാരവും അതിജീവനത്തിൽ സുപ്രധാനമായ പങ്കാണ് വഹിച്ചത്. വികേന്ദ്രീകൃതാസൂത്രണത്തിലെ

കേരള പരീക്ഷണം ലോകത്തിനു തന്നെ മാതൃകയായ ഒന്നാണ്. പ്രാദേശിക ദുരന്തമുഖങ്ങളിൽ രക്ഷാപ്രവർത്തനത്തെയും പുനരധിവാസക്യാംപുകളെയും നയിക്കാനും ഏകോപിപ്പിക്കാനും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കും പ്രതിനിധികൾക്കും കഴിഞ്ഞു. കേരളത്തിന്റെ സവിശേഷമായ മതേതര സംസ്കാരത്തിന്റെയും നവോത്ഥാന മുന്നേറ്റങ്ങളുടെയും ഗുണഫലങ്ങൾ കൂടിയാണ് ഈ കാലയളവിൽ ദൃശ്യമായത്. കുടുംബശ്രീ, യുവജനപ്രസ്ഥാനങ്ങൾ, സന്നദ്ധ സംഘടനകൾ, തുടങ്ങി കേരളത്തിന്റെ പൗരസമൂഹ പ്രസ്ഥാനങ്ങളുടെ ശക്തിയും ഈ ഘട്ടത്തിൽ ദൃശ്യമായി. എല്ലാത്തിനുമുപരിയായി ഈ പൊതു ഘടകങ്ങളെ ഏകോപിപ്പിക്കാനും മുന്നിൽ നിന്ന് നയിക്കാനും തൊഴിലാളി വർഗ്ഗ രാഷ്ട്രീയത്തിന്റെ ആൾരൂപമെന്ന നിലക്ക് കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയന് കഴിഞ്ഞു. ചുരുക്കി പറഞ്ഞാൽ ഈ അതിജീവനം സവിശേഷമായ കേരള സാമൂഹിക രാഷ്ട്രീയ വികാസത്തിന്റെ വിജയമാണ്.

ഒരു ചതുരശ്ര കിലോമീറ്ററിൽ ശരാശരി 860 പേർ അധിവസിക്കുന്ന ഉയർന്ന ജനസാന്ദ്രതയുള്ള സംസ്ഥാനമാണ് കേരളം. അത്തരമൊരിടത്ത് പ്രളയം, പകർച്ച വ്യാധികൾ തുടങ്ങിയ ദുരന്തങ്ങൾ സൃഷ്ടിക്കാവുന്ന ആഘാതം നിസ്സാരമല്ല. എന്നിട്ടും താരതമ്യേന കുറഞ്ഞ ആൾനാശമാണ് കേരളത്തിൽ സംഭവിച്ചത്. ഇവിടെയാണ് ഭൂപരിഷ്കരണത്തിന്റെയും സാക്ഷരതാ- ആരോഗ്യ മുന്നേറ്റങ്ങളുടെയും ഗുണഫലങ്ങൾ ദൃശ്യമാകുന്നത്. ഭൂപരിഷ്കരണത്തിന്റെ ഭാഗമായി ചെറുതെങ്കിലും സ്വന്തമായി ഭൂമിയും ഉറപ്പുള്ള ടെറസ്സ് വീടും ഭൂരിഭാഗം മലയാളികൾക്കും എത്തി പിടിക്കാനായിട്ടുണ്ട്. അത്തരം വീടുകളാണ് ഇത്തരം ദുരന്തങ്ങളെ ഒരു പരിധിവരെ പ്രതിരോധിക്കാൻ അവസരമൊരുക്കിയത്. സാക്ഷരതാ രംഗത്ത് കേരളം നേടിയ മുന്നേറ്റം അപകടം കുറയ്ക്കുന്നതിൽ നിസ്സാര പങ്കല്ല വഹിച്ചത്. ഉയർന്ന മാധ്യമ സാന്ദ്രതയുള്ള കേരളത്തിൽ ദുരന്തങ്ങളെ സംബന്ധിച്ച മാധ്യമ വാർത്തകളും മുന്നറിയിപ്പുകളും നേരിട്ട് മനസ്സിലാക്കാനും യുക്തമായ തീരുമാനങ്ങളെടുക്കാനും ശരാശരി മലയാളിക്ക് കഴിഞ്ഞു. വിദ്യാഭ്യാസമെന്നത് കേവല ബിരുദം മാത്രമല്ല വെല്ലുവിളികളെ അഭിമുഖീകരിക്കാനും നേരിടാനുമുള്ള കഴിവുകൾ കൂടി പ്രദാനം ചെയ്യുന്നുണ്ട്. അതാണ് ദുരന്തമുഖങ്ങളിൽ ഭീതിയിലകപ്പെടാതെ ഉചിതമായ തീരുമാനങ്ങളെടുക്കുവാൻ മലയാളികളെ പ്രാപ്തരാക്കിയത്. കേരളത്തിലെ അതിവിപുലമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തന്നെയാണ് ദുരന്താനന്തര പൊതു ഇടങ്ങളായി വർത്തിച്ചതും. ആരോഗ്യ രംഗത്ത് നാം നടത്തിയ നിക്ഷേപങ്ങളാണ് വിപുലമായ ആരോഗ്യ ശൃംഖല കേരളത്തിൽ സാധ്യമാക്കിയത്. ദുരന്തകാലത്ത് ആരോഗ്യ പരിരക്ഷ ലഭിക്കാത്ത ഒരു സംഭവം പോലും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടാതിരുന്നത് വ്യാപകമായ ഈ ആരോഗ്യശൃംഖലയുടെ മേന്മയിലാണ്.

കേരളത്തിന്റെ സവിശേഷമായ സാമൂഹിക- രാഷ്ട്രീയ അവബോധമാണ് ഈ ദുരന്തത്തെ അതിജീവിക്കാൻ നമ്മെ സഹായിച്ച മറ്റൊരു ഘടകം. ജനകീയ ഇടപെടലിന്റെ (political action) സുദീർഘമായ ചരിത്രമാണ് ഈ അവബോധത്തെ സൃഷ്ടിച്ചത്, അതാകട്ടെ അധികാര വ്യവസ്ഥയുമായി മാത്രം ബന്ധപ്പെട്ടു കിടക്കുന്ന ഒന്നല്ല. അതുകൊണ്ടുതന്നെ ഓരോ വീടുകളിലും നേരിട്ടെത്തുന്ന ഒന്നാണ് കേരളത്തിലെ രാഷ്ട്രീയ പ്രവർത്തന സംസ്കാരം. ഈ രാഷ്ട്രീയ അവബോധമാണ് ദുരന്തമുഖത്ത് സ്വയം നേതൃത്വമാകാനും രക്ഷാ പ്രവർത്തനങ്ങളെയും ദുരിതാശ്വാസ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കാ






ലഭിച്ച ദുരന്ത നാളുകളാണ് കടന്നു പോയത്. സാനിറ്ററി നാപ്കിനുകളും അടിവസ്ത്രങ്ങളും മുതൽ മാനസികാരോഗ്യ സംരക്ഷണത്തിനുള്ള ഇടപെടലുകൾ വരെ സജീവമായി പരിഗണിക്കപ്പെട്ടു. എല്ലാത്തിനുമുപരിയായി അമ്പതു ശതമാനത്തിലേറെ വരുന്ന കേരളീയ സ്ത്രീത്വത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏകോപിപ്പിക്കാനും കുടുംബശ്രീ ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് കഴിഞ്ഞു.

മേൽപ്പറഞ്ഞ ഘടകങ്ങളെല്ലാം ഒത്തുവന്നാലും ഒരു ജനതക്കും ഭരണകൂടത്തിനും ഇത്ര ദുരന്തങ്ങളെ മുറിച്ചുകടക്കാൻ കഴിയണമെന്നില്ല. അത് സാധിച്ചത് മേൽ ഘടകങ്ങളെയെല്ലാം സമർത്ഥമായി ഏകോപിപ്പിക്കാനും മുന്നിൽ നിന്ന് നയിക്കാനും കഴിഞ്ഞ സഖാവ് പിണറായി വിജയൻറെ നേതൃത്വത്തിൻ കീഴിലാണ്. ഓരോ നിമിഷത്തിലും സ്ഥൈര്യം വിടാതെ കേരളത്തെ നയിക്കാൻ പിണറായിക്കായി. മാധ്യമങ്ങളോട് വിമുഖത കാട്ടുന്നവെന്ന് വലതുപക്ഷ മാധ്യമങ്ങൾ വിശേഷിപ്പിച്ച പിണറായിയുടെ പത്രസമ്മേളനത്തിന് ജനലക്ഷങ്ങൾ കാതോർത്തു. മുഖം തിരിച്ചു നിന്ന കേന്ദ്ര സർക്കാരിനോട് നയതന്ത്രപൂർണമായ സമീപനം സ്വീകരിക്കാനും ജാതി മത കക്ഷി രാഷ്ട്രീയ ഭേദമന്യേ സകല കേരളീയരെയും ഒന്നിച്ചു നിർത്താനും സഖാവിനു കഴിഞ്ഞു. ഇക്കാലമത്രയും ഭർത്സിച്ചവർ പോലും പിണറായിക്കുമേൽ അഭിനന്ദനം ചൊരിഞ്ഞു. ഒരർത്ഥത്തിൽ സവിശേഷമായ കേരള വികസനാനുഭവത്തിന്റെ ഉരകല്ല് എന്നനിലയിലാണ് ഈ ദുരന്തങ്ങൾ പ്രവർത്തിച്ചത്. അതുകൊണ്ടു തന്നെ ഈ വികസനാനുഭവത്തെ കൂടുതൽ മെച്ചപ്പെടുത്താനും നവലിബറൽ നയങ്ങൾക്കുള്ള കേരളീയ ബദൽ എന്ന നിലയിൽ ലോകത്തിനു മുന്നിൽ വെക്കാനും ഇനിയും കൂടുതൽ മുന്നോട്ട് പോകേണ്ടതുണ്ട്. അതിനാകട്ടെ ഒരു ഇടതുപക്ഷ സർക്കാരിന് മാത്രമേ നേതൃത്വം നല്കാന് കഴിയൂ എന്നാണ് ഈ ദുരന്തമുഖങ്ങളിലെല്ലാം സമ്പൂർണ പരാജയമായിരുന്ന കേരളത്തിലെ പ്രതിപക്ഷം നൽകുന്ന പാഠവും.

നും രാഷ്ട്രീയ പ്രസ്ഥാനങ്ങളെ വിശിഷ്യാ ഇടതുപക്ഷപ്രസ്ഥാനങ്ങളെ സഹായിച്ചത്. ഈ അവബോധം സൃഷ്ടിച്ച ആത്മാർപ്പണത്തിന്റെയും ത്യാഗത്തിന്റെയും രാഷ്ട്രീയ സംസ്കാരം ദുരിതാശ്വാസ പ്രവർത്തനങ്ങളിലെല്ലാം ദൃശ്യമായി. മത്സ്യ തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, കർഷക തൊഴിലാളികൾ തുടങ്ങി തൊഴിലാളിവർഗ്ഗ പ്രവർത്തകരായിരുന്നു ഈ പ്രവർത്തനങ്ങളുടെ നേതൃത്വത്തിൽ എന്നതാണ് മറ്റിടങ്ങളിൽ സംഭവിച്ചത് പോലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ജാതി മത വർഗ്ഗ വേർതിരിവുകൾ ഇല്ലാതാക്കാൻ സഹായിച്ചത്. നിലനിൽക്കുന്ന സംഘടിത ശേഷിയുടെ പ്രയോഗമായിരുന്നു ഈ പ്രവർത്തനങ്ങൾ എന്നതിനാൽ ദുരന്ത മുഖത്ത് മറ്റൊരു സംഘാടനം ആവശ്യമായി വന്നില്ല. ഓരോവീടുകളെക്കുറിച്ചും അംഗങ്ങളെക്കുറിച്ചുമുള്ള രാഷ്ട്രീയ പ്രവർത്തകരുടെ ഭൂമിശാസ്ത്രപരവും സാമൂഹികവുമായ അറിവ് ദുരന്തത്തിന്റെ വ്യാപ്തി വലിയൊരളവ് വരെ കുറക്കാൻ സഹായകരമായി.

വലതുപക്ഷ പ്രവർത്തകരിൽ നിന്നും, ഇടതു സെക്ടേറിയനിസ്റ്റുകളിൽ നിന്നും ഒരു പോലെ വിമർശനം നേരിട്ടതാണ് കേരളത്തിന്റെ വികേന്ദ്രീകൃതാസൂത്രണ മുന്നേറ്റം. ആ വികേന്ദ്രീകൃതാസൂത്രണത്തിന്റെ മേന്മ കൂടി ഈ കാലയളവിൽ കേരളം അനുഭവിച്ചു. രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസത്തിലും സർക്കാർ സംവിധാനങ്ങളെയും ജനകീയ ഇടപെടലുകളെയും ബന്ധിപ്പിക്കുന്ന കണ്ണിയായി വർത്തിച്ചത് തദ്ദേശ സ്വയംഭരണ പ്രതിനിധികളായിരുന്നു. ഒരു കേന്ദ്രീകൃത സംവിധാനത്തിന് മാത്രമായി ഇത്ര വലിയ ദുരന്തങ്ങളെ നേരിടാനാകില്ല അതിനു ഫലപ്രദമായ വികേന്ദ്രീകൃത രൂപം ഉണ്ടായേ മതിയാകൂ. അതാകട്ടെ ഒരു ദുരന്തമുഖത്ത് പെട്ടന്ന് സൃഷ്ടിക്കാനാവുന്ന ഒന്നുമല്ല. കഴിഞ്ഞ കാൽനൂറ്റാണ്ടായി കേരളത്തിൽ വിജയകരമായി നടപ്പാക്കി വരുന്ന വികേന്ദ്രീകൃതാസൂത്രണ പ്രസ്ഥാനം ഈ നിലയിൽ ഗുണകരമായി വർത്തിച്ചു. ജനകീയാസൂത്രണത്തിന്റെ ഭാഗമായി വിപുലമായ സ്ഥല-ജല ആസൂത്രണവും നിർമ്മാണപ്രവർത്തനങ്ങളുമാണ് കേരളത്തിന്റെ ഗ്രാമീണ മേഖലയിൽ നടന്നത്.

ഏത് ദുരന്തത്തിന്റെയും അവസാന ആഘാത വാഹകർ ആ സമൂഹത്തിലെ സ്ത്രീകളും കുട്ടികളുമായിരിക്കും. എന്നാൽ പതിവിൽ നിന്ന് വ്യത്യസ്തമായി സ്ത്രീകളുടെയും കുട്ടികളുടെയും സവിശേഷ ആവശ്യങ്ങൾക്ക് കൃത്യമായ പരിഗണന

# കേരളപ്പിറവിയും ഭാഷാവിഷയത്തിന്റെ ചരിത്രജീവിതവും

**ഡോ. എസ്. അജയകുമാർ**
എസ്.ഡി. കോളേജ്, ആലപ്പുഴ



*"ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് ഇംഗ്ലീഷ് ഭാഷയിൽ അറിവ് നൽകുന്നത് അവരെ അടിമകളാക്കുന്നതിനാണ്. വിദ്യാഭ്യാസത്തിന് മെക്കാളെ പ്രഭു ഉണ്ടാക്കിയ അടിത്തറ നമ്മളെ അടിമകളാക്കിയിരിക്കുന്നു. അദ്ദേഹത്തിന് അക്കാര്യത്തിൽ വ്യക്തമായ ഉദ്ദേശ്യമുണ്ടായിരുന്നു എന്ന അഭിപ്രായം എനിക്കില്ലെങ്കിലും അതിന്റെ ഫലം അങ്ങനെയാണ് ഭവിച്ചിട്ടുള്ളത്. എനിക്ക് നീതിക്കുവേണ്ടി ഒരു കോടതിയെ സമീപിക്കണം എങ്കിൽ എനിക്ക് ഇംഗ്ലീഷ് ഭാഷ മാധ്യമമായി സ്വീകരിക്കണം. ഞാനൊരു അഭിഭാഷകനായി തീർന്നാൽ എനിക്ക് എന്റെ മാതൃ ഭാഷയിൽ സംസാരിക്കാൻ അനുവാദമില്ല. എന്റെ സ്വന്തം ഭാഷയിൽ നിന്ന് എനിക്ക് അത് മറ്റൊരാൾ വിവർത്തനം ചെയ്തു തരേണ്ട തുണ്ട്. ഇത് വേദനാജനകമായ കാര്യങ്ങളല്ലേ? ഇത്*

*ശുദ്ധമായ വിഡ്ഢിത്തമല്ലേ? ഇത് അടിമത്തത്തിന്റെ അടയാളമല്ലേ ?ഇതിന് ഞാൻ കുറ്റപ്പെടുത്തേണ്ടത് ഇംഗ്ലീഷ് ഭാഷയെ ആണോ? അതോ എന്നെ തന്നെയോ? " -മഹാത്മാഗാന്ധി*

ഇന്ത്യയുടെ രാഷ്ട്രീയ ജീവിതത്തിന് സ്വാതന്ത്ര്യത്തിന്റെ അമൃതം പുരട്ടിയ മഹാത്മാവ് ഭാഷയും അടിമത്തവും തമ്മിലുള്ള ബന്ധത്തെ നിർദ്ധാരണം ചെയ്തിരിക്കുന്ന വരികളാണ് നമ്മൾ വായിച്ചത്. അദ്ദേഹത്തിന്റെ തന്നെ മറ്റൊരു ചിന്ത കൂടി പങ്കു വയ്ക്കുന്നു.

" ഞാൻ ഒരിക്കലും എന്റെ വീടിന്റെ മുഴുവൻ ഭാഗങ്ങളും വാതായനങ്ങളും മതിൽ ഉയർത്തിക്കെട്ടി അടയ്ക്കാൻ താല്പര്യപ്പെടുന്നില്ല. ഞാൻ എല്ലാ രാജ്യങ്ങളുടെയും സംസ്കാരവും എന്റെ വീട്ടിലേക്ക് പൂർണ സ്വാതന്ത്ര്യത്തോടു കൂടി അടിക്കുവാൻ ആഗ്രഹിക്കുന്നു. പക്ഷേ അതു നമ്മളെ കൊണ്ടു പോകാൻ അനുവദിക്കില്ല. "


ഒരു ദേശത്തിന്റെ സംസ്കാരത്തിന്റെ വ്യക്തിത്വംവും ജനാധിപത്യ അവകാശങ്ങളും ഉറക്കെ പറയുന്ന അഭിപ്രായങ്ങളാണ് ഗാന്ധിജിയുടേത്. ഒരു ദേശത്തിന്റെ 'ജീവിതീയത' (ദേശീയത എന്നതിനു പകരം ഇവിടെ ജീവിതീയത എന്ന പദം ഉപയോഗിക്കുന്നു. ദേശീയത അർത്ഥാപകർഷം വന്ന ഒരു വാക്കായി പോകുന്നെന്ന വിമർശനം മുന്നോട്ടു വച്ചുകൊണ്ട്) നിർണയിക്കുന്നതിൽ ഭാഷയ്ക്കുള്ള സ്ഥാനം ഇന്ത്യൻ ജീവിതസാഹചര്യത്തിൽ സുവ്യക്തമാണ്. അധിനിവേശവും അധികാരവും ഒരു ജീവി തീയതയുടെ മേൽ സ്ഥാപിച്ചെടുക്കുന്നത് ഒരുതരം 'ഭാഷാലീല 'യാണെന്നതാണ് സത്യം. ഇന്ത്യൻ സാഹചര്യത്തെക്കുറിച്ച് ഗാന്ധിജി ചിന്തിച്ചത് പോലെ ഓരോ ഇന്ത്യൻ സംസ്ഥാനങ്ങളെ സംബന്ധിച്ച വിചാരവും പ്രസക്തമാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിച്ചപ്പോൾ യഥാർത്ഥത്തിൽ ഈ വിചാരത്തിന് രാഷ്ട്രീയാസ്തിത്വം കൂടി വന്നു ചേർന്നു.

വികേന്ദ്രീകരണ സ്വയംഭരണാവകാശങ്ങൾ 1952 മുതലുള്ള സംസ്ഥാന രൂപീകരണ പ്രക്രിയയിലൂടെ പ്രത്യക്ഷ തലത്തിൽ സാധ്യമാകുന്നു. എന്നാൽ സംസ്ഥാനമെന്ന പരികല്പനയുടെ അകത്തുള്ള ജീവിതീയത മൗലികമായ സ്വാതന്ത്ര്യം പ്രാപിച്ചോ എന്നത് പരിശോധിക്കേണ്ട വിഷയമാണ്. ഇന്ത്യൻ സാഹചര്യത്തിൽ, പ്രത്യേകിച്ചും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കാര്യത്തിൽ. ഭാഷാ സ്വത്വത്തിൽ ഊന്നിയ രാഷ്ട്രീയ ജനാധിപത്യ ജീവിതമെന്ന മുദ്രാവാക്യം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ തമിഴ്നാടാണ് ഏറ്റവും ശക്തമായി ഉയർത്തിക്കൊണ്ടുവന്നത്. അത് ഒരുതരം ഭാഷാ തീവ്രവാദമായി പരിണമിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ആ തീവ്ര വികാരത്തിന്റെ ഫലമായിരിക്കും ഭാഷാപരമായ അടിമത്തത്തിൽ നിന്നുള്ള സ്വാതന്ത്ര്യം അനുഭവിക്കുന്ന ഒരു ജന വിഭാഗമാക്കി അവരെ മാറ്റിയത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പൊതുവേ ഹിന്ദിയോ ഹിന്ദിയുടെ വകഭേദങ്ങളോ ആയ ഭാഷകളിലൂന്നിയ ഒരു പൊതുവികാരം പ്രകടമാണ്. മാത്രമല്ല രാഷ്ട്രഭാഷ എന്ന നിലയിൽ ഹിന്ദിയ്ക്കുള്ള സ്ഥാനപ്പെടലും ഔത്തരാഹന്മാരുടെ സ്വതന്ത്ര ജീവിതത്തിൽ ഭാഷ ഒരുവിലങ്ങു തടിയാകാത്തതിന് കാരണമാണ്. എന്നാൽ ദക്ഷിണേന്ത്യൻ ദേശങ്ങളുടെ കാര്യം തീർത്തും വ്യത്യസ്തമാണ്. ഒരേ സമയം ' രാഷ്ട്ര ഭാഷ' യുടെയും കോളനി രാജ്യങ്ങളെയാകെ' ദേശീയ'വത്കരിച്ച ഇംഗ്ലീഷിന്റെയും അധികാര പ്രയോഗത്തിൽ നിന്നും നാളിതുവരെ ഈ സംസ്ഥാനങ്ങൾ മോചനം പ്രാപിച്ചിട്ടില്ല.

1956 നവംബർ 1ന് കേരള സംസ്ഥാനം നിലവിൽ വന്ന കാലം തൊട്ട് 'മലയാളം' ഒരു രാഷ്ട്രീയ വിഷയമായി പ്രശ്നവല്ക്കരിക്കപ്പെട്ടു തുടങ്ങുന്നു. പതിന്നാലാം നൂറ്റാണ്ടിൽ ലീലാതിലകം എന്ന മണിപ്രവാള ലക്ഷണ ഗ്രന്ഥം മുതൽ 'മലയാള'ഭാഷാ സ്വത്വചർച്ചകൾ കരുപ്പിടിക്കുന്നുണ്ട്. പത്തൊമ്പത് ഇരുപത് നൂറ്റാണ്ടുകളിൽ എ.ആർ രാജരാജ വർമ്മയും ജോർജ്ജ് മാത്തനും മക്തി തങ്ങളും മറ്റും മലയാളത്തിന്റെ ഭാഷാ വിചാരത്തിന് മാറ്റു കൂട്ടി. 1957 ൽ അധികാരത്തിലെത്തിയ ആദ്യത്തെ ജനകീയ മന്ത്രിസഭയും ചരിത്ര നായകനായ ഇ.എം.എസ് നമ്പൂതിരിപ്പാടും മലയാളത്തിലൂന്നിയ ജനാധിപത്യ ജീവിതം സംബന്ധിച്ച് വ്യക്തമായ നിലപാടുകളെടുത്തു. ഭരിക്കുന്നവന്റെ ഭാഷയല്ല, ഭരിക്കപ്പെടുന്നവന്റെ ഭാഷയാണ് ഭരണഭാഷ എന്ന കാര്യത്തിൽ ഔദ്യോഗികമായി പക്ഷാന്തരമില്ല.എന്നാൽ പ്രായോഗികതലത്തിൽ ഇതുവരെ ഫല പ്രാപ്തിയിലെത്താത്ത ഒരു 'വിഷമ പ്രശ്ന 'മായി ഇതു തുടരുന്നു.

ഇ.എം.എസ് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ശേഷം നടത്തിയ പ്രസ്താവനകളിലൊന്ന് കേരളത്തിലെ ഭരണത്തിന്റെയും ഉന്നത വിദ്യാഭ്യാസത്തിന്റെയും മാധ്യമം മലയാളമാക്കാൻ ശ്രമിക്കുമെന്നായിരുന്നു. കോമാട്ടിൽ അച്യുതമേനോനെ അദ്ധ്യക്ഷനാക്കി 1957 ആഗസ്റ്റ് 31 ന് ഒരു ഭരണ ഭാഷാ കമ്മീഷനെയും നിയമിച്ചു. സർവ്വകലാശാലാ തലത്തിൽ പോലും പഠന മാധ്യമം മലയാളമായിരിക്കണം എന്നാണ് കമ്മീഷൻ അംഗങ്ങളിലൊരാളായ ഡോ.കെ. ഭാസ്കരൻനായർ തന്റെ വ്യക്തിപരമായ അഭിപ്രായമായി റിപ്പോർട്ടിൽ രേഖപ്പെടുത്തിയത്. ഏഴു വർഷ പദ്ധതിയായിഭരണഭാഷ പൂർണമായും മലയാളത്തിൽ ആയിരിക്കണം എന്ന് ഈ കമ്മീഷൻ നിർദ്ദേശിച്ചു. കോമാട്ടിൽ അച്യുതമേനോൻ, ഭാസ്കരൻനായർ എന്നിവർക്കു പുറമേ കെ ദാമോദരൻ, പി ടി ഭാസ്കര പണിക്കർ, എൽ സി ഐസക് എന്നിവരായിരുന്നു കമ്മീഷനിലെ മറ്റ് അംഗങ്ങൾ. മുഖ്യമന്ത്രി സാക്ഷാൽ ഈ എം എസും ആദ്യ വിദ്യാഭ്യാസ മന്ത്രി ജോസഫ് മുണ്ടശ്ശേരിയും നേരിട്ട് പങ്കെടുത്താണ് കമ്മീഷന്റെ ആദ്യ യോഗം നടന്നത്. 57ൽ മഹാരഥർ തുഴഞ്ഞു തുടങ്ങിയ ഈ ഭാഷത്തോണി ഇപ്പോഴും തിരുനക്കരയിൽ( തിരുവനന്തപുരം – സെക്രട്ടറിയേറ്റ്) തന്നെ എന്നതാണ് മലയാളിയുടെ ദുര്യോഗം.

ഭാഷ കേവലം ആശയവിനിമയോപാധിയല്ലെന്നും കേവലം വികാരവിക്ഷോഭങ്ങൾ അല്ലെന്നും തിരിച്ചറിഞ്ഞുകൊണ്ടാണ് നാട്ടുഭാഷാ



വാദം – മാതൃഭാഷാ വാദം ഉന്നയിക്കുന്നത്. അമ്മ മലയാളം, പെറ്റമ്മ – പോറ്റമ്മ പരികല്പനകൾ ഒക്കെ വൈകാരികം മാത്രം. വൈചാരികമല്ല. ഭാഷ വിചാരപ്പെടുത്തുന്നത് മനുഷ്യന്റെ സാമൂഹ്യബോധത്തെ ആണ്. അവർ ചുറ്റുപാടിൽനിന്ന്, ജീവിത സാഹചര്യത്തിൽ നിന്ന് തിരിച്ചറിയുന്നതാണ് മാതൃഭാഷ. അവർ ചുറ്റുപാടിനെ അറിയുന്നതും മാതൃഭാഷയിലൂടെയാണ്. അതുകൊണ്ട് ഒരുവനിലെ സാമൂഹികജീവിയെ  സൃഷ്ടിച്ചെടുക്കുന്ന ബോധസ്വരൂപമാണ് മാതൃഭാഷ. 'അടുത്തുനിൽപ്പോരനുജനെ നോക്കാനുള്ള അക്ഷിയാണ് മാതൃഭാഷ. മാതൃഭാഷയിലൂടെ മാത്രമേ മറ്റുഭാഷകൾ പോലും ഒരുവർ ഗ്രഹിക്കുന്നുള്ളൂ. ഏത് അറിവും മാതൃഭാഷയിലൂടെ ഒരു വ്യക്തിയുമായി സംവദിക്കുന്ന പക്ഷം അവൻ തിരിച്ചറിവുള്ളവനാകും. ഈ തിരിച്ചറിവിന്റെ ശൂന്യതയാണ് കേരള വികസന മോഡൽ എന്ന വിശുദ്ധ ലക്ഷ്യത്തെ പോലും കളങ്കപ്പെടുത്തുന്നതെന്ന്  ഈ ഘട്ടത്തിൽ എങ്കിലും തിരിച്ചറിയേണ്ടതുണ്ട്. വ്യക്തിയെ സാമൂഹിക വൽക്കരിക്കുന്നതിലൂടെ അപരനോടുള്ളകരുണയും കരുതലും സംസ്കാരത്തിന്റെ ഭാഗമാകുന്നു. ഇതിൽ നിന്നാണ് മതനിരപേക്ഷത എന്ന മഹത്തായ വികാരം രൂപപ്പെടുക. മാതൃഭാഷ ഏറ്റവും സാധാരണക്കാരായ മനുഷ്യന്റെയും പക്കലുള്ള മൂർച്ചയേറിയ ആയുധമാണ്. ജനാധിപത്യ പ്രക്രിയയിൽ, ഭരണനിർവ്വഹണത്തിൽ, നീതിന്യായ വ്യവസ്ഥയിൽ, വിദ്യാഭ്യാസ പ്രക്രിയയിൽ, സാധാരണക്കാരിൽ സാധാരണക്കാരെക്കൂടി സജീവമാക്കുന്ന/സക്രിയരാക്കുന്ന ഇടപെടലാണ് മാതൃഭാഷാ വിഷയമെന്ന് ബോധ്യപ്പെടേണ്ടതുണ്ട്. ഈ ബോധ്യങ്ങളുടെ വെളിച്ചത്തിൽ നിന്നു കൊണ്ടാണ് കേരളത്തിൽ നടന്നിട്ടുള്ള മാതൃഭാഷ സമരങ്ങളെയും ഇടപെടലുകളെയും ഇവിടെ ചരിത്രപ്പെടുത്താൻ ശ്രമിക്കുന്നത്.

1958 ആഗസ്റ്റ് 16ന് കോമാട്ടിൽ അച്യുതമേനോൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് ഏഴു വർഷമല്ല നിലവിൽ എഴുപതു വർഷമായാലും സെക്രട്ടറിയേറ്റിലെ ചുവപ്പുനാടയിൽ തന്നെയായിരിക്കും എന്ന സ്ഥിതിയാണ് നിലവിലുള്ളത് . മലയാളം ലിപികളുടെ ഫോണ്ടുകൾ (അച്ചെഴുത്ത് ) സംബന്ധിച്ച പ്രശ്നങ്ങളായിരുന്നു മലയാളം ഭരണഭാഷയാകുന്നതിന്റെ ആദ്യ തടസ്സം. 1967ൽ ശൂരനാട് കുഞ്ഞൻ പിള്ളയും 1970 ൽ ഡോ കെ ഭാസ്കരൻനായരും നേതൃത്വം കൊടുത്ത സമിതികളുടെ ഇടപ്പെടൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചു. ഇന്ന് ഈ വിധത്തിലുള്ള തടസ്സങ്ങളൊന്നും തന്നെ ഒരു പ്രാദേശിക ഭാഷയും നേരിടുന്നില്ല. യൂണികോഡ് നിലവിൽ വന്നതു കൊണ്ട് ഏതു ഭാഷയ്ക്കും കമ്പ്യൂട്ടറിലും അച്ചടിയിലും സാധ്യത കൈവന്നു. പക്ഷെ ഈ സാഹചര്യത്തിൽ പോലും മലയാളം പോലുള്ള ഭാഷകൾ വിദ്യാഭ്യാസ മാധ്യമമെന്ന നിലയിലും കോടതിവ്യവഹാര ഭാഷ എന്ന നിലയയും പടിക്കു പുറത്തു തന്നെ.

1957ലെ ഭരണഭാഷാ ഇടപെടലിന് പിന്നീട് ഒരു തുടർച്ചയുണ്ടാകുന്നത് 1965 ലാണ്. പ്രശസ്ത സാഹിത്യകാരൻ മലയാറ്റൂർ രാമകൃഷ്ണനെ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിനുള്ള പ്രത്യേക ഓഫീസറായി നിയമിക്കുന്നു .ഇതിന്റെ ഫലമായി പഞ്ചായത്ത്, മുൻസിപാലിറ്റികൾ, സഹകരണം, പൊതുവിതരണം, വനം, വിദ്യാഭ്യാസം തുടങ്ങിയ ഒട്ടേറെ വകുപ്പുകളിൽ മലയാളം ഭരണഭാഷയായി ഉപ


ജോസഫ് മുണ്ടശ്ശേരി

നിന്നുള്ള ഒരിടപെടലായി കണക്കാകാവുന്നതാണ്. 1987 ൽ ഇ കെ നായനാർ മുഖ്യമന്ത്രിയായിരിക്കെ മന്ത്രിസഭായോഗത്തിനുള്ള കുറിപ്പുകളും യോഗനടപടികുറിപ്പുകളും മലയാളത്തിൽ മാത്രംമതി എന്ന ഉത്തരവും ഉണ്ടാകുന്നു. ഇത്തരത്തിലുള്ള പദ്ധതികളിലൂടെയും കർമ്മപരിപാടികളിലൂടെയും ഭരണഭാഷ മലയാളമാക്കി മാറ്റാനുള്ള ശ്രമങ്ങൾ ഔദ്യോഗികമായി തുടർന്നുകൊണ്ടിരിന്നു. പൂർണമായവിജയം ഇക്കാര്യത്തിൽ നേടിയെന്ന് പറയാനാവില്ലെങ്കിലും ഈ ഇടപെടലുകൾ മാതൃഭാഷാവിഷയത്തിൽ കാര്യമായ ചലനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. 2003 മുതൽ ഔദ്യോഗികഭാഷാനിയമസഭാസമിതിയും പ്രവർത്തിച്ചുതുടങ്ങി. ഒരു ഭരണഭാഷപഠനപദ്ധതിതന്നെ ഇതിന്റെ ഭാഗമായി രൂപപ്പെടുത്തിയിട്ടുണ്ട്. ആശാവഹമായ ചിലപുരോഗതികൾ ഈ അവസരത്തിൽ ഉണ്ടായിട്ടുണ്ട് . എന്നാൽ കോടതിഭാഷ ഉന്നതവിദ്യാഭ്യാസപഠന മാധ്യമം, കോളേജ് തലത്തിലെ രണ്ടാം ഭാഷവിവേചനം, പി.എസ്.സി പരീക്ഷകളിൽ മലയാളത്തോടുള്ള അവഗണന, തുടങ്ങിയ പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട് . ഇവിടെയാണ് മാതൃഭാഷ പ്രസ്ഥാനങ്ങളുടെയും സമരങ്ങളുടെയും പ്രസക്തി .

യോഗിക്കാൻ നിർദ്ദേശമുണ്ടായി. ഉണർവുകൾ പലതുണ്ടായെങ്കിലും മലയാറ്റൂരിന്റെ പ്രത്യേക പദവിയും കാര്യമായ നീക്കുപോക്കൊന്നും സൃഷ്ടിച്ചില്ല .

## മലയാളവും ഇംഗ്ലീഷും

കേരളത്തിന്റെ ഔദ്യോഗിക ഭാഷകളായി അംഗീകരിച്ചുകൊണ്ടുള്ള ആക്ട് 1969ൽ നിലവിൽ വന്നു .ഇതുവഴി ഒദ്യോഗിക ആവിശ്യങ്ങൾക്കെല്ലാം മലയാളം ഉപയോഗിക്കാനുള്ള വഴി തുറന്നു. എന്നാൽ ബ്യൂറോക്രസി ആ വഴി തിരെഞ്ഞെടുട്ടില്ല എന്നു മാത്രം. 1970 ൽ മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഒദ്യോഗിക ഭാഷാ സമിതിയും രൂപീകരിച്ചു .1976 ലും 1978ലും ഇറങ്ങിയ ഭരണഭാഷാ ഉത്തരവുകളിൽ മലയാളം ഭരണതലത്തിൽ നിർബന്ധമാക്കേണ്ടതിന്റെ ആവിശ്യം ഊന്നി പറഞ്ഞു. 1977 ൽ തിരുവനന്തപുരത്തു വച്ച നടന്ന ലോക മലയാള സമ്മേളനത്തിൽ അന്നത്തെ മുഖ്യമന്ത്രി എ.കെ ആന്റണി അഞ്ചു വർഷം കൊണ്ട് കേരളത്തിലെ ഔദ്യോഗിക ഭാഷ പൂർണമായും മലയാളമാക്കുമെന്ന് പ്രഖ്യാപിച്ചു. അഞ്ചു വർഷം കൊണ്ട് പദ്ധതി പൂർത്തിയാക്കാനുള്ള കർമ്മപരിപാടികളും ആസൂത്രണം ചെയ്തു. ഈ പദ്ധതിയും കാര്യമായ ഫലം കണ്ടില്ല .1985 ൽ സ്പീക്കറായിരുന്ന വി എം സുധീരൻ ഒരു റൂളിംഗിലൂടെ നിയമസഭയിലെ ബില്ലുകൾ മലയാളത്തിൽ തന്നെ ആയിരിക്കണമെന്ന് നിർദ്ദേശിച്ചു. ഇത് മേൽത്തട്ടിൽ ( നിയമസഭ )

മാതൃഭാഷക്കുവേണ്ടിയുള്ള സമരങ്ങളിൽ 1952ൽ ബംഗ്ലാദേശിലെ ധാക്കയിൽ വിദ്യാർത്ഥികൾ നടത്തിയ സമരവും തുടർന്നുണ്ടായ കൂട്ടക്കൊലയും ലോകചരിത്രത്തിലെ ജ്വലിക്കുന്ന അധ്യായമാണ് . ഭാഷാ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണം എന്നാവശ്യപ്പെട്ട് 1952ൽ സത്യാഗ്രഹസമരം നടത്തുകയും രക്തസാക്ഷിത്വം വരുകയും ചെയ്ത പോറ്റി ശ്രീരാമലു ( ആന്ധ്രപ്രദേശ് ) വിന്റെ പേര് ഇന്ത്യയിലെ ഭാഷാവിചാരങ്ങളിൽ മുഴങ്ങികേൾക്കുന്ന ശബ്ദമാണ് . മലയാളിയായ ഇമ്പിച്ചിബാവ രാജ്യസഭയിൽ മലയാളത്തിൽ പ്രസംഗിച്ച് ചരിത്രം സൃഷ്ടിച്ചത് മലയാളത്തിന്റെ ഭാഷ സമര ചരിത്രത്തിൽ അനുസ്മരിക്കപ്പെടേണ്ടസന്ദർഭമാണ് (1952). 1967-ലെ

മന്ത്രിസഭയിലെ ഗതാഗതമന്ത്രിയുമായിരുന്ന ഇമ്പിച്ചിബാവ .

കേരളനിയമസഭയിലെ ഭാഷാപോരാളി എന്നുപറയാവുന്ന പേര് കാന്തലോട്ട് കുഞ്ഞമ്പുവിന്റേതാണ്. 1977 ൽ വനംമന്ത്രിയായ അദ്ദേഹം സത്യപ്രതിജ്ഞാവാചകം, ലാഹോറു കാരനായ നിരഞ്ചൽനാഥ് വാഞ്ചു എന്ന ഗവർണറെകൊണ്ട് മാലയാളത്തിൽപറയിച്ച് ഏറ്റുചൊല്ലി ചരിത്രംകുറിച്ചയാളാണ് . വനംവകുപ്പിലെ ഉദ്യോഗസ്ഥക്കുറിപ്പികളെല്ലാം മലയാളത്തിലാക്കി മാറ്റാൻ കുഞ്ഞമ്പുവിന് കഴിഞ്ഞു . ഒരു മന്ത്രിയായിരുന്നുകൊണ്ട് മാതൃഭാഷയിൽതന്നെ കാര്യങ്ങൾ നിർവഹിക്കാൻ കാന്തലോട്ട് കുഞ്ഞമ്പു കാട്ടിയധീരത നമ്മളെ ഭരിച്ച / ഭരിക്കുന്ന പല മന്ത്രിമാർക്കും ഇല്ലാതെപോകുന്നു എന്നതാണ് ദുരവസ്ഥ.


നിയമസഭാ അംഗങ്ങൾക്ക് ബില്ലുകൾ മലയാളത്തിൽ വേണം എന്ന ആവശ്യം ഉന്നയിച്ച് നിയമസഭയിൽ തീപ്പൊരി പാറിച്ചയാളാണ് ലോനപ്പൻ നമ്പാടൻ. 1983 മാർച്ച് 11ന് ഇംഗ്ലീഷ് ഭാഷയിലുള്ള ബില്ലുകൾ നിയമാസഭക്കകത്തുവെച്ച് നമ്പാടൻ കത്തിച്ചു പ്രതിഷേധിച്ചു. നമ്പാടന്റെ നേതൃത്വത്തിൽ രൂപികരിച്ച സോഷ്യലിസ്റ്റ് കേരളാകോൺഗ്രസ് എന്ന പാർട്ടി ഭരണഭാഷാ മലയാളമാക്കണം എന്നാവശ്യപ്പെട്ട് തെരുവിലിറങ്ങിയ ഏക രാഷ്ട്രീയപാർട്ടിയായിരുന്നു. മലയാളത്തെ പൂർണ്ണഭരണ ഭാഷയാക്കണം എന്നാവശ്യപ്പെട്ട് കാസർകോട് മുതൽ തിരുവനന്തപുരം വരെ സൈക്കിൾറാലി നടത്തിയതും ഈ പാർട്ടിയും നമ്പാടനുമാണ്. സോഷ്യലിസ്റ്റ് കേരളകോൺഗ്രസ് പാർട്ടിയുടെ യുവജനപ്രവർത്തകരാണ് മാതൃഭാഷാ സമരം നടത്തി ജയിലിലാവുന്ന ആദ്യമലയാളികൾ. കുമ്പളം സോളമൻ, പി.എൻ നെടുവേലി, പൊന്നൻ മാവേലിക്കര, സോളമൻ വേളാഞ്ചിറ, തോമസ് സി ചിലമ്പിക്കുന്നേൽ, ഹരികുമാർ (കടപ്പാട് : സുബൈർ അരിക്കളം ) എന്നിവരാണ് അവർ. 1983 മാർച്ച് 3ന് നിയമസഭയുടെ ഗ്യാലറിയിൽ 'ഭരണഭാഷാ മലയാളമാക്കുക' എന്ന മുദ്രാവാക്യം ഉച്ചത്തിൽ വിളിച്ച ഇവരെ പത്തുദിവസം ജയിലിലടച്ചാണ് അന്നത്തെ നിയമസഭ' ഭരണഭാഷാ' നയം വ്യക്തമാക്കിയത്.



എൻ.വി. കൃഷ്ണവാരിയർ

ജനാധിപത്യപ്രക്രിയയിലും അധികാരവികേന്ദ്രികരണ ക്രമത്തിലും സുസ്ഥിരവികസന സങ്കൽപ്പത്തിലും മാതൃഭാഷ ചെലുത്തുന്ന പങ്ക് ബൗദ്ധികമായി തിരിച്ചറിയാൻ നമ്മുടെ മുഖ്യധാര രാഷ്ട്രീയ കക്ഷികൾക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ കാലംവരെ മലയാളത്തെ മാറ്റി നിർത്തിയിരുന്ന സിവിൽ സർവീസ് തെരഞ്ഞെടുപ്പ് സംവിധാനത്തിന്റെ ഉത്പന്നങ്ങളായ ഉന്നത ബ്യൂറോക്രാറ്റുകളാണ് ഭരണ രാഷ്ട്രീയം നയിക്കുന്നത്.

ജനാധിപത്യം - സ്വാതന്ത്ര്യം -സോഷ്യലിസം എന്ന മുദ്രാവാക്യം മുന്നോട്ടുവെക്കുമ്പോഴും മേൽ സൂചിപ്പിച്ച ബ്യൂറോക്രാറ്റുകളുടെ അടിമയായി വർത്തിക്കാനേ മന്ത്രിമാർക്കും ജനപ്രതിനിധികൾക്കും സാധിക്കുന്നുള്ളൂ. ഈ വൈരുദ്ധ്യം മൂലം 'രാഷ്ട്രീയം' എന്ന പദംതന്നെ സാമാന്യ ജനങ്ങൾക്കിടയിൽ  പുച്ഛിക്കപെടുന്നു. രാഷ്ട്രീയബോധം നഷ്ട്ടപ്പെട്ട ജനത ഒരിടത്ത് അടിമകളും മറ്റൊരിടത്ത് ഫസിസ്റ്റുകളുമായി പ്രത്യക്ഷപ്പെടും എന്നതിന്റെ സാക്ഷ്യം ഇന്ന് കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ഔദ്യോഗികഭാഷാ വ്യവഹാരം ഇംഗ്ലീഷിൽ ഉടരുകയും നമ്മുടെ രാഷ്ട്രീയഭാഷ (ജനങ്ങളുടെ ഇടയിലെ പ്രവർത്തന ഭാഷ ) മലയാളം തന്നെ ആയിരിക്കുകയും ചെയ്യുന്നു. ഔദ്യോഗികതയുടെ ഇംഗ്ലീഷ് മെച്ചം അധികാരത്തെ ശ്രേഷ്ഠപ്പെടുത്തുകയും മാതൃഭാഷാ



മലയാളത്തിലൂന്നിയ രാഷ്ട്രീയ വ്യവഹാരം ഇകഴ്ത്തപ്പെടുകയും ചെയ്യുക സ്വാഭാവികം. ദേശത്തിന്റെ ഭരണഭാഷയും രാഷ്ട്രീയഭാഷയും ഒന്നാകുന്നിടത്തേ സോഷ്യലിസ്റ്റ് ജനാധിപത്യം പൂർണമാകൂ എന്ന തിരിച്ചറിവ് രാഷ്ട്രീയ നേതൃത്വം ഉൾക്കൊള്ളണം. രാഷ്ട്രീയം ഭാഷയുടെ രാഷ്ട്രീയം കൂടിയാണെന്ന ഉൾകാഴ്ച്ച നമ്മുടെ ഭരണകൂടങ്ങളിൽ ജനിപ്പിക്കുക എന്നതാണ് മാതൃഭാഷ പ്രസ്ഥാനങ്ങളുടെ ലക്ഷ്യവും പ്രവർത്തനവും.

'ഭരണഭാഷമലയാളമാക്കുക' എന്നാവശ്യപെട്ടുകൊണ്ട് 1982-ൽ കേരളപ്പിറവിദിനത്തിൽ സെക്രട്ടറിയേറ്റിനുമുന്നിൽ നടന്ന ജനകീയ സമരമാണ് കേരളത്തിൽ ഇപ്പോൾ നടക്കുന്ന 'മലയാള പക്ഷ സമരങ്ങളുടെ തുടക്കം എന്നു പറയാം.

എൻ.വി കൃഷ്ണ വാര്യർ, പി എൻ പണിക്കർ തുടങ്ങിയവർ ആയിരുന്നു ഈ സമരത്തിന് നേതൃത്വം നൽകിയത്. ശാസ്ത്രസാഹിത്യപരിഷത്ത്, കാൻ ഫെഡ്, യുക്തിവാദി സംഘം, ഭരണപരിഷകാര വേദി, തുടങ്ങിയ നിരവധി സംഘടനകൾ ഈ സമരത്തിന് പിന്തുണ നൽകി. മാതൃഭാഷക്ക് വേണ്ടിയുള്ള സമരം പൊതുജന ശ്രദ്ധയിലേക്ക് കടക്കുന്നഒരു സന്ദർഭം കൂടിയായിരുന്നു ഇത്.

1989-ൽ ഡോ.ജോർജ് ഇരുമ്പയം, എം. കെ സാനു, എൻ. വി കൃഷ്ണ വാര്യർ എന്നിവരുടെ നേതൃത്വത്തിൽ മലയാള സംരക്ഷണ വേദി എന്ന സംഘടന രൂപീകരിച്ചു.

മാതൃഭാഷകൾക്ക് പ്രാധാന്യം നല്കുന്ന വിധം ഒരു ഭാഷാനയം കേന്ദ്ര സർക്കാർ പുറപ്പെടുവിക്കണം എന്നതായിരുന്നു സമിതിയുടെ പ്രധാന ആവശ്യങ്ങളിലൊന്ന്, മലയാളം വിദ്യാഭ്യാസ മേഖലയിൽ ഒന്നാം ഭാഷയാക്കാൻ മലയാളസർവ്വകലാശാല സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങളും സമിതി മുന്നോട്ടു വെച്ചു, കേരളപ്പിറവി ദിനം മുതൽ ഒരാഴ്ച ഭരണഭാഷാ വാരമായി ആചരിക്കുക എന്നതും ഈ സമിതിയുടെ നിർദ്ദേശങ്ങളിൽ പെടുന്നു, സമാനമായ ആശയങ്ങൾ ഉന്നയിച്ചുകൊണ്ട് 'മലയാളസമിതി' എന്നൊരു സംഘടനയും പ്രവർത്തിച്ചു തുടങ്ങി 1991 മാർച്ച് 7 ന് ഈ സമിതിയുടെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റ് നടയിൽ കുത്തിയിരിപ്പു സമരവും നടന്നു, സ്കൂൾ, കോളേജ് തലത്തിൽ മലയാളം ഒന്നാം ഭാഷയാക്കുക, സർവ്വകലാശാലകളിലുൾപ്പടെ ഭരണ ഭാഷ മലയാളമാക്കുക, സ്ഥലനാമങ്ങൾ മലയാളത്തിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ മലയാളസമിതിയുടെ മുദ്രാവാക്യങ്ങളായിരുന്നു.

എം. കെ.രാജ് ചന്ദ്, ഹരിദാസൻ, ടി ടി ശ്രീകുമാർ, സി.എസ് .ജയചന്ദ്രൻ തുടങ്ങിയവർ ആയിരുന്നു ഈ സമിതിക്ക് നേതൃത്വം നൽകിയിരുന്നത്. മലയാളം നിർബന്ധിത ഒന്നാംഭാഷയാക്കണമെന്നാവശ്യപ്പെട്ട് 2010 ൽ അന്നത്തെ മുഖ്യമന്ത്രി ആയിരുന്ന വി. എസ്. അച്യുതാനന്ദന് സമിതി സമർപ്പിച്ച ജനകീ നിവേദനം മാതൃഭാഷാ സമരങ്ങളുടെ ചരിത്രത്തിൽ ഏറെ നിർണായകമായിരുന്നു. 'മലയാളം ജന്മാവകാശം' എന്ന മലയാള സമിതി മുന്നോട്ട് വെച്ച മുദ്രാവാക്യമാണ് ഐക്യമലയാള പ്രസ്ഥാനത്തിനും തുടർന്നുള്ള ഭാഷാ സമരങ്ങൾക്കും ഊർജം പകർന്നത്.

1998 മുതൽ മലയാള കർമ്മസമിതി എന്ന പേരിൽ ഒരു സംഘടനയും മാതൃഭാഷാ അവകാശങ്ങൾക്കായി പ്രവർത്തിച്ചിരുന്നു. എം വി തോമസ്, എം വി ഹരികുമാർ, അജയപുരം ജ്യോതിഷ്കുമാർ തുടങ്ങിയവരായിരുന്നു നേതൃത്വം നൽകിയത്. 2009 നവംബറിൽ വടകരയിൽ ചേർന്ന ഒരു കൂട്ടം ഭാഷാസ്നേഹികൾ രൂപികരിച്ച സംഘമാണ് മലയാള ഐക്യവേദി. ഡോ പുതുശ്ശേരി രാമചന്ദ്രൻ, ഡോ കെ എം ഭരതൻ, ഡോ പി പവിത്രൻ എന്നിവർ സംഘടനയ്ക്ക് നേതൃത്വം നൽകി.. ഭരണഭാഷാ വേദി, ശാസ്ത്ര മലയാളവേദി, സാമൂഹ്യശാസ്ത്ര മലയാളവേദി, മലയാള മാധ്യമവേദി, മലയാള വിവര സാങ്കേതികാ വേദി, ഹൈസ്കൂൾതല മലയാളവേദി, ഹൈയർ സെക്കണ്ടറിതല മലയാളവേദി, ബിരുദ - ബിരുദാനന്തര തല മലയാളവേദി എന്നിങ്ങനെ വിവിധ ഉപസമിതികളും ഐക്യവേദിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. മലയാള ഐക്യവേദിയുടെ വിദ്യാർത്ഥി മലയാള വേദി 2010 ൽ നിലവിൽ വന്നു. ക്യാമ്പസിലെ ഭരണഭാഷ മലയാളമാക്കുക, ഉന്നത വിദ്യാഭ്യാസത്തിനു മലയാളം മാധ്യമമാക്കുക തുടങ്ങിയ ആവിശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് 2013 ഫെബ്രുവരി 15 ന വിദ്യാർത്ഥി വേദി സെക്രട്ടറിയേറ്റിനു മുൻപിൽ

സംഘടിപ്പിച്ച നിരാഹാര സമരം ഏറെ ശ്രദ്ധിക്കപ്പെട്ടു


2010 ൽ മലയാള സംരക്ഷണ വേദി, മലയാള സമിതി, മലയാള ഐക്യവേദി എന്നീ സംഘടനകൾ ചേർന്ന് ഐക്യമലയാള പ്രസ്ഥാനം രൂപീകരിച്ചു. ഇതോടെ മാതൃഭാഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ശക്തമായ ബാഹ്യ ഇടപ്പെടലുകൾക്ക് വേദിയൊരുക്കി. 2010 നവംബർ 28ന് കാനായി കുഞ്ഞിരാമൻ്റെ നേതൃത്വത്തിൽ ഒരു വിളംബര ജാഥയും 29 ന മലയാളം നിർബന്ധിത ഒന്നാംഭാഷയാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഒരു സമരവും ആരംഭിച്ചു .ഒരു നീണ്ട ഇടവേളയ്ക്കു ശേഷം കേരളം കണ്ട മാതൃഭാഷ തുടർസമരങ്ങളുടെ തുടക്കമായി ഈ സമരം മാറി. സമരത്തിൻ്റെ രണ്ടാം ഘട്ടമെന്ന നിലയിൽ 2010 ഡിസംബർ 22 മുതൽ സെക്രട്ടറിയേറ്റ് പടിക്കൽ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ആരംഭിച്ചു. തുടർന്ന് ആ സമയത്തെ മുഖ്യമന്ത്രിയായിരുന്ന വി എസ് അച്യുതാനന്ദൻ നൽകിയ ഉറപ്പിനെ തുടർന്ന് സമരം അവസാനിപ്പിച്ചു. ആർ വി ജി മേനോൻ കമ്മറ്റിയുടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കണമെന്നുള്ള നിർദ്ദേശം 2011 ജനുവരി 25 ന മന്ത്രിസഭ അംഗീകരിച്ചു. ഈ വിഷയത്തിൽ പ്രയോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനായി നിയമിക്കപ്പെട്ട ഒ എൻ വി കമ്മറ്റിയുടെ നിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 2011 മെയ് 6 ന് മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കികൊണ്ടുള്ള ഉത്തരവ് നിലവിൽ വന്നു. മലയാള സർവകലാശാലയുടെ രൂപീകരണവും ഭാഷാ പ്രവർത്തകരുടെയും ഭാഷാസ്നേഹികളുടെയും ആത്മവിശ്വാസം ഉയർത്തി.

കോടതി ഭാഷ മലയാളമാക്കുക, ഒന്നാംഭാഷാ ഉത്തരവ് പൂർണമായി നടപ്പിലാക്കുക, സമഗ്ര മലയാള നിയമം നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് നിരവധി പ്രക്ഷോഭങ്ങൾ ഐക്യമലയാള പ്രസ്ഥാനം ഏറ്റെടുത്തു. സമഗ്ര മലയാള നിയമം നടപ്പാക്കുക എന്ന ആവിശ്യമുന്നയിച്ച് കെ പി രാമനുണ്ണി 2013 മാർച്ച് 18 ന് ആരംഭിച്ച ആശ്ചിതകാല നിരാഹാര സമരം മാതൃഭാഷാ സമരങ്ങളുടെ ആക്കം കൂട്ടി. 2017 ൽ ഡോ വി പി മാർക്കോസ് ജാഥാ ക്യാപ്റ്റനായി കാസർകോട്ടു നിന്നും തിരുവനന്തപുരത്തേയ്ക്കു നയിച്ച വാഹന പ്രചരണ ജാഥ ഭാഷാസമരങ്ങൾക്ക് ജനകീയ മുഖം നല്കി.

കേരളത്തിലെ ഉദ്യോഗസ്ഥരെ തിരെഞ്ഞെടുക്കുന്ന പി എസ് സി പരീക്ഷയുമായി ബസപ്പെട്ട സമരങ്ങളാണ് മലയാള ഭാഷാ പ്രക്ഷോഭങ്ങളിൽ അടുത്ത കാലത്തായി ശ്രദ്ധ നേടിയിട്ടുള്ളത്. ബിരുദം യോഗ്യതയായ പരീക്ഷകൾക്കും മലയാളത്തിൽ കൂടി ചോദ്യപേപ്പർ ലഭ്യമാക്കണമെന്നതായിരുന്നു ഈ കാര്യത്തിൽ ആദ്യ ആവശ്യം. ഈ ആവശ്യമുന്നയിച്ച് 2019 ആഗസ്റ്റ് 29 മുതൽ 19 ദിവസം പി എസ് സി ഓഫിസിനു മുൻപിൽ ഐക്യമലയാള പ്രസ്ഥാനം നിരാഹാര സമരം നടത്തി . തിരുവോണ ദിവസമടക്കം നിരാഹാരം കിടക്കേണ്ടി വന്ന ഈ സമരം ഏറെ ജനശ്രദ്ധ പിടിച്ചു പറ്റി. എൻ. പി. പ്രിയേഷ് കുമാർ, ആർ രൂപിമ, ആർ. എസ് .ശ്രേയ, പി സുഭാഷ് കുമാർ, അനൂപ് വളാഞ്ചേരി എന്നിവരാണ് നിരാഹാരമനുഷ്ഠിച്ചത്. മലയാളത്തിൽ ചോദ്യം തയ്യാറാക്കാൻ പി എസ് യോട് നിർദ്ദേശിക്കാമെന്ന മുഖ്യമന്ത്രി പിണറായി വിജയൻ്റെ ഉറപ്പിലാണ് ഈ നിരാഹാരസമരം അവസാനിച്ചത് . പ്രശ്നത്തിൽ പരിഹാരം കാണാൻ കഴിഞ്ഞത് ഐക്യമലയാള പ്രസ്ഥാനത്തിൻ്റെയും മാതൃഭാഷാ സ്നേഹികളുടെയും ആത്മവിശ്വാസം വർദ്ധിപ്പിച്ചു . എന്നാൽ പി എസ് സിയുടെ മാതൃഭാഷാ വിരോധം പ്രകടമാവുന്ന പല സന്ദർഭങ്ങളും തുടർന്നും പുറത്തു വന്നു. എൽ പി – യു പി അദ്ധ്യാപക പരീക്ഷയിൽ "മലയാളം" ഒരു വിഷയമായി ഉൾപ്പെടുത്താത്തത് ഭാഷാ പ്രവർത്തകരുടെ ശ്രദ്ധയിൽപ്പെട്ടു.പ്രാഥമിക വിദ്യാലയങ്ങളിലെ അദ്ധ്യാപകരെ തിരെഞ്ഞെടുക്കുന്ന പരീക്ഷകളിൽ മലയാള വിജ്ഞാന പരിശോധന നിർബന്ധമാക്കണമെന്ന നിലപാടിൽ ഐക്യമലയാള പ്രസ്ഥാനം ഉറച്ചുനിന്നു. 2020 ഒക്ടോബറിൽ 35000 ലധികം പേർ ഒപ്പിട്ട ഒരു ഓൺലൈൻ ഭീമഹർജി മുഖ്യമന്ത്രിയ്ക്കു സമർപ്പിക്കുകയും ചെയ്തു. ഈ കാര്യത്തിൽ പി എസ് സിയുടെ നിഷേധ നിലപാടിൽ പ്രതിഷേധിച്ച് 2020 നവംബർ 1 മുതൽ സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന ഭരണഭാഷാ വാരാഘോഷം ഭാഷാ സ്നേഹികൾ പ്രതിഷേധവാരമായി ആചരിച്ചു. മാതൃഭാഷയോടുള്ള ഭരണകൂട – ഉദ്യോഗസ്ഥവൃന്ദങ്ങളുടെ നിഷേധനിലപാടുകൾക്കെതിരെ നടക്കുന്ന പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകുന്ന ഇടപെടലുകൾ മലയാളത്തിൽ സജീവമായി കൊണ്ടിരിക്കുന്നു. കേരള പ്പിറവി ദിനത്തിൽ നടത്താനുള്ള ഒരനുഷ്ഠാനമല്ല മാതൃഭാഷാ വിചാരമെന്ന് ഓർമ്മപ്പെടുത്താൻ 2020ലെ ഭരണഭാഷാ വാരാചരണ പ്രതിഷേധ ഓൺലൈൻ ക്യാമ്പയിൻ വഴി സാധിച്ചു.

മാതൃഭാഷാ സമരങ്ങളിലും ഭാഷാ ഇടപ്പെടലുകളിലും കേരളത്തിൻ്റെ സാംസ്കാരിക ലോകം വഹിച്ച പങ്കും വിലമതിക്കേണ്ടതാണ്. എം. ടി. വാസുദേവൻ നായർ, അടൂർ ഗോപാലകൃഷ്ണൻ തുടങ്ങി എഴുത്തുകാരും, കലാ പ്രവർത്തകരും, സാംസ്കാരിക നായകരും ഭാഷാ പ്രക്ഷോഭത്തിൽ പൂർണ സഹകരണവും പിന്തുണയും നൽകി വരുന്നു. 'മാതൃഭൂമി' പോലെയുള്ള മാധ്യമങ്ങളുടെ ഇടപ്പെടലുകളും ശ്രദ്ധേയമാണ്. ഓൺലൈൻ ഇടങ്ങൾ മാതൃഭാഷാ സമര ഇടങ്ങളായും പ്രചരണ ഇടങ്ങളായും മാറിയിരിക്കുന്നു. ഒരു ഐ പി എസ് ഉദ്യോഗസ്ഥനായ കെ സേതുരാമൻ രചിച്ച മലയാളത്തിൻ്റെ ഭാവി, (2011) മലയാള ഐക്യവേദി പ്രസിദ്ധീകരിച്ച ഡോ പി പവിത്രൻ്റെ 'മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരം' എന്നീ ഗ്രന്ഥങ്ങളും മാതൃഭാഷയെ കുറിച്ചുള്ള ചിന്തകൾക്ക് മാറ്റ് കൂട്ടുന്നവയാണ്.

# മറഡോണ



അമരനാം മറഡോണാ
ഒറ്റപ്പന്തിൽ ഭ്രൂപടം തീർത്തവൻ നീ !
കുറുങ്കാലിനാൽ പന്തിൽ  ഭ്രൂഗോളം ചമച്ചവൻ നീ !
ഒട്ടിയ വയറിനാൽ പേശീ ബലക്കിനാക്കൾക്ക്
കൂട്ടായിരുന്നവൻ നീ !
ഞങ്ങളാം മൂന്നാം ലോകർക്ക്
കാൽപ്പന്തിനാലറ്റമില്ലാക്കിനാക്കൾ
നെയ്യാൻ കൂട്ടു ചേർന്നവൻ നീ !

അന്തമില്ലാതുരുളും  മാനവ പ്രതീക്ഷകളി-
ലുന്മാദവേഗം തീർത്തവൻ നീ!
ഒറ്റശ്വാസത്താലമർത്തിപ്പിടിച്ച
ജീവിത വേഗ ലക്ഷ്യങ്ങൾ
ഞൊടിയിലോടിയളന്നു കുറിച്ചവൻ നീ !

ഇരുളും  വെളിച്ചവും
പപ്പാതി തീർക്കും മർത്യ
ജീവിത ക്ഷണനേരങ്ങളെ
വേഗത്താൽ വിളക്കിയവൻ നീ !
കളിയാലതിർത്തിക-
ളതിലംഘിച്ചവന്റെ പേരാണ് നീ!

പെരുമ,യൊരുമകൾ കാക്കും
കളിയിലെയൊറ്റയിതിഹാസമതിൻ പേരാണ് നീ !

**എൻ.കെ. സുനിൽകുമാർ**
എം.ജി. കോളേജ് തിരുവനന്തപുരം



കവിത ചൊല്ലി കേൾ
ക്കുന്നതിന് QR CODE
സ്കാൻ ചെയ്യുക



# ജ്ഞാനപീഠ പുരസ്കാരം: മലയാളസാഹിത്യ ഭാവനയുടെ ദേശകാലങ്ങൾ

**ഡോ. എൻ. രേണുക**
എൻ.എസ്.എസ്. കോളേജ്, ചേർത്തല




പുരസ്കാരങ്ങൾ ലഭിക്കുന്നത് വ്യക്തികൾക്കാണെങ്കിലും അപൂർവ്വമായ ചില അംഗീകാരങ്ങൾ ദേശത്തിനും കാലത്തിനും അവകാശപ്പെട്ടതാണ്. ആർക്ക്? എന്തിന്? ആര്? എന്ത് അടിസ്ഥാനത്തിൽ നൽകുന്നു തുടങ്ങിയ ചോദ്യങ്ങളാണ് ഒരു പുരസ്കാരത്തിന്റെ മൗലികതയെ നിർണ്ണയിക്കുന്നത്. ഭാരതീയ ജ്ഞാനപീഠം അത്തരത്തിലുള്ള ഒന്നാണ്. ഇന്ത്യൻ ഗവൺമെന്റിന്റെ ഔദ്യോഗിക ബഹുമതി അല്ലെങ്കിലും മൂല്യം കൊണ്ട് അതിന് സമാനമായ സ്ഥാനം ജ്ഞാനപീഠത്തിനുണ്ട്. ഒരു കൃതിയുടെ ആന്തരിക ജീവിതത്തിന്റെ വ്യാപ്തി വിശ്വഭാവനയോളം ഉയർന്ന കൃതികൾക്കാണ് ആദ്യകാലങ്ങളിൽ ജ്ഞാനപീഠം നൽകിയിരുന്നത്. പിന്നീട് കൃതികളിലൂടെ വികസിച്ച സമഗ്രബോധത്തിന്റെ പേരിൽ എഴുത്തുകാർ സമ്മാനിതരാകുന്ന അവസ്ഥയി

ലേക്ക് എത്തിച്ചേർന്നു. സാഹിത്യ കൃതികൾക്കൊപ്പം ജ്ഞാനപീഠ പുരസ്കാരസമിതിയുടെ വീക്ഷണ ങ്ങളും കാലോചിതമായ പരിണാ മങ്ങൾക്കും പരിഷ്കാരങ്ങൾക്കും വഴിപ്പെട്ടു എന്നത് പ്രധാനമാണ്.

1944 ൽ ബനാറസിൽ നടന്ന ഒരു സമ്മേളനത്തിലാണ് നാമാവശേ ഷമായിക്കൊണ്ടിരിക്കുന്ന പാലി, പ്രാകൃതം, സംസ്കൃതം, അപഭ്രംശം, മാഗധി തുടങ്ങിയ വിവിധ പാര മ്പര്യങ്ങളിൽ നിന്നും ദേശങ്ങളിൽ നിന്നും ദർശനങ്ങളിൽനിന്നും രൂപംകൊണ്ട, പുരാതനഭാരത ത്തിൽ പ്രചരിച്ചിരുന്ന പ്രാക്തനഭാ ഷകളെക്കുറിച്ചുള്ള ആലോചനകൾ നടന്നത്. ഇവ കേവലം ആശയ വിനിമയത്തിനുള്ള ഉപാധികൾ എന്നതിനപ്പുറം വൈജ്ഞാനിക ധാരകൾ സമന്വയിക്കുന്ന സാം സ്കാരികമണ്ഡലം എന്ന പദവി അർഹിക്കുന്നവയാണ്. ഈ ഭാഷകളിലുണ്ടായ അപ്രകാശിത കൃതികൾ പ്രസിദ്ധീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് സാഹു ജെയ്ൻ കുടുംബത്തിന്റെ സഹകര ണത്തോടെ 1944 ഫെബ്രുവരി 18 ന് ഭാരതീയ ജ്ഞാനപീഠം ട്രസ്റ്റ് രൂപീകരിക്കുന്നത്. 1961 ൽ ആണ് സാഹു ജയിൻ കുടുംബം ഭാരത ത്തിലെ അംഗീകൃതഭാഷകളിൽ എഴുതപ്പെട്ട മികച്ചകൃതികൾക്ക് പുരസ്കാരം നൽകുന്ന തീരുമാന ത്തിൽ എത്തുന്നത്. ജ്ഞാനപീഠപു രസ്കാരത്തിന്റെ സംക്ഷിപ്ത ചരിത്രം ഇന്ത്യൻ ഭരണഘടനയിലെ ഭാഷാ നയവുമായി ബന്ധപ്പെട്ട് നിലനിൽ ക്കുന്നു എന്നത് പുരസ്കാരത്തിന്റെ ജനാധിപത്യ സ്വഭാവത്തെ നിർണ്ണ യിക്കുന്ന ഘടകമാണ്.

ആദ്യത്തെ ജ്ഞാനപീഠപുരസ്കാരം 1965 ൽ മഹാകവി ജി. ശങ്കരക്കുറു പ്പിന്റെ 'ഓടക്കുഴൽ' എന്ന കവിതാ സമാഹാരത്തിനു ലഭിച്ചു എന്നത് മലയാള ഭാഷയുടെ സൗന്ദര്യസങ്ക ല്പത്തിനും സമൂഹബോധത്തിനും തെളിവാണ്. ഓടക്കുഴൽ എന്ന കൃതിയോടൊപ്പം ദേശീയശ്രദ്ധ നേടിയത് കവി മാത്രമല്ല, മലയാ ളഭാഷ കൂടിയാണ്. പിന്നീട് 1980 ൽ എസ്. കെ. പൊറ്റക്കാടിന്റെ 'ഒരു ദേശത്തിന്റെ കഥ' എന്ന


ജി. ശങ്കരക്കുറുപ്പ്. കടപ്പാട് : വിനീത് എസ്. പിള്ള

ആത്മകഥാപരമായ നോവലിനും 1984 ൽ തകഴി ശിവശങ്കരപ്പിള്ള യ്ക്കും 1995ൽ എം. ടി വാസുദേവൻ നായർക്കും, 2007 ൽ ഒ.എൻ.വി കുറുപ്പിനും, 2019 ൽ അക്കിത്തം അച്യുതൻ നമ്പൂതിരിയ്ക്കും ലഭിക്കുക യുണ്ടായി.

ജ്ഞാനപീഠ പുരസ്കാരത്തിന് അർഹമായ കൃതികളെയും എഴുത്തു കാരുടെ സമഗ്രസംഭാവനകളെയും ആസ്പദമാക്കി ഒരു സാംസ്കാരിക വായനയും ഭാവുകത്വവിശകലന വും സാധ്യമാണ്. അതിൽ മുഖ്യ മായത് നാനാത്വത്തിൽ ഏകത്വം ദർശിക്കുമ്പോഴും ദേശീയത എന്ന വീക്ഷണത്തെക്കാൾ പ്രാദേശിക ഭാഷകളിലൂടെയും ഭാവനകളിലൂ ടെയും സാംസ്കാരിക രാഷ്ട്രീയത്തി ലൂടെയും ഭൂഖണ്ഡങ്ങൾ മറികടന്നു പോകുന്ന സാർവ്വലൗകികമായ അഭിരുചികളെയും മാനവികതയെ യും ഈ കൃതികളെല്ലാം വിഭാവനം ചെയ്യുന്നുവെന്നതാണ്. സ്ഥലം എന്ന ഭൗതികാസ്തിത്വത്തെയും ദേശം എന്ന മാനസിക യാഥാർത്ഥ്യത്തെ യും ഉൾക്കൊള്ളാൻ പര്യാപ്തമായ ബിംബങ്ങൾ,ഭാവനകൾ,വർണ്ണന കൾ,മനുഷ്യസങ്കല്പങ്ങൾ,ലിബറൽ ആശയങ്ങൾ അങ്ങനെ കാല ത്തിന്റെ അടയാളങ്ങളെല്ലാം ഉൾ ക്കൊണ്ടു. കൊളോണിയൽ മോ ഡേണിറ്റിയിൽനിന്ന് ഭിന്നമായി നാട്ടുസംസ്കൃതികളെയും കലർപ്പുക ളെയും ചേർത്തുനിർത്തിക്കൊണ്ടു ള്ള പുതിയ ലോകവീക്ഷണമാണ് നവോത്ഥാനത്തിന് ശേഷമുള്ള മലയാളഭാഷയും സാഹിത്യവും ഇന്ത്യയ്ക്ക് മുമ്പിൽ അവതരിപ്പിച്ചത്.





അധികാരത്തെയും നാട്ടുവാഴിത്തത്തെയും എതിർക്കുന്ന പ്രാദേശിക ആഖ്യാനങ്ങളും ഭാവനാഭൂപടങ്ങളും മിത്തുകളുടെ വീണ്ടെടുപ്പും അപനിർമ്മാണവും, ഭ്രസർവ്വേകളും നാടിന്റെ പരിണാമങ്ങളും ആധുനികതയുടെ സന്ദിഗ്ധതകളും പ്രതിരോധങ്ങളും വിഷാദഭാവനകളും പാരിസ്ഥിതികവ്യഥകളും അന്തരങ്ങനങ്ങളുമെല്ലാം പ്രതിഫലിക്കുന്ന ഭാവുകത്വമാണ്(Sensibility) ജ്ഞാനപീഠ പുരസ്കാരവുമായി ബന്ധപ്പെട്ട സാഹിത്യം മുന്നോട്ടു വയ്ക്കുന്നത്. ജി. യുടെ ജ്ഞാനപീഠ പ്രഭാഷണത്തിൽ പറയുന്നുണ്ട്:

'ഒരു രത്നത്തിന് ചെത്തിത്തേച്ച അനേകം മുഖങ്ങൾ, ഫേസറ്റ്സ്, പട്ടങ്ങൾ ഇല്ലേ? ഭാരതീയ ഹൃദയത്തിന്റെ വിവിധ മുഖങ്ങൾ ആകുന്നു നമ്മുടെ ഭാഷകളെല്ലാം. ഭാഷാ വൈവിധ്യം രാഷ്ട്രീയമായ അവിവേകത്താൽ അരോചകമായി പരിണമിക്കുന്നുണ്ടാവാം. പക്ഷേ ആത്മാവിഷ്കാരത്തിന് വൈചിത്ര്യവും ഭാവസമഗ്രതയും നൽകുന്ന ഉപാധികൾ എന്ന നിലയിൽ വീക്ഷിക്കുന്നവർക്ക് ഈ വൈജാത്യം അനുഗ്രഹമായേ തീരുകയുള്ളൂ. രത്നത്തിന്റെ പട്ടങ്ങൾ പ്രകാശകിരണങ്ങളെ പലവർണ്ണങ്ങളിൽ, പല സാന്ദ്രതകളിൽ, പരിസ്ഫുരിപ്പിക്കുന്നു. ഒരു ഫേസറ്റുമാത്രമാണെങ്കിൽ അതു സാധ്യമാവുമോ? ഒരു ഭാഷയ്ക്ക് പൂർണമായി അനുഭവമണ്ഡലങ്ങളെ പ്രകാശിപ്പിക്കാൻ കഴിയുകയില്ലെന്ന് പ്രസ്താവിച്ച ആംഗല കവിയെ ഈ സന്ദർഭത്തിൽ ഞാൻ സ്മരിച്ചുപോകുന്നു. ഒരേ സാംസ്കാരിക സാഹിത്യ പാരമ്പര്യത്തിന്റെ നാദങ്ങളാണ് സുമിത്രാനന്ദൻ പന്തും, ഉമാശങ്കർ ജോഷിയും,നസറുൾ ഇസ്ലാമും, ശങ്കരക്കുറുപ്പും എന്നാണ് എന്റെ വിവക്ഷ. ഈ വിഭിന്ന ഭാഷാ നാദങ്ങൾ ഇന്ത്യയുടെ വിശാലവും അഗാധവുമായ ഹൃദയത്തിന്റെ ഭാവങ്ങൾക്ക് സമഗ്രപ്രകാശനം നൽകാൻ ഉതകുന്നു. ഈ സത്യം അനുഭവഗോചരമാകുമ്പോഴേ, ക്ഷുദ്രതാ ബോധത്തിൽ നിന്നും സീമിതദർശനത്തിൽ നിന്നും നാം മുക്തിനേടുകയുള്ളൂ."

വൈവിധ്യങ്ങൾ ഉള്ള ഭാഷകൾ, ജനസംസ്കാരങ്ങൾ,സൗന്ദര്യാനുഭവങ്ങൾ എന്നിവയാണ് ഒരു ദേശീയതയുടെ സ്വഭാവം നിശ്ചയിക്കുന്നത് എന്ന ബോധം പ്രധാനമാണ്. സൗന്ദര്യശാസ്ത്രത്തിന് സാംസ്കാരികവും ചരിത്രപരവുമായ ഘടനയുണ്ട് എന്നാണ് ഈ സംഭാഷണം തെളിയിക്കുന്നത്. ഭൗമികതയെ ഉല്ലംഘിച്ചുപോകുന്ന അപാരതയുടെ ലോകം ഭാവന ചെയ്ത കവിയാണ് ജി. അദ്ദേഹത്തിന്റെ കവിതകളിലെ സ്ഥലകാലസങ്കല്പത്തിന്റെ രാഷ്ട്രീയം എന്ത് എന്ന് അന്വേഷിക്കുന്ന ഡോ. പി. പവിത്രന്റെ പഠനം ശ്രദ്ധേയമാണ്:

"ആധുനികതയുടെ ദേശീയയുക്തി പാശ്ചാത്യം ആണെന്ന വിമർശനം ഇന്ന് വ്യാപകമായി ഉന്നയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രബുദ്ധതയുടെ സ്ഥലകാലങ്ങളെ മലയാളികളുടെ ഇന്ദ്രിയലോകങ്ങളിൽ കടത്തിവിട്ട കവിയുടെ സ്രോതസ്സ് തികച്ചും പശ്ചാത്യമായിരുന്നില്ല. അദ്ദേഹം വിവർത്തനം ചെയ്ത കവിതകളിൽ ഒരു വിഭാഗം പേഴ്സ്യനാണ്. ഒമർ ഖയ്യാമിന്റെ റുബായിയ്യാത്തിലെ വിസ്തൃതവും ലഹരിയിൽ ഇളകിയാടുന്നതുമായ ആകാശത്തിന്റെ ഒരു കീറ് ശങ്കരക്കുറുപ്പ് തന്റെ കവിതയുടെ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ട്. ഹാഫിസ്സിനെപ്പോലുള്ള പേർഷ്യൻ കവികളെ വിവർത്തനം ചെയ്തതിന് മതവൈവിധ്യ ബോധത്തിന്റെ പേരിൽ കേസരി അഭിനന്ദിച്ചിട്ടുമുണ്ട്. "

മലയാളത്തിലേക്ക് എത്തിച്ചേർന്ന ആദ്യ ജ്ഞാനപീഠ പുരസ്കാരത്തിൽത്തന്നെ ഒരു പഴമ്പാണനാരുണ്ടായിരുന്നു. കുറുംവീണയു




മായി ഉയിലുണർത്തുപാട്ട് പാടി ഗ്രാമാന്തരങ്ങളിൽ അലയുന്ന ആ പാണനാർ വിശ്വസംഗീതത്തിന്റെയും ഹ്യൂമനിസത്തിന്റെയും ഭാഗമാണെന്ന് ജി. ശങ്കരക്കുറുപ്പ് വിശ്വസിച്ചു. അക്കിത്തത്തോളം ആ കാവ്യദർശനം നീണ്ടുവെന്നതും പ്രാദേശിക ഭാവനകളുടെയും ഭാഷകളുടെയും കരുത്തും വറ്റാത്ത നീരൊഴുക്കുമാണ്.

അലച്ചിൽ ജീവിതരീതിയായും ദർശനമായും സ്വീകരിച്ച യാത്രികനായ എഴുത്തുകാരനായിരുന്ന എസ്. കെ. പൊറ്റക്കാട്. ഗദ്യഭാവനകളുടെ വിശാലമായ മേച്ചിൽപ്പുറങ്ങൾ എസ്. കെ. തുറന്നിട്ടു. യാത്രാവിവരണങ്ങളും ഡയറിക്കുറിപ്പുകളും ചെറുകഥകളും നോവലുകളും. അതിൽ ടോപോഗ്രഫിയുടെ ആത്മനിഷ്ഠമായ സാന്നിധ്യമാണ് എസ്. കെയുടെ നോവലുകളെപ്പോലും ദേശനിഷ്ഠമാക്കിത്തീർക്കുന്നത്. ദേശകാലങ്ങളിലൂടെ സൂക്ഷ്മവും സ്വാഭാവികവുമായി പരിവർത്തിക്കുന്ന മനുഷ്യർ,പ്രകൃതി സങ്കല്പങ്ങൾ,സമൂഹബോധം. അതിരാണിപ്പാടവും ഇലഞ്ഞിപ്പൊയിലും എല്ലാം ഉൾപ്പെടുന്ന മലബാറിന്റെ സാംസ്കാരിക ഭൂമിശാസ്ത്രം അനാവരണം ചെയ്യുന്ന ഒരു ദേശത്തിന്റെ കഥ എന്ന നോവൽ ജ്ഞാനപീഠത്തിന് അർഹമായി എന്നതാണ് കൃതിയുടെ പ്രാദേശിക ഐഡന്റിറ്റി. ദേശീയതയിൽനിന്ന് പ്രാദേശിക വഴക്കങ്ങളിലേക്ക് പല വഴിയിലൂടെ ഇറങ്ങിപ്പോയ നാട്ടുഭാവനകൾക്ക് കിട്ടിയ അംഗീകാരം. സ്വദേശി/പരദേശി,ഉൾപ്രവാസിത്വം(Inner Diaspora) തുടങ്ങിയ സങ്കല്പങ്ങളുടെ പശ്ചാത്തലത്തിലാണ് ഒരു ദേശത്തിന്റെ കഥ എഴുതപ്പെടുന്നത്. ഭൂഭാഗവർണ്ണനകളിൽ സ്ഥലവ്യാപ്തികളും സർവ്വേകളും എല്ലാം കടന്നുവരുന്നു. ഇലഞ്ഞിപ്പൊയിലിനെക്കുറിച്ചുള്ള വർണ്ണന കൗതുകകരമാണ്.

" തമ്മിൽ ഒരു ഫർലോങ്ങിലേറെ അകലത്തിൽ കിഴക്കുപടിഞ്ഞാറായി ഏതാണ്ട് സമയരേഖയിൽ സ്ഥിതിചെയ്യുന്ന രണ്ടു വലിയ കുന്നുകൾക്കിടയിൽ വ്യാപിച്ചു കിടക്കുന്ന ഒരു കൊച്ചു കാർഷികസാമ്രാജ്യമാണ് ഇലഞ്ഞിപ്പൊയിൽ.

പറമ്പിനോട് അഭിമുഖമായ കുന്നിൻ പാർശ്വങ്ങൾ മുക്കാൽഭാഗവും വെട്ടി ശരിപ്പെടുത്തി പടവു കണ്ടങ്ങളായി തിരിച്ചിരിക്കുന്നു. 'ഒന്നാം കണ്ടം' 'രണ്ടാം കണ്ടം' അങ്ങനെ കണ്ടങ്ങളെ നമ്പറിട്ടാണ് വിളിക്കുന്നത്. ആറാം കണ്ടത്തിനു മുകളിൽ കുന്നിന്റെ ഉച്ചിയിലോളം വൃക്ഷനിബിഡമായ കാടുകളാണ്.

ഇടയ്ക്ക് 'പാറക്കണ്ടം' എന്നൊരു കണ്ടം നമ്പറിൽ പെടാതെ കിടക്കുന്നുണ്ട്. ഈ കണ്ടങ്ങൾക്കെല്ലാം അനേകം ഉപഖണ്ഡങ്ങളുമുണ്ട്. മധ്യത്തിലെ താണനിലത്താണ് ഇലഞ്ഞിപ്പൊയിൽ തറവാട്. അധികം വലിപ്പമില്ലാത്ത പുല്ലു മേഞ്ഞ വീട്. വടക്കുഭാഗത്തെ തേങ്ങാക്കൂട് വീടിന്റെ വലിയൊരു ഭാഗം കൈവശപ്പെടുത്തിയിരിക്കുന്നു. ചാണകം മെഴുകി വൃത്തിയാക്കിയ വിശാലമായ മുറ്റത്തിനപ്പുറം വലിയൊരു ആലയുണ്ട്. പനമ്പാ ത്തികൾ കൊണ്ടു വേർതിരിച്ച ആലയുടെ അറകളിൽ പശുക്കളും കാളകളും അയവിറക്കിക്കഴിയുന്നു. മുറ്റത്തിന്റെ ഒരു മൂലയിൽ രണ്ടുമൂന്നു വൈക്കോൽക്കുണ്ടുകളും പൊങ്ങി നിൽക്കുന്നു.

വീടിന്റെ മണ്ഡലത്തിലും പടിപടിയായുള്ള പറമ്പുകളിലും തെങ്ങ്, മാവ്, നെല്ലി, തുടങ്ങിയ ഫലവൃക്ഷങ്ങളും അഞ്ചാറു കുടപ്പനകളും വളർന്നു നിൽക്കുന്നു. മുറ്റത്തിന് എതിർവശത്ത് നൂറ്റാണ്ട് പ്രായം ചെന്ന ഒരിലഞ്ഞിമരം, ശാഖോപശാഖകളായി ആകാശത്തിലേക്ക് വളർന്ന്, പറമ്പിലും മുറ്റത്തും നി

ത്യവും പുഷ്പവൃഷ്ടി ചെയ്തുകൊണ്ട്
നിലകൊള്ളുന്നു.

കണ്ടങ്ങളിൽ നിറയെ കൃഷി ചെ
യ്തിട്ടുണ്ട്. പയർ, വെണ്ട, വഴുതിന
തുടങ്ങിയ നാനാതരം പച്ചക്കറി
കൾ. പാതി വിടർത്തിയ പച്ചപ്പട്ടു
കുടകൾ പല നിരകളിലായി കു
ത്തിനിർത്തിയ പോലെ കാണുന്ന
കണ്ടങ്ങളിൽ ചേനക്കൃഷിയാണ്.
ചില പറമ്പുകളുടെ മൂലകളിൽ
പച്ചപ്പട്ടു തോരണങ്ങൾ തൂക്കിയ
പോലെ കാണുന്നത് കയർകെട്ടി
വളർത്തിയ കാവിത്തു(കാച്ചിൽ)
വള്ളികളാണ്. ചില കണ്ടങ്ങ
ളിൽ കയ്പപ്പന്തലുകൾ പൊന്തി
നിൽക്കുന്നു. മറ്റൊരു പറമ്പിലെ
കൊടിതോരണങ്ങൾ വെറ്റിലക്കൃ
ഷിയുടേതാണ്. മിക്ക മരങ്ങളിലും
മുളകുവള്ളികൾ പടർത്തിയിട്ടുണ്ട്.
ഒന്നു രണ്ടു വലിയ കണ്ടങ്ങളിൽ
ചാമോടൻനെല്ലും കൃഷി ചെയ്തിരി
ക്കുന്നു. "ഇങ്ങനെ പോകുന്ന ഭൂഭാഗ
വർണ്ണനകളിൽ സവിശേഷമായ
കാലാവസ്ഥയും നാട്ടുസംസ്കൃതിക
ളും ജീവിതവുമെല്ലാം പ്രതിഫലി
ക്കുന്നുണ്ട്. ഉൾനാടൻഗ്രാമങ്ങൾ
വിശ്വപ്രകൃതിയുടെയും സഹജീവ
നത്തിന്റെയും പാഠശാലകളായി
മാറുന്ന അനുഭവങ്ങൾ.

തകഴിയിൽ മറ്റൊരു രീതിയിലാ
ണ് ദേശഭാവനകൾ വികസിച്ചത്.
തൊഴിൽബന്ധങ്ങൾ,ഉടമസ്ഥ
താബോധം, ജന്മി കുടിയാൻ
വ്യവസ്ഥ,നിയമഭേദഗതികൾ, ഭൂ
സർവ്വേകൾ എന്നിങ്ങനെ ഭൗതിക
മായ ഘടകങ്ങൾ രൂപപ്പെടുത്തിയ
സ്ഥലങ്ങൾ. കുട്ടനാടൻ കാർഷിക
രീതികളും ഭൂമിശാസ്ത്രവും ചേർന്ന്
നിർമ്മിക്കുന്ന ഐതിഹാസിക
മായ ജീവത്സാഹിത്യം. ജലമർമ്മര
ങ്ങളുടെ പശ്ചാത്തലം തകഴിയുടെ
കൃതികളിലുണ്ട്. മണ്ണും മനുഷ്യനും
തമ്മിലുള്ള ബന്ധം. അത് കാമന
കളുടേതാകാം. അധികാരത്തിന്റെ
താകാം. മാനുഷികമായ കരുത്തും
ധാർമ്മികതയും ഇടകലർന്ന
പുതിയ സാമൂഹ്യമണ്ഡലങ്ങൾ
രൂപപ്പെടുകയായിരുന്നു. അധ്വാനി
ക്കുകയും ചൂഷണം ചെയ്യപ്പെടുകയും
അവഗണിക്കപ്പെടുകയും വേദനി
ക്കുകയും ചെയ്യുന്ന മനുഷ്യരുടെ
അവസ്ഥ ലോകത്തെവിടെയും
ഒന്നായിരിക്കെ, കുട്ടനാടിന്റെ പ്രാ
ദേശികജീവിതത്തെ ഭാഷയിൽ
പുന:സൃഷ്ടിച്ചുകൊണ്ടാണ് തകഴി
ജ്ഞാനപീഠമേറിയത്. കയർ
അങ്ങനെയാണ് തലമുറകളിലൂടെ
യുള്ള സാംസ്കാരിക പരിണാമത്തി
ന്റെ ഭാഗമാകുന്നത്. ആഖ്യാനത്തി
ന്റെ രസതന്ത്രത്തിൽപ്പോലും കുട്ട
നാടിന്റെ ഭൗതികമായ വിഭവലഭ്യ
തകൾ പ്രവർത്തിക്കുന്നുണ്ട്. കയർ
എന്ന നോവലിന്റെ ആമുഖത്തിൽ
തകഴി ഇത് സൂചിപ്പിക്കുന്നുണ്ട്.

"ഞാൻ സങ്കൽപ്പിച്ചത് ഇങ്ങനെ
യാണ്: ഒരു കഷണം കയർ. അതു
രണ്ടുവശവും പിരിച്ചു പിരിച്ചു നീളം
കൂട്ടാം. ഞാൻ ഒരു ഘട്ടം മുതൽ
മറ്റൊരു ഘട്ടം വരെ നീളമുള്ള ഒരു
കയറിനെക്കുറിച്ചാണ് ആലോചി
ച്ചത്.

തിരുവിതാംകൂറിലെ ഒരു പ്രത്യേക
പ്രദേശത്തിന്റെ ഒരു ഘട്ടം മുതൽ
ഇന്നത്തെ ഭൂപരിഷ്കരണം നടപ്പാ
ക്കുന്ന കാലം വരെയുള്ള ജീവിത
ത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള
പരിണാമപ്രക്രിയയാണ് ഈ
പുസ്തകത്തിൽ എനിക്ക് പറയാനു
ള്ളത്. മനുഷ്യന്റെ മണ്ണിനോടുള്ള
ദാഹത്തിന്റെ കഥ തുടങ്ങി എല്ലാ
മാറ്റങ്ങളുടെയും കഥ പറയുവാൻ
ഞാൻ ശ്രമിച്ചിട്ടുണ്ട്. നായകനി
ല്ല, നായികയില്ല സമൂഹമാണ്
ഇതിലെ നായകൻ. സമൂഹമാണ്
നായിക. പത്തിരുന്നൂറ്റമ്പത്കൊ
ല്ലം ഈ പ്രദേശത്ത് ജനിച്ചു ജീവി
ച്ചു മരിച്ച കുറേ മനുഷ്യരെ ഇതിൽ
കാണാം. അവർ ആനന്ദിച്ചിരുന്നു;
സങ്കടപ്പെട്ടിരുന്നു; അവരുടെ മോ
ഹഭംഗങ്ങളും, അവരുടെ നിരാശത
യും, വിജയങ്ങളും, തോൽവികളും,
ദൗർബല്യങ്ങളും എല്ലാം അതാതു
കാലത്തിന്റെ പശ്ചാത്തലത്തിൽ
ആവിഷ്കരിക്കുവാൻ ഞാൻ ശ്രമിച്ചു.
നോവലിന്റെ നിയതമായ ലക്ഷ
ണങ്ങൾ കയറിനില്ലായിരിക്കാം.
മനുഷ്യന്റെ കഥപറയുമ്പോൾ ലക്ഷ
ണങ്ങൾ വേണമെന്ന് എനിക്ക്
തോന്നിയിട്ടില്ല. ലക്ഷണയുക്തമാ
ക്കാനുള്ള ശ്രമവും നടത്തിയിട്ടില്ല.
ജീവിതം ലക്ഷണങ്ങളുടെ അളവു
കോലിനകത്ത് ഒതുങ്ങുന്നതുമല്ല. "

ക്ലാസ്സിപ്പേർ എന്ന് വിളിക്കപ്പെട്ട
ക്ലാസ്സിഫയർ വരുന്നതും ഭൂവിഭജ
നം നടത്തുന്നതുമായി കാണിക്കുന്ന
ഒരു കാലം കയറിൽ ആരംഭിക്കു
ന്നുണ്ട്. തലമുറകളിലൂടെ ഭൂസംബ
ന്ധിയായി വികസിച്ച ശീലങ്ങളും
ദായക്രമങ്ങളും നിയമങ്ങളുമെല്ലാം
മാറിമറിഞ്ഞു. അപ്പോഴും ഭൂമി മനു
ഷ്യന്റെ നീതിബോധവുമായും ഉപ
ജീവനവുമായും തീവ്രമായി ബന്ധം
പുലർത്തുന്നു. മണ്ണിനോട് മമതകളു
ള്ള കുട്ടനാടൻ കർഷകരുടെ നിരു
പാധികമായ ആർജ്ജവവും കാർ
ഷികബോധവുമാണ് തകഴിയുടെ
കൃതികളിൽ അടിവേരായി പടരു
ന്നത്. കൃഷിഭൂമി തൻ്റേതല്ലെന്നറി
ഞ്ഞിട്ടും രാവിലെ കൃഷിനോക്കാൻ
ഇറങ്ങിപ്പുറപ്പെടുന്ന കേശവൻ
നായർ എന്ന കൃഷിക്കാരനെ
തന്റെ ചെറുകഥയിൽ തകഴി അവ
തരിപ്പിക്കുന്നത് ഒരു സൂചനയാണ്.
'മനുഷ്യൻ ഭൂമിയെ സ്നേഹിച്ച കാല
മാണ്'തകഴി അന്വേഷിച്ചത്.

നവോത്ഥാനകൃതികളിൽ ഉയർ
ന്നുകേട്ട സംഘശബ്ദം ചരിത്ര
പരമായ ഏറ്റിറക്കങ്ങളിലൂടെ
കയറിയിറങ്ങി ഏകാകിതയുടെ
നാൾവഴികളിൽ എത്തിച്ചേരുന്ന
കാഴ്ചയാണ് എം. ടിയുടെ കഥക
ളിലും,തിരക്കഥകളിലും,നോവലു
കളിലും,നോവല്ലെയിലും ഉള്ളത്.
'ആൾക്കൂട്ടത്തിൽ തനിയെ'എന്നത്
ഒരു മനോഘടനയായി വികസി
ക്കുകയായിരുന്നു. ഫ്യൂഡലിസ
ത്തിന്റെയും കൂട്ടുകുടുംബങ്ങളുടെയും
മരുമക്കത്തായത്തിന്റെയും തകർച്ച
യോടെ സാമ്പത്തികാരക്ഷിതത്വം
പിടിപെട്ട യുവാക്കളെല്ലാം സ്വന്തം
ഗ്രാമങ്ങളും ആത്മബന്ധങ്ങളും
ജാതിബന്ധങ്ങളും വിട്ട് തിരിച്ചു
വരാനാണെങ്കിൽക്കൂടി യാത്ര പുറ
പ്പെട്ട കാലം. നേട്ടങ്ങൾക്കിടയിൽ
മരവിച്ചുപോയ ജീവിതാഭിമുഖ്യ
ങ്ങളെ,ആത്മവഞ്ചനകളെ വി
ഷാദത്തോടെ നോക്കിക്കാണുന്ന
എം. ടിയുടെ കൃതികളിൽ പ്രാദേ
ശികമായ കാഴ്ചകളുടെ സംസ്കാരം
ഉള്ളടങ്ങിയിട്ടുണ്ട്. വള്ളുവനാടിന്റെ
ഗ്രാമപ്രകൃതി ഭാഷയായും ഭാവുക
ത്വമായും മാറിയ അനുഭവം. ജ്ഞാ
നപീഠപ്രഭാഷണത്തിൽ എം. ടി
ഇതിനെക്കുറിച്ച് പറയുന്നുണ്ട്.

"എനിക്കു സുപരിചിതമായ
ഗ്രാമമാണ് എന്റെ ഭൂരിപക്ഷം
കൃതികളുടെയും പശ്ചാത്തലം.
അതിലൂടെ ഒഴുകിപ്പോകുന്ന പുഴ



എന്റെ ജീവധമനിയാണ്. ഗ്രാമം എനിക്കു ശബ്ദങ്ങളും ബിംബങ്ങളും വാക്കുകളും തന്നു. ഗ്രാമത്തിലെ എന്നപോലെ മനുഷ്യപ്രകൃതിയിലെ ഭേദങ്ങൾ എന്നും എന്നെ ആകർഷിക്കുന്നു.

വിപുലവും വിചിത്രവും വ്യത്യസ്തവുമായ അനേകമനേകം സാധ്യതകൾ. പക്ഷേ സ്വന്തം രചനയിൽ ഏർപ്പെട്ടപ്പോൾ എനിക്കും പരിചിതമായ പ്രമേയവും എന്റേതായ രൂപഘടനയും കണ്ടെത്തേണ്ടതുണ്ട്. എന്റെ മണ്ണിനും എന്റെ കാലാവസ്ഥയ്ക്കും ഇണങ്ങിയ വിത്തുകൾ മാത്രം തിരഞ്ഞെടുക്കാൻ എന്നിലെ കൃഷിക്കാരന്റെ കാലാകാലമായുള്ള നാട്ടറിവ് എന്നെ പ്രേരിപ്പിക്കുന്നു. "

പ്രാദേശികമായ ഈ ഉള്ളറിവ് തന്മയുടെ(Identity)ഭാഗമാണെന്നാണ് ഈ സൂചനകളെല്ലാം പറയാതെ പറയുന്നത്.

കൊല്ലം ചവറയിലെ തൊണ്ടുതല്ലുന്ന മനുഷ്യരുടെയും കൃഷിക്കാരുടെയും ദാരിദ്ര്യത്തിന്റെയും അവഗണനയുടെയും ഈണങ്ങളിൽ നിന്ന് അധ്വാനപക്ഷത്ത് എത്തിച്ചേർന്ന കവിയും ഗാനരചയിതാവുമാണ് ഒ. എൻ. വി. കുറുപ്പ്. അദ്ദേഹത്തിന്റെ കാവ്യജീവിതപരിണാമങ്ങളിൽ ആവേശങ്ങളും കെട്ടുതികളും നിശ്ശബ്ദതകളും ഉയർത്തെഴുന്നേൽപ്പുമുണ്ട്. സാംസ്കാരികരാഷ്ട്രീയത്തിന്റെ അനുബന്ധമെന്ന നിലയിൽ വ്യാഖ്യാനിക്കാവുന്ന ശൈലി. എന്നിട്ടും ഏതുകാലത്തും തലമുറകളോട് സംവദിക്കുന്ന, സാംസ്കാരികവിഷാദവും ഏകാന്തതയുമുള്ള ശൈലിയായി നിലനിൽക്കാൻ കഴിഞ്ഞു എന്നതാണ് ഒ. എൻ. വിയെ ജ്ഞാനപീഠപുരസ്കാരത്തിന് അർഹനാക്കിയത്. കൊച്ചു ദുഃഖത്തിന്റെ പച്ചത്തുരുത്തുകളിൽ നിന്ന് ഉയിർക്കൊണ്ട അഗ്നിശലഭങ്ങളായി,കറുത്തപക്ഷിയുടെ പാട്ടായി,സ്വയംവരമായി, ഫീനിക്സ് ആയി എല്ലാം ഒ. എൻ. വിയുടെ ഭാവന വികസിച്ചു.

സൂര്യൻ,ഭൂമി, തുടങ്ങിയ സാർവലൗകികബിംബങ്ങൾ; അമ്മ,കാമുകി, സഹോദരി തുടങ്ങിയ ബന്ധങ്ങൾ എന്നിവയെ ജനകീയമായ ഈണങ്ങളിൽ ബന്ധിക്കാൻ ഒ. എൻ. വിയുടെ ശൈലിയ്ക്ക് കഴിഞ്ഞു. പാരമ്പര്യത്തെ ഒരു സംരക്ഷണ കവചം പോലെ ഉപയോഗിച്ചു. വിപ്ലവങ്ങളുടെ തീക്കാറ്റുകൾ വീശിയടിച്ച കാലത്തിനുശേഷം പ്രണയം, ജനകീയഗാനപദ്ധതികൾ, അധ്വാനത്തിന്റെ ഈരടികൾ, ഗസലുകൾ,ദേശീയപ്രസ്ഥാനത്തിന്റെ ഇരമ്പങ്ങൾ,സ്ത്രൈണദൈന്യങ്ങളെയും പാരിസ്ഥിതിക പ്രശ്നങ്ങളെയും സംബന്ധിച്ച ആകുലതകൾ എന്നിവയിൽനിന്നെല്ലാം ഒ. എൻ. വി കവിതയുടെ ചേരുവകൾ സ്വീകരിച്ചു. അങ്ങനെ ലോകവിസ്തൃതികളിലേയ്ക്ക് ചിറകടിച്ച് പറന്നുപോയ കാവ്യധാര അതിന്റെ സ്വച്ഛന്ദമായ ഒഴുക്ക് കണ്ടെത്തിയത് സന്ധ്യയിൽ പണികഴിഞ്ഞുപോകുന്ന ചവറയിലെ തൊഴിലാളികൾ പാടുന്ന

"നേരം പോയ നേരത്തും  
കൊല്ലാക്കൊല കൊല്ലുണിയോ?  
അരത്തൊണ്ടു കള്ളുംതന്ന്  
കൊല്ലാക്കൊലകൊല്ലുണിയോ?"

എന്നിങ്ങനെയുള്ള പാട്ടുകളിലും അകന്നകന്ന് നേർത്തുപോകുന്ന അവരുടെ ദൈന്യം നിറഞ്ഞ ഈണങ്ങളിലുമാണ്. കേരളീയമായ കുടംബസങ്കല്പങ്ങളും പുരാവൃത്തങ്ങളും ജി. യുടെ പാണനാരെപ്പോലെ ഒ. എൻ. വിയിലും ആവർത്തിക്കുന്നുണ്ട്. അതിലേറ്റവും പ്രസക്തമായ കവിതയാണ് വീടുകൾ. അതിൽ മലയാളത്തിന്റെ സ്വത്വസങ്കല്പങ്ങൾ നിറഞ്ഞാടുന്നു.

"ഏതോ പരുന്തിനെക്കണ്ടിട്ടു,തെല്ലൊന്ന്  
ചിറകുകൾ  
വിടർത്തി നില്ക്കുന്നൊരു  
തള്ളപ്പിടക്കോഴിപോലെയെൻ  
വീട്  
അതിന്റെ പള്ളയിൽ പറ്റി പതുങ്ങി  
നില്ക്കും  
കുറെ കുഞ്ഞുങ്ങൾ  
എൻമുഖമാണവയ്ക്കൊക്കെയും"

വീടുകളുടെ സാംസ്കാരിക രാഷ്ട്രീയ ത്തെക്കുറിച്ച് ഈ വരികൾ ഉദ്ധ രിച്ചുകൊണ്ട് ഡോ. സുനിൽ പി. ഇളയിടം പറയുന്നുണ്ട്:

"അഭയദായകവും ഫലദായകവു മായ മാതൃത്വമായി മാറിത്തുടങ്ങു കയാണിവിടെ. തുടക്കത്തിൽ പറഞ്ഞപോലെ വീട് ഇവിടെ ഒരു സ്വപ്നദർശനമല്ല. അതിൽ ഒരു മല യാള സാമാന്യതയുണ്ട്. നാട്ടുജീവി തത്തിന്റെ സാമാന്യതകൾകൊണ്ട് നിർവചിക്കപ്പെടുന്ന ഒന്ന്. "

അപരാഹ്നം ദർശിച്ചു തുടങ്ങുന്ന,സ ന്ധ്യയുടെ ഭീതികളും ആധികളും അടിവച്ച് വളരുന്ന പകലറുതി യിൽ എന്ന കവിതയിലും ഗ്രാമ്യ ച്ഛായകൾ നിഴൽവിരിക്കുന്നു. ഇട വഴികളിൽ കാലിക്കുടമണിനാദമി ഴയുന്നതായും അക്കരെപ്പോകുവാൻ തോണികാക്കുന്നവർ അക്ഷമം കൂക്കി വിളിക്കുന്നത് കേൾക്കു ന്നതായും എഴുതുന്നു. ലോകം കവിഞ്ഞുനിൽക്കുമ്പോഴും കേരളീ യമായ ഭൂപ്രകൃതിയും ആവാസവ്യ വസ്ഥയും ജീവിതപരിസരങ്ങളും നിരന്തരം പ്രതിഫലിക്കുന്നു. തന്റെ കവിതയുടെ ആത്മതത്വത്തെ കവിതയിലൂടെ തന്നെ വിശദീക രിക്കുമ്പോൾ ഇത് കൂടുതൽ വ്യക്ത മാകുന്നു. ഓണച്ചിന്തുകൾ പാടാൻ നീയില്ലാത്തൊരോണം പടിക ടന്നെത്തുന്നതായും, ഒരു കൊ ച്ചുപാണന്റെ ഉയിലുണർത്തിൻ തുടയീണം പാട്ടിൽ ചേർക്കാൻ ആഗ്രഹിക്കുന്നതായും സൂചിപ്പിക്കു ന്ന സന്ദർഭങ്ങളുണ്ട്.


ഇടശ്ശേരിയുടെ ലോകവീക്ഷണം അതിന്റെ ദർശനപരമായ തുടർ ച്ച കണ്ടെത്തിയത് അക്കിത്തം അച്യുതൻ നമ്പൂതിരിയിലാണ്. ആധുനികതയുടെ സങ്കീർണ്ണമായ ഘട്ടത്തിൽ ഭാഷയിലും ഭാവുക ത്വത്തിലും സ്ഫോടനാത്മകമായ ഗതിമാറ്റങ്ങൾ സൃഷ്ടിച്ച കവിയാ ണ് അക്കിത്തം. 'ഇരുപതാം നൂ റ്റാണ്ടിന്റെ ഇതിഹാസം'അതിന്റെ തെളിവാണ്. ചരിത്രപരമായ പ്രതിസന്ധികളിൽ സർഗ്ഗാത്മക മായി എങ്ങനെ പ്രതികരിക്കുന്നു എന്നതാണ് എഴുത്തിന്റെ ആന്തരി കമായ മൂല്യത്തെ നിർണ്ണയിക്കുന്ന ത്. ഈ മൂല്യം തന്നെയാണ് കൃതി




കളുടെ സൗന്ദര്യമായി വിലയിരു ത്തപ്പെടുന്നതും. ജാതിമതവർഗ്ഗഭേദ ങ്ങൾക്കപ്പുറം സാഹോദര്യത്തിലും അഹിംസയിലും അധിഷ്ഠിതമായ കാവ്യനീതിയാണ് അക്കിത്തത്തെ ജ്ഞാനപീഠ പുരസ്കാരത്തിന് അർഹനാക്കിയത്. ഒരു തത്വദർശ നവും അവസാന അഭയമാണെന്ന് കരുതിയില്ല. സുദീർഘമായ കാവ്യ ജീവിതത്തിൽത്തന്നെ അനേകം ചരിത്രഘട്ടങ്ങളുടെയും ഭാവുകത്വ ങ്ങളുടെയും പകലിരവുകളും ഉഷ സന്ധ്യകളും സായംസന്ധ്യകളും കണ്ടുതീർത്ത കവിയാണ് അക്കി ത്തം. ഒരുപക്ഷേ തീവ്രമായ ഒരു ചിന്താധാരയിൽനിന്ന് അകന്നു കൊണ്ട് ജീവിതാന്ത്യത്തിൽപ്പോ ലും ദർശനസംബന്ധിയായ വിവാ ദങ്ങളിൽ ഉൾപ്പെട്ട അക്കിത്തം ജീ വിതഗന്ധിയായ ദർശനങ്ങളാൽ മുഗ്ധനായിരുന്നു. ആന്തരികമായ സ്വാസ്ഥ്യത്താൽ നിർമ്മമനും.

കവിതയുടെയും ജീവിതത്തിന്റെ യും സൗന്ദര്യാത്മകയുക്തികളെ പൂർവ്വനിശ്ചിതവും ഭൗതികവുമായ മാനദണ്ഡങ്ങൾകൊണ്ട് എങ്ങനെ വിലയിരുത്താൻ കഴിയും?എന്ന സങ്കീർണ്ണമായ ഒരു ചോദ്യം അക്കിത്തത്തിന്റെ കവിതകൾ അവശേഷിപ്പിക്കുന്നുണ്ട്. അപാര മായ, പ്രാചീനമായ കരുണയുടെ തിരനോട്ടങ്ങളാണ് മറ്റുള്ളവരുടെ കണ്ണീർക്കണങ്ങളിൽ അസ്വസ്ഥ നാകാനും മനുഷ്യത്വരഹിതമായ ആചാരാനുഷ്ഠാനങ്ങളെ ബഹി ഷ്കരിക്കുവാനും പാരമ്പര്യമഹ ത്വങ്ങളെ ആക്ഷേപിക്കുവാനും അക്കിത്തത്തെ പ്രാപ്തനാക്കിയത്. നവോത്ഥാനത്തിന്റെ വെളിച്ചമാ ണ് അക്കിത്തത്തിന്റെ കൃതികളെ മനുഷ്യോന്മുഖമാക്കുന്നത്. അഗാ ധമായ ധാരാളം കവിതകൾ ഉദാ ഹരിക്കുവാൻ സാധിക്കുമെങ്കിലും കേരളീയപരിസരങ്ങളും സമൂഹ ഘടനയും പ്രതിഫലിക്കുന്ന ചില വരികളുണ്ട്:

"നിന്നെക്കൊന്നവർ കൊന്നു പൂവേ
തന്നുടെ തന്നുടെ മോക്ഷത്തെ"




(ഇടിഞ്ഞുപൊളിഞ്ഞ ലോകം)

എന്നും "ആവുമെങ്കിൽ ഭവാനെന്റെ
വിയർപ്പംഗീകരിക്കുക:
സത്യസന്ധതയുണ്ടെങ്കിൽ-
കൺതുറന്നിതുകാണുക:
എന്റെ വേർപ്പിൻ സമുദ്രത്താൽ
ചൂഴപ്പെട്ടവനാണു ഞാൻ:
ഞാനതിൽ താണുപോയാലും
നിലനിൽക്കുമിതക്ഷയം. '(യുഗവൈരൂപ്യം) എന്നിങ്ങനെ ഭക്തി,മോക്ഷം തുടങ്ങിയ സങ്കല്പങ്ങളെ വിയർപ്പിലും കണ്ണീരിലും കുതിർന്ന ജൈവബോധമായി മനുഷ്യപക്ഷത്തുനിന്ന് പുനർനിർവ്വചിക്കുകയാണ് അക്കിത്തം തന്റെ കൃതികളിലൂടെ ചെയ്തതെന്ന് പറയാം. മനുഷ്യാഭിമുഖ്യം എന്നത് സ്ഥൈര്യമുള്ള ദർശനമാണ്. ആന്തരികയുക്തിയുടെ വെളിച്ചത്താൽ മാത്രം തെളിയുന്ന ഒന്ന്. ജ്ഞാനപീഠ പുരസ്കാരം ലഭിച്ച കൃതികളിലൂടെയും ദർശനങ്ങളിലൂടെയും കടന്നുപോകുമ്പോൾ ദേശകാലാധിഷ്ഠിതമായ ചില സവിശേഷതകളിലേക്കാണ് എത്തിച്ചേർന്നത്. പ്രാദേശികതയുടെയും സവിശേഷ കാലഘട്ടങ്ങളുടെയും അകംപുറങ്ങളിലൂടെയുള്ള യാത്ര. നവോത്ഥാനത്തിന്റെ വെളിച്ചമാണ് അവയിൽനിന്ന് ദൂരദൂരം പ്രസരിക്കുന്നത്. ദേശീയാന്ധതകളെ മറികടന്ന് വിശ്വഭാവനയുടെ വക്താവായി നിൽക്കുന്ന രബീന്ദ്രനാഥ ടാഗോർ പ്രത്യക്ഷമായോ പരോക്ഷമായോ വലിയ സ്വാധീനശക്തിയായി നിൽക്കുന്നുണ്ട്. ബംഗാളിന്റെ ഗ്രാമ്യശൈലികളുടെയും യൂറോപ്യൻ ഒപ്പേറകളുടെയും തോമസ്മൂർ മെലഡികളുടെയും കലർപ്പുകളെ സമീകരിച്ച് ജനകീയമായ സംഗീതപദ്ധതി വിഭാവനം ചെയ്ത, ഉന്നതമായ കലാദർശനവും സാഹിത്യബോധവും കൊണ്ട് മനുഷ്യസങ്കല്പത്തെ നവീകരിച്ച ടാഗോറിന്റെ അദൃശ്യസാന്നിധ്യം ഇരുപതാം നൂറ്റാണ്ടിലെ മലയാള സാഹിത്യ-സംഗീത ഭാവനകളിലുണ്ട് എന്നത് നിരാകരിക്കാനാവില്ല. ഒരേസമയം ലോകം മുഴുവൻ വ്യാപിക്കുകയും സ്വന്തം ഗ്രാമാന്തരങ്ങളിലേക്ക് പിൻമടങ്ങുകയും ചെയ്യുന്ന എഴുത്തുദർശനങ്ങളെയാണ് ജ്ഞാനപീഠ പുരസ്കാരം നൽകി ആദരിച്ചത്.

റഫറൻസ്:

1. അക്കിത്തം: സ്നേഹയാത്രയുടെ കാവ്യദർശനം, ആലങ്കോട് ലീലാകൃഷ്ണൻ,29 നവംബർ, 2019, mathrubhumi. com

2. ഒരു ദേശത്തിന്റെ കഥ,എസ്. കെ പൊറ്റക്കാട്, 2000, ഡിസി ബുക്സ്.

3. കയർ, തകഴി ശിവശങ്കരപ്പിള്ള, 2014,ഡിസി ബുക്സ്

4. ജ്ഞാനപീഠ പുരസ്കാരം സ്വീകാര ഭാഷണം, എം. ടി. വാസുദേവൻ നായർ, ജ്ഞാനപീഠ പുനർവായന പ്രബന്ധ സമാഹാരം, ജി. സ്മാരക പ്രഭാഷണ പരമ്പര, വാല്യം ഒന്ന്, 2012, മലയാള വിഭാഗം, മഹാരാജാസ് കോളേജ് & എറണാകുളം ക്ലസ്റ്റർ ഓഫ് കോളേജസ്

5. ഞാനറിച്ചേടത്തെല്ലാം അക്ഷരങ്ങളെ കാണു, സജയ്. കെ.വി, 15 ഒക്ടോബർ 2020, mathrubhumi. com

6. ഭാരതത്തിന്റെ സർഗ്ഗാത്മക ഭാവന, ജ്ഞാനപീഠ പ്രഭാഷണം,ജി. ശങ്കരക്കുറുപ്പ്,ജ്ഞാനപീഠ പുനർവായന പ്രബന്ധ സമാഹാരം, ജി. സ്മാരക പ്രഭാഷണ പരമ്പര, വാല്യം ഒന്ന്, 2012, മലയാള വിഭാഗം, മഹാരാജാസ് കോളേജ് & എറണാകുളം ക്ലസ്റ്റർ ഓഫ് കോളേജസ്.


7. ഭാവുകത്വ പരിണാമം ഒ. എൻ. വിക്കവിതയിൽ, ഡോ. എൻ. രേണുക, ജ്ഞാനപീഠ പുനർവായന പ്രബന്ധ സമാഹാരം, ജി. സ്മാരക പ്രഭാഷണപരമ്പര, വാല്യം ഒന്ന്, 2012, മലയാള വിഭാഗം, മഹാരാജാസ് കോളേജ് & എറണാകുളം ക്ലസ്റ്റർ ഓഫ് കോളേജസ്.

8. വീടും കിളിക്കൂടും: ഒ. എൻ. വിക്കവിതയിലെ ലോകദർശനം, ഡോ. സുനിൽ പി. ഇളയിടം, ജ്ഞാനപീഠ പുനർവായന പ്രബന്ധ സമാഹാരം, ജി. സ്മാരക പ്രഭാഷണപരമ്പര, വാല്യം ഒന്ന്, 2012, മലയാള വിഭാഗം, മഹാരാജാസ് കോളേജ് & എറണാകുളം ക്ലസ്റ്റർ ഓഫ് കോളേജസ്

9. ശങ്കരക്കുറുപ്പിന്റെ സ്ഥലകാലങ്ങൾ, ഡോ. പി. പവിത്രൻ, ജ്ഞാനപീഠ പുനർവായന പ്രബന്ധ സമാഹാരം, ജി. സ്മാരക പ്രഭാഷണപരമ്പര, വാല്യം ഒന്ന്, 2012, മലയാള വിഭാഗം, മഹാരാജാസ് കോളേജ് & എറണാകുളം ക്ലസ്റ്റർ ഓഫ് കോളേജസ്

# കുടിയേറ്റ ആഖ്യാനങ്ങളിലെ മലബാർ

**കെ.പി. ജയകുമാർ**
എൻ.എസ്.എസ്. കോളേജ്, ചേർത്തല




കേരളത്തിന്റെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ ഉള്ളടക്കങ്ങളെ നിരന്തരം പുനർനിർമ്മിക്കുന്നതിൽ തിരുവിതാംകൂറിൽ നിന്നും മലബാറിലേക്കും, ഹൈറേഞ്ചിലേക്കും നടന്ന കുടിയേറ്റങ്ങൾ വലിയപങ്ക് വഹിച്ചിട്ടുണ്ട്. ഭാഷയുടെയും ദേശത്തിന്റെയും ജാതിയുടെയും സ്വത്വങ്ങൾ ഉടയുകയും പുനർനിർമ്മിക്കപ്പെടുകയും ചെയ്യുന്ന അനുഭവങ്ങൾ കുടിയേറ്റങ്ങളിൽ കാണാം. ജാതീയവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരും ന്യൂനപക്ഷമെന്ന നിർവചനത്തിൽപ്പെടുന്നവരുമായ ഭൂരിപക്ഷത്തെയാണ് കുടിയേറ്റചരിത്രത്തിൽ കാണാനാവുക. സ്വാതന്ത്ര്യപൂർവ്വഘട്ടങ്ങളിൽ തിരുവിതാകൂറിൽ നിന്ന് മലബാറിലേക്ക് നടന്ന കുടിയേറ്റത്തെ വിശാലമായ ചരിത്രപ്രക്രിയയുടെ ഭാഗമായുള്ള സാംസ്കാരിക

രാഷ്ട്രീയ ചലനമായി കാണേണ്ടതുണ്ട്. തൊള്ളായിരത്തി ഇരുപതുകൾ മുതൽ ആരംഭിക്കുന്ന ഈ കാർഷിക കുടിയേറ്റം ഒരു ജനതയുടെ അതിജീവനത്തിന്റെ വികാരസാന്ദ്രമായ ചരിത്രമാണ്. ദേശസ്വത്വത്തിന്റെ പാരമ്പര്യ ബോധ്യങ്ങളെ അത് പലപാട് ശിഥിലമാക്കുന്നു. വരത്തൻ, കുടിയേറ്റക്കാരൻ, അച്ചായൻ, കപ്പക്കാർ, ചേട്ടന്മാർ എന്നിങ്ങനെയുള്ള  അപരത്വപരികല്പനകളെ പ്രശ്നവല്ക്കരിച്ചുകൊണ്ടാണ് മലബാർ കാർഷിക കുടിയേറ്റ ജീവിതം മുഖ്യധാരയെ പിടിച്ചെടുക്കുന്നത്.

### കുടിയിറക്കം

'കുടി' അഥവാ ആവാസവ്യവസ്ഥയിൽ നിന്നുള്ള അടരൽ/ അടർത്തലിനെയാണ് കുടിയിറക്കം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. മറ്റൊരു 'കുടി' തേടൽ അഥവാ കുടിയേറ്റം അതിന്റെ തുടർച്ച യാണ്. അതോടെ കുടിയേറ്റം എന്ന വാക്കിന് അതിജീവനം എന്നൊരനുഭവാർത്ഥം  കൂടി വന്നുചേരുന്നു. കുടിയിറക്കവും കുടിയേറ്റവും ഒന്നൊനൊന്ന് കലർന്നുകിടക്കുന്ന അതിജീവനത്തിന്റെ സമരസന്ദർഭങ്ങളാണ്. 'സ്വദേശം' എന്ന ആവാസവ്യവസ്ഥയിൽ നിന്നും മൂന്നു തരത്തിലുള്ള അടരലുകൾ/അടർത്തുലുകൾ കേരള ചരിത്രത്തിൽ കാണാം. ഒന്ന് പുരോഗതിയുടെയും ആധുനികതയുടെയും ഭാഗമായി കാണാവുന്ന വികസനത്തിനു വേണ്ടിയുള്ള കുടിയൊഴിക്കലും പുനരധിവാസവും. രണ്ട് ഭാഷാസംസ്ഥാന രൂപീകരണത്തിന്റെ ഭാഗമായി കിഴക്കൻ മലയോരങ്ങളിലേക്ക് ഭരണകൂടം പ്രോൽസാഹിപ്പിച്ച കുടിയേറ്റം. മൂന്നാമത്തേതും താരതമ്യേന പഴയതുമാണ് മലബാർ കാർഷിക കുടിയേറ്റം.

വികസനത്തിനുവേണ്ടി കുടിയിറക്കപ്പെടുന്നവരുടെ പുനരധിവാസം ഒരു രാഷ്ട്രീയ-സാമ്പത്തിക പ്രശ്നമായി നമ്മൾ മനസ്സിലാക്കിയിട്ടുണ്ട്. വ്യവസായം വികസനം തുടങ്ങിയ പദാവലികളുമായി കെട്ടുപിണഞ്ഞാണതിന്റെ നിൽപ്പ്. പുരോഗതി (reform), ആധുനികത(modernity) തുടങ്ങിയ സങ്കൽപ്പങ്ങളെപ്പോലെയല്ല 'വികസനം' എന്ന സങ്കൽപ്പം സമൂഹത്തിൽ ഇടപെടുന്നത്. അത് നമ്മുടെ വർത്തമാനകാല ജീവിത പരിസരങ്ങളെ ദുഃഖവും ദരിദ്രവും ജീർണവും നിഷ്ക്രിയവുമായി സങ്കല്പ്പിക്കുന്നു. മറ്റു 'വികസിത' മാതൃകകളുമായി താരതമ്യപ്പെടുത്തി ആത്മപുച്ഛത്തിന്റെയും സ്വയംകുറ്റപ്പെടുത്തലിന്റെയും അവസ്ഥ സൃഷ്ടിക്കുന്നു. വികസനത്തിന്റെ  ഈ മനഃശാസ്ത്രം നേട്ടത്തിലല്ല മറിച്ച് അവസ്ഥയുടെ താല്ക്കാലിക പരിഹാരത്തിലാണ് ഊന്നൽ നൽകുന്നത്. കേരളത്തിന്റെ വികസനത്തിന് വൻകിട വ്യവസായം വരണം എന്നതായിരുന്നു ആദ്യകാല ഭരണകൂട സമീപനം. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ 'വികസനമോഹം' കേന്ദ്രീകരിച്ചുതന്നെ വൻ വ്യവസായ പദ്ധതികളിലായിരുന്നു. യൂറോപ്യൻ വ്യവസായ വിപ്ലവത്തിന്റെ മാതൃകയായിരുന്നു നമുക്കു മുന്നിലുണ്ടായിരുന്നത്. സമ്പത്തിന്റെ ഉൽപാദനത്തെ രാഷ്ട്രവുമായി ബന്ധിപ്പിച്ചുകൊണ്ട് ജനങ്ങള്ക്കു മുഴുവൻ ബാധകമാക്കുന്നതിലൂടെ അത് സാർവ്വലൗകികമായ പൊതുപ്രക്രിയയായിത്തീരുന്നു. അതിനുമുമ്പ് സാമ്പത്തിക ഉൽപ്പാദനത്തിന് മഹത്വമോ മതേതരപദവിയോ ഉണ്ടായിരുന്നില്ല. വ്യക്തിയെ സംബന്ധിച്ചിടത്തോളം ധനത്തിനാണോ ജ്ഞാനത്തിനാണോ കൂടുതൽ പ്രാധാന്യം എന്ന തരത്തിലുള്ള ചർച്ചകൾ ലോകത്ത് ധാരാളം നടന്നിട്ടുമുണ്ട്. ചരിത്രപരമായ നിരവധി കാരണങ്ങളാൽ പില്ക്കാലത്ത് 'രാഷ്ട്രസമ്പത്ത്' എന്ന ആശയം, സാമ്പത്തികോല്പാദനത്തെ വ്യക്തിയുടെ സ്വകാര്യ താല്പ ര്യം എന്നതിൽ നിന്ന് അടർത്തി സമൂഹത്തിന്റെയോ രാഷ്ട്രത്തിന്റെയോ പൊതുതാൽപര്യം എന്ന നിലയിലേക്കുമാറ്റി. സമൂഹത്തിന്റെയും രാജ്യത്തിന്റെയും ഭാവിയെ നിർണയിക്കുന്ന ദേശാഭിമാനപരവും പ്രതിജ്ഞാബദ്ധവുമായ കർമ്മതമായി സാമ്പത്തികോല്പാദനത്തിലുള്ള പങ്കാളിത്തത്തെ കാണാൻ തുടങ്ങി. അത് വ്യക്തിപരമല്ലാതായി. സമ്പത്ത് സമാഹരിക്കാനുള്ള വ്യക്തിപരമായ താല്പര്യം നിഴലിൽ നില്ക്കുകയും രാജ്യതാല്പര്യം വെളിച്ചപ്പെടുകയും ചെയ്തു. മാത്രമല്ല യൂറോപ്യൻ വ്യവസായ വിപ്ലവത്തെ മാതൃകയാക്കുമ്പോൾ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായി അത് സൃഷ്ടിച്ച സങ്കീർണമായ ജീവിത സാഹചര്യങ്ങളെ കാണാതെ പോയെന്നുള്ളതാണ് ഇന്ത്യൻ വ്യവസായ പുരോഗതിക്ക് പൊതുവേയും കേരള വികസനത്തിന് സവിശേഷമായും സംഭവിച്ചത്.




തൊള്ളായിരത്തി അമ്പതുകളിൽ ഹൈറേഞ്ചിലേക്ക് നടന്ന കാർഷിക കുടിയേറ്റം ഭരണകൂട സാമ്പത്തിക താല്പര്യങ്ങളാൽ മെനഞ്ഞെടുത്ത ദേശഭൂപടമായിരുന്നു. കേരളത്തിന്റെ പ്രത്യേകിച്ച് തിരുവിതാംകൂറിന്റെ ദേശ സ്വത്വവുമായി ആഴത്തിൽ കെട്ടുപിണഞ്ഞു കിടക്കുന്ന തെക്കൻ പ്രദേശങ്ങൾ തമിഴകത്തിന് വിട്ടുകൊടുത്തു കൊണ്ടാണ് പൊന്നുവിളയുന്ന ഹൈറേഞ്ചിന്റെ കാർഷിക ഭൂപ്രദേശത്തെ ഭൂപടത്തോട് ചേർക്കാൻ അന്നത്തെ ഭരണകൂടം ശ്രമിച്ചത്. അതിന്റെ ഭാഗമായിരുന്ന ഹൈറേഞ്ചിലേക്കുള്ള മലയാളി കാർഷിക കുടിയേറ്റം. തൊള്ളായിരത്തി നാല്പതുകളുടെ ആദ്യപകുതി മുതൽ ആരംഭിക്കുന്ന ഈ കാർഷിക കുടിയേറ്റമാണ് ഹൈറേഞ്ചിനെ ജനസാന്ദ്രമാക്കിയത്. കുടിയേറ്റം സ്വയം ഒഴിഞ്ഞപോയവരുടെ,

തേടിപ്പോയവരുടെ മാത്രം ജീവിതമായിരുന്നോ? അന്വേഷണങ്ങളധികവും കുടിയേറ്റത്തിന്റെ രാഷ്ട്രീയ സാമ്പത്തിക ജാതീയ കാരണങ്ങളെ വിട്ടുകളയുന്നതായിരുന്നു. ഭൂരഹിതരിൽ നിന്ന് ഭൂമിയുടെ അവകാശികളെന്ന തലത്തിലേക്ക് കീഴാള ജനതയുടെ ഉയിർപ്പ് കുടിയേറ്റങ്ങളിൽ കാണാം. കാർഷികെ കുടിയേറ്റങ്ങളിൽ ഭൂരിഭാഗവും ദലിതരും ഈഴവരും ക്രിസ്ത്യൻ, മുസ്ലിം ന്യൂനപക്ഷങ്ങളുമായിരുന്നു. കേരളത്തിൽ മറ്റെവിടെയും സ്വന്തം പേരിൽ ഒരുതുണ്ട് ഭൂമിയില്ലാത്തവർ എന്ന'യോഗ്യത'യായിരുന്നു അപേക്ഷകർക്കാ വശ്യം. അങ്ങനെയാണ് സ്വന്തമായി ഭൂമിയെന്ന സ്വപ്നവുമായി സമതലങ്ങളിൽ നിംന്ന് കിഴക്കൻ മലയിലെ കൊട്ടു തണപ്പിലേക്ക് മനുഷ്യർ പറ്റംപറ്റമായി വന്നുചേർന്നത്.

ഈ രണ്ട് അനുഭവങ്ങളിൽ നിന്ന് ഭിന്നമായിരുന്നു മലബാർ കുടിയേറ്റം. തൊള്ളായിരത്തി ഇരുപതുകൾ മുതൽ ആരംഭിക്കുന്ന മലബാർ കുടിയേറ്റത്തിലും അതിജീവനത്തിന്റെ മനുഷ്യഗാഥകൾ തന്നെയാണ് കാണാനാവുക. എന്നാൽ സ്വയം ഒഴിഞ്ഞുപോകുന്നവരുടെ അധിവാസവും അതിജീവനവും നമ്മുടെ സാംസ്കാരിക-രാഷ്ട്രീയ സംവാദങ്ങളിലേക്ക് എന്തുകൊണ്ടോ കയറിനില്ക്കുന്നില്ല. 'സ്വയം ഒഴിഞ്ഞുപോകൽ' തികച്ചും വ്യക്തിപരമാണ്. പരമാവധി ഒരു കുടുംബത്തിന്റെ മാത്രം പ്രശ്നവും. എന്നാൽ തികച്ചും വ്യക്തിപരമായ ഒന്നിന്റെ രാഷ്ട്രീയ വിവക്ഷകൾ കാണാതിരുന്നുകൂടാ. അതിന്റെ സാമൂഹിക സാമ്പത്തിക കാരണങ്ങൾ അതുകൊണ്ടുതന്നെ രാഷ്ട്രീയമായ അർത്ഥങ്ങൾ വഹിക്കുന്നു. ഓരോ വ്യക്തിയും മറ്റൊരുപാട് വ്യക്തികളാൽ നിർണയിക്കപ്പെടുന്ന ഒരു സാമൂഹ്യ വ്യവസ്ഥക്കുള്ളിൽ, ജീവിതം തേടിയുള്ള ഓരോ അടർന്നു പോകലും കുടിയേറ്റവും വലിയൊരു സാംസ്കാരിക പ്രശ്നമായി മാറുന്നുണ്ട്. അത്തരമൊരു പാരായണത്തിന്റെ വിപുലമായ സാധ്യതകളിലാണ് മലബാർ കുടിയേറ്റ ചരിത്രവും അനുഭവങ്ങളും നിലകൊള്ളുന്നത്.





## കുടിയേറ്റ ആഖ്യാനങ്ങളിലെ മലബാർ

ഒന്നാം ലോകയുദ്ധം സമ്മാനിച്ച സാമ്പത്തിക മാന്ദ്യവും തിരുവിതാംകൂറിന്റെ രാഷ്ട്രീയ കാലാവസ്ഥയും ന്യൂനപക്ഷ വിഭാഗങ്ങളിൽ പ്രത്യേകിച്ച് ക്രിസ്ത്യാനികളിൽ ഉളവാക്കിയ ഭാവിയെക്കുറിച്ചുള്ള ആശങ്കകളാണ് കുടിയേറ്റത്തിലേക്ക് നയിച്ചത്. "വാണിജ്യവൽ കൃത കൃഷിയിലിറക്കിയ മുതൽ മുടക്ക് നഷ്ടപ്പെട്ട് കടത്തിനുമേൽ കടം വാങ്ങേണ്ടിവന്ന പലരുമുണ്ടായി. അവരിൽ ചിലർക്ക് നാട്ടിൽ നില്ക്കക്കള്ളിയില്ലാതെവന്നപ്പോൾ മറ്റുചിലർക്ക് നേരത്തെ ജീവിച്ചിരുന്ന രീതിയിൽ ഇനി മുന്നോട്ടുപോകുവാനാകില്ലെന്നുമായി. ഇങ്ങനെ ബുദ്ധിമുട്ടി നിന്ന അവസരത്തിലാണ് മലബാറിൽ പുതിയ അവസരം തെളിഞ്ഞുവന്നത്. അതു ചാടിപ്പിടിക്കുവാൻ സാഹസികമായിത്തന്നെ തിരുവിതാംകൂർ കർഷകൻ തന്റെ റബ്ബറും കുരുമുളകും മരച്ചീനിയുമായി മലചവിട്ടി."1 യുദ്ധാനന്തര സാമ്പത്തിക കാർഷിക തകർച്ചയെ അതിജീവിക്കാൻ മധ്യവർഗ കർഷകരുടെ കുടിയേറ്റമാണ് ഡോ. പി കെ മൈക്കിൾ തരകന്റെ ഈ നിരീക്ഷണത്തിൽ തെളിയുന്നത്. മധ്യവർഗ കാർഷികവ്യവസ്ഥയുടെ തകർച്ച ചെറുകിട കർഷക-കർഷകതൊഴിലാളി ജീവിതങ്ങളെ കടപുഴക്കി. ഉള്ളതു വിറ്റുപെറുക്കി നാടുവിടാൻ അവരെ പ്രേരിപ്പിച്ചത് ഈ സാമ്പത്തിക സാഹചര്യമാണ്.

എസ്. കെ പൊറ്റെക്കാടിന്റെ

വിഷകന്യക, കാക്കനാടന്റെ ഒറോത, തോമസ് വർക്കിയുടെ ചുരം, കെ.ജെ. ബേബിയുടെ ബസ്പ്പർക്കാന, പി. സി എറിക്കാടിന്റെ ആദാമിന്റെ മക്കൾ, ജോസഫ് കുറവിലങ്ങാടിന്റെ ചുള്ളി, കാനം ഇ ജെ യുടെ കാമുകി, വിനോയ് തോമസിന്റെ കരിക്കോട്ടക്കരി തുടങ്ങിയ നോവലുകൾ മലബാർ കുടിയേറ്റത്തിന്റെ ജീവിതസന്ദർഭങ്ങളെ പലപാടെഴുതി. സക്കറിയയുടെ ഭാസ്കര പട്ടേലരും എന്റെ ജീവിതവും സി. വി ബാലകൃഷ്ണന്റെ ആയുസിന്റെ പുസ്തകവും കുടിയേറ്റ ജീവിതത്തെ മറ്റൊരു വിതാനത്തിൽ ആവിഷ്കരിക്കുന്നു. വയനാടൻ കുടിയേറ്റത്തിന്റെ ആത്മകഥാഖ്യാനത്തിൽ വൈകാരികമായ ആഴവും വിസ്തൃതിയും കല്പ്പറ്റ നാരായണന്റെ 'കോന്തല'യ്ക്കുണ്ട്.

തിരുവിതാംകൂറിന്റെ സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങൾ ഈ പലായനങ്ങൾക്ക് ആക്കം കൂട്ടി. സർ സി പി രാമസ്വാമി അയ്യരുടെ ദിവാൻ ഭരണം (1936–47) ന്യൂനപക്ഷങ്ങളുടെ സ്വത്തിനും ജീവിതത്തിനും ഭീഷണി പരത്തിയ സാഹചര്യത്തിൽ അതിജീവനത്തിനായുള്ള പലായനമായിരുന്നു മലബാർ കുടിയേറ്റമെന്ന് എസ്. കെ. പൊറ്റെക്കാട് വിഷകന്യകയിൽ നിരീക്ഷിക്കുന്നു. "അവരുടെ പൈതൃകമായ പറമ്പുകളും നിലങ്ങളും പാർപ്പിടങ്ങളും പുതിയ പണക്കാർക്ക് തീറെഴുതിക്കിട്ടിയ പ്രതിഫലങ്ങൾ - അജ്ഞാതമനോഹരവും ഫലഭൂയിഷ്ഠവുമായ മലബാറിലെ മലയോരങ്ങൾ അവർക്ക് സ്വാഗതമരുളാൻ കാത്തുനില്ക്കുന്നു! അവിടെ മതപരമായ മർദ്ദനമില്ല. സാമുദായിക സംഘടനകളില്ല. രാജകീയ ദുഷ്പ്രഭുത്വത്തിന്റെ ചെരുപ്പുനക്കി ശംഖുമുദ്രയുടെ മുമ്പിൽ പഞ്ചപുച്ഛമടക്കി ആശങ്കാകുലമായ നാളുകൾ കഴിക്കേണ്ട." മലബാർ കുടിയേറ്റത്തിൽ അതിജീവനത്തിന്റെയും അഭിമാനത്തിന്റെയും മുദ്രകൾ കണ്ടെടുക്കുന്നതാണ് എസ്. കെ.യുടെ നോവൽ. മലബാറിലേക്കുള്ള മനുഷ്യപ്രവാഹത്തെ അതിജീവനത്തിന്റെ വീരഗാഥയായി രേഖപ്പെടുത്തുകയാണ് കാക്കനാടന്റെ ഒറോത. കുടിയേറ്റ ചരിത്രത്തിൽ ലീനമായിരുന്ന സ്വത്വസംഘർഷത്തിന്റെ വംശാവലീ ചരിത്രമാണ് വിനോയ് തോമസിന്റെ കരിക്കോട്ടക്കരി. വയനാടൻ കുടിയേറ്റത്തിന്റെ ആത്മകഥാഖ്യാനത്തിൽ വൈകാരികമായ ആഴവും വിസ്തൃതിയും കൽപ്പറ്റ നാരായണന്റെ കോന്തലയ്ക്കുണ്ട്. മൂന്ന് നോവലുകളിലും ഓരോർമ്മസക്കുറിപ്പിലും രേഖപ്പെടുത്തപ്പെട്ട കുടിയേറ്റജീവിതത്തിന്റെ അടരുകളെ വായിക്കാനുള്ള ശ്രമമാണ് ഈ ലേഖനം.


വിനോയ് തോമസ്


### ആഖ്യാനങ്ങളുടെ അകംപൊരുൾ

മുമ്പ് സൂചിപ്പിച്ചുപോലെ വരത്തന്മാർ, ചേട്ടന്മാർ, കപ്പക്കാർ, പൂളച്ചേട്ടന്മാർ എന്നിങ്ങനെ ആഘോഷിപ്പെട്ട/പെടുന്ന അപരത്വങ്ങളിൽ നിന്ന് മലബാറിൽ തങ്ങളുടെ സാമൂഹ്യസ്വത്വം ഉറപ്പിച്ചുകിട്ടാനുള്ള സമരമായിരുന്നു കുടിയേറ്റത്തിന്റെ കാതൽ. ഈ സ്വത്വസംഘർഷഹങ്ങളുടെ സന്ദർഭങ്ങളിൽ നിന്നുകൊണ്ടാണ് എസ്.

കെ പൊറ്റെക്കാടിന്റെ വിഷകന്യ വായിക്കപ്പെടുന്നത്. "എന്തായാലും ഒരു കാര്യം തീർച്ചയാണ് സ്വാമിയുടെ ബാധ അവിടെയുണ്ടാവില്ല." സർ സിപിയുടെ അധികാര ഭൂമികയിൽ നിന്നുള്ള പലായനമായാണ് മലബാർ കുടിയേറ്റത്തെ വിഷകന്യക ആവിഷ്കരിക്കുന്നത്. വിഷകന്യക കുടിയേറ്റത്തിന്റെ രാഷ്ട്രീയ കാരണങ്ങളെ കേവലമായി സ്പർശിക്കുമ്പോഴും സ്വാമിയുടെ ബാധ ആഖ്യാനത്തെ പിന്തുടരുക തന്നെ ചെയ്തു. കുടിയേറ്റത്തോട് പില്ക്കാല മുഖ്യധാരാ ഹിന്ദുസമൂഹം പുലർത്തിയ പൊതുബോധമായിരുന്നു എസ് കെയുടെ ആഖ്യാനത്തിന്റെ അന്തർധാര.

ഒരു ഭൂപ്രദേശത്തെ പരദേശികളായ കുടിയേറ്റക്കാർ വിഷമയമാക്കി, എന്ന യുക്തിയാണ് നോവലിന്റെ ഊന്നൽ. ഇത് 'തീണ്ടിമുടിച്ച്' എന്ന ജാതിയുക്തിയെത്തന്നെയാണ് ആന്തരവല്ക്കരിക്കുന്നത്. ഭൂമിയും അതിന്മേലുള്ള അവകാശവും അത് നിർമ്മിച്ചുറപ്പിച്ചിട്ടുള്ള വർഗ്ഗ, വർണ്ണ, ശ്രേണീവ്യവസ്ഥയും സുസ്ഥിരമാണെന്ന ബോധത്തെയാണ് ആഖ്യാനം പിൻപറ്റുന്നത്. സാമ്പത്തിക ഭൂബന്ധങ്ങളുടെ മാറി മറിയൽ, ഭൂമിയിലേക്ക് (ഭൂമി എന്ന മൂലധനവ്യവസ്ഥയിലേക്ക്) വ്യത്യസ്ത ജാതി സമൂഹങ്ങളുടെ കടന്നുവരവ്, ഇവ സൃഷ്ടിക്കുന്ന സാമ്പത്തിക-ജാതി ശ്രേണിയുടെ ഉടയലുകൾ തുടങ്ങി നിരവധി പ്രശ്നസ്ഥലങ്ങളെ അഭിസംബോധന ചെയ്യാൻ നോവൽ മടിക്കുന്നു.

സമ്പദ് കേന്ദ്രിതമായ വീക്ഷണത്തിന്റെ തീവ്രമായ ഭാഷാന്തരങ്ങൾ ചരിത്രത്തെയൊന്നടങ്കം ഭൂസ്വത്തിനും ലാഭത്തിനും വേണ്ടിയുള്ള യുദ്ധമായി ചുരുക്കുന്നുണ്ട്. ഇരകളുടെ സമരങ്ങളെ കൊള്ളയായും സമ്പത്ത് പിടിച്ചെടുക്കുന്നതിനായുള്ള കലാപങ്ങളായും ചുരുക്കുന്ന അനുഭവങ്ങൾ നിരവധിയാണ്. എന്നാൽ ഇത്തരം ലളിതവല്ക്കരണത്തിനുമപ്പുറത്തായിരുന്നു ആദിവാസി, കാർഷിക കുടിയേറ്റ ജനതയുടെ ദൈനംദിനജീവിതം മുന്നോട്ടുവെയ്ക്കുന്ന സന്ദിഗ്ധതകൾ. ഇത്തരം സന്ദർഭങ്ങൾക്കു നോവലിൽ തീവ്രത ലഭിക്കുന്നില്ല. സാ




മൂഹ്യശാസ്ത്രങ്ങളിലെ ഏറ്റവും പരിഷ്കൃതമായ രചനകളിൽ പോലും സ്ത്രീപുരുഷന്മാരുടെ ജീവിതങ്ങളെ ഭൗതികതാല്പര്യങ്ങളുടെ പ്രവർത്തനങ്ങളിലേക്ക്, അല്ലെങ്കിൽ മനുഷ്യർക്ക് യാതൊരുനിയന്ത്രണവുമില്ലാത്ത സമ്പദ്‌വ്യവസ്ഥയിലെ വ്യക്ത്യേതര പ്രസ്ഥാനങ്ങളിലേക്ക് ചുരുക്കുന്നപതിവുണ്ട്.2 അത്തരമൊരു ചുരുക്കെഴുത്തിൽ പുത്തൻ പണക്കാർ എന്ന സംജ്ഞയിലേക്ക് കുടിയേറ്റക്കാർ വളരെവേഗം നിർവചിക്കപ്പെടുന്നു. അതേസമയം ഭൂമിയുടെ 'പൈതൃകാവകാശത്തെ' തീണ്ടിമുടിച്ച വിഷസാന്നിധ്യമായി അനുഷ്ഠാന തലത്തിലും ഈ ബോധം പ്രവർത്തിക്കുന്നു.

നോവൽ ആദ്യ അധ്യായങ്ങളിൽ സൂചിപ്പിക്കുന്ന അതിജീവനത്തിന്റെയും അഭിമാനത്തിന്റെയും സന്ദർഭങ്ങളെ വിട്ടുകളഞ്ഞുകൊണ്ട് കുടിയേറ്റത്തെ ഏകപക്ഷീയമായി അപരവല്ക്കരിക്കുന്നതിൽ ഈ അനുഷ്ഠാന തലം വ്യക്തമാണ്. ഈ അപരത്വ നിർമ്മിതി ജനതയുടെ പലായനങ്ങളെ അതിനിടയാക്കിയ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങളെ അവഗണിക്കുന്നു. കുടിയേറ്റ ജനതയുടെ സഹനത്തെ, മണ്ണിനോടും കാലാവസ്ഥയോടും പ്രകൃതിയോടും രോഗങ്ങളോടും സ്വന്തം ശരീരത്തോടും അതിന്റെ വികാരലോകത്തോടുതന്നെയും ഏറ്റുമുട്ടി മുതിയടഞ്ഞ മനുഷ്യജീവിതങ്ങളെ കണ്ടെടുക്കാൻ നോവലിനാകുന്നില്ല. കാർഷിക കുടിയേറ്റ ജനതയുടെ സഹനത്തെ, അതിജീവന സമരങ്ങളെ അത് നിസാരവല്ക്കരിക്കുന്നു. അങ്ങനെ ഒരു ജനതയുടെ അനുഭവങ്ങളത്രയും അരികിലാക്കപ്പെടുന്നു. കുടിയേറ്റത്തെ, കുടിയേറ്റക്കാരെ, കേവലം കയ്യേറ്റക്കാരാക്കി, വെട്ടിപ്പിടുത്തക്കാരാക്കി പ്രാന്തവൽക്കരിച്ച പൊതുബോധത്തിനൊപ്പമായിരുന്നു വിഷകന്യകയുടെ നില്പ്പ്.

## ചരിത്രമെഴുതിയ ശരീരം

എന്നാൽ, കാക്കനാടന്റെ ഒറോത കുടിയേറ്റ ജീവിതങ്ങളെ മനുഷ്യപ്രവാഹത്തിന്റെ തീവ്രസന്ദർഭങ്ങളായി പരിഗണിക്കുന്നു. "കാലിഫോർണിയൻ ഗോൾഡ് റഷിനോട് ഉപമിക്കാവുന്ന ഈ വലിയ മനുഷ്യപ്രവാഹത്തെക്കുറിച്ച് എത്രയെത്ര വീരസമരഗാഥകൾ ഉണ്ടാവേണ്ടിയിരുന്നു!" എന്ന നോവലിന്റെ ആമുഖത്തിൽ കാക്കനാടൻ എഴുതുന്നുണ്ട്. അമേരിക്കൻ തെക്കുപടിഞ്ഞാറൻ, മധ്യപടിഞ്ഞാറൻ പ്രദേശങ്ങളിൽ നിന്നും കാലിഫോർണിയൻ സ്വർണ്ണ ഖനികളിലേക്ക് നടന്ന കുടിയേറ്റവും 1930കളിലാണ് സംഭവിച്ചത്. അതിലപ്പുറം മലബാർ കുടിയേറ്റവുമായി സമാനതയോ താരതമ്യമോ കാലിഫോർണിനയൻ ഗോൾഡ് റഷിന് കല്പ്പിക്കാനാവില്ല. എന്നാൽ, അമേരിക്കൻ കുടിയേറ്റം ജോൺസ്റ്റീൻ ബെക്കിന്റെ വിഖ്യാതമായ ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങൾ എന്ന കൃതിക്ക് പ്രമേയമായി. അമേരിക്കൻ പൊതുസമൂഹം ആ കൃതിക്ക് നല്കിയ സ്വീകാര്യത മലബാർ കുടിയേറ്റത്തെക്കുറിച്ചുള്ള ആഖ്യാനങ്ങൾക്കൊന്നിനും ലഭിച്ചില്ല. മുപ്പതുകളിലെ അമേരിക്കൻ മുതലാളിത്ത സമ്പദ്‌വ്യവസ്ഥ ഭൂ ഉടമകളായിരുന്ന കർഷകരെ ഭൂരഹിതരാക്കിത്തീർത്തു. ഈ ഭൂരഹിത കർഷകത്തൊഴിലാളികളാണ് കാലിഫോർണിയിലേക്ക് കുടിയേറിയത്. ഈ അരക്ഷിതമായ ഈ സാമ്പത്തിക സന്ദർഭത്തിലൂടെ കടന്നുപോയവരായിരുന്നു അമേ



രിക്കൻ ജനത. ആ കാലത്തെക്കു
റിച്ചുള്ള രചന എന്നനിലയിലാണ്
ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങൾ
സ്വീകരിക്കപ്പെട്ടത്. മലബാറിലേ
ക്കുള്ള മലയാളി കുടിയേറ്റത്തിന്
ഇത്തരം പൊതുവായൊരനുഭവമ
ണ്ഡലമുണ്ടായിരുന്നില്ല. നേരത്തെ
സൂചിപ്പിച്ചതുപോലെ സ്വയം ഒഴി
ഞ്ഞുപോകലിന്റെ, വ്യക്തിപരമാ
യൊരു തെരഞ്ഞെടുപ്പായാണ് ഈ
പലായനങ്ങൾ നിലകൊണ്ടത്.
മറ്റൊന്ന് ഇവരാരും ഭൂരഹിതരായ
കർഷകരായിരുന്നില്ല. ഭൂരഹിതരാ
ക്കപ്പെടരുതെന്ന ഉദ്ദേശത്തോടെ
ഉള്ളത് വിറ്റുപെറുക്കി നടത്തിയ
സാഹസിക യാത്രയായിരുന്നു മല
ബാർ കുടിയേറ്റം.

മധ്യതിരുവിതാംകൂറിൽ നിന്ന്
ആരംഭിക്കുന്ന ഒറോതയുടെ സഞ്ചാ
രത്തിന് വേരുപറിഞ്ഞുപോകുന്ന
ഈ മനുഷ്യപ്രവാഹത്തിന്റെ നീറ്റ
ലാണുള്ളത്. ചെമ്പേരിപ്പുഴയുടെ തീ
രത്തിരുന്ന് ആദിമ കുടിയേറ്റക്കാർ
ഒറോതയെ ഓർത്തു കരഞ്ഞു.
പുഴയുടെ തീരത്ത് പച്ചനിറത്തിൽ
കൊഴുത്തുകിടക്കുന്ന വിളഭൂമിയുടെ
സമൃദ്ധിയിൽ ഒരുപാട് മനുഷ്യ
ശരീരങ്ങളുടെ ചോരയും വിയർപ്പും
കലർന്നുകിടന്നിരുന്നു. "ചെമ്പേരി
ക്കിന്ന് പള്ളിയുണ്ട്, പള്ളിക്കൂടമു
ണ്ട്, ആശുപത്രിയുണ്ട്, കമ്പിത്ത
പാലാപ്പീസുണ്ട്, ടെലിഫോണുണ്ട്,
കടകമ്പോളങ്ങളുണ്ട്....." ചെമ്പേ
രിക്ക് ബാഹ്യജീവിതം മാത്രമല്ല,
ആന്തരികജീവിതവുമുണ്ട്. "ഹിപ്പി
കളുണ്ട്, പാശ്ചാത്യസംഗീതമുണ്ട്,
യെഹൂദിമെന്വഹിനുണ്ട്, രവിശങ്ക
റുണ്ട്, ഉഷാ ഉതുപ്പുണ്ട്, അബ്ബായു
ണ്ട്..." ചെമ്പേരിയുടെ ബാഹ്യവും
ആഭ്യന്തരവുമായ ജീവിതസമൃദ്ധി
യുടെ ചരിത്രമാണ് ഒറോതയുടെ
ജീവിതം. അതിജീവനത്തിനായി
ശരീരത്തിന്റെയും മനസ്സിന്റെയും
സൗഖ്യങ്ങളും സ്വപ്നങ്ങളും ഉപേ
ക്ഷിച്ച മനുഷ്യാധ്വാനത്തിന്റെ
തീവ്രസന്ദർഭനങ്ങളാണ് ഓറോ
തയിൽ തെളിയുന്നത്. അവരുടെ
ജീവിതത്തിന്റെ അർത്ഥമെന്തായി
രുന്നു? പട്ടിണിയിലും കൊടുംത
ണുപ്പിലും മലമ്പനിയും കോളറയും
പോലുള്ള രോഗങ്ങളിലും വീണുമ
രിച്ചവരെത്ര? അതിജീവനത്തിന്റെ
കുതറലുകളിൽ ചിതറിപ്പോയ
കാമനകളിൽ ഒരു ജനതയുടെ
സാഹസിക ജീവിതം കുറിക്കപ്പെ
ട്ടിരിക്കുന്നു. ചരിത്രം ആലേഖനം
ചെയ്ത ഉടലായിരുന്നു ഒറോത.
പ്രകൃതിയോട് നേർക്കുനേർ നിന്ന്
ജീവിതം പടുത്ത പെണ്ണാളുടെ വീ
രഗാഥയായി ഓറോത മാറുന്നത്
അങ്ങനെയാണ്. അത് കുടിയേ
റ്റത്തെക്കുറിച്ച് വേരുറച്ചുപോയ
പൊതുബോധത്തിന്റെ എതിർദി
ശയിലാണ് സഞ്ചരിക്കുന്നത്.
ചെമ്പേരിയുടെ തീരത്തിരുന്ന കുടി
യേറ്റജനതയുടെ പില്ക്കാല തലമുറ
ഒറോതയെയോർത്ത് കരയുന്നതും
അതുകൊണ്ടാണ്.

## സങ്കടങ്ങളിൽ സംസ്കരിച്ചെടുത്ത ജീവിതം

ഓർമ്മകളെ പുനരാനയിക്കൽ
രീതീശാസ്ത്രപരമായി നിർണ്ണാ
യകമാണ്. ഭൂതകാലത്തെക്കുറിച്ച്
വസ്തുതാപരമായ വിശകലനത്തി
നാണ് ചരിത്രം ശ്രമിക്കുന്നത്.
ചരിത്രപരമായ ഓർമ്മകൾ, അവ
യുടെ പിശകുകളോടെതന്നെ ചരി
ത്രത്തിനുനേരെ ചില ചോദ്യങ്ങൾ
ഉന്നയിക്കുന്നു. ഈ ചോദ്യങ്ങൾ
ഏറെ മൂല്യപരവും വൈകാരികവു
മായിരിക്കും. ഓർമ്മക്കുറിപ്പുകൾ
പൂർണ്ണമായ അർത്ഥത്തിൽ ആത്മ


കഥകളല്ല. എന്നാൽ ആത്മകഥയുടെ ചില അടരുകളാണത്. മുഴുവൻ ജീവിതത്തിൽ നിന്നും ഏറെ വൈകാരികവും ആത്മനിഷ്ഠവുമായ ചില കാഴ്ചകൾ പുനരാനയിക്കുന്നതാണ് ഓർമ്മക്കുറിപ്പുകൾ. സാമൂഹ്യ രാഷ്ട്രീയ ചരിത്രത്തോടൊപ്പമാണ് ഓർമ്മകൾ സഞ്ചരിക്കുന്നത്. ആത്മനിഷ്ഠമായത് അതുകൊണ്ടു തന്നെ അങ്ങേയറ്റം സാമൂഹികവുമാണ്. മലബാർ (വയനാടൻ) കുടിയേറ്റത്തിന്റെ അത്രയൊന്നും ആവിഷ്കരിക്കപ്പെട്ടിട്ടില്ലാത്ത ചരിത്രവും കഥകളും ജീവിത സമരവുമാണ് കൽപ്പറ്റ നാരായണന്റെ കോന്തല.


"അച്ഛനും അമ്മയും നാട്ടിലേത് വിറ്റുപെറുക്കി, മൂത്ത ഏടത്തിയെ കൈപിടിച്ചും ഏട്ടനെ എടുത്തും നടന്ന് ചുരം കയറിയാണ് വയനാട്ടിലെത്തിയത്." കുടിയേറ്റം ഒരു തരം അടർന്നുപോകലാണ്. ജനിച്ചുജീവിച്ച പരിസരങ്ങളിൽ നിന്നും പറിഞ്ഞുപോകുന്നതിന്റെ സങ്കടം വയനാട്ടിലേക്കും ഇടുക്കിയിലേക്കും നടന്ന പഴയകാല കുടിയേറ്റങ്ങൾക്കുണ്ടായിരുന്നു. മുറിഞ്ഞുപോയ ഒരു സാംസ്കാരിക ധാരയുടെ തുടരാനാവാത്ത ഒഴുക്ക് അവരുടെ ഉള്ളിൽ കെട്ടിക്കിടന്നിരുന്നു. "നഷ്ടക്കച്ചവടമായിരുന്നു എന്നും അവരുടേത്. എന്തെല്ലാമോ നഷ്ടപ്പെടുത്തിയതിന്റെ സങ്കടം അമ്മയുടെ തുടങ്ങിയാൽ നിയന്ത്രിക്കാനാവാത്ത ശകാരത്തിലും അച്ഛന്റെ നിശബ്ദതയിലുമുണ്ടായിരുന്നു." കുടിയേറ്റങ്ങളെ മൊത്തത്തിൽ 'അധിനിവേശത്തിന്റെ' ബൃഹത് പരിസരത്തിൽ നോക്കിക്കാണാൻ ശ്രമിച്ചവർ മനസിലാക്കാതെ പോയ അതിജീവനത്തിന്റെ ചരിത്രത്തിലേക്കുകൂടിയാണ് കോന്തല നയിക്കുന്നത്.

"അച്ഛൻ നടാൻ പാകമാക്കിയ കണ്ടത്തിലിറങ്ങി നടാൻ തോന്നില്ലന്ന് പണിച്ചി കറപ്പി പറയാറുണ്ട്. അത്ര സങ്കടം തോന്നിക്കുന്ന പരിപൂർണത മറ്റാരുടെ പ്രവൃത്തിയിലും ഞാൻ കണ്ടിട്ടില്ല. വിശേഷ ദിവസങ്ങളിൽ അമ്മ കോലായിലും മുറ്റത്തും നടുവകത്തും കോലങ്ങൾ വരച്ചുകൊണ്ട് അയല്പക്കത്തെ സ്ത്രീകളിൽ നിന്ന് തനിക്കുള്ള വ്യത്യാസം ആവിഷ്ക്കരിച്ചു. അമ്മ പാട്ടിൽ പഴയ പഴയ സങ്കടങ്ങൾ കേട്ടു. 'വീര വീരാട' എന്നു തുടങ്ങുന്ന കൈകൊട്ടിക്കളിപ്പാട്ടിൽ അമ്മ പാടുമ്പോൾ സങ്കടം ഇരമ്പി. ഓർമ്മകൾ വാതുക്കൽ വന്നു നില്ക്കും, അമ്മ പാടുമ്പോൾ. വഴക്കി വീണും ആത്തിക്കണ്ടത്തിൽ അരവരെ താണും വീട്ടിൽ നനഞ്ഞൊലിച്ചെത്തിയ നാട്ടിലെ പഴയ ബന്ധുക്കളെ വീട്ടിലെത്തിയ പാടെ സല്ക്കരിക്കാൻ അമ്മ കാണിക്കുന്ന ഉൽസാഹത്തിലും അധികം വൈകാതെ കാണിച്ചു തുടങ്ങുന്ന അസഹ്യതയിലും ഓർമകളുടെ സമ്മർദ്ദങ്ങൾ ഉണ്ടായിരിക്കണം." അറ്റുപോയ സാംസ്കാരിക ധാരയെ തിരികെപ്പിടിക്കാനുള്ള പരാജിത ശ്രമങ്ങളായിരുന്നു ഈ ആവിഷ്കാരങ്ങൾ.

ഓർമകൾക്ക് ഒരുപാട് ചരിത്ര ദൗത്യങ്ങളുണ്ട്. വ്യവസ്ഥാപിത ചരിത്രമെഴുത്തിന്റെ യുക്തിയെ നിരന്തരം ചോദ്യം ചെയ്തുകൊണ്ടാണത് സാധ്യമാകുന്നത്. കരിഞ്ചിയുടെയോ പൊട്ടൻ മാണിയുടെയോ കഥ ചരിത്രത്തിൽ കാണാനാവില്ല. എന്നാൽ ഓർമകൾക്ക് അവയെ മായ്ച്ചു കളയാനാവുകയില്ല. "പൊട്ടൻ മാണിയെപ്പോലെ ഇത്രയധികം നേരം കുന്തിച്ചിരിക്കാൻ കഴിയുന്ന ഒരാളെയും ഞാൻ കണ്ടിട്ടില്ല." എന്നും "മാണിയുടെ പെങ്ങൾ കരിഞ്ചി കുള്ളത്തിയായിരുന്നു." എന്നും ചില ഓർമ്മകൾ. "രണ്ടോ രണ്ടരയോ ഇഞ്ച് കഷ്ടി വരുന്ന വയറുള്ള കരിഞ്ചി ഗർഭിണിയായപ്പോൾ ഒട്ടാകെ വീർത്തു. കയ്യും കാലും കഴുത്തുമൊക്കെ ഗർഭം ധരിച്ചു." എന്ന് ഓർമ്മയുടെ ഭാരം. കരിഞ്ചിയുടെ ഗർഭത്തിന് ഉത്തരവാദിയായവരൊക്ക ചേർന്ന് മാണിയെ തല്ലി. ഗർഭത്തിന്റെ ഭാരവും സദാചാരത്തിന്റെ വീർപ്പും ഒരു നിശബ്ദന്റെ മേൽ കയറ്റിവയ്ക്കുന്നു. "ഒരവധിക്കാലത്ത് നാട്ടിലെത്തിയപ്പോൾ മാണി മരിച്ചുപോയതറിഞ്ഞു. അപകട മരണമായിരുന്നു. തലച്ചുമടുമായി പോകുമ്പോൾ പിന്നാലെ വന്ന ലോറിയുടെ വശത്തെ ഇരുമ്പുകൊളുത്തിൽ ചുമട് കുടുങ്ങി, മുന്നോട്ടാഞ്ഞ് ടയറിനടിയിലേക്ക് മറിഞ്ഞു." നിശബ്ദനായ മാണിയുടെ ജീവിതഭാരത്തേക്കുറിച്ച് നമുക്കൊന്നും അറിയില്ല. ജീവിക്കാനുള്ള ഭാരവുമായിപോയ മാണിയുടെ മരണം ചരിത്രത്തിൽ ഉണ്ടാവുകയുമില്ല. മാണിയുടെ മരണത്തിനും മുമ്പേ അവന്റെ പെങ്ങൾ കരിഞ്ചി മരിച്ചുപോയിരുന്നു. "കരിഞ്ചി പ്രസവത്തോടെ മരിച്ചു. ദൈവമേ ഇവളെങ്ങനെയാണ് പ്രസവിക്കുക എന്ന് സ്ത്രീകളൊക്കെ അവളെ നോക്കി ഭയപ്പെട്ടു. അവൾ പ്രസവിക്കുന്നത് സങ്കല്പിച്ച് ഇരുന്നേടത്തുനിന്ന് അറിയാതെ എണീറ്റുപോയിരിക്കണം അവർ." എവിടെയും രേഖപ്പെടാതെപോകുന്ന നിശബ്ദ ഭയങ്ങളാൽ മുഖരിതമാണ് ഈ ഓർമ്മകൾ. ജോൺ എബ്രഹാമിന്റെ അഗ്രഹാരത്തിലെ കഴുതയിൽ നിശബ്ദമായ മറ്റൊരു ഗർഭമുണ്ട്. പുരുഷനാൽ 'ആക്രമിക്കപ്പെട്ട്' ചാപിള്ളയെ ഗർഭം ധരിക്കുന്ന ഊമപ്പെണ്ണ്. അവൾക്കും സന്തതിക്കും ഭാഷയില്ല, സഹനം മാത്രമേയുള്ളൂ. ഒരു ദേശത്തിന്റെ ജനതയുടെ സഹനത്തിന്റെയും അതിജീവനത്തിന്റെയുമൊക്കെ കഥയായി ചരിത്രമായി കൽപ്പറ്റ നാരായണന്റെ കോന്തല വായിക്കപ്പെടുന്നു.

ചുരം കയറിവന്ന സുന്ദരിയായ രോഹിണിയും ഈ സഹനത്തിന്റെ തുടർച്ചയായിരുന്നു. "മോനെ






ത്രയിലാണ് പഠിക്കുന്നത് എന്ന അവരുടെ ചോദ്യം പോലെ മധുര മായതൊന്നും ഞാൻ കേട്ടിട്ടില്ല." എന്നതിന്റെ തുടർച്ച "ഒരു രാവിലെ രോഹിണിയും അമ്മാളുവിന്റെ അപ്പവും വിഷം കഴിച്ച് മരിച്ചു കി ടക്കുന്നു റബ്ബർ തോട്ടത്തിൽ എന്നു കേട്ടി"ടത്താണ് തടഞ്ഞുനില്ക്കുന്നത്. "ഇത്രധൃതിപിടിച്ച് അവസാനിപ്പി ച്ച ആ പ്രണയനാടകം ആർക്കും ഉൾക്കൊള്ളാൻ കഴിഞ്ഞില്ല." ചില മരണങ്ങൾ ജീവിതത്തേക്കാൾ ആഴത്തിൽ ചിലത് അവശേഷി പ്പിച്ചുകടന്നു പോകുന്നു. അത് ആവിഷ്കരിക്കാൻ മറ്റൊന്നിനും ആവുകയില്ല, ഓർമ്മകൾക്കല്ലാതെ. "പതിനേഴ് വർഷം ഞാനില്ലാത്ത ലോകത്ത് കഴിഞ്ഞ ശീലത്തോടെ ഏട്ടൻ പിന്നീട് കഴിഞ്ഞു." എന്ന് ഏട്ടന്റെ മരണത്തെക്കുറിച്ച് എഴു തുമ്പോൾ തൊണ്ടയിൽ തടഞ്ഞു പോയ ഒരു തേങ്ങലിൽ വായന നനയുന്നുണ്ട്. "എന്റേതുപോലെ കൂടെക്കൂടെ മരണം കയറിവന്ന ഒരു വീട് സമീപ പ്രദേശങ്ങളി ലെങ്ങുമില്ല. എല്ലാദുരന്തങ്ങളും വഴിതെറ്റാതെ അങ്ങോട്ട് വന്നു. ചെറിയ ഇടവേളകളിൽ അവിടെ ആൾക്കൂട്ടമുണ്ടായി. മുറ്റത്തും കാ പ്പിച്ചെച്ചെടികൾക്കിടയിലും കൂടി നില്ക്കുന്ന ആളുകൾ. അമ്മ, അച്ഛൻ, ഏട്ടൻ, ഏട്ടന്റെ രണ്ടുമക്കൾ, മക ളുടെ ഭർത്താവ് അങ്ങനെ ധാരമു റിയാതെ എന്റെ വീട്ടിലുള്ളവർ പൊയ്കൊണ്ടിരുന്നു." സങ്കടങ്ങ ളിലൂടെ സംസ്കരിച്ചെടുക്കുന്ന വായനാനുഭവമാണ് കോന്തല. ജീവിതം തേടി കുടിയേറിപ്പോയ വർ. ഒരു ദേശത്തുനിന്നും മറ്റൊന്നി ലേക്ക് സ്വയം അടർന്നും ചേർന്നു തുടർന്നു പോകുന്ന സഞ്ചാരങ്ങളുടെ നീറ്റൽ. മലയിറങ്ങി സമതലത്തി ലെ ജീവിതത്തിന്റെ പരപ്പിൽ, ആഴങ്ങളിൽ ഇനിയും വേരാഴ്ത്തി നില്ക്കുവാനാവാത്തതിന്റെ വേദന പേറുന്ന ഒരു വൃക്ഷത്തിന്റെ നെടുവീ ർപ്പാണ് കൽപ്പറ്റ നാരായണന്റെ കോന്തല.

## സ്വത്വ സംഘർഷങ്ങളുടെ കൊടിയേറ്റം

കുടിയേറ്റം സ്വയം ഒഴിഞ്ഞുപോയ വരുടെ, തേടിപ്പോയവരുടെ മാത്രം ജീവിതമായിരുന്നോ? അന്വേഷ ണങ്ങളധികവും കുടിയേറ്റത്തിന്റെ രാഷ്ട്രീയ, സാമ്പത്തിക, ജാതീയ കാരണങ്ങളെ വിട്ടുകളയുന്നു. ഭൂരഹിതരിൽ നിന്ന് ഭൂമിയുടെ അവകാശികൾ എന്ന തലത്തി ലേക്കുള്ള കീഴാള ജനതയുടെ ഉയി ർപ്പും കുടിയേറ്റത്തിൽ കാണാം. കാർഷിക കുടിയേറ്റത്തിന്റെ ഒരു വിഭാഗം ദലിതരും ദളിത് ക്രിസ്ത്യാ നികളുമായിരുന്നു. സ്വന്തമായി കൃഷിയിടം എന്ന സ്വപ്നം മാത്രമാ യിരുന്നില്ല, ജാതിയുടെ ഉച്ചനീച ത്വത്തിൽ നിന്നുള്ള കുടിയിറക്കം ഈ യാത്രകളിലുണ്ടായിരുന്നു. വിനോയ് തോമസിന്റെ നോവൽ പുലയരുടെ കാനാൻ ദേശമെന്നു വിളിക്കപ്പെടുന്ന കാഞ്ഞങ്ങാടിന ടുത്തുള്ള കരിക്കോട്ടക്കരി എന്ന കുടിയേറ്റ ഗ്രാമത്തിന്റെ കഥയാണ് പറയുന്നത്. മലബാറിലേക്ക് കുടി യേറിയെത്തിയ പുലയ-ക്രിസ്ത്യൻ ജീവിതം പറയുന്ന നോവൽ ചരിത്രത്തിലേക്ക്, മണ്ണിന്റെ യഥാ ർത്ഥ ഉടമയിലേക്ക് ഒരു ജനിതക രേഖ വരക്കുന്നു. 'മറ്റു കുടിയേറ്റക്കാ രെപ്പോലെ കെട്ടുംഭാണ്ഡവും മുറുക്കി കുഞ്ഞുകുട്ടി പരാതീനങ്ങളുമായി കാര്യസ്ഥന്റെ വീട്ടുപടിക്കൽ വന്ന് ഭൂമി ഇരന്നുവാങ്ങുകയല്ല കുഞ്ചെ റിയാ വല്യപ്പൻ ചെയ്തത്. തിരുവി താംകൂറിൽ നിന്ന് രണ്ട് പരിചാ രകന്മാർക്കൊപ്പം കാഞ്ഞങ്ങാട് തീവണ്ടിയിറങ്ങി സത്രത്തിൽ മുറിയെടുത്തു താമസിച്ചു. പിറ്റേന്ന് വില്ലുവണ്ടിയിൽ നായനാരുടെ ഇട ത്തിലെത്തി. തുല്യനിലയിലാണ്

സംസാരിച്ചത്. തിരുവിതാംകൂറിലെ ഒരു ജന്മി മലബാറിലെ ഒരു ജന്മിയുമായി ഇടപാട് നടത്തുന്നു.' പത്തോ ഇരുപതോ ഏക്കറല്ല, എസ്റ്റേറ്റ് സ്ഥാപിക്കാൻ അഞ്ച് മലകളാണ് അധികാരത്തിൽ കുഞ്ചെറിയാവല്യപ്പൻ ആവശ്യപ്പെട്ടത്. ഭൂമി എന്ന മൂലധനവും അത് ആർജ്ജിക്കുന്നതിലൂടെ കൈവരിക്കുന്ന തുല്യതയും അധികാരവും കുടിയേറ്റക്കാർക്ക്  സാമുദായികസമത്വം നേടിക്കൊടുക്കുന്നുണ്ടോ?

മലബാറിൽ തങ്ങളുടെ സാമൂഹികസ്വത്വം ഉറപ്പിച്ചുകിട്ടുവാൻ കുടിയേറ്റ ജനതക്ക് നന്നായി പാടുപെടേണ്ടിവന്നിട്ടുണ്ട്.[3] ഏതാണ്ട് ഒരേ സാംസ്കാരിക സാമൂഹിക സാമ്പത്തിക ചുറ്റുപാടുകളിൽ നിന്നും വന്നവരെന്ന നിലയ്ക്ക് 'തിരുവിതാകൂർ ചേട്ടന്മാരും (ചേടത്തിമാരും ഉൾപ്പെടെ) എന്ന സമൂഹം വ്യക്തമായി ഒരു സാമൂഹ്യവിഭാഗമായി കണക്കാക്കപ്പെട്ടു.[4] മലബാറിലേക്കുള്ള കുടിയേറ്റത്തെ സംഘടിതമായി കാണാനാവില്ലെങ്കിലും മധ്യതിരുവിതാംകൂറിന്റെ കിഴക്കൻ മേഖലയിൽ നിന്നുമുള്ള സീറോ മലബാർ റീത്തിൽപ്പെട്ട കത്തോലിക്കരായിരുന്നു ഭൂരിപക്ഷവും. വടക്കോട്ട് കുടിയേറിയ അവരെ സഹായിക്കാൻ അവരുൾപ്പെട്ടിരുന്ന സമുദായവും സംഘടനകളുമേ ഉണ്ടായിരുന്നുള്ളൂ. സാമ്പത്തികമായ അസന്തുലിതാവസ്ഥ നിലനിന്നപ്പോഴും സാമുദായികമായ ഒരേകത്വം കുടിയേറ്റക്കാരിൽ ഉണ്ടായിരുന്നു. കായികമായ അധ്വാനത്തിലൂടെ പൊന്നുവിളയുന്ന കൃഷിയിടങ്ങളാക്കി ഭൂമിയെ മാറ്റിയെടുക്കുന്നതിലൂടെ, പള്ളിയും, പള്ളിക്കൂടവും കോളേജും ആശുപത്രിയും സ്ഥാപിക്കുന്നതിലൂടെ കുടിയേറ്റ ജനത ഒരു സമാന്തര സാമൂഹ്യസ്വത്വം ആർജ്ജിച്ചെടുക്കുന്നു. സാമ്പത്തികമായി വിജയിച്ച കുടിയേറ്റം ക്രമേണ സാമൂഹ്യമായ ബഹുമാന്യസ്ഥാനത്തേക്ക് ഉയർന്നുവന്നു. ഭൗതികമായ ഇടം പിടിച്ചെടുക്കലിന്റെ ഈ സാമൂഹ്യപ്രക്രിയക്കുള്ളിൽ ആന്തരിക വൈരുധ്യങ്ങളുടെ ഭൂകമ്പരേഖകൾ മറഞ്ഞുകിടന്നു. സമുദായം എന്ന ഒറ്റക്കുടക്കീഴിൽ ഒതുങ്ങാൻ മടിക്കുന്ന ശിഥിലസ്വത്വങ്ങളുടെ വംശവരവുകൾ കൂട്ടായ്മയെത്തന്നെ ചോദ്യം ചെയ്യുന്നു. സമുദായം, ദേശം, കുടുംബം എന്നിങ്ങനെയുള്ള സാംസ്കാരിക ഏകശിലകൾ അതിന്റെ ഉള്ളിൽ നിന്നു തന്നെ ചോദ്യം ചെയ്യപ്പെടുന്നു. അധികാരത്തിൽ കുടുംബത്തിലെ ഇളമുറക്കാരനായ ഇറാനി മോസ് വെളുത്തവരുടെ കൂട്ടത്തിൽ കറുമ്പനായി പിറക്കുന്നിടത്ത് സംഘർഷം കുറിക്കപ്പെട്ടിരിക്കുന്നു. തന്റെ കറുപ്പിന്റെ ചരിത്രം തേടിപ്പോകുന്ന ഇറാനി മോസ് തന്റെ പുലയസ്വത്വവും ദേശവും കണ്ടെടുക്കുന്നു.  'പുരാതനമായ കുടുംബയോഗങ്ങളുടെ ചിട്ടവട്ടങ്ങളെപ്പറ്റി പറയുന്നുണ്ടെങ്കിലും ഇന്നുകാണുന്ന രീതിയിൽ കുടുംബയോഗം ക്രമപ്പെടുത്തിയത് 1870കളിൽ തിരുവിതാംകൂറിലെ ഉഴവൂർ ദേശത്ത് താമസിച്ചിരുന്ന വർക്കിയവിര എന്ന കഠിനാധ്വാനിയായ കാരണവരായിരുന്നുവെന്ന് കുടുംബചരിത്രത്തിൽ വായിക്കാം.' കുടുംബത്തിന് രാഷ്ട്രത്തിന്റെ രൂപകബന്ധം ആരോപിക്കാമെങ്കിൽ അധികാരത്തിൽ കുടുംബം നിരന്തരമായ ചരിത്രപ്രക്രിയയിലൂടെ ഉറപ്പിച്ചെടുത്ത പഴമയുടെയും വർണബോധത്തിന്റെയും  ദേശ-ഭൂബന്ധങ്ങളുടെയും പുരാവൃത്തങ്ങളെയാണ് ഇറാനി മോസ് അസ്ഥിരമാക്കുന്നത്. 'ദേശരാഷ്ട്രങ്ങൾ പ്രാക്തനമായ വിശ്വസ്തതകളെ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നു.' (ഇ.വി.രാമകൃഷ്ണൻ: 19) എന്നൊരു നിരീക്ഷണമുണ്ട്. ഇവിടെ അധികാരത്തിൽ കുടുംബത്തിനും ഇത് ബാധകമാണ്. ഇറാനിമോസിന്റെ കറുപ്പിനെ അത് സംശയത്തോടെയാണ് വീക്ഷിക്കുന്നത്. ഗോത്രബന്ധങ്ങൾ, വംശം, ഭാഷ, പ്രാദേശികത്വം, മതം, ആചാരങ്ങൾ എന്നിങ്ങനെയുള്ള സ്വത്വ-സാംസ്കാരിക വൈവിധ്യങ്ങളെ, അവയുടെ ഉറവുകളെ മനസ്സിലാക്കാൻ കുടുംബത്തിന്റെ യുക്തിക്ക് കഴിയാതെ വരുന്നു. കുടുംബയോഗത്തിൽ ഇറാനിമോസ് പാടുന്ന പന്നിപ്പാട്ട്, അധികാരത്തിൽ കുടുംബത്തിൽ ആഴത്തിലുള്ള അസ്വസ്ഥതകളാണ് സൃഷ്ടിച്ചത്. 'പിരിയാന്നേരം പേരാവൂരുന്നു വന്ന ഔതക്കുട്ടിപ്പാപ്പൻ ഒരഭിപ്രായം പറഞ്ഞു: ഫിലിപ്പോസേ നിന്റെ ചെറുക്കന്റെ പാട്ടൊക്കെ കൊള്ളാരുന്ന്. എന്നാലും അത് നമ്മുടെ സദസ്സിന് പറ്റീതല്ല. ഒരുമാതിരി പെലക്കൂട്ടം പെരുന്നാള് നടത്തിയപോലെ.'' ഔദ്യോഗിക കുടിയേറ്റ സമുദായ/ സമൂഹ/ കുടുംബ വൃത്തങ്ങൾക്ക് പുറത്ത് ബാക്കിയായ ദലിത-കീഴാള ജീവിതങ്ങളെക്കുറിച്ചുള്ള പൊതുബോധമാണ് ഔതക്കുട്ടിപ്പാപ്പൻ പങ്കുവെക്കുന്നത്. വംശം, ഭാഷ, ദേശം എന്നീ മൂന്ന് ഘടകങ്ങളാണ് ഇവിടെ തെളിഞ്ഞുകിട്ടുന്നത്. പാട്ട് നന്നായിരിക്കുമ്പോഴും അതിന് അതിന് 'സദസ്സിൽ' പ്രവേശനം കിട്ടാതെ പോകുന്നു. കാരണം അത് പുലയരുടെ പാട്ടാണ്, അഥവാ ഭാഷയാണ്. അത് കടന്നുവരുന്നത് കരിക്കോട്ടക്കരി എന്ന പുലയദേശത്തുനിന്നുമാണ്. പുലയ വംശസ്വത്വത്തെ കൂടുതൽ അപരമാക്കുന്നത് 'പെലക്കൂട്ടം പെരുന്നാള് നടത്തിയപോലെ' എന്ന പ്രയോഗത്തിലാണ്. ജാതിസ്വത്വം മാഞ്ഞുപോകാതെ അവശേഷിക്കുന്ന ദളിത് കൃസ്ത്യാനികളുടെ നിദാന്ത അപരത്വത്തെയാണ് നോവൽ അടയാളപ്പെടുത്തുന്നത്.

സ്വന്തം അസ്തിത്വം തിരഞ്ഞുള്ള യാത്രയിൽ ഇറാനി മോസ് എത്തിച്ചേരുന്നത് ആലപ്പുഴയിലെ അർത്തുങ്കലിൽ പുലയർ താമസിക്കുന്ന ഭൂപ്രദേശത്താണ്. കുട്ടികളുണ്ടാകാതിരുന്ന ഫിലിപ്പോസും റോസമ്മയും പിതാവായ കുഞ്ഞേപ്പിന്റെ നിർദ്ദേശപ്രകാരം അർത്തുങ്കൽ പള്ളിയിലെ വെളുത്തച്ചന്റെ മുന്നിൽ തിരികത്തിച്ചു പ്രാർത്ഥിച്ചതിന്റെ ഫലമായാണ് ഇറാനി മോസ് പിറന്നത്. ഉഴവൂർ ദേശത്തെ പ്രമാണികളായിരുന്ന അധികാരത്തിൽ കുടുംബത്തെ അർത്തുങ്കൽ പള്ളിയിലെ വെളുത്തച്ചനുമായി ബന്ധിപ്പിക്കുന്ന ജനിതക വഴികളിലൂടെയാണ് ഇറാനിമോസ് പുലയരുടെ മണ്ണിലെത്തുന്നത്. നോവലിന്റെ ഒടുവിൽ അനാഥനായിത്തീരുന്ന ഇറാനി മോസ് തന്റെ തറവാട്ട് സ്ഥലത്ത് എത്തിച്ചേരുമ്പോൾ തറവാട്ട് ഭൂമി പുലയർ കയ്യേറുന്നതാണ് കാണുന്നത്. അയാളും അവരോടൊപ്പം

ചേരുന്നു. പിറ്റേന്ന് ഫിലിപ്പോസെത്തി. പോലീസും പരിവാരങ്ങളുമില്ലാതെ ഒറ്റക്ക്. 'വർഷങ്ങൾക്ക് മുമ്പ് എന്റെ വല്യപ്പൻ കുഞ്ചെറിയാ ഈ മണ്ണ് വളഞ്ഞുപിടിച്ചു. ഇവിടെയുണ്ടായിരുന്ന യഥാർത്ഥ അവകാശികളെ തല്ലിയോടിച്ചു. പക്ഷെ, കാലം നിങ്ങളുടെ ഭൂമി നിങ്ങൾക്ക് തിരിച്ചുതന്നു. എനിക്ക്, ഒരപേക്ഷയേയുള്ളൂ. നിങ്ങളെപ്പോലെ ഇതിൽ ഒരു വീതം എന്റെ മകനുമുണ്ടാകണം.' ഈ കഥാന്ത്യം ഒരു കുടുംബപുരാവൃത്തത്തെക്കൂടി റദ്ദ് ചെയ്യുന്നുണ്ട്. കുഞ്ചെറിയാ വല്യപ്പനും ഭൂവുടമായ നായനാരും തുല്യനിലയിൽ നടത്തിയ ഭൂമി കൈമാറ്റത്തിൽ, അവിടെ അധിവസിച്ചിരുന്ന മനുഷ്യരുടെ ഭാഗധേയം എന്തായിരുന്നു എന്നതിനുള്ള ഉത്തരം കൂടിയാണത്. ഈ ഭൂമി കൈമാറ്റത്തിൽ അക്കാലത്ത് മലനാട്ടിൽ അധിവസിച്ചിരുന്ന ജനതയുടെ ഭാഗധേയം ഏതുവിധമാണ് അടയാളപ്പെടുന്നതെന്ന ചോദ്യവും പ്രസക്തമാണ്. ജന്മിത്വത്തിന്റെ ഈ കൊടുക്കൽ വാങ്ങലുകൾക്കിടയിൽ അധിവാസ ജനതയുടെ പ്രാതിനിധ്യവും അധിവാസവും രേഖപ്പെടാതെ പോകുന്നുണ്ട്. കുടിയേറ്റങ്ങളുടെ ചരിത്രത്തിലുടനീളം ഇത്തരം അപരപ്രതിനിധാനങ്ങൾ കാണാം. സ്വാതന്ത്ര്യത്തിന് മുമ്പ് മലബാറിലേക്ക് നടന്ന കുടിയേറ്റത്തിന്റെ കഥപറയുന്ന എസ്. കെ. പൊറ്റെക്കാടിന്റെ വിഷ കന്യകയിൽ തിരുവിതാകൂറിൽ നിന്നെത്തിയ ഔസേപ്പ് 3500 രൂപയുമായി ഭൂമിവാങ്ങാൻ ചെല്ലുന്നത് പാലങ്ങോട്ട് ജന്മിയുടെ കാര്യസ്ഥൻ രാമക്കിടാവിന്റെ അടുത്താണ്. 'കിടാവ് ഒരു പാറക്കെട്ടിൽ കയറിനിന്ന്, കൈയിലെ മുളവടി കിഴക്കോട്ട് നീട്ടിയൊന്നു വീശി. 'അക്കാണുന്നതെല്ലാം ചാർത്തിക്കൊടുക്കാനുള്ളതാണ്.' അക്കാണുന്നത് ഒരു വനസാമ്രാജ്യമാണ്. ഔസേപ്പ് മിഴിച്ച് നിന്നുപോയി. 'എത്രവേണമെങ്കിലും ഇഷ്ടംപോലെ ഭാഗിച്ചെടുക്കാം' ആ വനസാമ്രാജ്യത്തിൽ അധിവസിച്ചിരുന്ന ഗോത്രമനുഷ്യർക്ക് ഭൂവിനിമയത്തിൽ ഇടമില്ല. ഇനിയും അവസാനിക്കാത്ത കുടിയേറ്റ-ഗോത്ര സംഘർങ്ങളുടെ ചരിത്രം



ഇവിടെ നിന്നാരംഭിക്കുന്നു. ഈ സംഘർഷാത്മക ബന്ധത്തെ മുഖ്യധാരയിലേക്ക് ആനയിക്കുന്നു എന്നതാണ് കരിക്കോട്ടക്കരിയുടെ ചരിത്രപരമായ സവിശേഷത.

ഇന്ന് കുടിയേറ്റ സമൂഹം പൊതുവെ 'സമ്പന്ന'മാണെന്നു പറയാം. ഒരു വിജയകഥയാണ് കുടിയേറ്റത്തിന് പറയാനുള്ളത്. അവിടെ സംസ്കാരങ്ങളുടെയും പൈതൃകങ്ങളുടെയും പാരമ്പര്യങ്ങളുടെയും തുടർച്ചകളെ അതിന്റെ സൂക്ഷ്മ കോശങ്ങളിൽ നിന്ന് വീണ്ടെടുക്കുന്ന മറ്റൊരു ചരിവിലേക്കാണ് കുടിയേറ്റ ആഖ്യാനങ്ങളുടെ പുതുകാലം നോട്ടമെറിയുന്നത്. പലായനത്തിന്റെ പീഡിതവും സാഹസികവുമായ ഭൂതകാലമല്ല, മറിച്ച് ആന്തരികവൈരുധ്യങ്ങളാൽ സമൃദ്ധമായ ആന്തരിക ജീവിതമാണ് ആവിഷ്കാരം തേടുന്നത്. ഔദ്യോഗിക ചരിത്ര-പുരാവൃത്ത-കുടുംബയോഗ അധികാരങ്ങളെ വ്യാഖ്യാനിക്കുമ്പോൾ അവക്കെതിരായ പ്രതിവ്യവഹാരങ്ങളാണ് കുടിയേറ്റ ആഖ്യാനങ്ങളിൽ പ്രവർത്തിക്കുന്നത്.

**അടിക്കുറിപ്പുകൾ**

1. ഡോ. പി. കെ മൈക്കിൾ തരകൻ മലബാർ കുടിയേറ്റം എന്ന പുസ്തകത്തിന് എഴുതിയ അവതാരിക. 'കുടിയിറങ്ങാത്ത സ്മരണകൾ ഒരു അവതരണം' കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പുറം: 21

2. ഗ്യാനേന്ദ്ര പാണ്ഡേ. ശകലത്തെ ന്യായീകരിച്ചുകൊണ്ട്: ഹിംസയും ചരിത്രമെഴുത്തും. പുറം: 129 (കീഴാള പഠനങ്ങൾ. ഡി സി ബുക്സ്, കോട്ടയം): പുറം 107

3. പി. കെ മൈക്കിൾ തരകൻ. പുറം: 23

4. പി. കെ മൈക്കിൾ തരകൻ. പുറം: 23

**സഹായഗ്രന്ഥങ്ങൾ**

1. വർഗീസ് തോട്ടയ്ക്കാട് (പഠനസമാഹരണം). മലബാർ കുടിയേറ്റം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015

2. കാക്കനാടൻ. വിഷകന്യക. ഡി സി ബുക്ക്സ്, കോട്ടയം, 2010

3. കാക്കനാടൻ. ഒറോത. സങ്കീർത്തനം പബ്ലിക്കേഷൻസ് , 2002

4. കൽപ്പറ്റ നാരായണൻ. കോന്തല (ഓർമ്മ). കറന്റ് ബുക്സ്, തൃശ്ശൂർ

5. വിനോയ് തോമസ്. കരിക്കോട്ടക്കരി. ഡി സി ബുക്ക്സ്, കോട്ടയം, 2014

6. രാമകൃഷ്ണൻ ഇ വി. ദേശീയതകളും സാഹിത്യവും. ഡി സി ബുക്ക്സ്, കോട്ടയം, 2001

7. ജയകുമാർ കെ പി. ഹൈറേഞ്ച് അപരദേശത്തിന്റെ ഭൂപടം. ഗ്രന്ഥാലോകം, ആഗസ്റ്റ് 2015.


8. V.J Varghese Migrant narratives: Reading literary representations of Christian migration in Kerala, 1920–70. Indian Economic Social History Review 2006; 43

# പെരുമ്പറയുടെ മുഴക്കങ്ങൾ

**ഡോ. രാജേഷ് മോൻജി**
എം.ഇ.എസ്. മമ്പാട് കോളേജ്, മലപ്പുറം



"ഒരു കൃതിയുടെ മൂല്യം എന്നത്, സർവ്വകാലികമായിട്ടുള്ളതല്ല. നമ്മുടേതായ ചില കാരണങ്ങളാലാണ് നമ്മൾ കൃതികളെ വീണ്ടും പഠിക്കുന്നത്. ഒരു സൃഷ്ടി എന്തുകൊണ്ട് നിങ്ങളുടെ സന്ദർഭത്തിൽ പ്രാധാന്യമർഹിക്കുന്നു എന്ന് ചിന്തിക്കണം. നമ്മുടെ സന്ദർഭത്തിന്റെ പ്രാധാന്യമാണ് ഇവിടെ പഠിക്കേണ്ടത്. അല്ലാതെ കാലാതിവർത്തിയായ മൂല്യം ഒരു കൃതിക്കുമില്ല.1 എന്ന് റെയ്മണ്ട് വില്യംസ് കൃതികളുടെ മൂല്യത്തെ സംബന്ധിച്ച് നിരീക്ഷിക്കുന്നുണ്ട്. ഒരു സാംസ്കാരിക രൂപത്തെ രണ്ടു തരത്തിൽ പഠിക്കാം എന്നും അദ്ദേഹം നിർദേശിക്കുന്നുണ്ട്. ഒന്ന്, ആ കാലത്തെ സാമൂഹിക ഘടനയുമായി ചേർത്തുവച്ച് പഠിക്കാം. രണ്ട്, ഇന്നത്തെ സാമൂഹിക ഘടനയുമായി ചേർത്തുവച്ച് അതിന്റെ സമകാലിക പ്രസക്തിയെക്കുറിച്ച് പഠിക്കാം."2



കസാഹിത്യ കൃതിയെ വായിക്കുന്നത്. അരങ്ങിൽ അവതരിപ്പിക്കപ്പെട്ട ഒരു നാടകത്തിനും കല എന്ന നിലയിൽ പരിപൂർണത അവകാശപ്പെടാനാവില്ല. അടുത്ത അരങ്ങിൽ അതിന് മറ്റൊരു വ്യാഖ്യാനവും സാധ്യമാണ്. ഓരോ അവതരണത്തിലും അത് പരിപൂർണ്ണതയോട് അടുക്കുക മാത്രമേ ചെയ്യുന്നുള്ളൂ. ഒരിക്കലും അത് ആ ലക്ഷ്യം കൈവരിക്കുന്നില്ല. നാടക സാഹിത്യകൃതിയുടെ വായനക്കാരെ സംബന്ധിച്ചിടത്തോളം അരങ്ങ് അമൂർത്തമായ ഒന്നാണ്. അവർക്ക് പ്രൊസീനിയം വിട്ട് സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. പ്രൊസീനിയത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് തന്നെ നാടകം വായിക്കണം എന്നു പറയാൻ ആർക്കാണ് അവകാശമുള്ളത്?

അരങ്ങുപാഠമല്ല; സാഹിത്യപാഠമാണ് വായിക്കപ്പെടുന്നത്. നാടകകൃത്ത് രംഗസംവിധാനത്തെക്കുറിച്ച് സാമാന്യമായി വിവരണം നൽകിയിട്ടുണ്ടാകും. നാടക സംവിധായകൻ, കലാ സംവിധായകരുടെ സഹായത്തോടുകൂടി ആവിഷ്കരിച്ച അരങ്ങിനു പുറത്തേക്കു കടക്കാൻ വായനക്കാരനു സ്വാതന്ത്ര്യമുണ്ട്. നാടകത്തിന്റെ ഉള്ളടക്കത്തെയും ആ മട്ടിൽ സ്വതന്ത്രമായി വ്യാഖ്യാനം ചെയ്യാനുള്ള സ്വാതന്ത്ര്യം വായനക്കാർക്ക് ലഭിക്കുന്നുണ്ട്. അരങ്ങുപാഠത്തെ വ്യാഖ്യാനിക്കുന്നതിനേക്കാൾ സ്വാതന്ത്ര്യവും വ്യാപ്തിയും സാഹിത്യപാഠത്തിന്റെ വ്യാഖ്യാനത്തിനാണ് എന്നുവരുന്നു. നാടകത്തിന്റെ സാഹിത്യ പാഠത്തെ സമകാലികതയിൽ വായിക്കുമ്പോൾ കൃതിയുടെ മൂല്യം വർദ്ധിക്കുന്നത്, അത് വായിക്കുന്ന ഈ സന്ദർഭത്തിലാണ് എന്നു തന്നെ പറയേണ്ടിയിരിക്കുന്നു. പി.എം. താജിന്റെ പെരുമ്പറ എന്ന നാടകത്തെ ഈ അർത്ഥത്തിൽ പുനർവായന നടത്തേണ്ടുന്ന സന്ദർഭം ഇതുതന്നെയാണ് എന്ന ബോധ്യത്തിലാണ് ഈ പ്രബന്ധം പ്രസ്തുത നാടകത്തിന്റെ സൂക്ഷ്മാംശങ്ങളിലേക്ക് കടക്കുന്നത്.

റെയ്മണ്ട് വില്യംസിന്റെ ഈ നിരീക്ഷണം വളരെ പ്രസക്തമാണ്. ഒരു കൃതിയെ വീണ്ടും വായിക്കുമ്പോൾ ആ കൃതിയുടെ സാന്നിധ്യം എന്തുകൊണ്ട് പ്രധാനമായിത്തീരുന്നു എന്നത് ഒരു വിഷയമാണ്. പ്രസ്തുത കൃതിയെ എങ്ങനെ വായിക്കുന്നു എന്നതിനനുസരിച്ചാണ് അതിന് സാന്ദർഭിക മൂല്യം കൈവരുന്നത്. ഇതര സാഹിത്യ വ്യവഹാരങ്ങളിൽ നിന്നും വ്യത്യസ്തമായി ഒരു നാടകത്തെ വായിക്കുമ്പോൾ അതിന്റെ അരങ്ങു പാഠത്തെയല്ല, സാഹിത്യ പാഠത്തെയാണ് വായിക്കാനാവുക. വീണ്ടും വായിക്കപ്പെടാനുള്ള വഴി സാഹിത്യകൃതി തന്നെയാണ്. അരങ്ങ് എന്ന ലക്ഷ്യത്തെ മറന്നുകൊണ്ടല്ല നാട

## വേദിയും സ്ഥലനിർമ്മിതിയും

'ആർഭാടമേതുമില്ലാത്ത വേദി.

സജ്ജീകരണത്തിമായി സാമാന്യം വിസ്താരമുള്ള ഒരു പീഠം മാത്രമുണ്ട്. വിദൂഷകൻ കഴുത്തിൽ താഴ്ത്തിയിട്ട പെരുമ്പറയും കൊട്ടിക്കൊണ്ട് പ്രേക്ഷകർക്കിടയിലൂടെ വേദിയിലെത്തുന്നു.'

നാടകത്തിന്റെ ആരംഭത്തിൽ വേദിയെ കുറിച്ചുള്ള സൂചനയാണിത്. വായിച്ചു തുടങ്ങുമ്പോൾ ഈ ചട്ടക്കൂടിനകത്ത് വായനയെ ഒതുക്കി നിർത്താൻ വായനക്കാർ ഒരു വിഫല ശ്രമം നടത്തും. എന്നാൽ വിദൂഷകന്റെ സംഭാഷണം ആരംഭിക്കുന്നതോടുകൂടി വായനക്കാർ വേദി വിട്ട് വലിയൊരു ദർബാർ ഹാളിലേക്ക് ഇറങ്ങിച്ചെല്ലുന്നു. ഈ വേദിയിൽ കളിക്കാൻ പോകുന്ന നാടകത്തെ സംബന്ധിച്ചുള്ള വിദൂഷകന്റെ വിവരണം, അരങ്ങിലും സാഹിത്യത്തിലും മറ്റൊരു ലോകത്തിലേക്ക് നയിക്കുന്നു. അതുതന്നെയാണല്ലോ വിദൂഷകന് ഈ നാടകത്തിലുള്ള പ്രാഥമിക ധർമ്മം. ഒരു സാങ്കല്പിക ലോകം സൃഷ്ടിച്ച് അതിലേക്ക് പ്രേക്ഷകരെ ആനയിക്കുന്ന സൂത്രധാര ധർമ്മമാണ് ഇവിടെ വിദൂഷകൻ നിർവഹിക്കുന്നത്. ഒരു രാജ്യത്തിലേക്കും രാജാവിലേക്കും പ്രജകളിലേക്കും ഭൂതത്തിലേക്കും കോട്ടയിലേക്കും പലവിധത്തിലുള്ള പരാക്രമങ്ങളിലേക്കും വിദൂഷക വാക്കുകളിലൂടെ സഞ്ചരിക്കുന്ന വായനക്കാരന് പിന്നെ നാടകത്തിന്റെ ഈ വേദിയിലേക്ക് തിരിച്ചു വരാനാവില്ല. മൂർത്തമായ ഈ വേദിയല്ല; അമൂർത്തമായ ഒരു ലോകത്തെയാണ് വായനക്കാർ ആലിംഗനം ചെയ്യുക.

ഒന്നാമങ്കത്തിലെയും മൂന്നാമങ്കത്തിലെയും രാജാവിന്റെ കോട്ടയും ദർബാർ ഹാളും, രണ്ടാമങ്കത്തിലെ ഭൂതത്തിന്റെ കോട്ടയും വായനക്കാരുടെ മനസ്സിൽ ആവിഷ്കരിക്കപ്പെടുന്നത് നാടകത്തിന്റെ സങ്കേതങ്ങളായല്ല; ഭാവനാസ്വാതന്ത്ര്യത്താൽ വികസിച്ച സ്ഥലങ്ങളായാണ്. സാഹിത്യപാഠത്തിന്റെ വലിയ സ്വാതന്ത്ര്യമായിത്തന്നെ ഇതിനെ കാണേണ്ടതുണ്ട്.

ഇവിടെ, സവിശേഷ അർത്ഥത്തിൽ, അരങ്ങ് പ്രതീകാത്മക നിർമ്മിതിയും3 സാഹിത്യം ജ്ഞാനനിർമ്മിതി4 യുമാണ്. ഈ അരങ്ങിലെ പീഠം രാജാവിന്റെ സിംഹാസനത്തെയും വേദിയുടെ തുറന്ന ഭാഗം ദർബാർഹാളിന്റെ മുഖത്തെയും പ്രേക്ഷകർ, ദർബാർ ഹാളിൽ തടിച്ചു കൂടിയിരിക്കുന്ന ജനങ്ങളെയുമാണ് പ്രതീകവൽക്കരിക്കുന്നത്. ഇത് പ്രതീകാത്മക നിർമ്മിതിയാണ്. എന്നാൽ സാഹിത്യം പ്രദാനം ചെയ്യുന്നത്, വായനക്കാർക്ക്, അവർ ജീവിക്കുന്ന സംസ്കാര വ്യവസ്ഥയ്ക്കകത്ത് നിർമ്മിച്ചെടുത്തിട്ടുള്ള ജ്ഞാനരൂപങ്ങളെ വ്യാഖ്യാനിക്കാനുള്ള അവസരമാണ്. തങ്ങളുടെ അനുഭവങ്ങളിൽനിന്നാണ് അവർ ഒരു ലോകത്തെ നിർമ്മിച്ചെടുക്കുന്നത്. എന്നാൽ ആ അനുഭവലോകത്തിന് ഉപകരണയുക്തിയുമായി നേരിട്ട് ബന്ധമുണ്ടാവണമെന്നില്ല.5 പ്രതീകാത്മക നിർമ്മിതിയിൽ ഉപകരണയുക്തി പ്രവർത്തിക്കുമ്പോൾ, ജ്ഞാനനിർമിതിയിൽ അനുഭവവും ഭാവനാത്മകതയും ഒരുമിച്ച് പ്രവർത്തിക്കുന്നു. സവിശേഷമായ ഈ സന്ദർഭത്തിൽ ആത്മനിഷ്ഠതയ്ക്കാണ് പ്രാധാന്യം കൈവരുന്നത്.

'പെരുമ്പറ' എന്ന നാടകം നാം വിവിധ മാർഗ്ഗങ്ങളിലൂടെ ആർജ്ജിച്ചെടുത്ത ജ്ഞാനത്തിന്റെ വെളിച്ചത്തിൽ അരങ്ങ് വിട്ട് ഇന്ത്യാ രാജ്യത്തിന്റെ വലുപ്പം പ്രാപിക്കുന്നു. ഇരുട്ടും വെളിച്ചവും ഇടകലർന്ന അനുഭവങ്ങൾക്കൊടുവിൽ ഇരുട്ടിന് ശക്തി കൂടുന്നതും ഇന്ത്യ എന്ന ഭൂപടത്തിലേക്ക് ഭൂതത്താന്റെ കറുപ്പ് വ്യാപിക്കുന്നതും നാം സങ്കൽപ്പിക്കുന്നു. രാജാവിന്റെ കൊട്ടാരവും അകത്തളവും കോട്ടയും അതിനെ സൂചിപ്പിക്കുന്ന പ്രതീകങ്ങളിൽ നിന്ന് പുറത്തുകടക്കുകയും ഇന്ത്യയെന്ന ഭൂഖണ്ഡത്തിലേക്ക്, വായനക്കാരുടെ അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിൽ പടർന്നു പന്തലിക്കുകയും ചെയ്യുന്നു.

ഇന്ത്യയിലെ അടിയന്തരാവസ്ഥയെ തുടർന്ന് 1976 ലാണ് പി.എം താജ് ഈ നാടകം എഴുതുന്നത്; തന്റെ ഇരുപതാമത്തെ വയസ്സിൽ. സാധാരണ ഒരിരുപതുകാരന്റെ അനുഭവജ്ഞാനത്തിന്റെ പരിധിയും കടന്നാണ് 'പെരുമ്പറ' എഴുതപ്പെട്ടത് എന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല. അടിയന്തരാവസ്ഥയുടെ മനുഷ്യത്വരഹിത്യത്തെ തുറന്നുകാണിക്കാൻ മുതിരുന്ന 'പെരുമ്പറ'യ്ക്ക് അതിന്റെ അരങ്ങുപാഠത്തേക്കാൾ സഹായകമായിട്ടുണ്ടാവുക സാഹിത്യപാഠമായിരിക്കും എന്ന നിഗമനത്തിലെത്തിച്ചേരാൻ മേൽപ്പറഞ്ഞ ജ്ഞാനനിർമ്മിതിയുടെ സഹായത്താൽ സാധ്യമാകും.

## രാഷ്ട്രീയ ദർശനം

നേരത്തെ സൂചിപ്പിച്ച, നാടകത്തിന്റെ രചനാകാലം പോലെത്തന്നെ പ്രധാനമാണ് നാടകം വായിക്കുന്ന കാലവും. അടിയന്തരാവസ്ഥയുടെ പശ്ചാത്തലത്തിൽ അധികാര വ്യവസ്ഥയെ ചോദ്യം ചെയ്യാനുള്ള ഊർജ്ജവാഹക ശക്തിയായി നാടകം മാറിയിട്ടുണ്ട്. ജനവിരുദ്ധമായ അധികാര ഘടനയും സർവ്വ ദുരിതങ്ങളും അനുഭവിക്കുന്ന മനുഷ്യരും തമ്മിലുള്ള സംഘർഷം നാടകത്തിന്റെ രാഷ്ട്രീയത്തെ മറയില്ലാതെ വെളിപ്പെടുത്തുന്നുണ്ട്. മനുഷ്യരുടെ സ്വത്തിനും ജീവനും അഭിപ്രായങ്ങൾക്കും സർഗ്ഗാത്മകതയ്ക്കും അസ്വാതന്ത്ര്യം കൽപ്പിച്ചിരുന്ന ഒരു കെട്ട കാലത്തിന്റെ ദുഷിച്ച പാടുകൾ നാടകത്തിൽ തെളിഞ്ഞു വരുന്നുണ്ട്. ഇഷ്ടമുള്ളവരെ അധികാരത്തിന്റെ കൊടിക്കീഴിൽ സ്ഥാനമാനങ്ങൾ നൽകി പരിപാലിച്ചും ഇഷ്ടമില്ലാത്തവരെ ദ്രോഹിച്ചും നശിപ്പിച്ചും പട്ടിണിക്കിട്ടു കൊന്നും അധികാരം വ്യാപിപ്പിക്കുന്ന ഭൂതം അടിയന്തരാവസ്ഥക്കാലത്തിന് നാല് പതിറ്റാണ്ടിനിപ്പുറമുള്ള വർത്തമാനത്തെയും ഉൾക്കൊള്ളുന്നു.

നാടകത്തിൽ ആദ്യം പ്രത്യക്ഷപ്പെടുന്ന വിദൂഷകൻ, നമ്മുടെ സംസ്കൃതനാടക പാരമ്പര്യത്തിന്റെ അടയാളമാണ്. എന്നാൽ ആ കഥാപാത്രം നാടകത്തിലുടനീളം പാരമ്പര്യത്തെ തിരസ്കരിക്കുന്നതായിട്ടാണ് അനുഭവം. പെരുമ്പറ കൊട്ടി രാജാവിന്റെ വിളംബരം അറിയിക്കുന്ന വിദൂഷകൻ നാടകത്തിലെ കഥയുടെ പശ്ചാത്തലം പറഞ്ഞു വെയ്ക്കുന്നുണ്ട്. ഭരണം എന്നത് കുടുംബ വാഴ്ചയായി

ത്തീരുന്ന അവസ്ഥ കഥയെന്ന പോലെ അവതരിപ്പിക്കുന്നു. നാടോടിക്കഥകളുടെ സ്വീകരിക്കുന്ന ലാഘവത്തോടെ ജനം അത് സ്വീകരിക്കുമെന്നാണ് കരുതുക. എന്നാൽ തലമുറകളായി അധികാരം കയ്യാളി വരുന്ന വർഗ്ഗം, അധികാരം എന്നത് തങ്ങളുടെ അവകാശമാണ് എന്ന് കരുതുന്നു. അധികാരവർഗ്ഗത്തിന് മുകളിൽ മറ്റൊരു അധികാരരൂപം കടന്നു വരുന്നതിന്റെ സംഘർഷമാണ് തുടർന്നുണ്ടാവുന്നത്. അധികാരം ഒരു ഭൂതബാധയാണ്. നാടകത്തിലെ പ്രതിസ്ഥാനത്തു നിൽക്കുന്ന ഭൂതം അധികാരത്തിനു മുകളിൽ അധികാരം സ്ഥാപിച്ചെടുക്കുകയാണ്. അതിനെ ചോദ്യം ചെയ്യാൻ ആർക്കുമാകുന്നില്ല. കുടുംബവാഴ്ചാ പാരമ്പര്യത്തെ അട്ടിമറിച്ചുകൊണ്ട് ഭൂതം സമാന്തര ഭരണം നടത്തുന്നു. മലമുകളിൽ കോട്ടകെട്ടി സമാന്തര രാജ്യം സ്ഥാപിക്കുന്നു. തനിക്കിഷ്ടപ്പെട്ടവരെ പിടിച്ചുകൊണ്ടുപോയി വലിയ സൈന്യമുണ്ടാക്കി. പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയി വെപ്പാട്ടികളാക്കി. കന്നുകാലികളെയും കാർഷിക വിളകളെയും നശിപ്പിച്ചു. നാട്ടിൽ അരാജകത്വം സൃഷ്ടിച്ചു. ഒരുഭാഗത്ത് രാജാവും മറുഭാഗത്ത് ഭൂതവും ജനങ്ങളെ ഈ മട്ടിൽ ഭരിച്ചുകൊണ്ടിരുന്നു. ഭരണകൂടവും കോർപറേറ്റുകളും ചേർന്ന് രാജ്യത്തെ ജനങ്ങളുടെ ജീവിതത്തെ അരക്ഷിതമാക്കിത്തീർക്കുന്ന സമകാലികതയിൽ 'പെരുമ്പറ' വായിക്കുമ്പോൾ രാജാവിനും ഭൂതത്തിനും മുഖങ്ങൾ തെളിഞ്ഞു വരിക സ്വാഭാവികമാണ്.

ചരിത്രം തിരുത്തിയെഴുതിയും നുണകൾക്ക് മീതെ നുണകൾ പ്രചരിപ്പിച്ചും കുതിരക്കച്ചവടം നടത്തിയും ഭരണം വികസിപ്പിക്കുന്ന ഭരണകർത്താക്കൾ കരുണാനിധിയും പ്രജാവത്സലനുമായി സ്വയം പ്രഖ്യാപിക്കുന്നത് നാടകത്തിൽ കാണാം. എന്താണ് രാജാവ് സ്വയം പ്രഖ്യാപിക്കുന്നത്, അതിനു വിരുദ്ധമായ സ്ഥാനത്താണ് രാജാവിന്റെ നിൽപ്പ്. പ്രജകളെക്കുറിച്ച് ചിന്തയില്ലാത്ത, എങ്ങനെയും അധികാരം നിലനിർത്താൻ കൊതിക്കുന്ന, സ്വജനപക്ഷപാതിയായ ഒരാൾ മാത്രമാണ് രാജാവ്. മറ്റുള്ളവരുടെ വേദനയും ദുരിതങ്ങളും ഉൾക്കൊള്ളാനുള്ള വിശാലമനസ്കതയൊന്നും രാജാവിനില്ല. അയാൾക്കുള്ളത് ചില സ്ഥാപിത താൽപര്യങ്ങളാണ്. ഭൂതം ആവശ്യപ്പെട്ടപ്പോഴൊക്കെ പലതും കൊടുത്ത് തന്റെ ആജ്ഞാനുവർത്തിത്വം വ്യക്തമാക്കിയിട്ടുള്ള ആളാണ് രാജാവ്. പൊതുജനങ്ങളുടേതെന്നു കരുതുന്നവയെല്ലാം ഭൂതത്തിന് കാഴ്ചവെക്കാൻ അയാൾക്ക് ഒരു മടിയുമില്ല. നാടകത്തിൽ, ഭൂതം അവസാനം ആവശ്യപ്പെട്ടിരിക്കുന്നത് രാജാവിന്റെ മകളെത്തന്നെയാണ്. സ്വന്തക്കാർക്ക് അപകടമുണ്ടാകുമ്പോൾ മാത്രം പിടഞ്ഞെണീക്കുന്ന നീതിബോധം തന്നെയാണ് രാജാവിന്റേത്. വർഷങ്ങളായി നീതി ലഭിക്കാതെ തുറുങ്കിൽ കഴിയുന്ന മനുഷ്യരെക്കുറിച്ച് വേവലാതിപ്പെടാതെ, വ്യക്തി സ്വാതന്ത്ര്യത്തെക്കുറിച്ച് ആശങ്കപ്പെടാതെ, സ്വന്തം മകൾക്ക് അപകടം വന്നപ്പോൾ മാത്രം ഉണരുന്ന രാജധർമ്മം. രാജകുമാരിയെ നഷ്ടപ്പെട്ടാൽ എല്ലാവരുടെയും തല പോകുമെന്നാണ് കൽപ്പന. ഭൂതം രാജകുമാരിയെ തട്ടിക്കൊണ്ടുപോയതിനു സാധാരണ ജനങ്ങൾ എന്തുപിഴച്ചു? ഇതേ ഭൂതം വിദൂഷകന്റെ മകളെ നേരത്തെ പിടിച്ചുകൊണ്ടു പോയിട്ടില്ലേ ? നാട്ടിലുള്ള എത്രയെത്ര പെൺകുട്ടികളെ പിടിച്ചു കെട്ടിക്കൊണ്ടുപോയി വെപ്പാട്ടികളാക്കിയിരിക്കുന്നു! അന്നൊന്നും പ്രതികരിക്കാത്ത രാജാവിന്റെ നീതിദേവത ഉറക്കമുണരുന്നത് ഇപ്പോഴാണ്.

പാർക്കിൻസൺ രോഗം കാരണം കൈ വിറച്ച്, നിയമത്തിന്റെ കാരുണ്യവും കാത്തുകിടക്കുന്ന എൺപത്തിമൂന്നുകാരനായ ഫാദർ സ്റ്റാൻ സ്വാമിയും, മുപ്പതു വർഷം പഴക്കമുള്ള ഒരു കേസുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്ത് ജാമ്യം പോലും നിഷേധിക്കപ്പെട്ടു രണ്ടു വർഷത്തിലധികമായി ജയിലിൽ കഴിയുന്ന സഞ്ജീവ് ഭട്ടും, ഒരു കൂട്ടം സാമൂഹ്യദ്രോഹികൾ ബലാത്സംഗം ചെയ്ത് നട്ടെല്ല് തകർത്ത് നാവരിഞ്ഞു കൊന്നുതള്ളിയ ഒരു ദളിത് പെൺകുട്ടിയുടെ നാട്ടിലേക്ക് പോയി അറസ്റ്റ് ചെയ്യപ്പെട്ടു ജാമ്യം പോലും കിട്ടാതെ കഴിയുന്ന മലയാളി മാധ്യമപ്രവർത്തകനായ സിദ്ദീഖ് കാപ്പനെയും പൗരത്വ ഭേദഗതി ബില്ലിനെതിരെ സംസാരിച്ചതിന്റെ പേരിൽ അറസ്റ്റിലായ കഫീൽഖാനെയുമൊക്കെ വായനക്കാർക്ക് ഓർമ്മ വരുന്നുവെങ്കിൽ നാടകത്തിന് തെറ്റുപറ്റിയിട്ടില്ല എന്ന് അനുമാനിക്കാം. ആത്മഹത്യാപ്രേരണക്കുറ്റം ചുമത്തപ്പെട്ട് അറസ്റ്റിലായ അർണാബ് ഗോസ്വാമിക്ക് നാലാം ദിവസം ജാമ്യം കിട്ടിയതും മറ്റുമൊക്കെ ഓർമയിലേക്ക് തികട്ടി വന്നേക്കാം. കാരണം 'പെരുമ്പറ' എന്ന നാടകം കാലത്തെ വായിക്കുകയാണല്ലോ!

ഭൂതവുമായി നേരിട്ടൊരു ഏറ്റുമുട്ടലിനുള്ള ശക്തിയൊന്നും രാജാവിനില്ല. അല്ലെങ്കിലും രാജാവ് അത് ആഗ്രഹിക്കുന്നുമില്ല. ആക്രമം വേണ്ട എന്ന് നിലപാടുതന്നെയാണ് മന്ത്രിക്കുമുള്ളത്. ഇപ്പോൾ ഭൂതത്തിന്റെ കാര്യദർശി മന്ത്രിപുത്രനാണല്ലോ. അയാളുടെ കാര്യങ്ങളൊക്കെ ഭദ്രമാണ്. രാജകുമാരിക്ക് പകരം ഭൂതം ആവശ്യപ്പെടുന്നത്രയും സുന്ദരികളെ കൊടുക്കാൻ രാജാവ് തയ്യാറാകുമ്പോൾ വിദൂഷകൻ അതിനെ എതിർക്കുന്നുണ്ട്. ജനങ്ങളുടെ സുരക്ഷയല്ല, തങ്ങളുടെ സുരക്ഷയും അധികാരത്തിന് നിലനിൽപ്പിനും തന്നെയാണ് രാജാവ് പ്രാധാന്യം കൽപ്പിക്കുന്നത്. സ്വന്തം കാര്യം നേടാൻ, അധികാരത്തിന്റെ പങ്കുപറ്റാൻ കളം മാറ്റി ചവിട്ടുന്ന മന്ത്രിപുത്രന് ഇന്നത്തെ റിസോർട്ട് രാഷ്ട്രീയത്തിൽ പശ്ചാത്തലത്തിൽ കൂടുതൽ വ്യക്തത കൈവരുന്നതായി തോന്നാം.

അധികാരത്തെ ചോദ്യം ചെയ്യുകയോ ജനങ്ങൾക്കുവേണ്ടി സംസാരിക്കുകയോ ചെയ്യുന്നവരെ രാജ്യദ്രോഹികളാക്കുന്ന പ്രവണത ഫാസിസത്തിന്റെ കൂടപ്പിറപ്പാണ്. മനു എന്ന പോരാളിയെ രാജ്യദ്രോഹിയാക്കുന്നത് അങ്ങനെയാണ്. സത്യമെന്താണെന്നറിയാൻ സ്വന്തം ജീവൻ പണയപ്പെടുത്തി അധികാരത്തിന്റെ മടയിലേക്ക് കയറിച്ചെന്നവരൊക്കെ നീതി ലഭിക്കാതെ ഇരുട്ടറയിൽ കിടക്കുന്നതിന് എത്രയോ ഉദാഹരണങ്ങൾ



വർത്തമാന ഇന്ത്യയിൽ നിന്നും കണ്ടെടുക്കാനാവും. നാടകത്തിലെ മനു അടിസ്ഥാനവർഗ്ഗത്തിനുവേണ്ടി സംസാരിച്ചതാണ് തെറ്റ്. തങ്ങളുടെ ശക്തി എന്താണെന്ന് ജനതയ്ക്ക് ബോധ്യപ്പെടുത്തിക്കൊടുത്തതാണ് തെറ്റ്. നീതിപീഠം അവനെ രാജ്യദ്രോഹിയാക്കി. തലയ്ക്ക് വിലയിട്ടു. രാജാവ് നഗ്നനാണെന്ന് വിളിച്ചുപറയുന്നവരൊക്കെ രാജ്യദ്രോഹികളായിത്തീരുന്നുണ്ട്.

അധികാരത്തിനു മീതെ മറ്റൊരധികാരം ഉയർന്നുവരികയും ജനങ്ങളുടെ ജീവനും സ്വത്തിനും അവകാശങ്ങൾക്കും ഭീഷണിയായിത്തീരുകയും ചെയ്യുന്നു. രാഷ്ട്രീയ അധികാരത്തിന് മീതെയുള്ള പണാധിപത്യമോ സാമ്രാജ്യത്വമോ ഒക്കെയായി അത് വായിച്ചെടുക്കാം. ആഗോള കുത്തകകളുടെ വ്യവഹാര രംഗമായി, കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊടുക്കുന്ന ഭൂമിയായി രാജ്യം മാറുന്ന സമകാലികതയിൽ നാടകത്തിന്റെ വ്യാപ്തി വർധിക്കുന്നു.

## ഉദാസീനതയുടെ വലിയ വാതിലുകൾ

"ഉദാസീനതയാണ് യഥാർത്ഥത്തിൽ ചരിത്രത്തിന്റെ മുഖ്യ ചാലകശക്തി - പക്ഷേ ഒരു നിഷേധാത്മക അർത്ഥത്തിൽ. കടന്നുവരുന്ന സംഗതികൾ - അത് ഒന്നുകിൽ ഏവരെയും ബാധിക്കുന്ന ഒരു തിന്മയാകാം. അല്ലെങ്കിൽ ഒരു പൊതുവായ വീരകൃത്യത്തിലൂടെ കടന്നുവരുന്ന നല്ലകാര്യമാകാം - അത്രയൊന്നും സജീവമായ ഏതാനും പേരുടെ മുൻകൈ പ്രവർത്തനത്തിന്റെ ഫലമല്ല. മറിച്ച് കൂടുതലായും ഒട്ടനവധിപേരുടെ ഉദാസീനതയുടെ, അഭാവത്തിന്റെ ഫലങ്ങളാണ്. കടന്നുവരുന്ന സംഗതികൾ ഏതാനും ആളുകൾ അതു സംഭവിക്കണമെന്നഭിക്കുന്നതിൽ നിന്നല്ല ഏറെയും കടന്നുവരുന്നത്, അതിലേറെയത് ഒരു വലിയ സംഘം പൗരന്മാർ തങ്ങളുടെ കടമകൾ അടിയറ വെയ്ക്കുകയും എന്തെങ്കിലും നടന്നോട്ടെ എന്നു കരുതുകയും ചെയ്യുന്നതിന്റെ ഫലമാണ്. അവർ കെട്ടുവീഴാനനുവദിക്കുന്നു. ക്രമേണയത് ഒരു വാൾ കൊണ്ട് മുറിക്കാൻ മാത്രമേ പറ്റൂ എന്ന നിലയിലേക്കെത്തുന്നു. അവർ ആളുകളെ അധികാരത്തിലേക്ക് ഉയരാനനുവദിക്കുന്നു. ഒടുവിൽ അയാളെ പുറത്താക്കാൻ ഒരു കലാപം തന്നെ ആവശ്യമായി വരുന്നു."[6]

ചരിത്രത്തിൽ പലപ്പോഴും ആധിപത്യം സ്ഥാപിക്കപ്പെടുന്ന അവസ്ഥ രൂപപ്പെടുന്നത് ഉദാസീനതയിൽ നിന്നാണ്. ജനങ്ങളുടെയും ഉത്തരവാദിത്തപ്പെട്ടവരുടെയും നിഷ്ക്രിയത, ഉദാസീനത, അധീശത്വ വർഗ്ഗത്തിന് അധികാരം സ്ഥാപിക്കാൻ കളമൊരുക്കിക്കൊടുക്കുന്നു. നാടകത്തിലെ പൊതുജനങ്ങളുടെയും മന്ത്രിയും പടത്തലവനുമടക്കമുള്ളവരുടെ ഉദാസീനതയാണ് ജനങ്ങളുടെ സ്വത്തും ജീവനും നഷ്ടപ്പെടുന്ന അവസ്ഥ സൃഷ്ടിക്കാനുള്ള കാരണം.

ഇവിടെ മന്ത്രിക്കറിയാവുന്നത് ഒത്തുതീർപ്പുകളുടെ തന്ത്രമാണ്. "രാജ്യത്തിലെ സർവ്വമാന അവിവാഹിതകളോടും ഉടൻ കൊട്ടാര മുറ്റത്തേക്ക് ഹാജരാവാൻ പറയൂ" എന്ന ആജ്ഞ, ഒത്തുതീർപ്പ് രാഷ്ട്രീയത്തിൽ നിന്നും ഉയിർ കൊണ്ടതാണ്. നേരത്തേ, എത്രയോ പെൺകുട്ടികൾ കവർച്ച ചെയ്യപ്പെട്ടപ്പോൾ, വിദൂഷകന്റെ മകളെ തട്ടിക്കൊണ്ടു പോയപ്പോൾ, ഉത്തരവാദിത്തപ്പെട്ടവർ ഉദാസീനരായി. ചോദ്യം ചെയ്യേണ്ടിടത്തൊക്കെ നിശബ്ദരായി. പൊതുജനത്തിന്റെ ഉദാസീനതയിൽ നിന്നും ഫാസിസ്റ്റുകളായിട്ടുള്ള ഭരണകൂടവും, ഭരണവർഗ്ഗത്തിന്റെ ഉദാസീനത

യിൽ നിന്നും അധീശത്വവർഗ്ഗവും വളർന്നുവരിക സ്വാഭാവികമാണ്. കോർപ്പറേറ്റുകൾക്ക് കൊള്ളയടിക്കാൻ പാകത്തിൽ രാജ്യത്തിന്റെ വാതിലുകൾ തുറന്നു കൊടുക്കുന്നത് ജനജീവിതം ദുസ്സഹമാക്കും എന്ന് എടുത്തു പറയേണ്ടതില്ലല്ലോ!

"ഉദാസീനരെ, സംശയാലുക്കളെ, ചുരുക്കം ചിലരുടെ പ്രവർത്തന ഫലമായുണ്ടാകുന്ന ചെറിയ നന്മകളിൽ നിന്നും ലാഭമെടുക്കുകയും സമരങ്ങളിൽ നിന്നുള്ള തങ്ങളുടെ അഭാവം കാരണം വമ്പിച്ച തിൻമകൾ വികസിക്കാനും കടന്നുവരാനും അനുവദിച്ചതിൽ തങ്ങൾക്കുള്ള ഉത്തരവാദിത്തമേറ്റെടുക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നവരെ, എല്ലാം നമുക്കിടയിൽ നിന്ന് ഒഴിവാക്കേണ്ട സമയമായി"7 എന്ന് ഗ്രാംഷി ഓർമ്മിപ്പിക്കുന്നുണ്ട്.

**മോചനമെന്ന ആശയം**

ഭരിക്കപ്പെടുന്നുവെന്ന തോന്നലും രക്ഷപ്പെടണമെന്ന ആഗ്രഹവും ഉള്ളിൽ പേറുന്ന ഒട്ടേറെ മനുഷ്യരുടെ പ്രതിനിധിയായാണ് നാടകത്തിൽ വിദൂഷകൻ പ്രവർത്തിക്കുന്നത്. അധികാര രാഷ്ട്രീയത്തിന്റെ കാപട്യങ്ങളെ തുറന്നുകാട്ടാൻ സമയമായിരിക്കുന്നു എന്ന ബോധ്യത്തിലേക്ക് വിദൂഷകൻ എത്തിച്ചേരുന്നുണ്ട്. എന്നാൽ അതിനു വേണ്ടിയുള്ള ശക്തി സംഭരിക്കാൻ സാധിച്ചിട്ടില്ല. ജനതയുടെ ശക്തി അധികാരത്തിന് ബോധ്യമാകുന്ന ഒരു ദിനം വരുമെന്ന് വിദൂഷകൻ ഉറച്ചുവിശ്വസിക്കുന്നു. മനു എന്ന വിപ്ലവകാരിയിലുള്ള വിശ്വാസം കൂടിയാണത്. ജനാധിപത്യത്തിൽ പ്രതീക്ഷയുള്ള ഒരു കഥാപാത്രമാണ് വിദൂഷകൻ. ഹാസ്യകഥാപാത്രമായി രംഗത്ത് അവതരിപ്പിക്കേണ്ട വിദൂഷകൻ കലാപരമായ തന്റെ ദൗത്യത്തെ മറികടന്ന് ധാർമികവും രാഷ്ട്രീയപരവുമായ ഉത്തരവാദിത്വം ഏറ്റെടുക്കുന്നുണ്ട്.

"ജനങ്ങൾക്ക്, സമൂഹത്തിലെ വലിയ ജനവിഭാഗങ്ങൾക്ക്, വ്യത്യസ്ത വർഗ്ഗങ്ങൾക്ക് അവരെ നയിക്കാനും സംഘടിപ്പിക്കാനും ആശയപരമായി വളർത്താനും ഉത്തേജിപ്പിക്കാനും മറ്റും ഏതു കാലത്തും ആ കടമ വിവിധ രംഗങ്ങളിൽ നിർവഹിക്കുന്നതിന് കഴിവുള്ള ചില സമുന്നത വ്യക്തികൾ ആവശ്യമായി വന്നിട്ടുണ്ട്. അത് യാദൃച്ഛികമല്ല; മറിച്ച് ഇതും എല്ലായ്പ്പോഴും ചരിത്രത്തിന്റെ വസ്തുനിഷ്ഠവും നിയതവുമായ ഒരു ആവശ്യകതയാണ്."8 നാടകത്തിലെ മനു പ്രസ്തുത കടമ നിർവഹിക്കാനായി കടന്നുവന്ന നായകനാണ്. പീഢിതവർഗ്ഗത്തിന്റെ പ്രതിനിധിയായി മണ്ണിൽ നിന്നും ഉയർന്നുവരുന്ന മനുവിനെ ശക്തി സമൂഹമാണ്. മനുഷ്യർ തന്നെയാണ് അവരുടെ ചരിത്രം സ്വയം നിർമ്മിക്കുന്നത് എന്ന് മനുവിന് ഉത്തമ ബോധ്യമുണ്ട്. അത്യന്തികമായി, മോചനം എന്ന ആശയം വ്യക്തിസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടതാണ്. ജനാധിപത്യത്തിനും സോഷ്യലിസത്തിനും കമ്മ്യൂണിസത്തിനും വേണ്ടിയുള്ള സമരമാണ്. മനുവിലൂടെ ഉയർന്നുവരുന്ന സാമൂഹികശക്തിക്കുമുമ്പിൽ അധികാരത്തിനും സാമ്രാജ്യത്വത്തിനും പിടിച്ചുനിൽക്കാനാവുന്നില്ല. നാടകത്തിന്റെ അവസാനത്തിൽ എല്ലാ അധികാര ചിഹ്നങ്ങളെയും തച്ചുതകർക്കാൻ പാകത്തിൽ പീഢിതവർഗ്ഗം ശക്തി സംഭരിച്ചുവന്ന് അധികാരവർഗ്ഗത്തെ ഉന്മൂലനം ചെയ്യുന്നു. ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും ആശയാവലികളെ അവർ സ്വയം നടപ്പിലാക്കുന്നു.

ഇതൊരു പ്രത്യാശയാണ്. സർവ്വമനുഷ്യരും സ്വാതന്ത്ര്യത്തിനുവേണ്ടി, അധികാരത്തിന്റെ ധാർഷ്ട്യത്തിൽ നിന്നുള്ള മോചനത്തിന് വേണ്ടി തെരുവിലിറങ്ങുമെന്നുള്ള പ്രത്യാശ. അധികാരത്തിന് രക്ഷാകവചം തീർക്കുന്ന വിഡ്ഢികളായ ജനസാമാന്യം തന്നെയാണ് ബോധോദയമുണ്ടായി, മനുവിനെ നേതൃത്വത്തിൽ കടന്നുവന്ന അധികാരത്തെ ബന്ധിക്കുന്നത്.

മനു രാജാവിനെ ചോദ്യം ചെയ്യുന്ന ഒരു രംഗമുണ്ട് –

മനു: ഞാൻ നിന്റെ പ്രജകളായ മനുഷ്യരുടെ പേരിലാണ് നിന്നെ വിചാരണ ചെയ്യുന്നത്.

രാജാവ് : അറിഞ്ഞുകൊണ്ട് ഞാൻ ആരെയും ദ്രോഹിച്ചിട്ടില്ല. ഉപദ്രവിച്ചിട്ടില്ല. എന്നെ വിശ്വസിക്കു .... ഞാൻ .... ഞാൻ വെറുതെ രാജ്യം ഭരിച്ചിട്ടേയുള്ളു.

മനു: നീ ഭരിച്ചിരുന്ന രാജ്യത്ത് അക്രമവും അനീതിയുമുണ്ട്. പട്ടിണിയും ദാരിദ്ര്യവുമുണ്ട്.

രാജാവ് : എനിക്കറിയാം .... എനിക്കെല്ലാമറിയാം .... എല്ലാം ഞാൻ സമ്മതിക്കുന്നു. എന്നാൽ ഭൂതമാണ് ഈ നാടിനെ ഈ പരുവത്തിലാക്കിയത്.

മനു : നിന്റെ അച്ഛനെ പോലെ, മുത്തച്ഛനെ പോലെ നീയും ഭൂതത്തെ വളരാൻ അനുവദിച്ചു.

രാജാവ് : മനൂ, നിനക്കൊരു രാജാവിന്റെ ദുരിതങ്ങളറിയില്ല. ഞാനൊരു പാവം രാജാവാണ്. എന്നെ വെറുതെ വിടണം. എനിക്ക് മാപ്പ് തരണം.

മനു : വിചാരണ കഴിഞ്ഞിരിക്കുന്നു. ഇനി വിധി പ്രസ്താവിക്കാം. ജീവിക്കുക എന്ന സ്വാഭാവിക സ്വപ്നം പോലും പുലരാതെ, മരിച്ചു മണ്ണടിഞ്ഞ എന്റെ പൂർവ്വികർക്ക് വേണ്ടി, അവരെക്കുറിച്ചുള്ള ഓർമ്മകൾ പോലും സൂക്ഷിക്കാനാവാതെ മരിച്ച മനസ്സുമായി ജീവിക്കുന്ന എന്റെ ജനതയ്ക്കുവേണ്ടി ഞാനിതാ നിനക്ക് ശിക്ഷ വിധിക്കുന്നു.9

അധികാരം ബന്ധനസ്ഥമാക്കപ്പെട്ടു. തിരിച്ചറിവു വന്ന സാമാന്യജനങ്ങളുടെ ശക്തി അധികാരത്തെ മുച്ചൂടും മുടിപ്പിക്കാനുള്ള അഗ്നിയായി ഉയരുന്നു. അധികാരത്തിനു മുകളിൽ ജനശക്തി വിജയം കൈവരിക്കുന്നിടത്താണ് നാടകം അവസാനിക്കുന്നത്.

അവസാന രംഗത്തിൽ, കവിയുടെ മോചനത്തിന് പാട്ട് കേൾക്കാം.

"വരണൊണ്ടേ വരണൊണ്ടേ

പോയ്പ്പോയ വസന്തം വീണ്ടും

രാവിന്റെയരു കീറി

പോവൊന്നു പൂക്കുന്നേ ...."

"മഴ വീണു കുതിർന്നാലല്ലോ

മണ്ണിൽ പുതു കനവുകൾ പുലരു

കനവെല്ലാം കനിയായ് കാണാൻ

തെളിവായൊരു പുതുമഴ വാനിൽ"

കവിയുടെ പാട്ടിൽ മോചനത്തിനായുള്ള ആഹ്വാനമുണ്ട്, ശക്തിയുണ്ട്. അതുകൊണ്ടുതന്നെ, അധികാരത്തിന് സർഗാത്മക സൃഷ്ടികളോട് ഭയമാണ്. അധികാരത്തിന് എന്നുമിഷ്ടം പുകഴ്ത്തു പാട്ടുകളാണ്. സത്യം വിളിച്ചു പറയുന്നവരുടെ ചോരയ്ക്കു വേണ്ടിയാണല്ലോ അധികാരത്തിന്റെ ശക്തി എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ചോദ്യം ചെയ്യുന്നവനെ രാജ്യദ്രോഹികളാക്കി ജയിലിൽ തള്ളിയും, സത്യം വിളിച്ചു പറയുന്നവരുടെ തല തെരുവിൽത്തള്ളിയും അധികാരം തങ്ങളുടെ പ്രമത്തത നിലനിർത്തുന്നു. എന്നെങ്കിലുമൊരിക്കൽ ചോദ്യം ചെയ്യപ്പെടുമെന്നും ആട്ടിപ്പുറത്താക്കപ്പെടുമെന്നുമുള്ള ഭയം അധികാരികളെ ജാഗരൂകരാക്കും. ആ ജാഗ്രതയിൽ നിന്നാണ് കൊലപാതകങ്ങളും കലാപങ്ങളും ആക്രമണങ്ങളും മറ്റും സൃഷ്ടിക്കപ്പെടുന്നത്. അധികാരത്തിന്റെ കാപട്യങ്ങളെ, അക്രമോത്സുകതയെ, ജനദ്രോഹങ്ങളെ ഈ നാടകം തുറന്നുകാണിക്കുന്നു. അത്യന്തിക വിജയം ജനങ്ങളുടേതാണെന്ന് ഈ നാടകം ഉദ്ഘോഷിക്കുന്നു.

## ഉപഭോഗ സംസ്കാരത്തിന്റെ ഉപകരണങ്ങൾ

നാടകത്തിലെ രാജകുമാരി എന്ന കഥാപാത്രം, ഉപരിവർഗ്ഗത്തിന്റെ സ്വാർത്ഥതയുടെയും ഉപഭോഗ സംസ്കാരത്തിന്റെയും പ്രതീകമാണ്. അധികാരത്തിനു കീഴിൽ ഓച്ഛാനിച്ചു നിൽക്കുക, അധീശത്വത്തെ അംഗീകരിക്കുക എന്നതാണ് അതിന്റെ സ്വഭാവം. രാജാവിൽ നിന്നും ഭൂതത്തിലേക്ക് വലിയ അധികാരം കൈമാറ്റം ചെയ്യപ്പെട്ടപ്പോൾ ഭൂതത്തിന്റെ ഭാര്യയായും ഭൂതം കൊല്ലപ്പെടുമെന്നായപ്പോൾ ഘാതകനായ മനുവിലേക്ക് ചേക്കേറാൻ ശ്രമിക്കുകയും ചെയ്യുന്ന ഈ കഥാപാത്രം അധികാരത്തിന്റെ തണലിൽ സ്വയംകൃതമായ ഒരു ജീവിതം കാംക്ഷിക്കുന്നു. അധികാരം മാറുന്നതിനനുസരിച്ച് അതിന്റെ പങ്കുപറ്റാൻ കളംമാറി കളിക്കുന്ന പ്രത്യയശാസ്ത്ര ബോധമില്ലാത്ത രാഷ്ട്രീയപ്പരിഷകളുടെ മുഖമായും രാജകുമാരി മാറുന്നുണ്ട്. ഭരണവർഗ്ഗത്തിനനുസരിച്ച് പാദസേവ ചെയ്യുന്ന ഉപരിവർഗം എപ്പോഴും ജനസാമാന്യത്തിന്റെ എതിർപക്ഷത്താണ് നിലകൊള്ളുക. മനുവിനെ ഏതുവിധേനയും പ്രീണിപ്പിക്കാൻ ശ്രമിക്കുന്ന രാജകുമാരി ജനാധികാരത്തിന്റെ ശക്തിയെ മനസ്സിലാക്കുന്നുണ്ട്. സമത്വസുന്ദരമായ ഒരു ലോകം വിഭാവനം ചെയ്യുന്ന മനുവാകട്ടെ അവളുടെ പ്രീണനങ്ങളെ മുഴുവൻ തിരസ്കരിക്കുന്നു. രാജാവിന് രാജകുമാരി തന്റേതു മാത്രമാകുമ്പോൾ, മനുവിന് ഭൂതത്താൽ പീഡിപ്പിക്കപ്പെട്ട എത്രയോ പെൺകുട്ടികളിൽ ഒരാൾ മാത്രമാണ്. ഞാൻ എനിക്കുവേണ്ടി രാജ്യം മറന്നെങ്കിൽ മനു രാജ്യത്തിനുവേണ്ടി സ്വയം മറന്നവനാണ് എന്ന് മന്ത്രി ആത്മഗതം ചെയ്യുന്നുണ്ട്. താൽക്കാലികമായി ഉയർന്നുവരുന്ന ആശ്വാസങ്ങളോ, സുഖങ്ങളോ, വാഗ്ദാനങ്ങളോ അല്ല; അത്യന്തികമായി അടിസ്ഥാനവർഗ്ഗത്തിന്റെ മോചനമാണ് മനുവിന്റെ ലക്ഷ്യം. തന്റെ ആശയങ്ങളെ നാടകകൃത്ത് മുന്നോട്ടുവെയ്ക്കുന്നത് മനു എന്ന കഥാപാത്രത്തിലൂടെയാണ്.


## തനതിന്റെ സൗന്ദര്യബോധം

"സംശുദ്ധമായതും സ്വന്തം മണ്ണിൽ കാലുറപ്പിച്ചു നിൽക്കുന്നതുമായ ഒരു രംഗ പാരമ്പര്യത്തിന്റെ നവ യാഥാർത്ഥ്യമാണ് പി.എം. താജിന്റെ നാടകങ്ങൾ" എന്ന് വയലാ വാസുദേവൻ പിള്ള അഭിപ്രായപ്പെടുന്നുണ്ട്. തനതിനെക്കുറിച്ച് നാം മനസ്സിലാക്കിയത് പോലെ, ഏതെങ്കിലും പ്രാചീന കലാരൂപങ്ങളുടെയും ഫ്യൂഡൽ സാമൂഹിക വ്യവസ്ഥിതികളുടെയും പുനർജന്മമല്ല അദ്ദേഹത്തിന്റെ നാടകങ്ങൾ" എന്നും അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്.10 നാടോടിയോ ക്ലാസിക്കലോ ആയ കലാരൂപങ്ങളുടെ കെട്ടുകാഴ്ചകൾ അവതരിപ്പിക്കുന്നതിനു പകരം തനിക്ക് പറയാനുള്ള കാര്യങ്ങളെ അതിനിണങ്ങുന്ന വിധത്തിൽ അവതരിപ്പിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. നാടോടിയായ ഒരു സൗന്ദര്യ ബോധമാണ് അതിൽ ഉള്ളടങ്ങിയിരിക്കുന്നത്. കാവ്യാത്മകമായ ഒരു തനതു സങ്കല്പം ആർഭാടവും ഉൽകൃഷ്ടവുമായ രീതിയിൽ അന്തർധാരയായി വർത്തിക്കുന്നു എന്നും വയലാ സൂചിപ്പിക്കുന്നുണ്ട്. 'പെരുമ്പറ'യിൽ തനതിന്റെ പരിചരണം പ്രസ്തുത രീതിയിൽ ആന്തരികമായ സൗന്ദര്യബോധമായിട്ടാണ് പ്രവർത്തിച്ചിട്ടുള്ളത്.

"ദൃശ്യകലാരൂപം എന്ന നിലയിൽ നാടകത്തെ സംബന്ധിച്ച് തനതു നാടകവേദി ഉയർത്തിയ പ്രശ്നങ്ങളോടു ക്രിയാത്മകമായി പ്രതികരിച്ചു കൊണ്ടും നാടകം കാണാനെത്തുന്നവരുടെ അഭിരുചിയെ തിരിച്ചറിഞ്ഞും സമകാലിക ജീവിതം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ നാടകത്തിൽ ഇഴചേർത്തും താജ് എഴുതി അവതരിപ്പിച്ച നാടകങ്ങൾ നമ്മുടെ നാടകവേദിക്ക് കരുത്തും ചൈതന്യവും പകർന്നു. 'കനലാട്ട'വും 'പെരുമ്പറ'യും തനതു നാടകങ്ങളുടെ ചുറ്റുവട്ടത്തിൽ തന്നെ നിൽക്കുന്നവയാണ്. അപ്പോഴും മർമ്മത്തിൽ തറയ്ക്കുന്ന പരിഹാസം കൊണ്ടും മിത്തിനെ പ്രഖ്യാപനത്തിൽ നിന്ന് ലഭിക്കുന്ന സാമൂഹ്യമായ ഉൾക്കാഴ്ച കൊണ്ടും അവ വേറിട്ടുനിൽക്കുന്നു എന്ന് പി. അപ്പുക്കുട്ടൻ നിരീക്ഷിക്കുന്നുണ്ട്.11

ഒരു നാടോടി കഥയുടെ ആഖ്യാന സ്വഭാവമാണ് പെരുമ്പറ എന്ന നാടകത്തിനുള്ളത്. മുത്തശ്ശിക്കഥയും അത്ഭുത കഥകളും ഭീകര കഥകളുമൊക്കെയായി കേട്ടും പറഞ്ഞും പരിചയിച്ച ഒരു സാംസ്കാരിക മണ്ഡലത്തിലേക്കാണ് തികച്ചും രാഷ്ട്രീയ രചനയായ പെരുമ്പറ പ്രവേശിക്കുന്നത്. നാടോടിത്തം എന്ന പ്രച്ഛന്നതയാണ് 'പെരുമ്പറ' യുടെ ആഖ്യാനത്തിലെ ശക്തിവിശേഷം. നാടകകൃത്ത് കൃത്രിമമായി സൃഷ്ടിച്ച രണ്ട് ലോകങ്ങളുണ്ട്; രാജാവിന്റെ ലോകവും ഭൂതത്താന്റെ ലോകവും. ഈ രണ്ട് ലോകവും ആസ്വാദകർക്ക് അത്ര അപരിചിതമല്ല. വായനക്കാർക്ക് സുപരിചിതമായ ഭാവനാലോകത്തേക്ക് അത്ര പരിചിതമല്ലാത്ത രാഷ്ട്രീയസമസ്യകളെ ഉരുക്കിച്ചേർക്കുന്നിടത്താണ് നാടകകൃത്തിന്റെ വൈദഗ്ധ്യത്തെ തിരിച്ചറിയുന്നത്.

"നാടോടിക്കഥകൾ ന്യൂന()ത്തിൽനിന്ന് അധിക (+)ത്തിലേക്കുള്ള സംഭവ പരമ്പരകളുടെ അനുക്രമ രീതിയിലാണ് അവതരിപ്പിക്കാറുള്ള



ത്."12 കഥാഗതിക്ക് അനുകൂലമാണോ പ്രതികൂലമാണോ കഥാപാത്രത്തിന്റെ പ്രവൃത്തി എന്നതിന്റെ അടിസ്ഥാനത്തിലാണ് കഥയിലെ അധിക (+)ങ്ങളെയും ന്യൂന ()ങ്ങളെയും വിഭജിക്കുന്നത്. നായിക / നായകനും നായകപക്ഷത്തുള്ളവരും അധികങ്ങളും പ്രതിനായക പക്ഷത്തുള്ളവർ ന്യൂനങ്ങളുമാണ്. ഇല്ലായ്മയിൽ നിന്ന് ആരംഭിച്ച് അത് പരിഹരിക്കപ്പെടുന്നതിൽ അവസാനിക്കുന്നതാണ് നാടോടി ക്കഥയുടെ കഥാഗതി. ഇല്ലായ്മകളുടെ പരിഹാരത്തിന് ശ്രമിക്കുന്ന ആളാണ് നായകൻ. നാടകത്തിൽ ഇല്ലായ്മ എന്നത് സ്വാതന്ത്ര്യമാണ്. വ്യക്തി സ്വാതന്ത്ര്യവും സാമൂഹിക സ്വാതന്ത്ര്യവും. ഈ ഇല്ലായ്മയെ പരിഹരിക്കുമ്പോഴാണ് കഥ പൂർണമാവുക. എന്നുവെച്ചാൽ സ്വാതന്ത്ര്യം തിരിച്ചു കിട്ടുക എന്നതാണ് ഇല്ലായ്മ പരിഹരിക്കപ്പെടുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

നാടകത്തിൽ സ്വാതന്ത്ര്യത്തെ പിടിച്ചെടുക്കാൻ യത്നിക്കുന്ന കഥാപാത്രം മനുവാണ്. അയാളിലാണ് വിദൂഷകനടക്കമുള്ള ആളുകളുടെ പ്രതീക്ഷ. മനുവിനാകട്ടെ, സമൂഹത്തിനു വേണ്ടിയുള്ള തന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ഒട്ടേറെ പ്രതിബന്ധങ്ങളുമുണ്ട്. സ്വന്തം രാജ്യത്ത് ജീവിക്കാൻ അയാൾക്ക് കഴിയില്ല. രാജാവിനെ വിമർശിച്ചതിന് തലയ്ക്ക് വിലയിടപ്പെട്ടയാളാണ് മനു. നായകന്റെ എതിർപക്ഷത്ത് ആദ്യം രാജാവ് മാത്രമാണ് ഉണ്ടായിരുന്നതെങ്കിൽ പിന്നീട് അതിനേക്കാൾ വലിയൊരു അധികാരശക്തി രൂപപ്പെടുന്നു. ഒരു പ്രതിബന്ധത്തെ തകർക്കാൻ ഒരുങ്ങിയിറങ്ങിയ നായകന് അതിലേക്കെത്തിച്ചേരാൻ നിരവധി കടമ്പകൾ കടക്കേണ്ടി വരുന്നു. അത്യന്തികമായി രാജാവിന്റെ കയ്യിൽ നിന്നും അധികാരം പിടിച്ചെടുക്കുക എന്നതാണ് ലക്ഷ്യം. അതിന് രാജാവിനും മേലെയുള്ള ഭൂതം എന്ന അധികാരത്തെ തകർക്കുന്നു. രാജാവിനു പോലും തോൽപ്പിക്കാനാവാത്ത ഭൂതത്തെ മനു വധിക്കുകയും ഒടുവിൽ രാജാവിനെയും പരിവാരങ്ങളെയും മനുവിന്റെ നേതൃത്വത്തിൽ ജനങ്ങൾ തോൽപ്പിക്കുകയും ചെയ്യുന്നു. അതിനിടയിൽ നായകനെ വഴിതിരിച്ചു വിടാനുള്ള പ്രലോഭനങ്ങളൊക്കെ ഉണ്ടാകും. രാജകുമാരി ഇത്തരം പ്രലോഭനങ്ങളുമായി മനുവിനെ സമീപിക്കുന്നുണ്ട്. പ്രലോഭനങ്ങളെ അതിജീവിക്കുക എന്നതാണല്ലോ നായകന്റെ ശക്തി. ആ ശക്തി മനുവിനും ലഭിക്കുന്നുണ്ട്. മനു എന്ന നായകനും വിദൂഷകൻ, വിദൂഷകന്റെ മകൾ എന്നിവർ അധികങ്ങളും രാജാവ്, ഭൂതം, മന്ത്രി, പടത്തലവൻ, കാര്യദർശി, രാജകുമാരി എന്നിവർ ന്യൂനങ്ങളുമായിട്ടാണ് പ്രവർത്തിക്കുന്നത്.

പ്രത്യക്ഷത്തിൽ നാടോടി ആഖ്യാനം എന്ന മട്ടിൽ പാരമ്പര്യത്തെ പരിചരിക്കുന്നു എന്ന് തോന്നിപ്പിക്കുകയും പരോക്ഷമായി പാരമ്പര്യത്തെ തിരസ്കരിക്കുകയും ചെയ്യുന്നുണ്ട് ഈ നാടകം. ഇല്ലായ്മയെ പരിഹരിക്കുന്നുണ്ടെങ്കിലും ആഖ്യാനകത്തിനകത്ത്, ഉറച്ചുപോയ പാരമ്പര്യങ്ങളെ അത് തകർത്തുകളയുന്നുണ്ട്. രാജാവ്/ പ്രജ, ആജ്ഞ / അനുസരണ തുടങ്ങിയ വൈരുദ്ധ്യാത്മക ദ്വന്ദ്വങ്ങളുമായി പ്രത്യക്ഷപ്പെടുന്ന പാരമ്പര്യയുക്തി

കളെ അതു തിരസ്കരിക്കുന്നു. തലമുറകളായി ലഭിച്ച പോരുന്ന, അധികാരം എന്ന പരമ്പര്യം, താൻ തന്നെ രാജാവ്, താൻ തന്നെ രാജ്യം എന്ന അധികാരത്തിന്റെ ജ്ഞാന പാരമ്പര്യം, ജനങ്ങൾ അടിമകളാണെന്നും എന്നും അനുസരിക്കുന്നവരാണെന്നുള്ള ഫ്യൂഡൽ പാരമ്പര്യം, ഇതെല്ലാം നാടകത്തിൽ അടിവേരോടെ പിഴുതെറിയപ്പെടുന്നു.

"ലളിതവും പ്രാദേശികവുമായ രംഗശൈലികൾ വഴിയാണ് നാടകവേദി ഇനി നഷ്ടപ്പെട്ടു പോയ കാണികളുടെ സമൂഹത്തെ ആവിഷ്കരിക്കേണ്ടത്"13 എന്ന തോന്നലിലാണല്ലോ തനതു നാടക വേദിയുടെ നിലനിൽപ്പ്. ആ നിലയിൽ പരിചരിക്കപ്പെട്ട ഒരു രചനയാണ് പെരുമ്പറ. നമ്മുടെ നാടോടി ജീവിത (Folk life) ത്തെയും നാടൻ ഭാവുകത്വ (Folk Sensibiltiy)ത്തെയും അടുത്തറിയാനുള്ള ഗൗരവവും സംഘടിതവുമായ പ്രഥമ പ്രയത്നമായിരുന്നു ഇത്. മലയാള നാടകവേദിയിലെ ആദ്യത്തെ കോളനിവിരുദ്ധ സംരംഭമെന്നും തനതുനാടക സങ്കൽപത്തെ വിശേഷിപ്പിക്കാം."14 പരിപൂർണ്ണമായ അർത്ഥത്തിൽ അതിനെ സൂക്ഷ്മമായി അടയാളപ്പെടുത്തുന്നതിൽ പെരുമ്പറ എന്ന നാടകം വിജയിച്ചിരിക്കുന്നു.

ബഹുജനങ്ങളുടെ സാമൂഹികസ്വാതന്ത്ര്യത്തിനും സർഗ്ഗാത്മക സ്വാതന്ത്ര്യത്തിനും ക്കുച്ചുവിലങ്ങിടുന്ന അധികാരം എപ്പോഴൊക്കെ തല നീട്ടി പുറത്തുവരുന്നുവോ, അപ്പോഴൊക്കെ 'പെരുമ്പറ' എന്ന നാടകം പുനർജ്ജനിക്കുകയും അതിന്റെ സാംസ്കാരിക മൂല്യവും സൗന്ദര്യമൂല്യവും വെളിപ്പെടുത്തുകയും ചെയ്യുന്നു.

കുറിപ്പുകൾ:

1. കെ.എം. അനിൽ (എഡിറ്റർ), 'സംസ്കാര നിർമിതി', പ്രോഗ്രസ് ബുക്സ് , കോഴിക്കോട്, 2017, പുറം 82

2. അതേ പുസ്തകം, പുറം 82

3. 'പ്രകൃതി'യെ ഉപഭോഗം ചെയ്യുന്ന സന്ദർഭത്തിൽ അതിന് കല്പിക്കുന്ന 'അർത്ഥ'ങ്ങളാണ് പ്രതീകാത്മക നിർമ്മിതിയുടെ അടിത്തറ. അത് പ്രകൃതിയെക്കുറിച്ചുള്ള ജ്ഞാന നൈതിക മാതൃകകളിൽ നിന്ന് വിഭിന്നമാണ്. പ്രകൃതിയുമായി മനുഷ്യൻ സൃഷ്ടിക്കുന്ന സാമൂഹിക ബന്ധങ്ങളുടെ വൈവിധ്യപൂർണമായ ആശയപ്രപഞ്ചം പ്രതീകാത്മകമായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. (ഡോ. കെ.എം. അനിൽ, പാന്ഥരും വഴിയമ്പലങ്ങളും, പ്രോഗ്രസ് ബുക്സ്, കോഴിക്കോട്, 2016, പുറം 24 ) ഈ ലേഖനത്തിൽ പ്രതീകാത്മക നിർമ്മിതി എന്ന കേവലാർത്ഥമാണ് പരിഗണിച്ചിരിക്കുന്നത്.

4. പ്രകൃതിയെക്കുറിച്ചുള്ള ജ്ഞാനം, സമൂഹത്തിലെ അധ്വാന വിഭജനത്തെയും വർഗ്ഗ രൂപീകരണത്തെയും നിർണ്ണയിക്കുന്നുണ്ട്. കെട്ടിയാടി നടന്നവരും കാർഷികവൃത്തിയിൽ ഏർപ്പെടുന്നവരും ആധുനിക സാങ്കേതിക വിദഗ്ധരും വർഗപരമായി വ്യത്യാസപ്പെട്ടിരിക്കുന്നു. അവരെല്ലാം പ്രകൃതിയെ കുറിച്ച് വ്യത്യസ്തമായ ജ്ഞാനരൂപങ്ങൾ ഉൾക്കൊണ്ടവരാണ്. (ഡോ. കെ.എം. അനിൽ, പാന്ഥരും വഴിയമ്പലങ്ങളും, പ്രോഗ്രസ് ബുക്സ്, കോഴിക്കോട്, 2016, പുറം 24 )

5. ഡോ. കെ.എം. അനിൽ, 'പാന്ഥരും വഴിയമ്പലങ്ങളും', പ്രോഗ്രസ് ബുക്സ്, കോഴിക്കോട്, 2016, പുറം 24

6. ആന്റോണിയോ ഗ്രാംഷി, 'രാഷ്ട്രീയ രചനകൾ', എഡിറ്റർ ഗുലാബ് ജാൻ, പ്രോഗ്രസ്സ് ബുക്സ്, കോഴിക്കോട്, 2017, പുറം 51

7. അതേ പുസ്തകം, പുറം 53

8. എം. എസ് ദേവദാസ്, 'മാർക്സിസ്റ്റ് ദർശനം', ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, ഏഴാം പതിപ്പ്, 2012, പുറം 297

9. 'പെരുമ്പറ'യിലെ രംഗം. 'താജിന്റെ തെരഞ്ഞെടുത്ത നാടകങ്ങൾ', കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1999, പുറം 40

10. വയലാർ വാസുദേവൻ പിള്ള, 'തനതു നാടക ദർശനം', നാടക പഠനങ്ങൾ, എഡിറ്റർ പന്മന രാമചന്ദ്രൻ നായർ, പി.കെ പരമേശ്വരൻ നായർ സ്മാരക ഗ്രന്ഥാവലി, 2013 പുറം 40-41

11. പി അപ്പുക്കുട്ടൻ, 'കേരളീയ രംഗവേദിയുടെ ഒരു നൂറ്റാണ്ട്", കാഴ്ചയും കാഴ്ചപ്പാടും, എഡിറ്റർ എൻ. ശശിധരൻ , വിദ്യാർത്ഥി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2013, പുറം 102 -103

12. പ്രശ്നവും പ്രശ്നപരിഹാരവും ; അല്ലെങ്കിൽ ഇല്ലായ്മയും അതിന്റെ പരിഹാരവും - അതാണ് കഥ. ഒരു പ്രശ്നം ഉണ്ടാവുക ; ആ പ്രശ്നം കഥയുടെ അവസാനം പരിഹൃതമാവുക; ഒരു ഇല്ലായ്മ അനുഭവപ്പെടുക; ആ ഇല്ലായ്മ ഒടുവിൽ ഇല്ലായ്മ ചെയ്യപ്പെടുക. ഇതാണ് കഥകളുടെ രൂപം. പരിഹരിക്കപ്പെടുന്നതിന്റെ സ്വഭാവത്തിനനുസരിച്ചാണ് കഥ ലളിതമോ സങ്കീർണമോ ലഘുവോ ദീർഘമോ ആകുന്നത്. ചുരുക്കിപ്പറഞ്ഞാൽ ന്യൂന() ത്തിൽ നിന്ന് അധികാരത്തിലേക്കുള്ള സംഭവ പരമ്പരകളുടെ അനുക്രമ ഗതിയാണ് കഥ. ഈ നിർവചനം രണ്ടുമൂന്നു വസ്തുതകളിലേക്ക് വിരൽ ചൂണ്ടുന്നു. ഒന്ന്; ന്യൂന()ത്തിൽനിന്ന് അധിക(+) ത്തിലേക്കുള്ള ഗതിയാണ് കഥ. രണ്ട്; സംഭവ പരമ്പരയാണ് കഥ. മൂന്ന്; ഇവയുടെ അനുക്രമഗതിയാണ് കഥ. (രാഘവൻ പയ്യനാട്, ഫോക്ലോർ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 2012, പുറം 132 - 135 )

13. ഇ.പി രാജഗോപാലൻ, 'അമ്പതു വർഷത്തെ നാടകം : പ്രേക്ഷകരുടെ പരിണാമ ചരിത്രം', കാഴ്ചയും കാഴ്ചപ്പാടും, എഡിറ്റർ എൻ. ശശിധരൻ, വിദ്യാർത്ഥി പബ്ലിക്കേഷൻ, കോഴിക്കോട്, 2013, പുറം 142.

14. ഡോ. എൽ. തോമസ് കുട്ടി, 'ഫോക്ലോറും നാടകവും', കാഴ്ചയും കാഴ്ചപ്പാടും, എഡി. എൻ ശശിധരൻ, വിദ്യാർത്ഥി പബ്ലിക്കേഷൻ, കോഴിക്കോട്, 2013, പുറം 131.

സഹായക ഗ്രന്ഥങ്ങൾ

1. അനിൽ, കെ.എം., ഡോ., 'പാന്ഥരും വഴിയമ്പലങ്ങളും', പ്രോഗ്രസ് ബുക്സ്, കോഴിക്കോട് 2016.

2. അനിൽ, കെ.എം., ഡോ., (എഡിറ്റർ), 'സംസ്കാര നിർമിതി', പ്രോഗ്രസ് ബുക്സ് , കോഴിക്കോട്, 2017.

3. ആന്റോണിയോ ഗ്രാംഷി, 'രാഷ്ട്രീയ രചനകൾ', എഡിറ്റർ ഗുലാബ് ജാൻ, പ്രോഗ്രസ്സ് ബുക്സ്, കോഴിക്കോട്, 2017

4. താജ്, പി.എം., 'താജിന്റെ തെരഞ്ഞെടുത്ത നാടകങ്ങൾ', കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1999

5. ദേവദാസ്, എം. എസ്, മാർക്സിസ്റ്റ് ദർശനം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, ഏഴാം പതിപ്പ്, 2012

6. പയ്യനാട്, രാഘവൻ, 'ഫോക്ലോർ', കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 2012

7. രാമചന്ദ്രൻ നായർ, പന്മന, (എഡി.), 'നാടക പഠനങ്ങൾ', പി.കെ പരമേശ്വരൻ നായർ സ്മാരക ഗ്രന്ഥാവലി, 2013

8. ശശിധരൻ എൻ. (എഡി.), 'കാഴ്ചയും കാഴ്ചപ്പാടും', വിദ്യാർത്ഥി പബ്ലിക്കേഷൻ, കോഴിക്കോട്, 2013.

# ചുവപ്പുനാട: ജനാധിപത്യവത്കരിക്കപ്പെടേണ്ട ഭരണമേഖലകൾ

**രാജേഷ് എം.ആർ**
ശ്രീകേരളവർമ്മ കോളേജ്, തൃശ്ശൂർ



ഇ. വാസുവിന്റെ 'ചുവപ്പുനാട' (1966) സ്വാതന്ത്ര്യാനന്തരം വിദേശാധിപത്യത്തിനുപകരം വന്ന ബ്യൂറോക്രസിയെ അവതരിപ്പിച്ച നോവലാണ്. "ഇത് ഒരു വ്യക്തിയുടേയോ കുടുംബത്തിന്റെയോ കഥയല്ല. ചുവപ്പു നാടയാൽ കെട്ടിവരിയപ്പെട്ട ഫയലുകളുടേയും ആ ഫയലുകൾക്കിടയിൽ കുടുങ്ങിപ്പോയ മനുഷ്യജീവിതങ്ങളുടേയും കഥയാണ്. ഫയലുകളുടെ കെട്ടഴിക്കാനും മാത്രം വിധിക്കപ്പെട്ട, മനോഹരമായൊരു സ്വപ്നം പോലും സ്വന്തമായി കാണാൻ അവസരം ലഭിക്കാത്ത സിദ്ധാർത്ഥന്റെയും അയ്യപ്പന്റെയും റോസമ്മയുടേയും കൂടി കഥയാണിത്." ചുവപ്പുനാടയുടെ പിൻകുറിപ്പാണിത്. ഈ പിൻകുറിപ്പ് ഒരു വ്യവസ്ഥയുടെ ഭാഗമായി കഥാപാത്രങ്ങളെ അടയാളപ്പെടുത്തുന്നു. ഈ നോവൽ സമൂഹത്തെ കേന്ദ്രമാക്കുകയും വ്യവസ്ഥയുടെ കീഴിൽ ചലിക്കുന്ന മനുഷ്യരെ ഭരണയന്ത്രങ്ങളെന്ന രീതിയിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.


തകഴിയുടെ 'ഏണിപ്പടികൾ' കാക്കനാടന്റെ 'ഉഷ്ണമേഖല, സി.രാധാകൃഷ്ണന്റെ മരീചിക, മുകുന്ദന്റെ 'ദൽഹി', സേതുവിന്റെ 'അറിയാത്ത വഴികൾ' എന്നീ കൃതികളെല്ലാം ഉദ്യോഗസ്ഥ വ്യവസ്ഥകളെയും അധികാരത്തെയും കുറിച്ചാണ് സംസാരിക്കുന്നത്.

സിദ്ധാർത്ഥനെന്ന യുവാവിനെ കേന്ദ്രമാക്കിയാണ് നോവൽ മുന്നോട്ടു പോകുന്നത്. വളരെ നാളത്തെ കാത്തിരിപ്പിനു ശേഷമാണ് സിദ്ധാർത്ഥന് എൽ.ഡി.ക്ലാർക്കിന്റെ ജോലി കിട്ടിയത്. ആഫീസിലെയും ലോഡ്ജിലെയും ജീവിതം മുഷിപ്പിന്റേതായി മാറികൊണ്ടിരുന്നു. അയാളുടെ സഹപ്രവർത്തകരുടെ ജീവിതവും ഇതിൽ നിന്നും വ്യത്യസ്തമല്ല. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്കുള്ള ജോലിമാറ്റം വിരസതയും മടുപ്പും ജീവിതത്തിലുണ്ടാക്കുന്നു. ഒരു കള്ളക്കേസിൽ കുടുങ്ങി സിദ്ധാർത്ഥൻ സസ്പെൻഷനിലാകുന്നു. പിന്നീട് നിരപരാധിത്വം തെളിയിക്കുകയും ജോലിയിൽ കയറുകയും ചെയ്യുന്നു. താൻ വിവാഹം കഴിക്കാനാഗ്രഹിച്ചിരുന്ന അമ്മിണി വിവാഹിതയായി. ഇന്ന് അയാൾ ഒരു ക്ഷയരോഗിയായി മാറി കഴിഞ്ഞിരിക്കുന്നു. വ്യവസ്ഥയും യന്ത്രസമാനമായ ജോലിയും ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ തകർത്തതിന്റെ സൂചനയായി 'ക്ഷയം' വ്യാഖ്യാനിക്കാവുന്നത്. ആധുനിക ഭരണകൂടത്തിന് അതിന്റെ നടത്തിപ്പിനായി യന്ത്രസമാനരായ ഒരു വിഭാഗത്തിനെ ഉണ്ടാക്കേണ്ടതുണ്ട്. സിദ്ധാർത്ഥന്റെയും അതേ പോലുള്ള മറ്റുള്ളവരുടെ ജീവിതവും ഈ യാന്ത്രികതയെയാണ് വ്യക്തമാക്കുന്നത്. ആധുനികതയാണ് വ്യവസായിക,

യന്ത്രവൽകൃത സമൂഹത്തെ സൃഷ്ടിച്ചത് സ്വത്വബോധത്തെ സൃഷ്ടിക്കുന്നതിലും ആധുനികത വലിയ പങ്കു വഹിച്ചിട്ടുണ്ട്. അതോടൊപ്പം സ്വത്വവൈവിധ്യങ്ങളെ ഇല്ലായ്മ ചെയ്ത് കേവലം യന്ത്രമനുഷ്യരെ സൃഷ്ടിക്കുവാനും ആധുനികതയുടെ ഭരണകൂട വ്യവസ്ഥ ശ്രമിച്ചിരുന്നു. സിദ്ധാർത്ഥനെപ്പോലുള്ളവർ ഇത്തരം പ്രതിനിധാനങ്ങളാണ്.

സ്വതന്ത്ര്യാനന്തര ഇന്ത്യയിൽ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവുമുള്ള യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കിക്കൊടുക്കുന്നതിനു വേണ്ടിയാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്ഥാപിച്ചിരിക്കുന്നത്. കേരളത്തിലെ ഗവൺമെന്റ് മേഖലകളിലേക്ക് അറുപതുകളിൽ ഈ സ്ഥാപനം വഴി ജോലിക്കാരെ നിയോഗിക്കുകയും ചെയ്തിരുന്നു.ഈ സ്ഥാപനം തന്നെയൊരു അധികാര സ്ഥാപനമായി മാറിയെന്നും പിന്നീട് കാണുന്നുണ്ട്. എന്നാൽ ആഗോളവൽക്കരണ കാലഘട്ടത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ പ്രസക്തി കുറയുകയും ഗവൺമെന്റ് പി.എസ്.സി പരീക്ഷ വഴി മാത്രം ജോലികൊടുക്കുന്ന രീതികൾക്ക് പ്രാമുഖ്യം വരുകയും ചെയ്തു. സർക്കാർ പരീക്ഷാ സമ്പ്രദായത്തിലൂടെയാണ് സിദ്ധാർത്ഥന് ഇവിടെ സ്ഥിരനിയമനം ലഭിക്കുന്നതെന്നും ഓർക്കുക. സർക്കാർ ജോലികൾക്കും മറ്റ് ഗവൺമെന്റ് ആവശ്യങ്ങൾക്കുമുള്ള രേഖകൾ സാക്ഷ്യപ്പെടുത്തുന്ന 'ഗസറ്റഡ് ഓഫീസർ' എന്ന ഒരു വിഭാഗമായി സർക്കാർ ജീവനക്കാരിൽ ചിലർ മാറിയത് അധികാരത്തിന്റെ മറ്റൊരു മുഖത്തെയാണ് പ്രത്യക്ഷപ്പെടുത്തുന്നത്. കൊളോണിയൽ – ഫ്യൂഡൽ അധികാരത്തിന്റെ ശ്രേണീവൽകൃത അധികാര വ്യവസ്ഥയാണ് ജനാധിപത്യ സമൂഹത്തിലും പിന്തുടരുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ഭരണവ്യവസ്ഥയിലുടനീളം ഇന്നും ദൃശ്യമാകുന്നത് ഈ ശ്രേണിവൽകൃത അധികാരമാണ്.

സർക്കാർ ഭരണകൂട ഉദ്യോഗസ്ഥ മേധാവിത്വത്തിൽ ഒഴിയാബാധയായി കൂടിയിരിക്കുന്നത് അഴിമതിയും കൈക്കൂലിയുമാണ്. ഇതിലെ പ്രഭാകരൻ മാസ്റ്റർ പറയുന്നുണ്ട്.



"റേഷൻ കടയ്ക്ക് ലൈസൻസ് കിട്ടുവാൻ കൈക്കൂലി കൊടുക്കണമെന്ന്. പൊതുജന സേവന സ്ഥാപനമായ റേഷൻ കടകൾ ഒരു രാഷ്ട്രത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ ഈ സ്ഥാപനങ്ങൾ തുടങ്ങുവാൻ കൈക്കൂലി കൊടുക്കേണ്ടി വരുന്നത് ഒരു രാഷ്ട്രത്തിന്റെ ജനാധിപത്യ വ്യവസ്ഥയുടെ അധഃപതനത്തെയാണ് ചൂണ്ടികാട്ടുന്നത്. സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യാൻ പോലും പണം വാങ്ങുന്ന തരത്തിലേക്ക് ഇത് അധഃപതിച്ചുകൊണ്ടിരിക്കുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിലും ദേശീയ പ്രസ്ഥാനങ്ങൾ മുന്നോട്ടു പല ആശയങ്ങൾ ഒരു വശത്തുകൂടി പ്രചരിച്ചുകൊണ്ടിരിക്കുന്നുണ്ട്. ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് മോചനം നേടിയെങ്കിലും ഇന്ത്യ സ്വപ്നം കണ്ട നവഭാരതം എന്നത് ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. കീഴാളന്റെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന രീതിയിൽ ഇപ്പോഴും വികസനം ഇവിടെ സാധ്യമായിട്ടില്ല. കാർഷികമേഖലയെ പൂർണ്ണമായും കൈയ്യൊഴിഞ്ഞു കൊണ്ടുള്ള വികസന സങ്കല്പങ്ങളാണ് മധ്യവർഗത്തെ ഭരിക്കുന്നത്. ഗവൺമെന്റ് കാർഷിക പദ്ധതികൾ ഫലവത്തായ രീതിയിൽ ഇപ്പോഴും പ്രയോഗത്തിൽ വന്നിട്ടില്ല. ഇതിന്റെ സൂചനകൾ ഈ നോവലിൽ കാണാവുന്നതാണ്. 'കുലയ്ക്കാത്ത വാഴകൾ' എന്ന ഭാഗം ഇതിന്റെ സൂചനയാണ്. ഉടുമ്പോല എന്ന സ്ഥലത്ത് താൽക്കാലിക ഉദ്യോഗസ്ഥനായി സിദ്ധാർത്ഥന് ജോലി കിട്ടി. മഴക്കാലം വന്നാൽ ആളുകൾ പട്ടിണിയാകുന്ന സ്ഥലം കൂടിയാണിത്. വളം ഇൻസ്പെക്ടറുടെ അസിസ്റ്റന്റ് ജോലിയാണ് സിദ്ധാർത്ഥന് ലഭിച്ചിരിക്കുന്നത്. ഇവരുടെ ഓഫീസിന്റെ ചുവരിൽ കാണുന്ന ചില പോസ്റ്ററുകൾ ശ്രദ്ധിക്കുക. " ഈച്ച നിർമ്മാർജ്ജനത്തിന്റെയും കുടുംബാസൂത്രണത്തിന്റെയും വളമഹോത്സവത്തിന്റെയും ചിത്രങ്ങൾ ചുമരിൽ പതിച്ചിരിക്കുന്നത്" കാണാവുന്നതാണ്. കാർഷികമേഖലയുടെ വളർച്ചക്ക് വളം അത്യാവശ്യമാണെന്ന ആശയവും രാഷ്ട്രവികസനത്തിന് കുടുംബാസൂത്രണം നടത്തേണ്ടതാണെന്ന ആശയവും ഇതിലുണ്ട്. ആരോഗ്യത്തിന്റെ സുരക്ഷയ്ക്ക് കൊതുക്, ഈച്ച നിർമ്മാർജ്ജനവും ഗവൺമെന്റ് ലക്ഷ്യമാക്കിയിരുന്നു.

സ്വാതന്ത്ര്യസമരാശയങ്ങളുടെ പിന്തുടർച്ചയിലാണ് സത്യമൂർത്തി എന്ന കഥാപാത്രം സ്ഥാനപ്പെടുന്നത്. സത്യമൂർത്തി മറ്റുള്ളവർക്കു വേണ്ടി ജീവിക്കാൻ ആഗ്രഹിച്ചു. പഞ്ചായത്തു തെരഞ്ഞെടുപ്പു വന്നപ്പോൾ ജോലി ഉപേക്ഷിച്ച് മത്സരിച്ചു. പണക്കാരനായ എതിർസ്ഥാനാർത്ഥി ജയിച്ചു. ആളുകൾ പണത്തിന്റെ പിന്നാലെ പോകുന്നതായി സത്യമൂർത്തിക്കു തോന്നി. രാഷ്ട്രീയത്തിൽ ചൂതാട്ടവും തീവെട്ടികൊള്ളയുമാണ് നടക്കുന്നത്. പണത്തെയും അധികാരത്തെയുമാണ് ഇന്നെല്ലാവരും ബഹുമാനിക്കുന്നത്. നോവലിലെ ഒരു ഉപകഥാപാത്രമായ സത്യമൂർത്തിയിലൂടെ സ്വാതന്ത്ര്യാനന്തര ഇന്ത്യനവസ്ഥയെയാണ് ഇ. വാസു വരച്ചു കാണിക്കുന്നത്. നല്ല വ്യക്തികൾ പരാജയപ്പെടുമ്പോൾ ധനാധിപത്യമുള്ളവർ ജയിക്കുന്നതാണ് ഇവിടെ കാണുന്നത്. വിദ്യാഭ്യാസമെന്നത് വൈറ്റ് കോളർ ജോലിക്കുവേണ്ടിയും സ്വന്തം കാര്യം നോക്കാൻ വേണ്ടിയുള്ളതുമായി മാറുന്നുവെന്നാണ് സത്യമൂർത്തിയുടെ അഭിപ്രായം. സത്യമൂർത്തി സൂചിപ്പിച്ച ഈ വ്യവസ്ഥയിലേക്കാണ് സിദ്ധാർത്ഥൻ ചെന്നെത്തുന്നത്. സ്വന്തം കാര്യങ്ങൾ നടത്താൻവേ

ണ്ടി നടത്തുന്ന ഓട്ടപ്പാച്ചിലിലാണ് സിദ്ധാർത്ഥനും ചെന്നെത്തുന്നത്.

വിദ്യാഭ്യാസമേഖലയിൽ തന്നെ അഴിമതി നടക്കുന്നു. പണം കൊടുത്താൽ ഹോമിയോപ്പതി ജയിച്ച സർട്ടിഫിക്കറ്റ് സിദ്ധാർത്ഥന്റെ അനിയനായ ശശീന്ദ്രന് കിട്ടുമെന്ന് വിദ്യാഭ്യാസസ്ഥാപനം പറയുന്നു. വിദ്യാഭ്യാസ മേഖലയേയും പണാധിപത്യം വിഴുങ്ങുന്നതായി ഇതിൽ കാണാം. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനം, സെൽഫ് ഫിനാൻസ് കോളേജ്, സ്വയം ഭരണ കോളേജ് എന്നിങ്ങനെ നിരവധി സ്ഥാപനങ്ങൾ പണാധിപത്യത്തിന്റെ വ്യത്യസ്ത രീതികൾ അവലംബിച്ച് ഉന്നത വിദ്യാഭ്യാസത്തിന്റെ മൂല്യം തകർക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസത്തെ സ്വകാര്യ കച്ചവട ചരക്കാക്കി മാറ്റുക എന്ന ഗാട്ട് നിയമത്തിലെ വ്യവസ്ഥയാണ് കേന്ദ്രസർക്കാർ നടപ്പിലാക്കുന്നത്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിന്ന് സർക്കാർ പിൻമാറുകയും പണക്കാരനുമാത്രം ലഭ്യമാവുന്ന ചരക്കായി വിദ്യാഭ്യാസം മാറുകയും ചെയ്യുന്ന അവസ്ഥയാണ് സമകാലിക ഇന്ത്യയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

മധ്യവർഗമലയാളിയുടെ ജീവിത പ്രശ്നങ്ങൾ സിദ്ധാർത്ഥനിലൂടെ അവതരിപ്പിക്കുവാൻ ഇ.വാസു ശ്രമിക്കുന്നുണ്ട്. ഓണം, ആഘോഷം, അലവൻസ്, എൽ.ഐ. സി പ്രീമിയം എന്നിവ ഇതിൽ കടന്നുവരുന്നു. ട്രഷറിയിൽ നിന്ന് ശമ്പളം പാസാക്കുവാൻ നടത്തുന്ന ശ്രമങ്ങൾ ഇതിൽ കാണാം. സമകാലിക കേരളീയ സമൂഹത്തിലും ട്രഷറിയുമായി ബന്ധപ്പെട്ടുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ പണമിടപാട് വളരെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. 'ഭരണകൂടം' അതിനു കീഴിൽ/മുകളിൽ പണിയെടുക്കുന്നവരെയെല്ലാം അധികാരഭാവത്തോടെയാണ് പരിചരിക്കുന്നത്. ശമ്പളം പാസാക്കുക, എൻ.ഒ.സി ലഭിക്കുക തുടങ്ങിയ കാര്യങ്ങളിൽ എല്ലാം ഇന്നും നിരവധി കടമ്പകൾ കടക്കേണ്ടിവരുന്നുണ്ട്. മധ്യവർഗ സർക്കാർ ഉദ്യോഗസ്ഥന്റെ ഏറ്റവും വലിയ ആശ്രയമാണ് 'ലോൺ'. ലോൺ എടുക്കുന്നതിന് സുഹൃത്തിനെ ജാമ്യം നിർത്തുക ഇന്നും തുടരു




ന്ന രീതിയാണ്. അയ്യപ്പനുവേണ്ടി ജാമ്യം നിൽക്കുന്ന സിദ്ധാർത്ഥനെ ഈ നോവലിൽ കാണാം. മധ്യവർഗസർക്കാരുദ്യോഗസ്ഥരെ ചൂഴ്ന്നു നിൽക്കുന്ന ഉപഭോഗസംസ്കാരം അവരെ ലോണെടുക്കുവാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. സമകാലിക കേരളീയ സമൂഹത്തിൽ കൂടികൊണ്ടിരിക്കുന്ന ഒരു പ്രവണതയാണ് അറുപതുകളിൽ ഇ.വാസു അവതിരിപ്പിച്ചത്.

കൃഷ്ണാമ്മയുമായി അയ്യപ്പനുള്ള പ്രേമം, പിന്നീട് സംഭവിക്കുന്ന എതിർപ്പുകൾ, അവളെ മോശമായി ചിത്രീകരിക്കുവാൻ നടത്തുന്ന പരിശ്രമങ്ങൾ എന്നിവ എല്ലാം നോവലിൽ വിവരിക്കുന്നുണ്ട്. ഊമക്കത്തുകൾ, ഫയൽമോഷണം, എഴുത്തുകുത്തിലെ തിരിമറി എന്നിങ്ങനെ സർക്കാർ ഓഫീസിലെ മറ്റു കലാപരിപാടികളും നോവലിൽ വിഷയമാകുന്നുണ്ട്. സിദ്ധാർത്ഥന് ലഭിക്കുന്ന ട്രാൻസ്ഫർ, ശമ്പളക്കൂടുതൽ ലഭിക്കുന്നതിനായി ഉയർന്ന ജോലിക്കുവേണ്ടിയുള്ള പരിശ്രമം എന്നിവയും ഇതിൽ കാണാം. ട്യൂട്ടോറിയൽ കോളേജിൽ പാർട്ട്ടൈം അദ്ധ്യാപകനായി ജോലി ചെയ്യുവാൻ സിദ്ധാർത്ഥനെ പ്രേരിപ്പിക്കുന്നത് സാമ്പത്തികമായ നേട്ടത്തിനുവേണ്ടിയാണ്. അതുപോലെ എം.എ സോഷ്യോളജി പാർട്ട്ടൈമായി പഠിക്കുന്നത് ഉയർന്ന ജോലിക്കുവേണ്ടിയാണ്. മധ്യവർഗ്ഗ

സർക്കാർ ഉദ്യോഗസ്ഥന്റെ ആഗ്രഹങ്ങളെയാണ് സിദ്ധാർത്ഥനിലൂടെ ഇ. വാസു അവതരിപ്പിക്കുന്നത്. സമൂഹം ഇതിൽ കപടത നിറഞ്ഞതാണെന്നും വ്യക്തികൾ സ്വന്തം ജീവിതത്തിനായി പ്രവർത്തിക്കേണ്ടവരാണെന്നുമുള്ള ആശയമാണ് നോവലിൽ മുഴച്ചു നിൽക്കുന്നത്. എന്നാൽ കഥാവസാനം സിദ്ധാർത്ഥന് വരുന്ന ക്ഷയരോഗത്തിലൂടെ ഇത്തരത്തിലുള്ള ജീവിതം വ്യർത്ഥമാണെന്ന ധ്വനിയും വന്നു ചേരുന്നുണ്ടെന്നു പറയാം.

മധ്യവർഗഹിന്ദു വ്യക്തിത്വത്തിന്റെ അടയാളങ്ങൾ കൂടെകൊണ്ടുനടക്കുന്നവനുമാണ് സിദ്ധാർത്ഥൻ. ബലിയിടുക, വ്രതമെടുക്കുക എന്നിങ്ങനെയുള്ള ആചാരങ്ങൾ ഇയാൾ പിന്തുടരുന്നുണ്ട്. മതമൂല്യങ്ങൾ, ഭരണകൂട സ്ഥാപനങ്ങളുടെ വ്യക്തിത്വ മൂല്യങ്ങൾ എന്നിവ സ്വാംശീകരിച്ച് ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നവനാണ് സിദ്ധാർത്ഥൻ ശ്രമിക്കുന്നത്. ഇൻസ്പെക്ഷൻ, ഓഡിറ്റിങ്ങ് എന്നിവ നടന്നപ്പോൾ ഓഫീസ് കാര്യത്തിൽ വീഴ്ച്ച വരുത്തിയതിന്റെ പേരിൽ സിദ്ധാർത്ഥന് സസ്പെൻഷൻ കിട്ടുന്നു. കുറച്ചുനാൾ വീട്ടിലിരിക്കുന്നു. ആ സമയത്ത് ജപ്തിനോട്ടീസ് ലഭിക്കുന്നു. അയ്യപ്പന് ജാമ്യം നിന്നതിന്റെ ഫലം. പിന്നീട് സിദ്ധാർത്ഥൻ കുറ്റകാരനല്ലെന്ന് കണ്ടെത്തി ജോലിയിൽ തിരിച്ചെടുക്കാനുള്ള ഗവൺമെന്റ് ഓർഡർ വരുന്നു. ഈ സമയത്ത് സിദ്ധാർത്ഥൻ ക്ഷയരോഗിയായി തീരുന്നു. മധ്യവർഗസവർ ഹിന്ദുവിന്റെ സാമാന്യ ബോധങ്ങളെയാണ് ഈ നോവൽ പിന്തുടരുന്നത് എന്ന് ഇന്ന് തോന്നാവുന്നതാണ്. സമൂഹം അഴിമതിയിലും കൈക്കൂലിയിലും പെട്ട് നശിച്ചുകൊണ്ടിരിക്കുകയാണെന്നും സമൂഹം അതിനാൽ നേരെയാകുകയില്ലായെന്നുമുള്ള ആശയം ഇതിലുണ്ട്. സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാതെ മാറിനിന്നു കൊണ്ടു വിമർശിക്കുന്ന മധ്യവർഗബോധം ഇന്നു കൂടികൊണ്ടിരിക്കുന്നുണ്ട്. സർക്കാർ ഭരണമേഖലകളും സ്ഥാപനങ്ങളുമെല്ലാം ഇനിയും ജനാധിപത്യവത്കരിക്കപ്പെടേണ്ടതാണെന്ന് 'ചുവപ്പുനാട' ഓർമപ്പെടുത്തുന്നു.

ഗണിതപ്രതിഭകൾ

ശാസ്ത്രവിചാരം




# നീൽസ് ഹെൻറിക് ഏബൽ

**ഡോ. ഇന്ദുലാൽ ജി.**
സെന്റ് അലോഷ്യസ് കോളേജ്, എടത്വ



"ഹാ സുഖങ്ങൾ വെറും ജാലം ആരറിവൂ നിയതിതൻ ത്രാസ്സു പൊങ്ങുന്നതും താനേ താണുപോവതും" എന്ന മഹാകവി കുമാരനാശാന്റെ വരികൾ തീർത്തും പ്രസക്തമായ ജീവിതത്തിനുടമയായിരുന്ന നോർവെയിലെ ഗണിതജ്ഞനായിരുന്ന നീൽസ് ഹെൻറിക് ഏബൽ.

1802 ൽ നോർവെയിൽ ജനിച്ച ഏബലിന്റെ ബാല്യകാലം ദുരിതവും പട്ടിണിയും നിറഞ്ഞതായിരുന്നു. ബ്രിട്ടന്റെ സാമ്പത്തിക ഉപരോധം മൂലം കഷ്ടതയനുഭവിച്ചിരുന്ന നോർവേ ഡെന്മാർക്കും സ്വീഡനുമായുള്ള രാഷ്ട്രീയതർക്കങ്ങളുടെ നടുവിൽ വല്ലാത്ത അരക്ഷിതാവസ്ഥയിലുമായിരുന്നു. ദാരിദ്ര്യവും യുദ്ധഭീതിയും നിഴൽ വിരിച്ച നോർവേയിലെ വിദ്യാഭ്യാസമേഖല ആകെ താറുമാറായിരിക്കുന്ന അവസ്ഥയിലാണ് ഏബൽ 1815 ൽ നോർവേ, ക്രിസ്ത്യാനയിലെ കത്തീഡ്രൽ സ്കൂളിൽ പഠനത്തിനായി ചേരുന്നത്. അവിടത്തെ കുത്തഴിഞ്ഞ, നാഥനില്ലാത്ത വിദ്യാഭ്യാസ



രീതിയിൽ ഏബൽ വളരെയേറെ അസന്തുഷ്ടനായി. ഭാഗ്യമെന്നു പറയട്ടേ, ഏബലിലെ പ്രതിഭയെ മനസ്സിലാക്കിയ ബന്റ് ഹോംബോ എന്ന അദ്ധ്യാപകൻ 1817 ൽ അദ്ദേഹത്തെ യൂണിവേഴ്സിറ്റിയിൽ ചേർന്നു പഠിക്കാൻ പ്രേരിപ്പിച്ചത് അദ്ദേഹത്തിലെ പ്രതിഭയുടെ വികാസത്തിനു കാരണമായി. തന്റെ പിതാവിന്റെ മരണത്തോടെ വീണ്ടും ദാരിദ്ര്യദുഃഖത്തിലായ ഏബലിനെ സഹായിക്കാൻ ഹോംബോ അദ്ദേഹത്തിനു യൂണിവേഴ്സിറ്റിയിൽനിന്ന് ഒരു വിദ്യാഭ്യാസധനസഹായം ഏർപ്പെടുത്തി. 1822ൽ ഏബൽ ക്രിസ്ത്യാന യൂണിവേഴ്സിറ്റിയിൽനിന്ന് ബിരുദം നേടുന്നതുവരെ ഹോംബോ ഈ സഹായം തുടർന്നു.

ബിരുദപഠനത്തിന്റെ അവസാനവർഷങ്ങളിൽ ഏബൽ ഗണിതലോകത്തെ നൂറ്റാണ്ടുകളോളം കുഴക്കിയ ഒരു സമസ്യയ്ക്ക് ഉത്തരം തേടുന്നതിൽ വ്യാപൃതനായിരുന്നു. $x$ എന്ന ഒരു ചരത്തിലുള്ള ബഹുപദസമവാക്യങ്ങളെ ആ വാക്യമെഴുതാനുപയോഗിക്കുന്ന പദങ്ങളെക്കൊണ്ടുമാത്രം നിർദ്ധാരണം ചെയ്യാനാകുമോ എന്നതായിരുന്നു ആ സമസ്യ. ഇത്തരത്തിൽ നിർദ്ധാരണം ചെയ്യാനാകുന്നതിനെ Solvable by radicals എന്നാണു പറയുക. ഉദാഹരണത്തിനു ഒന്നാം കൃതിയിലുള്ള $ax-b=0$ എന്ന സമവാക്യത്തെ $x=b/a$ എന്ന് ആ സമവാക്യത്തിലെ പദങ്ങൾ മാത്രമുപയോഗിച്ച് നിർദ്ധാരണം ചെയ്യാം. അതേപോലെ രണ്ടാം കൃതി സമവാക്യമായ (quadratic equation) $ax^2+by+c=0$ യെ $x$ (-b+squareroot of($b^2-4ac$)/2a എന്നും നിർദ്ധാരണം ചെയ്യാം . ത്രിമാനസമവാക്യത്തെ (cubic equation) 1545 ൽ കർദാനോയും - ചതുർമാനസമവാക്യത്തെ (Biquadratic equation) 1550 ൽ ലോഡോവിസോ ഫെറാരിയും ഇതേരീതിയിൽ നിർദ്ധാരണം ചെയ്യാമെന്നു കണ്ടുപിടിച്ചു.

ഇതേ പാതയിൽ മറ്റ് ഉയർന്ന കൃതിയിലുള്ള സമവാക്യനിർദ്ധാരണവുമായി ബന്ധപ്പെട്ട് ഐസക് ന്യൂട്ടൻ, ലെബനിസ്, ലിയൊനാർഡ് ഓയ്ലർ എന്നിവരൊക്കെ പഠനഗവേഷണങ്ങൾ നടത്തിയെങ്കിലും ആശാവഹമായ പുരോഗതി ഇക്കാര്യത്തിലുണ്ടായില്ല. ഏബലിന്റെ വിസ്മയകരമായ കണ്ടുപിടിത്തം 250 വർഷത്തോളം ഗണിതലോകത്തെ കുഴക്കിയ ഈ സമസ്യയ്ക്കുള്ള ഉത്തരമായിരുന്നു. ഒരു പഞ്ചമാന സമവാക്യത്തെ (Quintic Equation) ആ വാക്യം എഴുതാൻ ഉപയോഗിക്കുന്ന പദങ്ങൾ കൊണ്ടുമാത്രം നിർദ്ധാരണം ചെയ്യാനാവില്ല. എന്ന് അദ്ദേഹം 1821 ൽ കണ്ടെത്തി. തന്റെ പത്തൊൻപതാമത്തെ വയസ്സിൽ അക്കാലത്തും പിൻപും ജീവിച്ച അനേകം മഹാപ്രതിഭകളെ നിഷ്പ്രഭരാക്കി മേൽപറഞ്ഞ കണ്ടുപിടിത്തം നടത്തിയ ഏബലിനു അന്നത്തെ എല്ലാ ഗണിതമേഖലകളും ഉള്ളംകൈയ്യിലെ വരകൾപോലെ ഹൃദിസ്ഥമായിരുന്നു.

ഹോംബോയ്ക്കു പുറമേ ഏബലിലെ ഗണിതപ്രതിഭയെ മനസ്സിലാക്കിയ ക്രിസ്റ്റഫർ ഹാൻസ്റ്റീൻ എന്ന അദ്ധ്യാപകനുമായി ക്രിസ്ത്യാനാ യൂണിവേഴ്സിറ്റിയിൽ വച്ചുണ്ടായ പരിചയം ഏബലിന്റെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. മാതാപിതാക്കളുടെ സ്നേഹവാത്സല്യം അതിന്റെ ശരിയായ അർത്ഥത്തിൽ അനുഭവിക്കാൻ ഭാഗ്യമില്ലാതിരുന്ന എബലിനു ഹാൻസ്റ്റീനും പത്നിയും അച്ഛനമ്മമാരായി. ഹാൻസ്റ്റീൻ ആരംഭിച്ച

ഒരു ഗണിത്രപ്രസിദ്ധീകരണത്തിൽ ഏബൽ തന്റെ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. ആദ്യമായി ഒരു അവിഭക്തസമവാക്യത്തിന്റെ (integral Equation) ഗണിതവശങ്ങൾ സമഗ്രമായി ഏബലിനു ഈ ജേർണലിൽ പ്രസിദ്ധീകരിക്കാനായി.

പഞ്ചമാനസമവാക്യനിർദ്ധാരണവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിരുന്ന കോപ്പൻഹേഗണിലെ ഡീഗൻ എന്ന ഗണിതജ്ഞനുമായി കൂടുതൽ മികവുറ്റ പഠനഗവേഷണങ്ങൾക്കായി ഏബലിന് ഒരു സാമ്പത്തികസഹായം തരപ്പെട്ടു. കോപ്പൻഹേഗണിലേക്കുള്ള യാത്രയിൽ വച്ച് അതികോമളനും മഹാപ്രതിഭാശാലിയുമായ ഏബൽ ക്രിസ്റ്റീന കെമ്പ് എന്ന യുവതിയുമായി പ്രേമബന്ധത്തിലായി അവളെ പ്രതിശ്രുതവധുവായി സ്വീകരിച്ചു. അക്കാലത്ത് ഫ്രാൻസിലും ജെർമനിയിലുമുള്ള മഹാരഥന്മാരായ ഗണിതജ്ഞരുമായി തന്റെ ഗണിതഗവേഷണഫലങ്ങൾ ചർച്ച ചെയ്യണമെന്നും അങ്ങനെ തന്റെ ഗണിതമേഖല വികസിപ്പിക്കണമെന്നും അടങ്ങാത്ത ആഗ്രഹമായിരുന്നു ഏബലിന്. എന്നാൽ യാത്രയ്ക്കുള്ള സാമ്പത്തികസഹായങ്ങൾ എങ്ങുനിന്നും ലഭിക്കാതിരുന്നത് അദ്ദേഹത്തിന്റെ സ്വപ്നങ്ങൾക്കു വിലങ്ങുതടിയായി. അതുകൊണ്ട് കിട്ടിയ ചെറിയ സഹായവുമായി തന്നെ ഗാഢമായി സ്നേഹിക്കുന്ന കമ്പിനൊപ്പം ഏബൽ കോപ്പൻഹേഗനിൽ താമസമായി. 1821 ൽ കണ്ടുപിടിച്ച പഞ്ചമാനസമവാക്യനിർദ്ധാരണത്തിലെ പിഴവുകൾ പരിഹരിച്ച് 1824 ൽ അദ്ദേഹം തന്റെ അന്തിമപ്രബന്ധം പ്രസിദ്ധീകരിച്ചു.

ഈ പ്രബന്ധം സ്വന്തം ചെലവിൽ ഫ്രഞ്ച് ഭാഷയിൽ പ്രസിദ്ധീകരിച്ച ഏബൽ സമകാലിക ഗണിതകാരന്മാരെ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾക്കും അഭിപ്രായങ്ങൾക്കുമായി സമീപിച്ചു. അക്കാലത്തെ ഏറ്റവും കേൾവി കേട്ട ഗണിതജ്ഞനായ കാൾ ഫ്രഡറിക്ക് ഗോസിനെക്കണ്ട് അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി



തുടർപഠനങ്ങൾ നടത്തണമെന്ന് ഏബൽ തീരുമാനിച്ചു. 1825 ൽ ഗോട്ടിങ്ങനിൽ ഗോസ്സിനെ കാണുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച വിദ്യാഭ്യാസയാത്രയ്ക്ക് നോർവേ ഗവണ്മെന്റ് ഒരു സ്കോളർഷിപ്പും പ്രഖ്യാപിച്ചു.

ഇതിനോടകം കെമ്പേയിൽ പ്രേമാതുരനായ ഏബൽ തന്റെ യാത കോപ്പൻഹേഗൻ വഴിയാക്കി. അവിടെ തന്റെ ആദ്യകാലഗുരുവായ ഡീഗന്റെ മരണവാർത്ത ഏബലിനെ ദുഃഖിതനാക്കി. ഈ വാർത്തയറിഞ്ഞ ഏബൽ കെമ്പേയെ കാണുന്നതുപോലും ഒഴിവാക്കി ബെർലിനിലേക്കു യാത്രയായി. അവിടെ ആഗസ്റ്റ് ലിയോപോൾഡ് ഐല്ലെ എന്ന ഗണിതശാസ്ത്രജ്ഞനുമായി പരിചയപ്പെട്ട ഏബൽ അദ്ദേഹവുമായി ഊഷ്മളമായ സൗഹൃദബന്ധത്തിലായി. കല്ലെ പ്രസിദ്ധീകരിച്ചിരുന്ന ജേണലിൽ ഏബലിന്റെ ഏഴോളം പ്രബന്ധങ്ങൾ പ്രകാശിതമായി.

ക്രെല്ലേയ്ക്കൊപ്പം ഗോട്ടിങ്ങനിൽച്ചെന്ന് ഗോസിനെ കാണാൻ ഏബൽ തീരുമാനിക്കുകയും അതിനുമുന്നോടിയായി തന്റെ പഞ്ചമാനസമവാക്യപ്രബന്ധം അയച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ യുവഗണിതകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിൽ അങ്ങേയറ്റം വിമുഖനായിരുന്ന ഗോസ്സ് എബലിന്റെ കണ്ടുപിടിത്തത്തിൽ യാതൊരു താല്പര്യവും കാണിച്ചില്ല. സവിശേഷമായ ഇത്തരം സമവാക്യനിർദ്ധാരണങ്ങളിൽ വലിയ കഴമ്പില്ലെന്നഭിപ്രായപ്പെട്ട ഗോസ്സ് ഏബലിനെ തുടർപഠനങ്ങൾക്ക് പ്രോത്സാഹിപ്പിച്ചില്ല. അക്കാലത്തെ ഏറ്റവും പ്രശസ്തനായ ഗോസ്സിൽനിന്നുള്ള ഈ പെരുമാറ്റം ഏബലിനെ അങ്ങേയറ്റം നിരാശനാക്കി. അതിനെത്തുടർന്ന് ഗോസ്സിനെ കാണാനുള്ള ഉദ്യമത്തിൽനിന്ന് ഏബൽ പിന്മാറി. ഗോട്ടിങ്ങനിൽ ചെന്ന് കാൾ ഫെഡറിക്ക് ഗാസ്സിനെ കാണണമെന്നുള്ള വ്യവസ്ഥ അനുസരിക്കാതിരുന്നതിനാൽ നോർവേ രാജാവിൽനിന്നു ലഭിച്ച സ്കോളർഷിപ്പ് തിരിച്ചടയ്ക്കേണ്ടി വരികയും സാമ്പത്തികമായി ഏബൽ തകരുകയും ചെയ്തു.

ഇതിനുശേഷം ഫ്രാൻസിലെ ഗണിതവിശാരദരെ കാണാനും തന്റെ പഠനങ്ങളിൽ അവരുടെ അഭിപ്രായങ്ങൾ അറിയാനും ഏബൽ ശ്രമിച്ചെങ്കിലും എങ്ങുനിന്നും അദ്ദേഹത്തിന് പ്രോത്സാഹനം ലഭിച്ചില്ല. ഫ്രാൻസിലും വിപുലമായ രീതിയിൽ വൈജ്ഞാനിക ഗണിതത്തിന് ഉയർച്ചയുണ്ടായ സമയമായിരുന്നു 18 – 19 നൂറ്റാണ്ടുകൾ. യൂറോപ്പിലെ മറ്റു ഗണിതകാരന്മാരോട് അസൂയാകലുഷിതമായ വിദ്വേഷം പുലർത്തിയിരുന്ന, തങ്ങളുടെ ഗണിതപുരോഗതിക്ക് അവരൊക്കെയും തടസ്സമാകുമെന്ന അടിസ്ഥാനമില്ലാത്ത ഭീതി വച്ചുപുലർത്തിയ അവർ ഏബലിനെയോ അദ്ദേഹത്തിന്റെ ഗണിതസംഭാവനകളെയോ പരിഗണിച്ചതേയില്ല. മഹാപ്രതിഭാശാലികളായ അനേകർ ശ്രമിച്ചിട്ടു നേടാൻ കഴിയാതിരുന്നതാണ് ഏബൽ തന്റെ ചെറുപ്രായത്തിൽ നേടിയതെന്നത് ഏബലിനെ അംഗീകരിക്കുന്നതിൽനിന്ന് മറ്റുള്ളവരെ പിന്നാക്കം വലിച്ചു. ഗണിതലോകത്തെ അസൂയയുടേയും മറ്റുള്ളവരെ അംഗീകരിക്കാൻ മനസ്സില്ലാത്തതിന്റെ ദുരവസ്ഥയുടേയും ജീവിക്കുന്ന ഉദാഹരണമായി ഏബൽ മാറി.

1828 ൽ താൻ ഗവേഷണം നടത്തുന്ന എലിപ്റ്റിക് ഫങ്ഷന്റെ അതേ മേഖലയിൽ ജക്കോബി എന്ന ജർമൻ ഗണിതജ്ഞൻ പഠനങ്ങൾ നടത്തുന്നുവെന്നറിഞ്ഞ ഏബൽ എല്ലിപ്റ്റിക് ഫങ്ഷനുകളേപ്പറ്റി ധാരാളം പ്രബന്ധങ്ങളെഴുതി. ആരോഗ്യം മോശമായിട്ടുകൂടെ ഏബൽ ഈ വഴിക്കു തന്റെ പഠനങ്ങൾ തുടർന്നു. ഈ പ്രബന്ധങ്ങളെല്ലാം അദ്ദേഹം ക്രെല്ലെ മാസികയ്ക്ക് അയച്ചുകൊടുത്തു. നിർഭാഗ്യമെന്നു പറയട്ടേ, അദ്ദേഹത്തിന്റെ പല ഗവേഷണഫലങ്ങളും – പ്രസിദ്ധീകരിച്ച ക്രല്ലെമാസിക വായനക്കാർ കുറവാണെന്നതിന്റെ പേരിൽ പിന്നീട് പ്രസിദ്ധീകരിക്കാതെയായി. അയച്ചുകൊടുത്തവയൊക്കെ മാസികയിലെ ആളുകളുടെ സൂക്ഷ്മതക്കുറവുമൂലം തിരിച്ചുകിട്ടാത്തവിധം നഷ്ടമായി. ഇതിൽ വളരെ ഹതാശനായ ഏബൽ എലിപ്റ്റിക് ഫങ്ഷനെപ്പറ്റിയുള്ള സമഗ്രപ്രബന്ധം പാരിസ് യൂണിവേഴ്സിറ്റിക്കു സമർപ്പിച്ചു. അവിടെയും ഏബലിനെ നിർഭാഗ്യം പിടികൂടി, പാരിസ് യൂണിവേഴ്സിറ്റിയിൽനിന്ന് ആ പ്രബന്ധം എന്നേയ്ക്കുമായി നഷ്ടപ്പെട്ടു.

തുടരെത്തുടരെ വന്ന ഈ ദുരനുഭവങ്ങൾ എബലിനെ നിരാശയുടേയും സങ്കടത്തിന്റെയും പടുകുഴിയിലെത്തിച്ചു. ഇതിൽനിന്ന് തെല്ലൊരാശ്വാസത്തിനായി അദ്ദേഹം തന്റെ പ്രണയിനിയെ കാണാനായി ഹോളണ്ടിലേക്കു യാത്രയായി. ഹോളണ്ടിലേക്കുള്ള യാത്രയിൽ ക്ഷയരോഗം പിടിപെട്ട ഈ യുവ ഗണിതജ്ഞൻ ആ അസുഖത്തിൽനിന്ന് മോചിതനായില്ല. മൂന്നു മാസങ്ങൾക്കുശേഷം, എണ്ണിയാൽ തീരാത്ത ഗണിതസംഭാവനകളെ ലോകം അറിഞ്ഞില്ലല്ലോ എന്ന സങ്കടവും പേറി, അദ്ദേഹം തന്റെ 27 ആമത്തെ വയസ്സിൽ മരണത്തിനു കീഴടങ്ങി.

കലനഗണിതത്തിൽ ഈടുറ്റ ഗവേഷണഫലങ്ങൾ, തനതായ വ്യക്തിമുദ്ര പതിപ്പിച്ച ഗണിതമേഖലകൾ എന്നിവയൊക്കെ അദ്ദേഹത്തിനിന്നുണ്ടെങ്കിലും ജീവിച്ചിരുന്ന കാലത്ത് ആരാലും അറിയപ്പെടാതിരുന്ന മഹാപ്രതിഭയായിരുന്നു ഏബലെന്നതാണ് സങ്കടകരം.

ആധുനിക ഊർജ്ജതന്ത്രത്തിന്റെ ശാസ്ത്രീയ അടിത്തറയായ എലിപ്റ്റിക്, ഹൈപ്പർ എലിപ്റ്റിക്, ഏബൽ ഫങ്ഷനുകൾ, ഗ്രൂപിയറി എന്നിവയിലെ ഗണ്യമായ സംഭാവനകൾ ഏബലിന്റേതാണ്. അദ്ദേഹത്തിന്റെ മരണശേഷം ഈ പ്രതിഭയെ മനസിലാക്കിയ നൊർവ്വേ അക്കാഡമി നോബെൽസമ്മാനത്തിനു തുല്യമായ ഏബൽ സമ്മാനം ഗണിതശാഖയ്ക്ക് പ്രഖ്യാപിച്ചു. ഗണിതത്തിനു ആധുനികമുഖം നല്കിയ ഗണിതകാരനെന്ന നിലയിലും പഠിക്കാനും അറിയാനും ഇനിയുമേറെ അറിവുകൾ നല്കിയ ആൾ എന്ന നിലയിലും ഏബലിനെ അത്യാദരവോടെയേ ഓർമ്മിക്കാനാകൂ.


അന്നദാതാക്കൾക്കൊപ്പം
അധ്യാപകരും
കർഷകസമരത്തിന്
ഐക്യദാർഢ്യം

KERALA PRIVATE
COLLEGE TEACHER

R.No. 36025/81 No.284

ISSN 2454-4795
Rs.11/- NOVEMBER - 2020




Printed and Published by Dr.C.Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
**Editor : Dr. A.S. Sumesh**